2020 APRIL - SEPTEMBER

GEORGIAN MIRROR

The Journal of Indian Orthodoxy

സഭയുടെ ആരാധനാ ഗീതങ്ങൾ

Resurgence of Russian Orthodox Church in Post-Soviet Russia

The influence of the Russian Orthodox Church was deep-rooted and all pervasive in pre-Communist Russia. Magnificient churches and monasteries dotted the cities and the countryside of this vast nation. There were an estimated 50,000 churches in pre-Soviet period. The Russian Orthodox Church was patronised by the rulers of Russia ever since Christianity was declared the State Religion in 988 AD by Vladimir I the Great who ruled Russia from Kiev from 980-1015 AD.

During the Soviet era, religion was virtually banned and many churches and other religious institutions were either vandalised or converted as museums etc. An estimated 23,000 churches had to face this fate.

But all these have changed in the post-Soviet Russia. The Russian Orthodox Church has come back to people's lives with a bang and believers are thronging the churches. Belief in God, religious piety and worship have found new fervour. Churches are being built or rebuilt at a frenetic pace. On an average, 1000 churches are being built annually. Today there are more than 34,700 churches in Russia, and more are coming up by the day.

More importantly, the Church is once again being patronised by the rulers in Russia. President Putin treats the Primate of Russian Orthodox Church, Patriarch Kiril, as an ally. Proof of this new-found alliance and official patronage is evident in the construction of a massive and opulent new church near Moscow, dedicated to the Russian Armed Forces, something unheard of anywhere else. Known as the Russian Military Cathedral, it was dedicated on May 9th 2020, to mark the 75th anniversary of Soviet Victory in World War II. Built at a mind-boggling cost of 6 million rubles (about US $ 86 billion/ Indian rupess approximately 630 crores), the church is named as the Cathedral of the Resurrection of Jesus.



St. Basil's Cathedral, Red Square, Moscow. The iconic landmark in the Russian capital represents the grandeur and majesty of the Russian Orthodox Church.

We bring you some of the magnificent views of this Russian show-piece and landmark near Moscow.

(please see pages 8, 66 and 67)

GEORGIAN MIRROR
The Journal of Indian Orthodoxy
ESTD. 2007
LET THERE BE LIGHT

Email : gmirrormail@gmail.com

2020 **CONTENTS** APRIL - SEPTEMBER

2 Special Feature:
Resurgence of Russian Orthodox Church

4 എഡിറ്റോറിയൽ

5 മുറിപ്പാടുകൾ
ഹാഗിയ സോഫിയ
ഓർത്തഡോക്സ് ക്രൈസ്തവതയുടെ ചങ്ക്
● അനിൽ ടി. ജോർജ്

COVER FEATURE

സഭയുടെ ആരാധനാ ഗീതങ്ങൾ

9 മലങ്കരയുടെ ആരാധനാ ഗീതങ്ങൾ
● ഡോ.യാക്കോബ് മാർ ഐറേനിയോസ്

12 ആരാധനാ ഗീതങ്ങളുടെ ഭാവതലങ്ങളും വേദാടിസ്ഥാനവും
● ഡോ. കെ.എൽ.മാത്യു വൈദ്യൻ കോറെപ്പിസ്ക്കോപ്പ

14 മലയാള ആരാധനാഗീതങ്ങളുടെ വളർച്ചയ്ക്ക് ഔഗേൻ ബാവാ, മാത്യൂസ് പ്രഥമൻ ബാവാ എന്നിവരുടെ സംഭാവനകൾ
● വർഗീസ് ജോൺ തോട്ടപ്പുഴ

17 സഭാകവി സി. പി. ചാണ്ടി ഗാനരചന നടത്തിയ ആരാധനക്രമങ്ങൾ
● ജോയ്സ് തോട്ടയ്ക്കാട്

19 നാമവും ക്രിയയുമായവൻ!
● ഡോ. എം. കുര്യൻ തോമസ്

25 നമ്മുടെ ആരാധനാ ഗീതങ്ങൾ
സഭാകവി സി. പി. ചാണ്ടി (1958-ൽ പ്രസിദ്ധീകരിച്ചത്)

27 Monaye's Corner(*Cartoon*)

28 സുറിയാനി
ആരാധനാ ഗീതങ്ങൾക്കും രാഗങ്ങൾക്കും കാലാനുസൃത മാറ്റങ്ങൾ ആവശ്യമോ ?
● ഫാ. ഡോ. എം.പി.ജോർജ്

29 മലങ്കര സഭയുടെ ആരാധനാക്രമങ്ങളുടെ സമകാലിക ചരിത്രം
● ഫാ. ഡോ. മാത്യു വർഗീസ്

32 ആരാധന സ്വഭാഷയിൽ
● പത്രോസ് മാർ ഒസ്താത്തിയോസ്

34 അകംപൊരുൾ
പൗരോഹിത്യം: നിയോഗവും വെല്ലുവിളിയും
● ഡോ. മാത്യൂസ് മാർ തീമോത്തിയോസ്

കോവിഡ്കാല ചിന്തകൾ

36 Finding Good in Everything
● Dr. Youhanon Mar Demetrios

39 നഷ്ടവും ഉപദ്രവവുമായ കോവിഡ്-19 ഗുണകരവും ലാഭകരവും ആകുമോ ?
● ഡോ. വർഗീസ് പുന്നൂസ്

42 കോവിഡ് നൽകുന്ന പാഠം
● ഫാ. സൈമൺ ജോസഫ്

44 Covid Times and Christian Life
● Jacob Muringayil, London

45 God's Grace and Blessings Experienced During Covid-19
● Joseph Cherian, Secunderabad

46 യുവലോകം
യുവജനങ്ങളും ആത്മീയതയും
● ഡോ. ഏബ്രഹാം മാർ സെറാഫിം

48 ഇരുളും വെളിച്ചവും
ആത്മീയത പൊളിച്ചെഴുതും കാലം
● ഫാ.ഡോ.ഒ.തോമസ്

50 Between The Lines
Constitution of the Malankara Church
● Thomas Jacob

53 വേദവിചാരം
ദൈവശിക്ഷയുടെ അടയാളങ്ങൾ
● ഫാ.പി.ഫിലിപ്പോസ്

55 ജാലകം
കുട്ടികളുടെ പാമ്പാടി തിരുമേനി: ജീവിതം, ദർശനം, മധുരമൊഴികൾ
● ഡോ. പോൾ മണലിൽ

57 മാർത്തോമാ മെത്രാൻമാർ
നാലാം മാർ തോമാ
● അഡ്വ. ഡോ. പി.സി.മാത്യു പുലിക്കോട്ടിൽ

59 സമകാലീന ചിന്തകൾ
ഇടവകകളിലെ ഇടർച്ചകൾ
● പി. വി. മാത്യു

61 പ്രതികരണങ്ങൾ

63 വർത്തമാനം

ജോർജിയൻ മിറർ
മലങ്കരയുടെ സത്യദർശനം
ESTD. 2007

പു.12 ലക്കം 2 & 3 ▪ 2020 ഏപ്രിൽ-സെപ്റ്റംബർ

രക്ഷാധികാരി
ഡോ.യാക്കോബ് മാർ ഐറേനിയോസ്

ചീഫ് എഡിറ്റർ
ഫാ. പി.ഐ. വർഗീസ്

അസ്സോസിയേറ്റ് ചീഫ് എഡിറ്റർ
ഫാ.ഒ.ജെ. ജേക്കബ്

എഡിറ്റർ
സി.വി.ബഞ്ചമിൻ

മാനേജിങ് എഡിറ്റർ
പി.വി.മാത്യു

എക്സിക്യൂട്ടീവ് എഡിറ്റർ
തോമസ് ജോർജ്

കോ-ഓർഡിനേറ്റിങ് എഡിറ്റർ
അഡ്വ.വർഗീസ് പി.തോമസ്
ജോർജ് ജോസഫ് ഇഞ്ചക്കാട്ടിൽ

പ്രൂഫ് എഡിറ്റർ
മാത്യൂസ് ജോൺ
സി.വി.തമ്പി

ഫോട്ടോ എഡിറ്റർ
ഏബ്രഹാം തരകൻ

മാർക്കറ്റിങ് മാനേജർ
ടി.ടി.ജോസ്

സർക്കുലേഷൻ മാനേജർ
പി.എം.പീറ്റർ
പി.ടി.ജോൺസൺ

ക്യാമ്പെയിൻ മാനേജർ
പി.എ.എബ്രഹാം
കെ.എം.തോമസ്

ഫൈനാൻസ് മാനേജർ
കെ.സി.കുരുവിള

എഡിറ്റോറിയൽ ബോർഡ്
ഫാ.ഡോ.കുര്യാക്കോസ് തണ്ണിക്കോട്ട്
ജോർജ് വർഗീസ് പുത്തൻപുരയിൽ
വർഗീസ് മാത്യു

അഡ്വൈസറി ബോർഡ്
അലക്സാണ്ടർ കെ.ജോൺ
റേച്ചൽ ലാബി
പി.ഐ.ബാബു

ടെക്നിക്കൽ കൺസൾട്ടന്റ്
തേജസ് ജോൺ പണിക്കർ

Printed and Published by:
Issac Kurian.K for St.George Orthodox Valiyapally, Palarivattom, Kochi - 682025

Georgian Mirror is published quarterly by St.George Orthodox Valiyapally, Palarivattom, Kochi - 25

@All rights reserved, Reproduction in any manner without permission is prohibited

Editorial Office:
Georgian Mirror, St.George Orthodox Valiyapally
Palarivattom, Kochi-682025 Phone : 0484-2346096
Email: gmirrormail@gmail.com
Chief Editor: 9447364119.
Associate Chief Editor: 9447217956
Editor : C.V.Benjamin: 9388473243. **Responsible for selection of news under the PRB Act.**

Managing Editor: 9809599123.
Email:pvmathew45@yahoo.co.in

Church Website : www.sgovpp.com
Church Office Email : sgovpp@gmail.com

Designing & Page setting: **Mars Graphics** - **9744424145**

Printed at Viani Printings, Lisie Hospital Road, Kochi - 682018, Phone : 0484 - 2401635

MISSION STATEMENT

To fight for the MOST HOLY FAITH that God has once for all entrusted to His Saints

വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേൽപിച്ചിരിക്കുന്ന അതിവിശുദ്ധ വിശ്വാസത്തിനു വേണ്ടി പോരാടേണ്ടതിന് (വി.യൂദാ 3,20)

എഡിറ്റോറിയൽ

സംഗീതസാന്ദ്രമായ ഓർത്തഡോക്സ് ആരാധന

സംഗീതം ദേവഭാഷ എന്നാണല്ലൊ സങ്കല്പം. ഓർത്തഡോക്സ് ആരാധന സംഗീതസാന്ദ്രവും ഭക്തിദായകവുമാണ്. തിരുവചനത്തിലും ഗാനങ്ങളും കീർത്തനങ്ങളും അവിടവിടെയായി നമുക്കു കാണാൻ കഴിയും. നമ്മുടെ കർത്താവിന്റെ തിരുജനനം ഇടയവൃന്ദത്തെ ആദ്യമായി അറിയിച്ച ഗന്ധർവ (Celestial Musicians)സമൂഹമാണ് സ്വർഗീയമാലാഖമാർ. സംഗീതം ദേവഭാഷയാണെന്നുള്ള അറിവും ഓർത്തഡോക്സ് ആരാധന സംഗീതസമൃദ്ധമാണെന്നുള്ള തിരിച്ചറിവും ഒത്തുചേരുമ്പോഴാണ് ആരാധനയുടെ അന്തരാത്മാവിനെനമുക്കു അനുഭവിച്ച് ആസ്വദിക്കുവാൻ കഴിയുന്നത്. ഗാനമുഖരിതമായ ഒരു ആരാധന കേൾക്കുമ്പോൾ അത് ഹൃദയസ്പർശിയായിത്തീരുന്നു. 'ചൊല്ലൽ' (Chanting) എന്ന ഒരു അനുഷ്ഠാനശൈലിയാണ് നാം കൂടുതലായി ആരാധനകളിൽ സ്വീകരിക്കുന്നത്. ഈണത്തിലുള്ള വായനയാണ് ചൊല്ലൽ. വി.കുർബാന ചൊല്ലുക, നമസ്കാരം ചൊല്ലുക, പ്രാർഥന ചൊല്ലുക തുടങ്ങിയ പദപ്രയോഗങ്ങൾ നമുക്ക് സുപരിചിതമാണ്. ഗാനങ്ങളുടെ ആലാപനവും ഗദ്യഭാഗങ്ങളുടെ ഈണത്തിലുള്ള വായനയും ഇടകലർന്നതാണ് നമ്മുടെ ആരാധന.

സുദീർഘമായ ആരാധനകൾ ഹൃദ്യവും ഭക്തിസാന്ദ്രവും കർണാനന്ദകരവും ആക്കിത്തീർക്കുന്നതിൽ ഗാനങ്ങൾ നിർണായക പങ്കുവഹിക്കുന്നുണ്ട്. കാരണം, മനുഷ്യഹൃദയങ്ങളിൽ വ്യത്യസ്ഥഭാവങ്ങളും വികാരവിചാരങ്ങളും സന്നിവേശിപ്പിക്കുവാൻ മറ്റേത് മാധ്യമങ്ങളേക്കാളും സംഗീതത്തിന് കഴിയും എന്നതാണ് ഇതിലെ യാഥാർഥ്യം. സന്തോഷം, സന്താപം, സ്നേഹം, പ്രണയം, വിയോഗം തുടങ്ങി ഏത് മാനുഷിക വികാരത്തിനും അനുയോജ്യമായ ശ്രുതിലയങ്ങളിലൂടെ ഗാനങ്ങൾ സഞ്ചരിക്കും. കൂടാതെ, അവ ഹൃദിസ്ഥമാക്കുവാൻ താരതമ്യേന അനായാസവുമാണ്. അങ്ങനെ ഗാനങ്ങൾ അമരസല്ലാപങ്ങളായി മാറുന്നു. ഒപ്പം ഗദ്യഭാഗങ്ങൾ ഓർത്തിരിക്കുക ദുഷ്കരവുമാണ്.

സങ്കീർത്തനങ്ങൾ ആരാധനയിൽ ഗീതങ്ങളായിട്ടാണ് കൂടുതലും കാണപ്പെടുന്നത്. യഹൂദനെ സംബന്ധിച്ചിടത്തോളം, തന്റെ ആരാധനാ തലസ്ഥാനമായ യെരുശലേം ദേവാലയത്തിലേക്ക് പോകുമ്പോഴും തിരികെ വരുമ്പോഴും അവിടെയുള്ള ആരാധനകളിലും സങ്കീർത്തനങ്ങൾ ആലപിച്ചിരുന്നു. അങ്ങനെ സംഗീതനിബദ്ധമാണ് യഹൂദന്റെ ആരാധന. ക്രിസ്തീയ ആരാധന രൂപംപ്രാപിക്കുന്നതിൽ യഹൂദ ആരാധനയുടെ സ്വാധീനം വളരെയാണ്. പ്രത്യേകിച്ച് ഓർത്തഡോക്സ് ആരാധനയുടെ സൗന്ദര്യം, ഓരോ കൂദാശകളിലും സന്ദർഭോചിത ഭാവഭേദങ്ങളോടെ നിരവധി രാഗങ്ങളിൽ ഗാനങ്ങൾ ആലപിക്കുന്നു എന്നതാണ്. അതീവ സുന്ദരവും മഹത്തരവുമായ ഈ ആരാധന ഭക്തിമനോഹാരിതയിൽ അർപ്പിച്ചാൽ അതിഗംഭീരവും സ്വർഗതുല്യവുമാണ്: മോശമായാൽ തികച്ചും പരിതാപകരവുമായിരിക്കും. ഈ സാധ്യതകളുടെ നടുവിലാണ് നാം ആരാധന അർപ്പിക്കുന്നത് എന്ന നല്ല അവബോധം കാർമികനും ആരാധനാ സമൂഹത്തിനും അനിവാര്യമാണ്.

ആരാധനാ ഗീതങ്ങളുടെ തിരുവചനാധാരം, സംഗീതവൈവിധ്യം, കാവ്യഭംഗി, സംഗീതമാധുര്യം തുടങ്ങി ഒട്ടേറെ വിഷയങ്ങൾ ഈ ലക്കം ***ജോർജിയൻ മിററി***ലൂടെ പ്രമുഖ ലേഖകർ അപഗ്രഥിക്കുന്നു. കൂടാതെ മനുഷ്യരാശിയെ അക്ഷരാർഥത്തിൽ വിറപ്പിച്ചുകൊണ്ടിരിക്കുന്ന കോവിഡ്-19 പശ്ചാത്തലത്തിൽ ചിന്തോദ്ദീപക ലേഖനങ്ങളും.

പി. ഐ. വർഗീസച്ചൻ

ഹാഗിയ സോഫിയ
ഓർത്തഡോക്സ് ക്രൈസ്തവതയുടെ ചങ്ക്

■ അനിൽ ടി. ജോർജ്

1700 സംവത്സരങ്ങളുടെ പ്രൗഢചരിത്രം പേറുന്ന അതിഗംഭീരമായ ഒരു ക്രൈസ്തവ ദേവാലയം, 2020 ജൂലൈ 24 മുതൽ ഒരു മുസ്ലീം പള്ളിയായി മാറ്റിയിരിക്കുകയാണ്. ലോക ക്രൈസ്തവ സമൂഹത്തിലും സെക്കുലർ ചരിത്ര-പുരാവസ്തു വൈജ്ഞാനിക മേഖലയിലും ഈ സംഭവം ഒരേപോലെ ഉയർത്തിവിടുന്ന പ്രതിഷേധ ആശങ്കകളാണ് താഴെ പങ്കു വെക്കുന്നത്:

റോമൻ സാമ്രാജ്യ ക്രൈസ്തവസഭയിലെ നാലു പാത്രിയർക്കേറ്റുകളിൽ പ്രധാനമായിരുന്ന കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസിന്റെ മധ്യകാലത്തെ ആസ്ഥാനദേവാലയമായിരുന്നു, ഇന്നത്തെ തുർക്കി പട്ടണമായ ഈസ്റ്റാംബൂളിലെ ഹാഗിയ സോഫിയ എന്ന ക്രൈസ്തവ ദേവാലയം. കിഴക്കൻ റോമായിലെ ബൈസന്റൈൻ ചക്രവർത്തി മഹാനായ ജസ്റ്റീനിയൻ

ഹാഗിയ സോഫിയ



Justianian 1, also known as Justinian the Great, was the Eastern Roman Emperor(AD 527-565) during whose reign the Hagia Sophia was built.

ഒന്നാമന്റെ കാലത്തു(AD 527-565.), AD 527-ൽ ഇതിന്റെ നിർമാണം പൂർത്തിയായി. ലോകത്തിലെ ഏറ്റവും വലിയ ക്രൈസ്തവ ദേവാലയമായി ഇത് എണ്ണപ്പെട്ടു.

ത്രിത്വത്തിൽ രണ്ടാമനായ ക്രിസ്തുവിനെ- ലോഗോസ്- സൂചിപ്പിക്കുന്ന 'ജ്ഞാനം' എന്ന അർഥത്തിൽ (കോയിനെ ഗ്രീക്ക്) **സോഫിയ** എന്ന ലത്തീൻ പദം ഉപയോഗിക്കുന്നു. **ഹാഗിയ** എന്നാൽ വിശുദ്ധം എന്നർഥം.

ചരിത്ര പശ്ചാത്തലം

AD 312-ൽ റോമൻ ചക്രവർത്തി, മഹാനായ ഫ്ളാവിയസ് വലേറിയസ് (കോൺസ്റ്റന്റൈൻ ഒന്നാമൻ), മനസ്സുകൊണ്ട് ക്രിസ്തുമതം സ്വീകരിച്ചു. സാമ്രാജ്യത്തിൽ, ക്രൈസ്തവമതം മറ്റു മതങ്ങൾക്കൊപ്പം നിയമസാധുത ഉള്ളതാക്കി പ്രഖ്യാപിച്ചു. ക്രൈസ്തവർക്കെതിരെയുള്ള നിഷ്ഠൂര പീഡനങ്ങൾ, ശിക്ഷാ നടപടികൾ എന്നിവ പിൻവലിച്ചു. വിജാതീയ വിഗ്രഹ ആരാധനകളിലും ബലികളിലും പൗരന്മാർ പങ്കെടുക്കണം എന്ന വ്യവസ്ഥയിൽനിന്ന് ക്രൈസ്തവരെ ഒഴിവാക്കി ഉത്തരവിട്ടു. രക്തപ്പുഴ നീന്തി, ക്രൂരമായ അടിച്ചമർത്തലിന്റെയും ഭയത്തിന്റെയും ആദ്യ നൂറ്റാണ്ടുകൾ താണ്ടിയ ക്രൈസ്തവ സമൂഹം പതിയെ അതിന്റെ സ്വത്വം കൈവരിച്ചു.

ഒരു വിജാതീയ(Pagan) ക്ഷേത്രം നിന്നിരുന്ന സ്ഥലത്താണ് ഹാഗിയ സോഫിയയുടെ പൂർവകാല അടിത്തറ കോൺസ്റ്റന്റൈൻ ചക്രവർത്തി ഉയർത്തിയത് എന്നാണു പാരമ്പര്യം. അദ്ദേഹത്തിന്റെ മകൻ കോൺസ്റ്റാന്റിയസ് രണ്ടാമൻ,

AD 360-ൽ ആദ്യ ദേവാലയം കൂദാശ ചെയ്തു. AD 404-ൽ കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസ് വി. ക്രിസോസ്റ്റം സ്ഥാനഭ്രഷ്ടനാക്കപ്പെട്ടതിനെത്തുടർന്നുണ്ടായ ലഹളയിൽ തീപിടുത്തം ഉണ്ടായി, ദേവാലയത്തിനു ഭാഗിക നാശം സംഭവിച്ചു.

കോൺസ്റ്റാൻ ഒന്നാമൻ ചക്രവർത്തി, അത് വലുതാക്കി പുനർനിർമിക്കുകയും AD 415-ൽ തിയോഡോഷ്യസ് രണ്ടാമൻ, വിശ്വാസികൾക്ക് പുനർസമർപ്പിക്കുകയും ചെയ്തു. AD 532 ജനുവരിയിലെ നിക കലാപത്തിൽ, ഒരിക്കൽകൂടി അവിടെ അഗ്നിബാധയുണ്ടായി.

ഈ സംഭവം അന്നത്തെ ജസ്റ്റീനിയൻ ഒന്നാമൻ ചക്രവർത്തിയെ വേദനിപ്പിക്കുകയും അതിഗംഭീരമായ ഒരു പുതിയ ദേവാലയം എന്ന ആശയത്തിലേക്ക് അദ്ദേഹത്തെ പ്രേരിപ്പിക്കുകയും ചെയ്തു. ഇതേതുടർന്ന്, കേവലം ആറു വർഷം താഴെ സമയത്തിൽ ശാലോമോൻ രാജാവിന്റെ ജെറുശലേം ദേവാലയത്തെ വെല്ലുന്ന ദേവാലയം, ജസ്റ്റീനിയൻ പണിതുയർത്തി. സ്വർണവും രത്നങ്ങളും തങ്കത്തിൽ ചിത്രടൈലുകളും അതിന്റെ ശോഭയെ അതുല്യമാക്കി.

ലോകത്ത് ഇന്ന് അവശേഷിക്കുന്ന ടൈൽ ചിത്രകലാരൂപങ്ങൾ, ഇവിടെയാണുള്ളത്. ചരിത്ര-പുരാവസ്തു സമ്പന്നമായ തുർക്കിയുടെ UNESCO അംഗീകരിച്ച പൈതൃക കേന്ദ്രമാണ് ഹാഗിയ സോഫിയ.

അസാധാരണ നിർമിതി

65.000 ചതുരശ്ര അടി വിസ്തൃതിയിൽ, ബൈസന്റൈൻ

ദേവാലയത്തിനുള്ളിലെ അലങ്കാര നിർമിതികൾ

ശില്പവേലയുടെ ഉത്തമ ഉദാഹരണമായി താഴികക്കുടത്തോടെയുള്ള ഈ ദേവാലയം അക്കാലത്തെ ഏറ്റവും വലുത് എന്ന ഖ്യാതി നേടി. മിലീത്തസ്സിലെ ഇസിദോർ, ട്രാലിസിലെ അന്തേമിയൂസ് എന്നീ വിഖ്യാത ഗ്രീക്ക് വാസ്തു വിദ്യാ-തച്ചുശാസ്ത്ര-ഗണിത വിദഗ്ധർ ഇതിന്റെ രൂപകല്പന നിർവഹിച്ചു. ഇന്ത്യയിലെ താജ്മഹൽ ഉൾപ്പെടെ, പിൽക്കാലത്തുണ്ടായ ഇസ്ലാമിക നിർമാണ ശൈലിയുടെ മുഖമുദ്രയായ ഓട്ടോമൻ 'താഴികക്കുടം' ശൈലി രൂപപ്പെടുന്നതിന്, ഈ ദേവാലയം ഗാഢമായ സ്വാധീനം ചെലുത്തി. 105 അടി ഉയരത്തിൽ അതിവിപുലമായ പ്രധാന താഴികക്കുടം വാസ്തുവിദ്യാവിസ്മയം തീർക്കുന്നു. പെൻഡെന്റൈവുകളും (Pendentive) രണ്ടു അർധ താഴികക്കുടങ്ങളും ആകാശത്ത് എന്നോണം, ഇതിനെ താങ്ങിനിർത്തുന്നു.

AD 1064-ലെ സഭയിലെ ആദ്യ 'വലിയ പിളർപ്പ്' (Great Schism) വരെയും 700 വർഷത്തിൽ അധികം, കിഴക്കൻ ഓർത്തഡോക്സ് ക്രൈസ്തവതയുടെ സിരാകേന്ദ്രമായിരുന്നു ഈ പള്ളി. പിന്നീട് കുറച്ചുകാലം പേപ്പൽ ഭരണത്തിൽ വന്നു. 1261-ൽ ബൈസന്റൈൻ സാമ്രാജ്യത്തിന്റെ തിരിച്ചുവരവോടെ,

ദേവാലയം വീണ്ടും കിഴക്കൻ ഓർത്തഡോക്സ് സഭയുടെ ഭാഗമായി.

ഇസ്ലാമിക ആക്രമണം

AD 1453-ൽ തുർക്കി ഓട്ടോമൻ സാമ്രാജ്യ ആക്രമണത്തിൽ കോൺസ്റ്റാന്റിനോപ്പിൾ വീഴുകയും ദേവാലയം കൈവിട്ടു പോവുകയും ചെയ്തു. മെഹ്മെദ് രണ്ടാമൻ, അത് മുസ്ലീം പള്ളിയായി പ്രഖ്യാപിച്ചു. പാത്രിയർക്കാ ആസ്ഥാനം മാറ്റപ്പെട്ടു. ദേവാലയത്തിലെ ക്രൈസ്തവ മുദ്രകളെല്ലാം തകർക്കപ്പെട്ടു. പകരം ഇസ്ലാമിക അടയാളങ്ങൾ, നാല് ഗോപുരങ്ങൾ(Minars) ഇവയൊക്കെയും സ്ഥാപിക്കപ്പെട്ടു. 1616-നു ശേഷം, മറ്റ് ഇസ്ലാമിക പള്ളികളും ഹാഗിയ സോഫിയാ ശില്പമാതൃകയിൽതന്നെ പണിയുവോളം, ഈ ദേവാലയം ലോകത്തെ സുപ്രധാന മുസ്ലീം പള്ളിയായി അറിയപ്പെട്ടു.

1931-ൽ ജനാധിപത്യ തുർക്കി സർക്കാർ ദേവാലയം അടയ്ക്കുകയും 1935-ൽ അന്തർദേശീയ സമ്മർദങ്ങളെത്തുടർന്നു, ഇരുപതാം നൂറ്റാണ്ടിലെ എണ്ണംപറഞ്ഞ രാഷ്ട്ര തന്ത്രജ്ഞനും ആധുനിക തുർക്കിയുടെ പിതാവ് എന്നറിയപ്പെടുന്ന നേതാവുമായ പ്രസിഡന്റ് മുസ്തഫ കെമാൽ അതാതുർക്ക് (1923-38) ഒരു പൊതു മ്യൂസിയം എന്ന നിലയ്ക്ക് ജനങ്ങൾക്ക് തുറന്നുകൊടുക്കുകയും ചെയ്തു. 35 ലക്ഷത്തിൽ അധികം സഞ്ചാരികൾ എല്ലാ വർഷവും ഇവിടം സന്ദർശിക്കുന്നു എന്നാണ് കണക്ക്. 2019 വരെയും ഈ നില തുടർന്നുപോന്നു.

2020-ൽ തുർക്കി പ്രസിഡന്റ് തയീപ് എർദോഗൻ, ഈ മ്യൂസിയം വീണ്ടും ഒരു മുസ്ലീം പള്ളിയായി പ്രഖ്യാപിക്കുന്നതിന് നടപടികൾ ആരംഭിച്ചു. 1934-ലെ തീരുമാനപ്രകാരം മ്യൂസിയം എന്ന പദവി റദ്ദാക്കി വീണ്ടും പള്ളി എന്ന നിലയിൽ ഈ ദേവാലയത്തെ ദുർവ്യാഖ്യാനം ചെയ്തതിനെതിരെ, ലോക ക്രൈസ്തവ കൗൺസിൽ അടക്കം ആഗോള പ്രസ്ഥാനങ്ങളും യുനെസ്കോയും രംഗത്ത് വന്നിട്ടുണ്ട്.

എന്തുകൊണ്ട് രൂപാന്തരം?

അതിവിശുദ്ധ സ്ഥലമായ ബലിപീഠം, വിശുദ്ധരുടെയും മാലാഖമാരുടെയും മനോഹരമായ ചുവർചിത്രങ്ങൾ എന്നിവ ഒക്കെ നശിപ്പിക്കപ്പെട്ടപ്പോഴും ദേവാലയത്തിനുള്ളിലെ ക്രിസ്തു, ദൈവമാതാവായ മറിയം എന്നിവരുടെ ചിത്ര ആലേഖനങ്ങൾ, ആറ് ചിറകുകളുള്ള സ്രോപ്പേന്മാരുടെ ടൈൽ ചിത്രങ്ങൾ എന്നിവ കേടുപാടുകൾ വരുത്താതെ ഇത്രകാലവും ഇസ്ലാമികർ സൂക്ഷിച്ചു.

ക്രിസ്തു (ടൈൽ ചിത്രം)

വിശിഷ്ട മാലാഖമാരായ സ്രോപ്പേന്മാർ, നഗരത്തെ കാത്തുസൂക്ഷിക്കുന്നു എന്ന് ഇസ്ലാമിക ഭരണാധികാരികൾ വിശ്വസിച്ചുപോന്നു.

മുപ്പതു വർഷം മുമ്പ് തുർക്കിയിൽ രാഷ്ട്രീയ ഉദയംകണ്ട, ഇപ്പോഴത്തെ തുർക്കിയുടെ വലതുപക്ഷ പ്രസിഡന്റ്, റിജേപ്പ് തായീപ് എർദോഗൻ (Recep Tayyip Erdogan), അധികാരമേൽക്കുമ്പോൾ ഇത്തരം താൽപര്യങ്ങൾ ഇല്ലായിരുന്നു. എന്നാൽ, യാഥാസ്ഥിക ഇസ്ലാമികരുടെ ദീർഘകാലത്തെ സമ്മർദം അനുകൂല മുതലാക്കിക്കൊണ്ട്, ഇസ്താംബൂളിൽ നടന്ന 2019 മുനിസിപ്പൽ ഇലക്ഷൻ പ്രചാരണത്തിന് അദ്ദേഹം ഈ വർഗീയ ആയുധം പുറത്തെടുത്തു. എന്നാൽ തിരഞ്ഞെടുപ്പിൽ ദയനീയമായി തോറ്റു.

കൂടാതെ, ജെറുസലേമിനെ ഇസ്രായേലിന്റെ തലസ്ഥാനമായി അമേരിക്കൻ പ്രസിഡന്റ് പ്രഖ്യാപിച്ച നടപടിയുടെ മറുപടി എന്ന നിലയ്ക്കും തുർക്കിയുടെ ഈ അപ്രതീക്ഷിത നടപടി വിലയിരുത്തപ്പെടുന്നു. രണ്ടായാലും, വർഗീയതയുടെ രാഷ്ട്രീയനേട്ടംതന്നെ ഉദ്ദേശ്യം എന്ന് പൊതുവിൽ വ്യാഖ്യാനിക്കപ്പെടുന്നു.

ഈ വിഷയത്തിൽ ഗ്രീസും മറ്റു രാജ്യങ്ങളും ശക്തമായ പ്രതിഷേധം ഉയർത്തുന്നു. എന്നാൽ എർദോഗൻ നീക്കങ്ങളെ കോടതി തീരുമാനം നിയമപരമായി ബലപ്പെടുത്തുകയേ ഉള്ളു എന്നു നിരീക്ഷകർ വിലയിരുത്തുന്നു. ഒപ്പം തുർക്കിയിലെ ദുർബലമായ ന്യൂനപക്ഷങ്ങളിൽനിന്ന് കാര്യമായ എതിർപ്പുകൾ അവർ പ്രതീക്ഷിക്കുന്നുമില്ല.

കന്യാമറിയവും യേശുക്കുഞ്ഞും (ടൈൽ ചിത്രം)

ആഗോള ഓർത്തഡോക്സ് സഭകൾ, യുനെസ്കോ, അമേരിക്കൻ പ്രസിഡന്റ് എല്ലാംതന്നെ തുർക്കിയുടെ നീക്കങ്ങൾക്കെതിരെ "നടുക്കവും ദുഖവും" രേഖപ്പെടുത്തി. ഗ്രീസിന്റെ ശക്തമായ എതിർപ്പും നടപടികളിലേക്കുള്ള അപേക്ഷയും യുനെസ്കോ സ്വീകരിച്ചു.

ലോക പ്രതികരണങ്ങൾ

ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ പഴയ ആസ്ഥാനമായ ദേവാലയം ഇസ്ലാമിക പള്ളിയാക്കുന്നത് ഗ്രീസിൽ വൻപ്രതിഷേധം ഉയർത്തി. തുർക്കി-ഗ്രീസ് ബന്ധങ്ങൾ വഷളാക്കുന്നതിലേക്കു വിഷയം വളരുന്നുണ്ട്. 'ലോക ചരിത്ര സ്മാരകങ്ങളോടുള്ള അതിക്രമമായി', സംഭവത്തെ ഗ്രീസ് വ്യാഖ്യാനിക്കുമ്പോൾ, അവിടെ രണ്ടാമത്തെ വലിയ പട്ടണമായ തെസ്സലോനിക്യയിൽ, ഹാഗിയ സോഫിയ മാതൃകയിലും അതേ പേരിലുമുള്ള ദേവാലയത്തിനു പുറത്ത് സംഘടിച്ച പ്രതിഷേധക്കാർ, മെഴുകുതിരികൾ കത്തിച്ചു പിടിച്ചുകൊണ്ടു മുദ്രാവാക്യം മുഴക്കി.

തുർക്കിയിലെ മതസാഹോദര്യത്തിനും ഈ സംഭവം വിള്ളൽ ഏൽപിച്ചിട്ടുണ്ട്. യാഥാസ്ഥിതിക ഇസ്ലാമികർ 'ഓട്ടോമൻ പരമ്പര്യ സംരക്ഷണമായി' ഇതിനെ അനുകൂലിക്കുമ്പോൾ, ക്രൈസ്തവ-ഇസ്ലാമിക സാഹോദര്യത്തിന്റെ വലിയ മാതൃകയായ "അയാസോഫ്യാ" ചരിത്ര സ്മാരകത്തെ മുസ്ലിം പള്ളിയാക്കുന്നതിനോട് ഏറെപ്പേരും വിയോജിക്കുന്നു. സാമൂഹ്യ മാധ്യമങ്ങളിൽ ചൂടേറിയ വാദപ്രതിവാദങ്ങൾക്കു സംഭവം, തുർക്കിയിൽ വഴിതുറന്നിട്ടുണ്ട്.

ഇസ്താംബൂളിൽ, യാഥാസ്ഥിതികരും മതേതരവാദികളും തമ്മിൽ ഏറ്റുമുട്ടലുകൾക്കു സംഭവം വഴിതുറന്നു. 1500 വർഷങ്ങൾ പഴക്കമുള്ള ഇപ്പോഴത്തെ ദേവാലയം, വലിയ പ്രാധാന്യത്തോടെ കാണുന്നവരാണ് തുർക്കി ജനത. ഓട്ടോമൻ ഭരണത്തിൽ പല ക്രിസ്ത്യൻ പള്ളികളും തകർക്കപ്പെട്ടു. എങ്കിലും, ഹാഗിയ സോഫിയ എക്കാലവും അവരുടെ ഹൃദയങ്ങളിൽ ആദരവ് നേടി വ്യത്യസ്തമായി നിന്നു.

ഫ്രാൻസിലെ പാരീസിൽ യുനെസ്കോ ആസ്ഥാനം, ഇസ്താംബൂളിന്റെ ചരിത്രസ്മൃതികളിൽ, ഹാഗിയ സോഫിയ ലോക പൈതൃക മ്യൂസിയമായി പ്രഖ്യാപിച്ചിട്ടുള്ളതിനെ അനുസ്മരിപ്പിച്ചു. 90 ലക്ഷം ജനങ്ങളുള്ള ഓസ്ട്രിയയിൽ, ആറ് ലക്ഷം ഇസ്ലാമികരുള്ളതിൽ ബഹുഭൂരിപക്ഷവും തുർക്കി വംശജരാണ്. "ആദ്യഘട്ടം നടപടി" എന്ന നിലയിൽ, ഏഴ് ഇസ്ലാമിക പള്ളികളും 60-ൽ അധികം ഇസ്ലാമിക മതപണ്ഡിതന്മാരെയും ഓസ്ട്രിയ നിരോധിച്ചു. ഇവർക്ക് വലിയ തോതിൽ വിദേശ സഹായം ലഭിക്കുന്നു, അത് രാജ്യത്ത് വിധ്വംസക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നു എന്ന് ഓസ്ട്രിയ ആരോപിക്കുന്നു.

ഓസ്ട്രിയയുടെ ഈ നടപടിയെ 'ഇസ്ലാമോഫോബിയ' എന്ന് തുർക്കി പ്രസിഡന്റ് വ്യാഖ്യാനിച്ചെങ്കിലും ഓസ്ട്രിയ ഇതിനെ ശക്തമായി എതിർക്കുന്നു. ഒപ്പം, 'ആഗോള നിയമവാഴ്ചയും സാഹോദര്യവും സമാധാനവും വളർത്തുന്നതിലേക്കുള്ള നടപടിയായി' വ്യാഖ്യാനിക്കുന്നു.

അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി മൈക്ക് പോംപേയോ, "ഹാഗിയ സോഫിയ, വിശ്വാസത്തെയും സംസ്കാരത്തെയും ബന്ധിപ്പിക്കുന്ന പാലമായി" മ്യൂസിയം നിലനിർത്തണം എന്ന് ആവശ്യപ്പെട്ടു. എന്നാൽ, ഇത് 'തുർക്കിയുടെ സ്വാതന്ത്ര്യവും ആഭ്യന്തര വിഷയവും' എന്ന് തുർക്കി വിദേശകാര്യ മന്ത്രി പ്രതികരിച്ചു. റഷ്യൻ വദേശമന്ത്രാലയം തുർക്കിയുടെ തീരുമാനത്തെ 'വലിയ അബദ്ധമായി' വ്യാഖ്യാനിച്ചു. സൈപ്രസ് സംഭവത്തെ അപലപിച്ചു.

എല്ലാ ഓർത്തഡോക്സ് ക്രൈസ്തവ സമൂഹവും സംഭവത്തെ അപലപിച്ചു. കത്തോലിക്കാ സഭയുടെ തലവൻ ഫ്രാൻസിസ് മാർപാപ്പ തുർക്കിയുടെ നടപടിയിൽ "അഗാധ ദുഃഖം" രേഖപ്പെടുത്തി. അമേരിക്കൻ ഭീകരാക്രമണം എന്നതുപോലെ, റോമിലും, പൊതുവെ യൂറോപ്പിലും, പരക്കെ ആശങ്കയും ക്രൈസ്തവർക്ക് നേരെ വളർന്നുവരുന്ന ഭീഷണിയുമായി സംഭവത്തെ വ്യാഖ്യാനിച്ചു. തെരുവുകളിൽ ജനങ്ങൾ നിലവിളിച്ചുകൊണ്ട് ജാഥകൾ നടത്തി.

തുർക്കി പ്രസിഡന്റിനു പ്രതിഷേധമറിയിച്ചു കത്തയച്ചവരിൽ, ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ പ. മോറാൻ മാർ ബസേലിയോസ് മാർതോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായും ഉൾപ്പെടുന്നു.

ഓറിയന്റൽ ഓർത്തഡോക്സി സംഭവത്തെ അപലപിച്ചു. ഈസ്റ്റേൺ ഓർത്തഡോക്സ് സമൂഹത്തിനു വിഷയത്തിൽ ശക്തമായ പിന്തുണ അറിയിച്ചു.

GM

(ലേഖകൻ കൊച്ചിയിലെ ഒരു വ്യവസായിയും സഭാചരിത്ര പഠിതാവുമാണ്.)

Special Feature

Russian Orthodox Church in a nutshell

Established during the reign (AD 980-1015) of Vladimir I the Great.

Number of churches in pre-Soviet era - 50,000(approax.)
Number of churches at present - 34,764 (2019)
Primate of the Russian Orthodox Church - Patriarch Kiril
Number of bishops - 382
Number of priests - 40,514
Number of monasteries - 474
Number of convents - 478
Number of Dioceses - 314
Number of parishes - 38,649
Number of members - 110 million

മലങ്കര സഭയുടെ ആരാധനാഗീതങ്ങൾ

ESTD. 2007

മലങ്കര ഓർത്തഡോക്സ് സഭയിൽ ആരാധനാഗാനത്തിന് മുഖ്യസ്ഥാനമുണ്ട്. ആരാധനാ ഗീതങ്ങൾ സുറിയാനി ഭാഷയുമായി ബന്ധപ്പെട്ടു കിടക്കുന്നു. പാശ്ചാത്യ സുറിയാനി പാരമ്പര്യം സഭയുടെ എല്ലാ ആരാധനയിലും പ്രകടമാണ്.

പൗരസ്ത്യ ആധ്യാത്മികതയുടെ ആഴങ്ങൾ ലളിതസുന്ദരവും താളാത്മകവുമായി ഭക്തഹൃദയങ്ങളിൽ നിറയ്ക്കുന്നവിധം അവയെ മലയാളത്തിൽ രൂപാന്തരപ്പെടുന്നതിൽ കഠിനാധ്വാനം ചെയ്ത മേൽപ്പട്ടക്കാരും വൈദികരും അത്മായ പ്രമുഖരും നിത്യസ്മരണയർഹിക്കുന്നു. വെറും പരിഭാഷ മാത്രമല്ല ഇന്നത്തെ നമ്മുടെ ആരാധനാ ഗീതങ്ങൾ. മേൽപ്പറഞ്ഞ മഹാത്മാക്കളുടെ സർഗസൃഷ്ടിയും തനതായ രചനകളും കയ്യൊപ്പും അവയിൽ പ്രതിഫലിക്കുന്നു.

മലങ്കര സഭയുടെ ആരാധനാഗീതങ്ങൾ നമ്മുടെ അഭിമാനവും അയൽക്കാരുടെ അസൂയയുമാണ് (Owners' pride is neighbours' envy). അതുകൊണ്ടുതന്നെ, പലരും അത് കോപ്പിയടിച്ച് വാലും തലയും മാറ്റി തങ്ങളുടേതെന്നപോലെ ഉപയോഗിക്കുന്നു. The best is always copied.

സഭയുടെ ആരാധനാ സാഹിത്യ ചരിത്രത്തെക്കുറിച്ചും അതിന്റെ വികാസ പരിണാമങ്ങളെപ്പറ്റിയുമുള്ള ഗവേഷണ പഠനങ്ങളിലേക്ക് വെളിച്ചം വീശുന്നതാണ് ഈ ലക്കത്തിലെ കവർ ഫീച്ചർ ലേഖനങ്ങൾ.

മലങ്കരയുടെ ആരാധനാ ഗീതങ്ങൾ

■ ഡോ.യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത

പൗരസ്ത്യ സഭാ പാരമ്പര്യത്തിലുൾപ്പെടുന്ന മലങ്കരസഭയുടെ ആരാധനാക്രമങ്ങൾ പൊതുവെ പൗരസ്ത്യ പാരമ്പര്യത്തിനു നിരക്കുന്നതാണ്. ഇന്ന് മലങ്കരയിൽ പ്രയോഗത്തിലിരിക്കുന്ന കാനോനിക നമസ്കാരങ്ങൾ, കൂദാശാക്രമങ്ങൾ, പെരുന്നാൾ ശുശ്രൂഷാക്രമങ്ങൾ, പ്രത്യേക തിരുനാളുകളിലെ പ്രാർഥനകൾ, അനുഷ്ടാനങ്ങൾ എന്നിവയെല്ലാം പാശ്ചാത്യസുറിയാനി പാരമ്പര്യത്തിൽനിന്നുതന്നെ. എങ്കിലും ദേശീയവും പുരാതനങ്ങളുമായ ചില അംശങ്ങളും അവയിൽ അവശേഷിക്കുന്നുണ്ട്. ഇപ്പോൾ നിലവിലിരിക്കുന്ന ക്രമങ്ങൾ ഇവിടെ നടപ്പാക്കാൻ ഉത്സാഹിച്ചത് (ചിലപ്പോൾ അത് അമിതമാകുകയും ചെയ്തിട്ടുണ്ട് !) സിറിയയിൽ നിന്നെത്തിയ ചില മേല്പട്ടക്കാരാണ്. പൊതുവെ പറഞ്ഞാൽ, പൗരസ്ത്യ സുറിയാനി പാരമ്പര്യധാരയിൽ വരുന്നവയാണ് ഇവയെല്ലാം. ഇവയിൽ ഭൂരിഭാഗവും വിരചിതമായത് ദയറാകളിലാണ്. (ഈ സുപ്രധാന ദൗത്യം ആധുനിക ദയറാകൾ വിസ്മരിച്ചോ, എന്തോ !) അതുകൊണ്ടുതന്നെ, ഒരേ ശുശ്രൂഷയ്ക്ക്, അഥവാ കൂദാശയ്ക്ക് ഒന്നിലധികം ക്രമങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിൽനിന്ന് ഒരു പതിപ്പ് (version) ആണ് മലങ്കരയിൽ പ്രചരിതമായിരിക്കുന്നത്.

പൗരസ്ത്യ ആരാധന പൊതുവെ, 'വായന'യല്ല, ആലാപനം അഥവാ 'ചൊല്ലൽ' (chanting) ആണ്. മനുഷ്യ മനസ്സിൽ ഉതിരുന്ന വിവിധ വിചാര-വികാരങ്ങൾ, സന്തോഷ-സന്താപങ്ങൾ, അഭ്യർഥനകൾ, അഭിനിവേശങ്ങൾ, ദുഃഖങ്ങൾ എന്നിങ്ങനെയുള്ളവയെല്ലാം അനായാസേന ആവിഷ്കരിക്കുന്നതിനുള്ള ഏറ്റവും അനുയോജ്യമായ മാധ്യമം (medium) കവിതയാണെന്നാണ് പണ്ഡിത മതം. കവിതയിൽ, ഈണവും താളവും ലയവുമെല്ലാം ഒത്തിണങ്ങിയിരിക്കും. മിക്കവാറും എല്ലാ മതങ്ങളുടെയും ആരാധനയിൽ സംഗീതം ഒരു അവിഭാജ്യ ഘടകമാണ്. സിക്കുമതത്തിന്റെ 'യരുശലേ'മായ അമൃത്സറിലെ സുവർണക്ഷേത്രത്തിൽ, '*ഗുരു ഗ്രന്ഥ സാഹിബി*'ന്റെ സന്നിധാനത്ത് നിത്യവും അനുസ്യൂതമായി ഉയരുന്ന '*ഗുർബാനി*' ഇതിനൊരു ഉത്തമ ദൃഷ്ടാന്തമാണ്. പാശ്ചാത്യ-പൗരസ്ത്യ ആരാധനയിൽ കൂട്ടമായി നിന്നുള്ള ഗാനാലാപം (community singing/ choral singing) സുപ്രധാനമാണ്. പൊതുവെ ആരാധനകളെല്ലാം 'സമൂഹപ്രാർഥന'കളാണ്. ജനസമൂഹം (community) ഒന്നടങ്കം അതിൽ ഭാഗഭാക്കാകുന്നു. 'ആമേൻ' പറയുക മാത്രമല്ല, ജനങ്ങളുടെ 'റോൾ'. ആരാധനയിൽ സജീവ പങ്കാളികളാണവർ. അനേകർ ഒരുമിച്ചുള്ള ചിട്ടയായ ആരാധനയുടെ ഉത്തമ മാധ്യമം singing/chanting ആണ്. "സംഗീതം സ്വർഗത്തിലെ ഭാഷയാണെ"ന്ന് പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ പ്രസ്താവിച്ചത് ഇവിടെ അനുസ്മരിക്കാം. ഭൂമിയിൽ നടക്കുന്നതും സ്വർഗത്തിനും ഭൂമിക്കുമിടയിൽ ഒരു യോഗാത്മക പാലം പണിയുന്നതുമായ ആരാധനയിൽ, congregation രണ്ടു ഭാഗമായിനിന്ന് ചൊല്ലുന്ന രീതി, സ്വർഗത്തിലെ മാലാഖാ ഗണങ്ങളുടെ അനവരത സ്തുതിപ്പുകളുടെ പ്രതിച്ഛായയാണെന്നു കരുതപ്പെടുന്നു. യഥാർഥ സംഗീതത്തിന്റെ ഉറവിടം സ്വർഗത്തിൽത്തന്നെയാണെന്നു സമ്മതിക്കേണ്ടിവരും. Byzantine പാരമ്പര്യത്തിലും പല oriental സഭകളിലും ഗാനസംഘങ്ങൾ വൃത്താകൃതിയിൽ നിന്നുകൊണ്ട് ആരാധനാ ഗാനങ്ങൾ ആലപിക്കുന്ന രീതി ഇന്നും നിലനിൽക്കുന്നു.

സുറിയാനി ആരാധനയിലെ ഗീതങ്ങൾ

സുറിയാനി പാരമ്പര്യത്തിലെ ആരാധനാ ഗീതങ്ങൾ മിക്കവാറും എട്ടു രാഗങ്ങളിൽ ആലപിക്കാവുന്നതാണ്. ഒരാഴ്ചയിൽതന്നെ, ഒന്നിടവിട്ട ദിവസങ്ങളിലായി രാഗങ്ങൾ മാറിവരും. രാഗങ്ങളുടെ ഈ 'കുടമാറ്റം' ഇത്ര വിപുലമായി, സാധാരണ ഗതിയിൽ മറ്റു സഭാ പാരമ്പര്യത്തിൽ കാണുന്നില്ല. ആരാധനാ വർഷങ്ങൾക്കും പ്രധാന തിരുനാളുകൾക്കും കാർമികന്റെ തിരുവസ്ത്രങ്ങൾ, ബലിപീഠത്തിലെ ചമയങ്ങൾ എന്നിവയ്ക്ക് 'നിറ'വ്യത്യാസം വരുത്തുന്ന പതിവുണ്ട്. ഏറ്റക്കുറച്ചിലുകളോടെ, ഈ രീതി, എല്ലാ പുരാതന സഭകളിലും നിലവിലുണ്ട്. ഉദാഹരണത്തിന്, ഈസ്റ്ററിനു ശുഭ (തൂവെള്ള)

നിറം; ദൈവമാതാവിന്റെ പെരുന്നാളുകൾക്കു പച്ചനിറം; രക്തസാക്ഷികളുടെ അനുസ്മരണയ്ക്ക് ചുവപ്പുനിറം; വിശുദ്ധ വാരത്തിൽ കറുപ്പുനിറം, ഇങ്ങനെപോകുന്നു ഈ നിറമാറ്റം. തിരുവസ്ത്രങ്ങളോടൊപ്പം വിരിപ്പുകളുടെയും നിറം വ്യത്യാസപ്പെടുന്നതുപോലെ, അതതു സന്ദർഭങ്ങളിൽ ആരാധനാ ഗീതങ്ങളുടെ നിറ(രാഗം)വും മാറിവരും.

ആഘോഷമായ തിരുനാളുകളിൽ	– 7–ാം രാഗം
ദൈവമാതാവിന്റെ പെരുന്നാൾ	– 1–ാം രാഗം
പരിശുദ്ധന്മാർ/ശുദ്ധിമതികൾ	– 8–ാം രാഗം

ഇതുപോലെ ഓരോ പെരുന്നാളിനും വിശേഷ ദിവസത്തിനും നിർണയിച്ചിരിക്കുന്നു. ഈ 'നിറഭേദ'ങ്ങളുടെ ഉറവിടവും സന്യാസഭവനങ്ങൾ തന്നെയാവണം.

രാഗ മാറ്റങ്ങളുടെ ഗുണ-ദോഷങ്ങൾ

അതതു സന്ദർഭങ്ങളുടെ പ്രാധാന്യത്തിനും പ്രത്യേകതകൾക്കും ഉതകുന്ന രാഗങ്ങൾ ഉപയോഗിക്കുന്നത് അനുയോജ്യവും പ്രശംസനീയവുംതന്നെ. ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തിലെ ഒരു മഹാത്ഭുതമാണ് വൈവിധ്യം (variety). പൊതുവെ, മനുഷ്യർ വൈവിധ്യങ്ങൾ ഇഷ്ടപ്പെടുന്നവരാണ്. ഈണവും താളവും ഏതു മനസ്സിനെയും ആകർഷിക്കും. സംഗീതം ഒരു രോഗചികിത്സാ മാർഗമായിപ്പോലും ഉപയോഗിക്കുന്നുണ്ട് (music therapy). വിമർശനാത്മകമായി വിലയിരുത്തിയാൽ, ഇതിൽ ചില വൈതരണികളും കടന്നുകൂടിയിരിക്കുന്നതായി കാണാം.

ചില രാഗങ്ങൾ വളരെ വേഗം, നാവിൽ ഉണർന്നു വരും. എന്നാൽ രാഗങ്ങൾ മാറിമാറി വരുമ്പോൾ, കൃത്യമായി കണ്ടുപിടിക്കാൻ ബുദ്ധിയും ബോധവും ശ്രമിക്കും. അപ്പോൾ ആരാധകന്റെ ശ്രദ്ധ രാഗത്തിലോ, ഗാനത്തിന്റെ ഉള്ളടക്കത്തിലോ ? പ്രസക്തമായ ഒരു സമസ്യയാണിത്. സാമാന്യമായി രാഗവും ഉള്ളടക്കവും രണ്ടും രണ്ടാണ്. രാഗവും ഈണവും ഉള്ളടക്കത്തോട് ഇഴുകിച്ചേരുമ്പോഴേ അത്, 'മനസ്സറിഞ്ഞുള്ള' പ്രാർഥനയാകൂ ! അങ്ങനെ ആകേണ്ടതുമാണ്. പക്ഷെ, എപ്പോഴും അങ്ങനെ സംഭവിക്കണമെന്നില്ല.

യാമപ്രാർഥനകളുടെ ദൈർഘ്യം വർധിപ്പിക്കുന്ന മുറയ്ക്ക്, ഗാനങ്ങളുടെ ഗതിവേഗ(speed)വും വർധിച്ചു കാണാറുണ്ട്. അങ്ങനെ വന്നാൽ, അത് ഒരുതരം 'പറച്ചിലാ'യി അധഃപതിക്കും. പരിചയമില്ലാത്ത ഗാനം, പരിചയമില്ലാത്ത രാഗത്തിൽ അവതരിപ്പിച്ചാൽ അതിന്റെ ഉള്ളടക്കവും (content) രാഗവും വേഗം ശ്രദ്ധിക്കപ്പെടും. ഇതിലേതെങ്കിലും ഒന്ന് അപരിചിതമായിരുന്നാൽ, ശ്രദ്ധകേന്ദ്രീകരണത്തിനു ഗ്ലാനി സംഭവിക്കും. അനുഭവത്തിലൂടെ ഇതു ഗ്രഹിക്കാം. ഉദാഹരണമായി, കർത്താവിന്റെ ജനനപ്പെരുന്നാളിലെ മൂന്നു മണി നമസ്കാരം;

"കന്യകമറിയാമിന്നാൾ
പെറ്റാളുണ്ണിയെ മകുടങ്ങളെ മുടയുന്നോനെ
സീയോനിതു കേട്ടപ്പോൾ
അവനെകണ്ടീടും മുമ്പേ കമ്പം പൂണ്ടു..."

രാഗം ശ്രദ്ധിച്ചു വരുമ്പോഴേക്കും വരികൾ കടന്നു പോയിരിക്കും. അപ്പോൾ ഗ്രഹണം എവിടെ? വിശേഷിച്ചും സുറിയാനിയിൽനിന്നും മൊഴിമാറ്റം ചെയ്ത ഗാനങ്ങളോട് അനുബന്ധ രാഗങ്ങളും ചേരുമ്പോൾ ബുദ്ധിമുട്ടുകൾ വർധിക്കുകതന്നെ ചെയ്യും. ഇപ്പോൾ നിലവിലുള്ള (സി.പി.ചാണ്ടിസാറിനോട് കടപ്പാട്) മലയാള പരിഭാഷകളിൽ സംസ്കൃത പദങ്ങൾ വേണ്ടുവോളമുണ്ട്. (ഇംഗ്ലീഷിലേക്കാകുമ്പോൾ, അത് ഭാരതീയ ഭാഷ അല്ലാത്തതിനാൽ അങ്ങനെ സംഭവിക്കാനിടയില്ല). ചില കടുകട്ടിയായ സംസ്കൃതപദങ്ങളുടെയും സന്ധികളുടെയും അർഥം മനസ്സുകൊണ്ട് അന്വേഷിച്ച് കണ്ടുപിടിച്ച് വരുമ്പോഴേക്കും ആ ഖണ്ഡികതന്നെ അവസാനിച്ചിരിക്കും! അങ്ങനെ അന്വേഷണം നടത്താതെ, നിർമമരായി നിൽക്കുന്നവർക്ക് ഇതൊന്നും ഒരു പ്രശ്നമല്ലാത്തത് മറക്കുന്നില്ല! കാരണം, അവർക്കിത് കീറാമുട്ടിയാണ്. കാര്യമായി ഒന്നും ഗ്രഹിക്കാനുമാവുകയില്ല.

ചിലപ്പോൾ സുറിയാനി പദങ്ങൾ (അത്യാവശ്യത്തിന്) അങ്ങനെത്തന്നെ ഗാനങ്ങളിലും ഗദ്യഭാഗങ്ങളിലും നിലനിർത്തിയിട്ടുണ്ട്. പലപ്പോഴും പരിഭാഷപ്പെടുത്താൻ തക്ക വാക്കുകൾ ഇല്ലാത്തതുകൊണ്ടും മാത്രകളുടെ എണ്ണം ശരിയാക്കാനും ഇങ്ങനെ ചെയ്തേക്കാം. വ്യാഴാഴ്ച രാത്രി കൗമായുടെ എക്ബോയിൽ '*ആശീമോൻ*' എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. 'മരുഭൂമി' എന്നാണർഥം. എന്നാൽ അതു പിരിച്ചെഴുതി, 'ആ ശീമോൻ' എന്നെഴുതിയാലുള്ള പൊല്ലാപ്പ് ഊഹിക്കാവുന്നതേയുള്ളൂ. ശീമോനുമായി 'ആശീമോന്' ഒരു ബന്ധവുമില്ല!

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ശ്രദ്ധ നിലനിർത്താനും ദീർഘിപ്പിക്കാനും ഗദ്യത്തിനേക്കാളേറെ പദ്യത്തിനാണ് കഴിയുക എന്നാണ് നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ധാരണ. അതു ശരിയുമാണ്. "*ദൈവമേ, നീ പരിശുദ്ധനാകുന്നു*" എന്നു ഗദ്യത്തിൽ പറയുന്നതും "*ശുദ്ധൻ നീ ആലോഹോ*" എന്നു നീട്ടി ചൊല്ലുന്നതും തമ്മിൽ, രണ്ടിനും വേണ്ടിവരുന്ന സമയത്തിൽ മാത്രമല്ല വ്യത്യാസം. ശ്രദ്ധയോടെ സഞ്ചരിക്കുന്നവർക്ക്, വർധമാനമായ ആത്മീക അനുഭവം ഉണ്ടാകുവാൻ 'ചൊലുത്ത്' സഹായകരമായിരിക്കും. എന്നാൽ, രണ്ടിലും അർഥം ഗ്രഹിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഫലം മറിച്ചുമാകും !

മലങ്കരസഭയ്ക്ക് തനതും ദേശീയ സംസ്കാരം ഉൾക്കൊള്ളുന്നതുമായ ആരാധനാ ക്രമങ്ങളും സംവിധാനങ്ങളും ഉണ്ടാകേണ്ട ആവശ്യത്തിലേക്ക് വിരൽ ചൂണ്ടുന്ന ഏതാനും കാര്യങ്ങളാണിവ. (മന്ത്രം 'പറയുകയല്ല'; ജപിക്കുകയാണല്ലോ.) കടമായോ വിലയ്ക്കോ സ്ഥിരമായി എടുത്താൽ, ഏച്ചുകെട്ടുകൾ ഉണ്ടാവുക സ്വാഭാവികമാണ്. മറ്റൊരു ഭാഷയിൽ നിന്നാകുമ്പോൾ പറയാനുമില്ല. ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കുകയും ചെയ്യും. ഓരോ ഭാഷയ്ക്കും സാംസ്കാരിക പശ്ചാത്തലത്തിനും ഇണങ്ങുന്ന പ്രാർഥനകൾ, പദ്യമായാലും ഗദ്യമായാലും ഹൃദ്യമായിരിക്കും. "*അട്ടഹസിച്ചു പറയണം*" എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നത്, ഉച്ചത്തിൽ പറയുന്നതിനെപ്പറ്റിയാണല്ലോ. 'അട്ടഹാസം' എന്ന മലയാള പദത്തിന്റെ അർഥം വ്യത്യസ്തമാണ്! ചില സന്ദർഭങ്ങളിലാകട്ടെ മൂലഭാഷയിൽ ഉദ്ദേശിക്കാത്ത പദങ്ങൾ കയറിവരും. കവിതയിൽ poetic license എന്നൊന്നുണ്ട്. എന്നാൽ ചിലപ്പോൾ അത് പാരായണം ചെയ്യുന്നയാളിന്റെ വായന/ചൊല്ലൽ സ്വാതന്ത്ര്യത്തിന്മേലുള്ള കയ്യേറ്റമായിത്തീരും.

ഹ്ശീമ്ാ നമസ്കാരം, വെള്ളിയാഴ്ച സന്ധ്യാ ധൂപത്തിന്റെ കോലോ :

വി.ദൈവമാതാവിനെപ്പറ്റി, "*സകല വംശങ്ങളിൽനിന്നുമായി തെരഞ്ഞെടുക്കപ്പെടുകയും ദൈവത്തിനു മാതാവായിത്തീരുകയും ചെയ്ത....*" *എന്നു പറഞ്ഞിരിക്കുന്നു. (ഹൊയ് ദെസ്ഗ്ബ്രിയാത് മെൻകൂൽ ശർബോൻ വഹവോസ് ഏമോ ലാലോഹോ).* ഗാനത്തിലായപ്പോൾ, 'തെരഞ്ഞെടുപ്പ്', 'സംവരണ'മായി മാറി. എന്തൊരു അന്തരം! ചിലപ്പോഴെങ്കിലും ഇങ്ങനെ 'അതിരുകടക്കു'കയും ചെയ്യും!

'*പാടി സ്തുതിക്കുക*' എന്നത്, ഹൃദ്യവും അടിസ്ഥാനപരവുമായ ഒരു ആരാധനാരൂപമാണ്; അത് ഹർഷദായകവുമാണ്. മാലാഖമാരുടെ എണ്ണമറ്റ ഗണങ്ങൾ ദൈവത്തെ നിരന്തരം പാടിസ്തുതിക്കുന്നു. മാലാഖമാരുടെയും മനുഷ്യരുടെയും പാട്ടിനെപ്പറ്റി വി.വേദപുസ്തകത്തിൽ പരാമർശങ്ങൾ വേണ്ടുവോളമുണ്ട്.

പുറപ്പാട് – 15: 1–21, ഇയ്യോബ്– 38: 6, സങ്കീർത്തനങ്ങൾ– 89: 1; 96: 1–2 ; 100: 1–2 ; 101: 1 ; 150: 1–6, ലൂക്കോസ് – 2: 13–14, വെളിപാട് – 14: 2–3, എല്ലാം ഗദ്യമായാൽ വിരസത (being prosaic)

ഉണ്ടാവാം. അതിനുള്ള ഒരു പ്രതിവിധികൂടിയാണ് ഗാനം.

ഈണവും സന്ദർഭവും

സന്ദർഭത്തിനിണങ്ങുന്ന ഈണം കൂടിയായാൽ അതിന്റെ ഫലം(effect) ഇരട്ടിയാകും.

മാമുദീസ : *"ദൈവം ചൊന്നാൻ...", "നൃപരും മോഹിച്ചൊരു....", "പറുദീസയിലാദാം.."*

വിവാഹം : *"ഏദൻതോട്ടം നട്ടോനേ...", "വാനീന്നുടയോൻ...."*

ശവസംസ്കാരം : *"വത്സലരേ ദൂരത്തെന്തിനു നില്ക്കുന്നു..."*
പട്ടക്കാരുടെ ശവസംസ്കാരം : *"മദ്ബഹായേ ഞാൻ പോരുമ്പോൾ നീയൊന്നും ചൊന്നില്ലല്ലോ.."*

കാൽകഴുകൽ : *താണഖിലേശാ നിൻ നിലതാഴ്ത്തി..."*
എന്നാൽ, ഈ ഇണക്കം കണികാണാനില്ലാത്ത സന്ദർഭങ്ങളുമുണ്ട്: ഉദാ : ശവസംസ്കാര കർമ്മത്തിലെ ഏതാനും ഗീതങ്ങൾ,
"പടുവൃദ്ധതയീ കാനായിൽ മൃതയാം സാറായെ..."
(ഇവിടെ ചൂണ്ടിക്കാണിച്ച ഉദാഹരണങ്ങൾ തികച്ചും ആത്മനിഷ്ഠമാണ്(subjective). അനുവാചകർക്ക് വ്യത്യസ്ത വീക്ഷണങ്ങളുണ്ടാവാം.)

വിശുദ്ധ കുർബാനയിൽ *"അൻപുടയോനേ നിൻ വാതിൽ..."* എന്ന ഗാനം ഗായകരിലും ശ്രോതാക്കളിലും അനുതാപം ഉണർത്തിവിടാൻ പോന്നതാണ്. അങ്ങനെയായാൽ അത് ശ്രവണ മാധുര്യമുള്ളതും ഫലപ്രദവുമായിരിക്കും. **ഈ വിഷയങ്ങൾ പരിഗണിക്കുമ്പോൾ, ഗായകസംഘങ്ങൾക്ക് നിർദേശവും നിയന്ത്രണവും ആവശ്യമാണെന്ന് ഏവർക്കും ബോധ്യപ്പെടും. വി.കുർബാനയുടെ 'ഹൃത്തോമ്മോ', ദീർഘനാളായി നിലനിൽക്കുന്നതും കേട്ടുപരിചയിച്ചതും ലളിതവുമായ ഈണവും രാഗവുമായാൽ അത്യന്തം ഹൃദ്യമായിരിക്കും. മറിച്ച് ചില 'നവരാഗങ്ങൾ' അവതരിപ്പിച്ചാൽ അഭംഗിയുമാകും !**

Post-Communion Service-ൽ, *"എന്റെ കടങ്ങളശേഷം നിൻ..."* എന്ന ഗാനം, പട്ടക്കാരൻ പ്രാർഥനകൾ ചൊല്ലി, വി.കുർബാന അനുഭവിച്ചു കഴിയുന്നതുവരെ ചൊല്ലാനുള്ളതാണ്. അർഥം മനസ്സിലാക്കാൻ ശ്രമിക്കാതെ, മറ്റു ചില ജോലികൾക്കിടയിൽ, 'സൂപ്പർ സോണിക്' വേഗത്തിൽ പാഞ്ഞുപോയാൽ, 'ചൊല്ലിത്തീർത്തു' എന്നുമാത്രം സമാശ്വസിക്കാം. കാലം ചെയ്ത, സഭാരത്നം ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി, അശേഷം 'tune-conscious' അല്ലാത്ത ആളായിരുന്നെങ്കിലും കവിത്വമുള്ള ആളായിരുന്നു. അദ്ദേഹം രചിച്ച ഭക്തിഗാനങ്ങൾ മസൃണങ്ങളാണ്. ഈണം പകരാൻ, പതിവുപോലെ, മറ്റൊരാൾ വേണമെന്നുമാത്രം. ഭക്ഷണം കഴിക്കുന്നതിന് മുമ്പുള്ള പ്രാർഥന, ഹൃദ്യവും ലളിതവുമായ രീതിയിൽ അദ്ദേഹം പഠിപ്പിച്ചു:

"സ്തോത്രമേശുവേ, സ്തോത്രമേശുവേ !
ഈ ആഹാരം തന്ന നിൻ കൃപയ്ക്കായ്
സ്തോത്രമേശുവേ !"

എത്ര ശാലീനമധുരം! ഈ നൈസർഗികതയാണ് ആരാധനാ ഗാനങ്ങളുടെ ഉള്ളടക്കത്തിലും ഈണത്തിലും പ്രതിഫലിക്കേണ്ടത്. എങ്കിലും നന്നായി പരിചയിച്ചുകഴിഞ്ഞാൽ ഏതു രാഗവും ഗാനവും ഹൃദ്യമായിവരാം.

എന്തു പറഞ്ഞാലും എട്ടു നിറ(രാഗ)ങ്ങളുടെ നിർധരി അത്ഭുതകരമായ ഒരു സംവിധാനമാണ്. ഇതെങ്ങനെ ഉണ്ടായോ എന്തോ? സന്യാസത്തിന്റെയും തപശ്ചര്യയുടെയും പിൻബലമില്ലാതെ ഇത്തരം സ്വതന്ത്രവും അനന്യവുമായ ആവിഷ്കരണങ്ങളും തുടക്കങ്ങളും (initiatives) ഉണ്ടാവുകയില്ല. കലകളെയും സാഹിത്യത്തെയും നിയന്ത്രിക്കുന്നത് പരിശുദ്ധാത്മാവാണല്ലോ.



മാർ അപ്രേം (AD 306-373) - also known as Ephrem the Syrian or Ephrem of Edessa, a Syriac Christian decon and a prolific Syriac - language hymmgrapher and a theologian of the 4th century.

സുറിയാനി ആരാധനാ ഗാനങ്ങളിൽ പലതും ഏതെങ്കിലുമൊരു വിശുദ്ധന്റെ പേരിലാണ് അറിയപ്പെടുന്നത്. ഉദാഹരണം, "പരിശുദ്ധാത്മാവിന്റെ കിന്നരം" എന്നു വഴ്ത്തപ്പെടുന്ന മാർ അപ്രേം മൽപാൻ, സുറിയാനി സാഹിത്യരംഗത്തെ, Dante, Shakespeare എന്നീ പഴയകാല മഹാരഥന്മാരെപ്പോലെയുള്ള, അതുല്യ കവിയും സാഹിത്യകാരനുമായിരുന്നു. 'മാർ അപ്രേമിന്റെ രാഗം' ഏറെ പരിചിതമാണ്. അങ്ങനെതന്നെ, 'മാർ യാക്കോബ്', 'മാർ ബാലായി' എന്നീ മൽപാന്മാരും അറിയപ്പെടുന്നു. അവർ ചിട്ടപ്പെടുത്തിയ രാഗങ്ങളിൽ പിൽക്കാലത്ത് ഗാനങ്ങൾ രചിച്ചവർ ശീർഷകമായി, ഈ കാവ്യപ്രതിഭകളുടെ നാമമാണു ഉപയോഗിച്ചത്; 'മാർ യാക്കോബ്', 'മാർ അപ്രേം', 'മാർ ബാലായി', ഇങ്ങനെ. എവിടെയും ഒരു സത്യം നിലനിൽക്കുന്നു; ചൊല്ലുന്നതിൽ, ഗതിവേഗം ക്രമാതീതമായി വർധിച്ചാൽ, 'സാരം'മരീചികയായിരിക്കും !

വിഷയങ്ങളുടെ വൈവിധ്യം

സുറിയാനി ആരാധനാ സംവിധാനത്തിൽ, യാമങ്ങളും പ്രാർഥനാ വിഷയങ്ങളുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ഓരോ യാമത്തിനും - രാത്രിപ്രാർഥനയിലെ ഓരോ യാമത്തിനുൾപ്പെടെ- ഓരോ പ്രത്യേക വിഷയമുണ്ട്. ഇക്കാര്യങ്ങളിൽ അവഗാഹം നേടിയിരുന്ന യശ്ശ:ശരീരനായ യൂഹാനോൻ മാർ സേവേറിയോസ് പിതാവ് ഇങ്ങനെ വിശദീകരിക്കുന്നു :

"ആഴ്ചവട്ടത്തിൽ, ഞായറാഴ്ച ഒഴിച്ചുള്ള ദിവസങ്ങളെ "ശ്ഹീ"(സാധാരണ) ദിവസങ്ങൾ എന്നു പറയുന്നു. ഞായറാഴ്ചകൾക്കും മാറാനായപ്പെരുന്നാളുകൾക്കും വെവ്വേറെ പ്രാർഥനാ വിഷയങ്ങളുണ്ട്. സാധാരണ ദിവസങ്ങളിൽ, സന്ധ്യയുടെയും പ്രഭാതത്തിന്റെയും പ്രാർഥനകൾ, പൊതുവിന്റേതാണ്. അതായത്, ദൈവമാതാവ് , വിശുദ്ധന്മാർ,

→ 41

ആരാധനാ ഗീതങ്ങളുടെ ഭാവതലങ്ങളും വേദാടിസ്ഥാനവും

■ ഡോ. കെ,എൽ.മാത്യു വൈദ്യൻ കോറെപ്പിസ്ക്കോപ്പ

ഗീതങ്ങളുടെ താളം

ഹൃദയമിടിപ്പിന്റെ താളത്തിലൂടെ രക്തചംക്രമണം സാധ്യമാകുന്നതുപോലെയാണ് ആരാധനാ ഗീതങ്ങളിലൂടെ സഭാശാസ്ത്രം സംപുഷ്ടമാകുന്നത്. ഗീതങ്ങൾക്ക് ഒരു കാന്തികശക്തിയുണ്ട്. രൂപാന്തരീകരണത്തിന്റെ മാസ്മരികത യുണ്ട്. സർഗാത്മകതയെ അവ വികസിപ്പിക്കുന്നു. ഉന്മേഷവും പ്രചോദനവും നല്കുന്നു. സഹനശക്തി നൽകുന്നു. മാനസിക ശിക്ഷണത്തിലേക്കു നയിക്കുന്നു. പകയും വിദ്വേഷവും അകറ്റാൻ സഹായിക്കുന്നു. യാമങ്ങളെ പവിത്രീകരിക്കുന്നു. ഹൃദയത്തിന്റെ ഭാഷയാണ് ഗീതങ്ങൾ. സ്തുതിഗീതങ്ങൾ പാടിയ ബാലകരുടെ കൂട്ടത്തെ കണ്ട് ക്രിസ്തു പറഞ്ഞു, *"ഇവർ മിണ്ടാതിരുന്നാൽ കല്ലുകൾ ആർത്തു വിളിക്കും."* പ്രപഞ്ചത്തിന് സംഗീതത്തിന്റെ ഒരു താളമുണ്ട്. ജന്തുക്കളും സസ്യലതാദികളും സംഗീതം അർഥവത്തായി ആസ്വദിക്കുന്നു. ജനഹൃദയങ്ങളെ വശീകരിക്കുന്ന മാന്ത്രിക താളമാണ് ആരാധനാഗീതങ്ങൾ.

കാവ്യാത്മകതയും രാഗമധുരിമയും

ആരാധനാ ഗീതങ്ങളിലൂടെ ദൃശ്യവും അദൃശ്യവുമായ ഒരു വലിയ സമൂഹത്തിന്റെ ആരാധനയിൽ നാം പങ്കുചേരുന്നു. നമ്മുടെ സങ്കടങ്ങൾ അലിഞ്ഞലിഞ്ഞ് ഇല്ലാതാകും. ശരീരാത്മമനസ്സുകളുടെ സമർപ്പണം സാധ്യമാകുന്നു. വിവിധ രാഗങ്ങളിലുള്ള കീർത്തനങ്ങളിലൂടെ നാം സ്തുതി കരേറ്റുന്നു. നാം പശ്ചാത്താപവിവശരാകുന്നു. അനുതാപത്തിന്റെ ആഴത്തിലിറങ്ങുന്നു. നന്മയിലേക്ക് ജീവിതം തിരിച്ചുവിടുന്നു. ക്രിസ്തുസാമീപ്യവും സംസർഗവും അനുഭവിക്കുന്നു. ദൈവി കതേജസ് പ്രാപിക്കുന്നു. പഞ്ചേന്ദ്രിയങ്ങളുടെ നിയന്ത്രണവും ശിക്ഷണവും സാധ്യമാകുന്നു. മനസ്സ് പ്രപഞ്ച നാഥനിൽ കേന്ദ്രീകരിക്കുന്നു. വെളിപ്പെട്ടു കിട്ടിയ ദൈവവചനങ്ങളാൽ ശുദ്ധീകരിക്കപ്പെടുന്നു. ദൈവയിഷ്ടത്തിലേക്ക് ജീവിതം തിരിച്ചു വിടുന്നു. ക്രിസ്തുവിന്റെ മനുഷ്യാവതാര മർമങ്ങളുമായി താദാത്മ്യം പ്രാപിക്കുന്നു. വിശുദ്ധ ബലിയിലേക്ക് ആമഗ്നരാകുന്നു. ശബ്ദത്തെയും വാക്കിനെയും മൗനത്തെയും പരിസരത്തെയും രൂപാന്തരപ്പെടുത്തുന്നു. അന്തരാത്മാവിന്റെ ആനന്ദം പങ്കു വയ്ക്കുന്ന കാവ്യാത്മകതയിലും രാഗമധുരിമയിലും മുങ്ങി പ്പോകുന്നു.

അക്ഷരനിയമവും വൃത്തഭംഗിയും

ആരാധനാപരിഷ്കരണത്തിന് വിശ്വാസ്യത ഉണ്ടാകണ മെങ്കിൽ ആധ്യാത്മിക സിദ്ധിയുള്ളവർ ഉണ്ടാകണം. ആരാധ നയിലെ ഗദ്യത്തിനും പദ്യത്തിനും കാവ്യാത്മകത ഉണ്ടാകണം. സാഹിത്യപരമായ നൈപുണ്യമുള്ള എഴുത്തുകാർക്ക് തക്കതായ അംഗീകാരവും പ്രോത്സാഹനവും ലഭിക്കണം. 1958-ൽ വെണ്ണി ക്കുളം സി.പി.ചാണ്ടിസാർ എഴുതിയ *'**നമ്മുടെ ആരാധനാ ഗീതങ്ങൾ**'* എന്ന ലേഖനത്തിൽ പറഞ്ഞ ചില കാര്യങ്ങൾ ഇന്നും പ്രസക്തമാണ്. *"സുറിയാനിയിലും മലയാളത്തിലും ഒരുപോലെ പ്രാവീണ്യമുള്ളവർ ഗാനങ്ങൾ രചിക്കണം. ലളിതമായിരിക്കുന്ന ഭാഷ, മലയാളശൈലിക്ക് അനുയോജ്യമല്ലാത്ത ചില പ്രയോഗങ്ങൾ പരിഷ്കരിക്കണം. ഇടയ്ക്കു കാണുന്ന മോശമായ പാട്ടുകൾക്കു പകരം നല്ല തർജമകൾ കൂട്ടിച്ചേർക്കണം. അക്ഷര നിയമ ശാസ്ത്രവും വൃത്തഭംഗിയും വ്യാകരണനിയമവും സാഹിത്യ ഭംഗിയും കാത്തു സൂക്ഷിക്കണം. നീട്ടിപ്പാടേണ്ട സ്ഥലത്ത് ദീർഘാക്ഷരങ്ങൾ വന്നില്ലെങ്കിൽ ഉടയോൻ ഊടയോനും തോട്ടക്കാരൻ തോട്ടാക്കാരനും പട്ടക്കാരൻ പാട്ടക്കാരനും ആകും. അതിനാൽ ദീർഘാക്ഷരങ്ങൾ കൂടിയിരിക്കണം."*

തദ്ദേശവൽക്കരണം

ലിപികളിലൂടെയുള്ള ആവിഷ്കാര സംതൃപ്തി എല്ലാ സംസ്കാരങ്ങളിലും കാണാം. മലങ്കരയിൽ ചെന്തമിഴിലോ സംസ്കൃതത്തിലോ വട്ടെഴുത്തിലോ കോലെഴുത്തിലോ ആരാ ധനാഗീതങ്ങൾ മൗലികമായി വികസിച്ചില്ല. ഉറച്ച വ്യാപാ രബന്ധങ്ങളും കുടിയേറ്റങ്ങളും വിദേശികളോടും അവരുടെ ഭാഷകളോടും പുലർത്തിയ ദൈവിക പരിവേഷത്തിന്റെ ഭയവും ഇതിനു കാരണമാകാം. മലങ്കരയിൽ വികസിത മലയാളത്തിനു മുമ്പ് നാടൻ പാട്ടുകളും നാടോടി ഗാനങ്ങളും ഉണ്ടായെങ്കിലും നമ്മുടെ ആരാധനാ ഗീതങ്ങളായി അവ രൂപപ്പെട്ടില്ല. മലയാളഭാഷ വികസിച്ച് സ്വത്വപ്രതിസന്ധി മറികടന്നെങ്കിലും തദ്ദേശീയമായ നല്ല ആരാധനാ ഗീതങ്ങൾ രൂപപ്പെടുത്താൻ കഴിയാഞ്ഞത് ദാസ്യമനോഭാവമാകാം, പൊതുവായ അംഗീകാരം ലഭിക്കുമോ എന്ന ശങ്കയാകാം, ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള വൈമനസ്യമാകാം, മേലധികാരികൾ ഒറ്റപ്പെടുത്തുമോ എന്ന ഭയമാകാം, പാണ്ഡിത്യവും ഭക്തിയും പരിശുദ്ധാത്മവ്യാപാരവും ഒത്തുചേരാത്ത മുരടിപ്പാകാം, സംവിധാനവൈഭവക്കുറവാകാം, പ്രോത്സാഹനമില്ലായ്മയാകാം, പക്വമായ വേദവിജ്ഞാനത്തിന്റെ കുറവാകാം, സ്വയം അർപ്പണത്തിന്റെ അഭാവമാകാം.

ആസ്വാദനക്ഷമത

മധ്യപൂർവദേശങ്ങളിലെ സന്യാസ ആശ്രമങ്ങളിൽ ഉരുത്തിരിഞ്ഞ ഗീതങ്ങളും ഈണങ്ങളും മാത്രം ഇന്ത്യയിലെ സഭ എക്കാലവും ഉപയോഗിക്കണം എന്നു വാശിപിടിക്കരുത്. ജനകീയവും ആസ്വാദനക്ഷമവുമാകണം ഗീതങ്ങൾ. ആത്മീ യതയുടെ ഉന്നതശൃംഗങ്ങളിലെത്തിയ പ്രാദേശിക ക്രൈസ്തവ വിശ്വാസികൾ ഭക്തിയിൽ രൂപപ്പെടുത്തിയ ഗീതങ്ങൾ തള്ളി ക്കളയരുത്. വിശ്വാസത്തിന്റെ ആഴത്തിൽ ജീവിക്കുന്നവർ തങ്ങളുടെ ആത്മീയ അനുഭവങ്ങൾ ഗീതങ്ങളായും പ്രാർഥന കളായും വെളിപ്പെടുത്തുന്നു. ദൈവശാസ്ത്രപരവും സാഹിത്യ പരവും കലാപരവുമായി അവയെ അടുക്കിവച്ച് ഹൃദയ വിശുദ്ധീകരണത്തിന്റെ ഈണങ്ങൾ നൽകുമ്പോൾ അവ അത്യുത്തമമായിത്തീരുന്നു. ചരിത്രപരമായും വേദാടിസ്ഥാന ത്തിലും സാധൂകരിക്കാവുന്ന സംഗതികളാകണം ആരാധനാ ഗീതങ്ങളുടെ ഉള്ളടക്കം. ആത്മാവിലും സത്യത്തിലും ആരാധിക്കുവാൻ വിശ്വാസിയെ പ്രാപ്തമാക്കുന്നതിന് ഗീതങ്ങ ൾക്ക് കഴിയണം. സാമൂഹിക പരിവർത്തനത്തിനും മാനസാ ന്തരത്തിനും ഉതകുന്നതും ഫലപ്രദമായ ക്രിസ്തീയ ജീവിതം നയിച്ച് ആത്മീയാനന്ദം അനുഭവിക്കുന്നതിനും പ്രത്യാശയോടെ ജീവിക്കുന്നതിനും സഹായിക്കണം ആരാധനാഗീതങ്ങൾ.

കടപ്പാടുകളാവാം, ഐകരൂപ്യമാകരുത്

ഒരു സഭയുടെ ആരാധനാഗീതങ്ങൾ അതേപടി മറ്റൊരു സഭ സ്വീകരിക്കേണ്ടതില്ല. ആദിമ കാലഘട്ടങ്ങളിൽ ഒരു സഭയും മറ്റൊന്നിന്റെ കീഴിലല്ല സ്ഥിതിചെയ്തിരുന്നത്. എല്ലാ സഭ കളുടെയും ഉറവിടമായി സ്വയം പ്രഖ്യാപിച്ച റോമൻ

സഭയെപ്പോലെയല്ല ഓർത്തഡോക്സ് സഭകൾ. ആരാധനാ ഗീതങ്ങളിലും സഭ സ്വയംപര്യാപ്തമാകണം. സ്വയം ശീർഷകത്വവും സ്വയംഭരണക്രമവും ദേശീയാവബോധവും അർഥവത്താകുന്നത് സ്വയമായി വികസിപ്പിച്ചെടുത്ത ആരാധനാ ക്രമങ്ങളിലൂടെയാണ്. ആദ്യഘട്ടങ്ങളിൽ ഭാരതത്തിൽ പ്രചരിച്ചത് ക്രിസ്തുവിന്റെ സുവിശേഷമാണ്. മറ്റൊരു ഭാഷയും സംസ്കാരവും സുവിശേഷത്തോട് സമപ്പെടുന്നത് ആശാസ്യമല്ല. ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽ അതാതു ദേശത്തെ സഭയുടെ ഉപയോഗത്തിനായി ആരാധനാക്രമങ്ങളും ഗീതങ്ങളും ദൈവശാസ്ത്രചിന്തകളും ഉരുവെടുത്തു വികസിച്ചു. അവ പരസ്പരം സ്വീകരിക്കുന്നതിൽ കടപ്പാടുകൾ ആകാം, ഫോട്ടോസ്റ്റാറ്റ് കോപ്പിയാകരുത്, ഐകരൂപ്യമാകരുത്. പണ്ട് മലയാളം ചെന്തമിഴിന്റെ വകഭേദമായിരുന്നുവെങ്കിലും ഇന്നത് പ്രായപൂർത്തിയായിട്ടുണ്ട്. മാർതോമാ ക്രിസ്ത്യാനികളുടെ സഭ ദേശീയസഭ തന്നെയാണ്. നമ്മുടെ മലയാളം തലയുയർത്തിപ്പിടിക്കുന്ന ആസ്ഥാനഭാഷതന്നെയാണ്.

വേദാടിസ്ഥാനം

വേദവാക്യങ്ങളാൽ പൂരിതമാണ് മലങ്കരസഭയുടെ ആരാധനാഗീതങ്ങൾ. ഓരോ വരിയിലും വേദവചന സ്ഫുലിംഗങ്ങൾ കാണാം. ഭാഷയുടെ ലാളിത്യവും വ്യാകരണ നിയമങ്ങളും സാഹിത്യ ഭംഗിയും അർഥഗാംഭീര്യവും ചോർന്നുപോകാതെ സഭയുടെ ആരാധനാഗീതങ്ങൾ മൂർച്ചയുള്ളതായി പരിപോഷിപ്പിക്കുവാൻ തലമുറകൾക്കു കഴിയണം. സഭയുടെ ഇപ്പോഴത്തെ ചില ആരാധനാ ഗീതങ്ങളുടെ വേദാടിസ്ഥാനം പരിശോധിക്കാം. *എന്നേക്കും തന്റെ ഇടത്തിൽനിന്ന് കർത്താവിന്റെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു* എന്ന ക്രൂബേന്മാരുടെ സ്തുതിപ്പ് (ഹെസക്കിയേൽ 3:12), ദൈവമാതാവിനോടുള്ള കുക്കിലിയോന്റെ (cycle of prayers) വേദഭാഗം, "*നിന്റെ സ്ത്രീരത്നങ്ങളുടെ കൂട്ടത്തിൽ രാജകുമാരികൾ ഉണ്ട്. നിന്റെ വലതുഭാഗത്ത് രാജ്ഞി ഓഫീർ തങ്കം അണിഞ്ഞുനിൽക്കുന്നു. സ്വജനത്തെയും പിതൃഭവനത്തെയും മറക്ക. അപ്പോൾ നിന്റെ സൗന്ദര്യത്തെ രാജാവ് ആഗ്രഹിക്കും*"(സങ്കീ.45 : 9-11). ഈ സങ്കീർത്തനം യിസ്രായേൽ രാജകുടുംബത്തിലെ കുമാരന്മാർ വിവാഹം കഴിക്കുന്ന അവസരത്തിൽ മണവാളനെയും മണവാട്ടിയെയും ഇരുത്തിക്കൊണ്ട് ചൊല്ലുന്ന ഗാനമാണ്. മണവാട്ടി വിവാഹാനന്തരം കുമാരനായ മണവാളനോട് ചേർന്നു വസിച്ചുകൊള്ളണമെന്ന് അവിടെ ഉപദേശിക്കുന്നു. ഇതുപോലെ ക്രിസ്തുവിന്റെ മണവാട്ടിയായ സഭ കന്യകമറിയാമിൽനിന്നു ഭൂജാതം ചെയ്ത യേശുക്രിസ്തുവിനോടും ചേർന്ന് ജീവിക്കണമെന്ന് പറയുന്നു.

പരിശുദ്ധന്മാരുടെ കുക്കിലിയോന്റെ വേദഭാഗം (സങ്കീ.92:12,14): *നീതിമാൻ പനപോലെ തഴയ്ക്കും, ലബനോനിലെ ദേവദാരുപോലെ വളരും, വാർധക്യത്തിലും അവർ ഫലം കായ്ച്ചുകൊണ്ടിരിക്കും, അവർ പുഷ്ടിവച്ചും പച്ചപിടിച്ചും ഇരിക്കും.* ദൈവത്തെ സ്നേഹിക്കുന്ന പരിശുദ്ധന്മാരുടെ അവസ്ഥയെ ഇവിടെ വർണിക്കുന്നു. വാങ്ങിപ്പോയ പട്ടക്കാരുടെ കുക്കിലിയോൻ (സങ്കീ.132:9,10): *നിന്റെ പുരോഹിതന്മാർ നീതി ധരിക്കയും നിന്റെ ഭക്തന്മാർ ഘോഷിച്ചുല്ലസിക്കയും ചെയ്യട്ടെ. ദാസനായ ദാവീദിൻ നിമിത്തം നിന്റെ അഭിഷിക്തന്റെ മുഖത്തെ തിരിച്ചു കളയരുതേ.* പുരോഹിതന്മാരെപ്പറ്റിയുള്ള സങ്കീർത്തന പ്രഖ്യാപനമാണിവിടെ . സ്ലീബായുടെ കുക്കിലിയോൻ (സങ്കീ.44:5,7): സ്ലീബോ എന്നാൽ കുരിശ്, ക്രൂശിതൻ. ക്രൂശിതനായ ക്രിസ്തു നമ്മെ രക്ഷിക്കുന്നു എന്നാണ് ഈ വരികളുടെ അർഥം. വാങ്ങിപ്പോയ പരേതരുടെ കുക്കിലിയോൻ (സങ്കീ.103: 13,15): *അപ്പനു മക്കളോടു കരുണ തോന്നുന്നതുപോലെ യഹോവയ്ക്ക് തന്റെ ഭക്തന്മാരോട് കരുണ തോന്നുന്നു. മനുഷ്യന്റെ ആയുസ്സ് പുല്ലുപോലെയാകുന്നു. വയലിലെ പൂപോലെ അവൻ പൂക്കുന്നു.* ദൈവത്തിന്റെ മഹാകരുണയെയും മനുഷ്യായുസ്സിന്റെ ക്ഷണികതയെയും ഇവിടെ സൂചിപ്പിക്കുന്നു.

ഭൂവിലശേഷം (മത്താ.28:16-20), പൗലോസ് ശ്ലീഹാ ധന്യൻ(ഗലാ.1:8), യജമാനൻ വരുമന്നേരം (ലൂക്കോ.12:37), രാജ്യത്തിൻ വാതിൽ (മത്താ. 7:13-14), ഋജുമതികൾക്കിരുളിൽ (സങ്കീ. 112:4), ഭാഗ്യനിധി മറിയാമേ. (ലൂക്കോ.1:48), ഞാൻ സത്യപ്രഭ(മത്താ.5:14, യോഹ.8:12), ജീവകരം മൃതികരം (മത്താ.7:14), സ്രാപ്പികളെക്കണ്ടേശായാ(യശ.6:2-8), മൂടുപടം, വടി,മോതിരം(ഉല്പത്തി.38:25), മൃതനെപ്പോൽ ഞാൻ (സങ്കീ.31:12-12), എന്നാത്മാവിനെ നിങ്കലുയർത്തുന്നേൻ. (സങ്കീ.25:1-5), വെളിവുനിറഞ്ഞോരീശോ (യോഹ.8:12-13), നാം ദൈവസുതന്മാരാവാൻ (എബ്രാ.13:7), ദൈവത്തിൻ പുത്രനെമറിയാം (യോഹ.20:2-7), ഇന്നാൾ നിൻ കബറിങ്കൽ. (യോഹ.20:12-13), തൂക്കപ്പെട്ടു മരത്തിൽ (സഖ.13:1), മോചനമതിനായ് (ലൂക്കോ.11:9), എന്നും സ്തുതി നിൻ കനിവിനു (യോഹ.1:2, 3:5-6, 3:9-10), അഹറോന്റെയുമാസ്കറിയാ (ലേവ്യ 9:22-24, സങ്കീ.106:28-30, സംഖ്യ.25:1-12, 32-22), എരിതീ നിരവിട്ടീറേ (ലൂക്കോ.1: 26,27), ശരണത്താലേ നിൻ കൃപയിൽ (വെളി.14:13), നീതിയിൽ വിധി ചെയ്യും (സങ്കീ.143:2). ഇവയിലെല്ലാം വേദഭാഗങ്ങൾ പ്രതിഫലിക്കുന്നു.

ഗീതങ്ങളുടെ ശരിയായ അർഥം ഗ്രഹിച്ച് ആരാധനയിൽ സംബന്ധിക്കുവാൻ വിശ്വാസികളെ സജ്ജരാക്കണം. പ്രബോധനങ്ങൾ നല്കണം. നമ്മുടേതായ ആരാധനാക്രമങ്ങൾ വികസിപ്പിക്കണം. ഭാരതീയ ഈണങ്ങളും ആരാധനാ സാഫല്യം നല്കുന്ന രാഗങ്ങളും സ്വീകരിക്കാം. ആരാധനാ പരിഷ്കാരങ്ങൾ വരുത്താൻ വിശുദ്ധിയുടെ ആധികാരികത വേണം. ആധ്യാത്മിക സിദ്ധിയുള്ളവരെ അതിനായി സഭ കാത്തിരിക്കുന്നു.

GM

കവർ ചിത്രം

വിവിധ കാലങ്ങളിൽ മലങ്കരസഭയിൽ ഉപയോഗിച്ചു വന്നിരുന്ന ആരാധനാക്രമങ്ങൾ

- കുർബാനക്രമം (1872-ൽ പ്രസിദ്ധീകരിച്ചത്)
- ക്യംതാ പ്രാർത്ഥനാ ക്രമം (കുർബാനക്രമം ചേർന്നത്-1902)
- യൽദോ ഗീതങ്ങൾ
- കുർബാനക്രമം(1890)
- പീഡാനുഭവാഴ്ചയിലെ പ്രുമിയോൻ
- നമസ്കാര ക്രമങ്ങൾ (1845 or 1856)

സഭാചരിത്ര ഗവേഷകനായ ജോയ്സ് തോട്ടയ്ക്കാടിന്റെ ഗ്രന്ഥശേഖരത്തിൽ നിന്നും.



മലയാള ആരാധനാഗീതങ്ങളുടെ വളർച്ചയ്ക്ക് ഔഗേൻ ബാവാ, മാത്യൂസ് പ്രഥമൻ ബാവാ എന്നിവരുടെ സംഭാവനകൾ

■ വർഗീസ് ജോൺ തോട്ടപ്പുഴ

സംസ്കൃതത്തോടു മാത്രം ഉപമിക്കാവുന്ന ഒരു ഭാഷയാണ് ഇന്ന് സുറിയാനി. കാരണം ഇവ രണ്ടും ഇന്ന് മൃതഭാഷകളും വൈദിക ഭാഷകളുമാണ്. രണ്ടിനും വർണോജ്ജ്വലമായ ഒരു ഭൂതകാലം ഉണ്ടായിരുന്നു. പക്ഷേ ഇവ രണ്ടും ഇന്ന് പണ്ഡിതലോകത്തും ആരാധനാലയങ്ങളിലും മാത്ര മായി ഒതുങ്ങി. ഇത്തരം ഭാഷകളിൽ പാണ്ഡിത്യം നേടുക എന്നത് ലഘുവായ ഒന്നല്ല.

അന്ത്യോഖ്യൻ സുറിയാനി ഓർത്തഡോക്സ് സഭ, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ, സിറോ - അന്ത്യോഖ്യൻ റീത്ത്, സിറോ - മലങ്കര റീത്ത്, സിറോ - മാറോനൈറ്റ് റീത്ത്, മലബാർ സ്വതന്ത്ര സുറിയാനി സഭ (തൊഴിയൂർ), മാർത്തോമാ സുറിയാനി സഭ തുടങ്ങിയ സഭകൾ പാശ്ചാത്യ (അന്ത്യോഖ്യൻ) സുറിയാനി ഉപയോഗിക്കുന്നു. അസിറിയൻ സഭ / പൗരസ്ത്യ കൽദായ സുറി യാനി സഭ (നെസ്തോറിയൻ സഭ), സിറോ - കാൽഡിയൻ റീത്ത്, സിറോ - മലബാർ റീത്ത് തുടങ്ങിയവ പൗരസ്ത്യ (കൽദായ) സുറിയാനി ഉപയോഗിക്കുന്നു. ഇവയിൽ ആരാധനാ സാഹിത്യം കൂടുതൽ വികാസം പ്രാപിച്ചത് പാശ്ചാത്യ സുറിയാനി ഭാഷയി ലാണ്

ആരാധനാ സാഹിത്യവും ആരാധനക്രമങ്ങളും ഒരു കാലത്ത് പാശ്ചാത്യ സുറിയാനിയിൽ അനുദിനമെന്നോണം വികസിച്ചുവന്നു എങ്കിലും പിൽക്കാലത്ത് ഈ വളർച്ച പൂർണമായും അസ്തമിച്ചു. തുടരെയുണ്ടായ പീഡനങ്ങളും ഇസ്ലാമികവൽക്കരണവും അന്ത്യോഖ്യൻ സഭയെ ക്ഷയിപ്പിച്ചു. അന്തഃഛിദ്രങ്ങളും അധികാര മത്സരങ്ങളും ആന്തരിക വളർച്ചയെ അസ്തമിപ്പിച്ചു. അതോടെ പണ്ഡിതന്മാരുടെ പരമ്പരയും അവസാനിച്ചു. ഇതേ കാലത്തു തന്നെ അറബിഭാഷയുടെ പ്രചാരം, ഒരു സംസാരഭാഷ എന്ന നില യിൽ നിന്നു സുറിയാനിയെ ഏതാണ്ട് പൂർണമായും തുടച്ചു മാറ്റി. അതോടെ ആരാധനാ സാഹിത്യത്തിന്റെ വളർച്ചയും അസ്തമിച്ചു.

സുറിയാനി ആരാധനാ ഗാനങ്ങൾ അനുക്രമമായി വളർന്നത് അഞ്ചാം നൂറ്റാണ്ടിലാണ്. മാർ അപ്രേം (306-373), മാർ ബാലായി (380-420), മാർ യാക്കോബ് (451-521), മാർ ഇസഹാക്ക് (420-485), എഡേസയിലെ യാക്കോബ് (+ 708), മാർ സേവേറിയോസ് (465 -538), ശെമവൂൻ കൂക്കോയോ എന്നീ പിതാക്കന്മാരുടെ നിസ്തുല മായ സംഭാവനകൾ സുറിയാനി ഗാനത്തെ സജീവമാക്കി. ഏഴാം നൂറ്റാണ്ടു വരെ നിരന്തര വളർച്ചയുടെ കാലമായിരുന്നു. പിന്നീട് കാര്യമായ വികസനമുണ്ടാകുന്നത് പന്ത്രണ്ടാം നൂറ്റാണ്ടു മുതലാ ണ്. ഇക്കാലത്ത് ദീവന്നാസിയോസ് യാക്കോബ് ബർസ്ലീബി (+ 1171), മീഖായേൽ റാബോ പാത്രിയർക്കീസ് (+ 1191), ഗ്രീഗോറി യോസ് ബാർ എബ്രായ (1226-86) തുടങ്ങിയവർ സുറിയാനി ആരാ ധനാക്രമങ്ങൾ തയ്യാറാക്കുന്നതിൽ അത്യധികം ശ്രദ്ധിച്ചു. **സുറി യാനി ആരാധന സാർവത്രികമായ ഘടന ഉൾക്കൊണ്ട പതി മൂന്നാം നൂറ്റാണ്ടാണു സുറിയാനി ആരാധനാക്രമങ്ങളുടെ സുവർണകാലം.** പിന്നീട് സുറിയാനിയുമായി ബന്ധപ്പെട്ടുള്ള എല്ലാ രചനകളും സ്വതന്ത്ര തർജമകളോ പദാനുപദ തർജമകളോ ആണ്.

സുറിയാനി ഭാഷാ പണ്ഡിതന്മാരായ അനേകരെ മലങ്കര സഭ സംഭാവന ചെയ്തിട്ടുണ്ട്. കായംകുളം പീലിപ്പോസ് റമ്പാൻ, വട്ട ശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് മലങ്കര മെത്രാപ്പോലീ ത്താ, മാർ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ, മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ, യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ, കണിയാമ്പറമ്പിൽ കുര്യൻ ആർച്ച്കോറെപ്പി സ്കോപ്പാ, മലങ്കര മല്പാന്മാരായ കോനാട്ട് മാത്തൻ മല്പാൻ, കോനാട്ട് ഏബ്രഹാം മല്പാൻ, ഞാർത്താങ്കൽ കോരുതു മല്പാൻ തുടങ്ങിയവർ ഈ ഗണത്തിൽ വരുന്നു. സുറിയാനി പെഷീത്താ പരിഭാഷപ്പെടുത്തിയതിലൂടെ ഓർത്തഡോക്സ് പാരമ്പര്യ ത്തിലുള്ള ഒരു സമ്പൂർണ വേദപുസ്തകം കണിയാമ്പറമ്പിലച്ചൻ മലയാളത്തിനു സമർപ്പിച്ചു. നാലാം നൂറ്റാണ്ടിൽ സെ. ജെറോം നട ത്തിയ പരിഭാഷയോട് ഇതിനെ താരതമ്യപ്പെടുത്താം. ആരാധനാ ഗീത വിവർത്തനത്തിൽ സഭാകവി വെണ്ണിക്കുളം സി.പി. ചാണ്ടി യുടെ സംഭാവനകൾ അതുല്യമാണ്.

ആരാധനാഗീതങ്ങളുടെ വളർച്ചയ്ക്ക് രണ്ടു കാതോലിക്കാ ബാവാമാർ നൽകിയ സംഭാവനകളാണ് ഈ ലേഖനത്തിലെ പ്രതി പാദ്യവിഷയം.

പ. ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ

മലങ്കര നസ്രാണികളുടെ എക്കാലത്തെയും ഏറ്റവും മികച്ച സുറിയാനി പണ്ഡിതൻ എന്നതിലുപരി 20-ാം നൂറ്റാണ്ടിൽ ലോകം കണ്ട ഏറ്റവും പ്രഗൽഭ സുറിയാനി പണ്ഡിതനും പ. ഔഗേൻ ബാവായായിരുന്നു എന്ന് ഇന്ന് പണ്ഡിതലോകം ഒന്നടങ്കം സമ്മതി ക്കുന്നുണ്ട്. തന്റെ അന്തർമുഖമായ സ്വഭാവവും അതിവിനയവും അന്നത്തെ സഭാപരമായ സാഹചര്യവും മൂലം അദ്ദേഹത്തിനു തന്റെ ജീവിതകാലത്ത് ഒരു സുറിയാനി പണ്ഡിതൻ എന്ന നില യിൽ അർഹമായ അംഗീകാരം ലഭിച്ചില്ല. പക്ഷേ ഇന്ന് അദ്ദേഹ ത്തിന്റെ സംഭാവനകളെപ്പറ്റിയുള്ള പഠനങ്ങൾ നാമമാത്രമായി എങ്കിലും ആരംഭിച്ചിട്ടുണ്ട് എന്നത് ശുഭോദർക്കമാണ്.

പ.ഔഗേൻ ബാവാ

സുറിയാനി ആരാധനാ പാരമ്പര്യത്തിന് അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകൾ ദ്വിമുഖമാണ്. സുറിയാനിയിൽ നിന്നു മലയാളത്തിലേക്കു തർജമ ചെയ്തു മലങ്കരസഭയെ മാത്രം പരിപോഷിപ്പിക്കുകയല്ല അദ്ദേഹം ചെയ്തത്. എട്ട് നൂറ്റാണ്ടുകളിലെ ശൂന്യതയ്ക്കുശേഷം സുറിയാനി ഭാഷയിൽത്തന്നെ ആരാധനാകൃതികൾ രചിച്ച് ചരിത്രം സൃഷ്ടിച്ച വ്യക്തിയാണ് മാർ ഔഗേൻ ബാവാ.

പരിഭാഷകൾ: സുറിയാനിയിൽ നിന്നും മലയാളത്തിലേക്കു പദാനുപദം, വൃത്താനുവൃത്തം പരിഭാഷപ്പെടുത്തുക എന്നത് ലളിതമായ ഒരു പ്രക്രിയയല്ല. രണ്ടു ഭാഷകളിലെയും പദവ്യുൽപ്പത്തിയും വൃത്തബോധവും ഇതിന് അത്യന്താപേക്ഷിതമാണ്. ഈ കഴിവുകൾ പ. ഔഗേൻ ബാവായ്ക്ക് ഉണ്ടായിരുന്നു.

കുറേക്കൂടി ആഴമായി ചിന്തിച്ചാൽ മലയാളത്തിലേക്കുള്ള പരിഭാഷ ഒരു പുനർരചനയോ മൗലിക രചനയോ ആണെന്ന് അംഗീകരിക്കേണ്ടിവരും. സുറിയാനി മൂലത്തിലെ ആശയം, സുറിയാനി വൃത്തത്തിൽ തന്നെ പുനർരചന നടത്തുകയാണ് പ. പിതാവ് ചെയ്തത്. ആശയം പരിഭാഷപ്പെടുത്തുക എളുപ്പമാണ്. പക്ഷേ മറ്റൊരു ഭാഷയിൽ – മറ്റൊരു വ്യാകരണ നിയമം അനുസരിക്കുന്ന ഭാഷയിൽ – അതേ വൃത്തത്തിൽ പരിഭാഷപ്പെടുത്തുക എന്നത് അസാധ്യമായ ഒരു സംഗതിയാണ്. അതിലാണ് പ. പിതാവ് വിജയിച്ചത്.

എങ്കിലും തന്റെ കൃതികൾ കൂടുതൽ മെച്ചമാക്കാനായി മറ്റുള്ളവരുടെ സഹായം തേടാൻ പ. പിതാവ് മടിച്ചിരുന്നില്ല. അത്തരം സഹായങ്ങളെ അംഗീകരിക്കാനും അദ്ദേഹം തയ്യാറായിരുന്നു. മൽപാൻ എൻ. എ. യൂഹാനോൻ കത്തനാർ, സഭാകവി സി. പി. ചാണ്ടി എന്നിവരായിരുന്നു പ. പിതാവിന്റെ മുഖ്യസഹകാരികൾ. അവരുടെ സേവനം എപ്പോഴും അദ്ദേഹം പേരെടുത്തു പറഞ്ഞ് അനുസ്മരിച്ചിട്ടുണ്ട്. ഒരു ഉത്തമ പണ്ഡിതനു മാത്രമേ ഇപ്രകാരമുള്ള ഹൃദയവിശാലത കാണുകയുള്ളു.

1. പെങ്കീസാ നമസ്കാരങ്ങൾ: പ. കന്യകമറിയാം കഴിഞ്ഞാൽ മലങ്കരയിൽ ഏറ്റവുമധികം ആദരിക്കപ്പെടുന്ന പരിശുദ്ധന്മാർ പ. മാർത്തോമ്മാ ശ്ലീഹായും പ. ഗീവർഗീസ് സഹദായുമാണ്. ഇവരുടെ പെരുന്നാളുകൾക്കുള്ള പെങ്കീസാ നമസ്കാരം അപൂർവം പള്ളികളിൽ മാത്രം 20-ാം നൂറ്റാണ്ടിന്റെ മധ്യകാലത്ത് സുറിയാനിയിൽത്തന്നെ ഉപയോഗിച്ചിരുന്നു. ഈ രണ്ടു പേരുടെയും പെരുന്നാൾ നമസ്കാരങ്ങൾ പ. ഔഗേൻ ബാവാ സുറിയാനിയിൽ നിന്നും പരിഭാഷപ്പെടുത്തി. എൻ. എ. യൂഹാനോൻ മല്പാന്റെ (പിന്നീട് യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ) സഹായത്തോടെ ഗദ്യവും സഭാകവി സി. പി. ചാണ്ടിയുടെ സഹായത്തോടെ പദ്യവും ഭാഷാശുദ്ധി വരുത്തി 1951-ലെ നവവത്സര ദിനത്തിൽ പ്രസിദ്ധീകരിച്ചു. ഇന്നും മലങ്കരസഭ സുന്ദരങ്ങളായ ഈ തർജമകൾ ആണ് ഉപയോഗിക്കുന്നത്.

2. പ്രുമിയോൻ – സെദറാകൾ: 1948-ലാണ് പ. ഔഗേൻ ബാവാ, ആണ്ടടക്കമുള്ള പെങ്കീസാ നമസ്കാരങ്ങൾക്കുള്ള പ്രുമിയോനുകളുടെ പരിഭാഷയുമായി പ്രവേശിക്കുന്നത്. 52 ഞായറാഴ്ചകൾ, മാറാനായ പെരുന്നാളുകൾ, പല പരിശുദ്ധന്മാരുടെ പെരുന്നാളുകൾ, കഷ്ടാനുഭവ ആഴ്ച ഇവയ്ക്കൊക്കെയും ഉള്ള പ്രുമിയോൻ-സെദറാകളുടെ സമ്പൂർണ പരിഭാഷയായിരുന്നു ആ കൃതി. ഓരോ ദിവസത്തിനും സന്ധ്യ, രാത്രി രണ്ടു കൗമാകൾ, പ്രഭാതം, മൂന്നാം മണി എന്നിങ്ങനെ അഞ്ചു പ്രുമിയോനുകൾ വീതമുണ്ട്. കൂടാതെ എത്രോ, ഹൂത്തോമ്മോ ഇവയും ഈ കൃതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. പട്ടംകൊട പുസ്തകം: മലങ്കരസഭ ഇന്നുപയോഗിക്കുന്ന മലയാളത്തിലുള്ള പട്ടംകൊട ക്രമം (കോറൂയോ മുതൽ കശീശാ വരെ) പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ, സഭാ കവി സി. പി.ചാണ്ടിയുടെ സഹായത്തോടെ പൂർത്തീകരിച്ചതാണ്. എന്നാൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ പട്ടംകൊട പുസ്തകത്തിൽ മലയാളത്തിലുള്ള രണ്ടു ക്രമങ്ങൾ കാണുന്നുണ്ട്. ഇവയിൽ ഒന്നാമത്തേത് ഇന്നുപയോഗിക്കുന്ന ക്രമം തന്നെയാണ്. രണ്ടാമത്തേത് പ. ഔഗേൻ ബാവാ പരിഭാഷപ്പെടുത്തിയതും. രണ്ടാമത്തെ ക്രമവും ആദ്യ ക്രമത്തിന്റെ മൂല സുറിയാനി കൃതിയുടെ പരിഭാഷ തന്നെയാണ്. എന്നാൽ അതിന്റെ ഭാഷാ രീതിക്കു വ്യത്യാസമുണ്ട്. രണ്ടാമത്തെ ക്രമത്തിന്റെ പദ്യ പരിഭാഷയും പ. ഔഗേൻ ബാവാ നിർവഹിച്ചതാണ്. ഈ ക്രമത്തെ അടിസ്ഥാനമാക്കിയാണ് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ഇന്നുപയോഗിക്കുന്ന പട്ടംകൊട ക്രമം പൂർത്തീകരിച്ചത്.

4. വി. മൂറോൻ കൂദാശാ ക്രമം: അത്യപൂർവമായി മാത്രം നടത്തുന്ന ഒരു ശുശ്രൂഷയാണ് വി. മൂറോൻ കൂദാശ. മലങ്കരയിൽ ആകെ 10 പ്രാവശ്യം മാത്രമാണ് ഈ ശുശ്രൂഷ നടത്തിയിട്ടുള്ളത്. അവയിൽ ആദ്യത്തെ നാലും (1876, 1911, 1932, 1951) സുറിയാനി ഭാഷയിൽ തന്നെയാണ് നടത്തിയത്.

പ. ഔഗേൻ ബാവാ പൗരസ്ത്യ കാതോലിക്കായായി 1964 മേയ് 22-ന് സ്ഥാനാരോഹണം ചെയ്തു. 1967 ഡിസംബർ 21-ന് വി. മൂറോൻ കൂദാശ ചെയ്തു. അതിനു മുമ്പായി വി. മൂറോൻ കൂദാശ ക്രമം – മഹാപുരോഹിതൻ മാത്രം ചൊല്ലേണ്ടുന്ന ഭാഗങ്ങൾ അടക്കം – മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി, പദ്യഭാഗങ്ങൾ അച്ചടിച്ചു പ്രസിദ്ധീകരിച്ചു. ഇത് തികച്ചും വൈദിക കർമ്മമായ വി. മൂറോൻ കൂദാശയിൽ വൈദികർക്കു മാത്രമല്ല ജനങ്ങൾക്കും പൂർണമായ – അർഥമറിഞ്ഞുള്ള – പങ്കാളിത്തം ഉറപ്പാക്കി. ഉയർന്ന സാഹിത്യ മൂല്യമുള്ള ഒരു പരിഭാഷയാണിത്.

5. മേല്പട്ട സ്ഥാനാരോഹണ ക്രമം: 1953 മേയ് 15-ന് കോട്ടയം മാർ ഏലിയാ ചാപ്പലിൽ അഞ്ച് മേല്പട്ടക്കാരെ വാഴിച്ചപ്പോഴാണ് ആദ്യമായി മലയാളത്തിൽ ഈ ക്രമം ഉപയോഗിച്ചത്. അതിനായി മേല്പട്ട സ്ഥാനാരോഹണ ക്രമം (ഗീതങ്ങൾ മാത്രം) ഫാ. കെ. പീലിപ്പോസ് അച്ചടിച്ചു പ്രസിദ്ധീകരിച്ചിരുന്നു. ആ ശുശ്രൂഷാക്രമവും മലയാളത്തിലേക്കു ഭംഗിയായി പരിഭാഷപ്പെടുത്തിയത് പ. ഔഗേൻ ബാവാ ആയിരുന്നു. ഇന്നും സഭ ഉപയോഗിക്കുന്നത് ഈ പരിഭാഷ തന്നെയാണ്.

6. കഷ്ടാനുഭവ ആഴ്ചയിലെ നമസ്കാരം: പ. പിതാവിന്റെ അവസാനത്തെ പരിഭാഷ – ഏറ്റവും വലുതും – കഷ്ടാനുഭവ ആഴ്ചയിലെ നമസ്കാരമാണ്. ഹാശായുടെ തിങ്കളാഴ്ച സന്ധ്യ മുതൽ ദുഃഖ ശനിയാഴ്ച ഒമ്പതാം മണി വരെയുള്ള എല്ലാ നമസ്കാരങ്ങളും വൃത്താനുവൃത്തം പദ്യപരിഭാഷ നടത്തിയ ഈ കൃതി 1971-ൽ ഫാ. ഡേവിഡ് ചെറുതോട്ടത്തിലാണ് പ്രസിദ്ധീകരിച്ചത്.

ഇത് പൂർണമായും ഒരു പ്രഥമ സംരംഭമെന്ന് പറയാനാവില്ല. ദുഃഖ വെള്ളിയാഴ്ച സ്ലീബാ വന്ദനവിന്റെ ക്രമം 1948-ൽ വി. കെ. മാത്യൂസ് കത്തനാർ (പിന്നീട് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ) പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചിരുന്നു. കാൽകഴുകൽ ശുശ്രൂഷയുടെ പരിഭാഷ പ്രസിദ്ധീകരിച്ചതും അതേ വർഷമാണ്. അദ്ദേഹം തന്നെ 1955-ൽ ദുഃഖവെള്ളിയാഴ്ച നമസ്കാരവും (പ്രഭാതം മുതൽ ഒമ്പതാം മണി വരെ – ഗീതങ്ങൾ മാത്രം) മലയാളത്തിൽ പ്രസിദ്ധീകരിച്ചു. ചുരുങ്ങിയ കാലം കൊണ്ട് പ്രചുരപ്രചാരം നേടിയ ഈ കൃതിയാണ് ഇന്ന് സഭയിൽ ഉപയോഗത്തിലിരിക്കുന്നത്. മലയാളത്തിൽ ഏറ്റവുമധികം കോപ്പികൾ അച്ചടിച്ച ഗ്രന്ഥങ്ങളിലൊന്നാണിത്.

1971-ൽ പ. ഔഗേൻ ബാവാ പരിഭാഷപ്പെടുത്തിയ കഷ്ടാനുഭവ ആഴ്ച നമസ്കാരം പ്രചാരം നേടിയെങ്കിലും അതിൽ ഉൾപ്പെടുത്തിയിരുന്ന ദുഃഖവെള്ളിയാഴ്ച നമസ്കാരം ഉപയോഗത്തിൽ വന്നില്ല. മുകളിൽ പറഞ്ഞ പരിഭാഷയുടെ ഉയർന്ന പ്രചാരമായിരുന്നു കാരണം. പ. പിതാവിന്റെ പദ്യ തർജമയ്ക്കു മുമ്പു തന്നെ യൂഹാനോൻ മാർ സേവറിയോസ് മെത്രാപ്പോലീത്താ കഷ്ടാനുഭവ ആഴ്ച നമസ്കാരം മലയാളത്തിൽ ഗദ്യ പരിഭാഷ നടത്തിയിരുന്നു. ഒന്നുമില്ലായ്മയിൽ – പ്രത്യേകിച്ചു പെസഹാ വ്യാഴാഴ്ചയും

ദുഃഖശനിയാഴ്ചയും – ഈ ഗദ്യ പരിഭാഷ ഒരു ആശ്വാസമായിരുന്നു.

എങ്കിലും അതിവൃദ്ധതയിൽ – തൊണ്ണൂറാം വയസ്സിൽ – പത്തിലധികം വിവിധ രാഗങ്ങളിൽ, അച്ചടി 330 പേജു വരുന്ന കൃതിയുടെ പുനർസൃഷ്ടി നടത്തുക എന്ന അത്ഭുതകരമായ പ്രവർത്തി മറ്റാർക്കും അസാധ്യമായിരുന്നു. ഇത് മലങ്കര നസ്രാണികൾ എന്നും സ്മരിക്കേണ്ട ഒരു പാണ്ഡിത്യ പ്രകടനമാണെന്നു നിസ്സംശയം പറയാം. സുറിയാനി, മലയാളം എന്നീ രണ്ടു ഭാഷകളിലും പദ്യ രചനയിലുള്ള അസാമാന്യ സവ്യസാചിത്വമാണ് പ. പിതാവിന്റെ തർജമകളിൽ കാണുന്നത്.

പ. ഔഗേൻ ബാവായുടെ പാണ്ഡിത്യം നസ്രാണികൾക്ക് അനുഭവവേദ്യമായി എന്നത് പരിഭാഷയുടെ പിൽക്കാല നേട്ടം മാത്രമാണ്. യഥാർഥ നേട്ടം ജനങ്ങളെ സുറിയാനി സഭയുടെ ആരാധനയുടെ പരിപൂർണതയിലേക്ക് കൂടുതൽ അടുപ്പിക്കാൻ സാധിച്ചു എന്നതാണെന്നു നിസ്സംശയം പറയാം. പ. പിതാവിന്റെ പാണ്ഡിത്യം മൂലം അതിവിപുലമായ സുറിയാനി ആരാധനാ സാഹിത്യം അതേപടി മലങ്കരയിൽ, മലയാളത്തിൽ നിലനിർത്താൻ സാധിച്ചു.

മൗലിക കൃതികൾ: പരിഭാഷകളിലൂടെ മലയാളത്തിലെ ആരാധനാ സാഹിത്യത്തെ പോഷിപ്പിച്ചതു കൂടാതെ, സുറിയാനി ആരാധനാ സാഹിത്യത്തിനു മൗലികമായ സംഭാവനകൾ പ. ഔഗേൻ ബാവാ നൽകിയിട്ടുണ്ട്. ***പ. പരുമല തിരുമേനിയുടെ പെരുന്നാളിനുള്ള പെങ്കീസാ നമസ്കാരവും***, വി. കുർബാനയ്ക്ക് ആണ്ടടക്കം ഉപയോഗിക്കാനുള്ള ***ഹൂത്തോമ്മാകളും***, സുറിയാനിയിലും മലയാളത്തിലും അദ്ദേഹത്തിന്റെ സ്വതന്ത്ര രചനകളാണ്. മാർ ഗ്രിഗോറിയോസ് ബാർ എബ്രായയ്ക്കു (+ 1286) ശേഷം സുറിയാനി ഭാഷയിൽ ആരാധനാ സാഹിത്യത്തിൽ ഉണ്ടായ സ്വതന്ത്ര കൃതികൾ ഇവ മാത്രമാണ്.

പ. പരുമല തിരുമേനിയുടെ പെരുന്നാൾ നമസ്കാരം: 1947-ൽ പരുമല തിരുമേനിയെ പരിശുദ്ധനായി സഭ പ്രഖ്യാപിച്ചതോടെ സഭാ പാരമ്പര്യപ്രകാരം അദ്ദേഹത്തിന്റെ പേര് തുബ്ദേനിലും സാദീക്കോയിലും ഓർക്കാനും അദ്ദേഹത്തിന്റെ പെരുന്നാളിനു പ്രത്യേകം പെങ്കീസാ നമസ്കാരം ഉപയോഗിക്കാനുമുള്ള പദവിയിലെത്തി. അതെഴുതി ഉണ്ടാക്കേണ്ടുന്ന ചുമതല പ. ഔഗേൻ ബാവായിൽ വന്നുചേർന്നു. സഭയ്ക്കാവശ്യം മലയാളത്തിലുള്ള ഒരു പെങ്കീസാ നമസ്കാരമായിരുന്നു. പ. പിതാവിനാകട്ടെ മൗലിക കൃതി രചിക്കുക എളുപ്പം സുറിയാനിയിലും. അതിനാൽ പ. പിതാവ്, പ. പരുമല തിരുമേനിയുടെ പെരുന്നാളിനുള്ള പെങ്കീസാ നമസ്കാരം ആദ്യം സുറിയാനിയിൽ രചിച്ചു. പിന്നീട് യൂഹാനോൻ മാർ സേവറിയോസ് മെത്രാപ്പോലീത്താ, സഭാകവി സി. പി. ചാണ്ടി എന്നിവരുടെ സഹായത്തോടെ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി.

വി. കുർബാനയുടെ ഹൂത്തോമ്മാകൾ: പ. പിതാവിന്റെ പാണ്ഡിത്യത്തിനും കവിത്വത്തിനും മകുടം ചാർത്തുന്ന സൃഷ്ടി ആണ്ടടക്കമുള്ള വി. കുർബാനയുടെ ഹൂത്തോമ്മാകളാണ്. ***വി. കുർബാനയുടെ ഹൂത്തോമ്മാകൾ*** എന്ന പേരിലാണ് ഇതു പ്രസിദ്ധീകരിച്ചത്. പ. പിതാവിന്റെ പതിവു രീതിയിൽ ആദ്യം സുറിയാനിയിൽ രചിക്കുകയും പിന്നീടു സി. പി. ചാണ്ടിയുടെ സഹായത്തോടെ മലയാളത്തിൽ പുനർരചന നടത്തുകയുമാണ് ചെയ്തത്.

കൂദോശ് ഈത്തോ മുതൽ ആണ്ടടക്കമുള്ള ഞായറാഴ്ചകൾ, മാറാനായ പെരുന്നാളുകൾ, വി. കന്യക മറിയാമിന്റെയും പരിശുദ്ധന്മാരുടെയും പെരുന്നാളുകൾ, വിവിധ സ്ഥാനങ്ങളിലേക്കുള്ള പട്ടംകൊട, വി. മൂറോൻ കൂദാശ, മരിച്ചവരുടെ ഓർമ തുടങ്ങി വി. കുർബാന അർപ്പിക്കേണ്ട ഏതാണ്ട് എല്ലാ വിഷയങ്ങൾക്കുമുള്ള ഹൂത്തോമ്മാകൾ പ. പിതാവ് രചിച്ചിട്ടുണ്ട്. അതത് ദിവസങ്ങളിലെ വേദവായന, ആ വിഷയത്തെപ്പറ്റിയുള്ള സഭയുടെ പാരമ്പര്യം, പരിശുദ്ധന്മാരുടെ ജീവിതത്തിലെ പ്രധാനസംഭവങ്ങൾ ഇവയെല്ലാം കോർത്തിണക്കിയാണ് ഈ പ്രൗഢ ഗംഭീര രചനകൾ നിർവഹിച്ചിരിക്കുന്നത്. മൊത്തം 92 വിഷയങ്ങളെക്കുറിച്ചുള്ള ഹൂത്തോമ്മാകൾ ഈ കൃതിയിലുണ്ട്. നാലു വരി വീതമുള്ള ഈരണ്ടു പദ്യങ്ങളാണ് ഓരോ വിഷയത്തെപ്പറ്റിയുള്ളത്. പരേതരുടെ ഓർമയ്ക്കു മാത്രം 4 പദ്യങ്ങളുണ്ട്. ഇവയെല്ലാം പല നിറത്തിലും പല രീതിയിലും ചൊല്ലാവുന്നവയാണ്.

[ഡോ. എം. കുര്യൻ തോമസ് രചിച്ച *പ. ഔഗേൻ ബസേലിയോസ് 20-ാം നൂറ്റാണ്ടിലെ ബാർ എബ്രായ* എന്ന ലേഖനത്തോട് (*മലങ്കരസഭാ മാസിക* പ്രസിദ്ധീകരിച്ച *ചരമ രജത ജൂബിലി സ്മരണിക*, ഡിസംബർ, 2000) കടപ്പാട്.]

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ

മലങ്കരസഭയിൽ ആരാധനാ സാഹിത്യത്തിനും ആരാധനാ ഭാഷയ്ക്കും പുതിയ ദർശനം പകർന്ന ക്രാന്തദർശിയാണ് പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ. സുറിയാനി ഭാഷയിൽ നിലനിന്ന ആരാധനക്രമങ്ങൾക്ക് മലയാളത്തിന്റെ സൗന്ദര്യവും ഭാഷാ ശൈലിയും യാഥാർഥ്യമാക്കുവാൻ മുഖ്യപങ്കാളിത്തം വഹിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. പദ്യത്തിലും ഗദ്യത്തിലുമുള്ള സുറിയാനി ആരാധനക്രമങ്ങളുടെ മലയാള തർജമ ശാസ്ത്രീയവും സാഹിത്യപരവുമായി അവതരിപ്പിക്കുവാൻ സഭാകവി വെണ്ണിക്കുളം സി. പി. ചാണ്ടിയുടെ സർഗപ്രതിഭയും പ്രയോജനപ്പെടുത്തി. പഴയ സെമിനാരിയിൽ 1940-കളിൽ താമസിച്ച് സുറിയാനി-മലയാള ആരാധനക്രമങ്ങൾ തയ്യാറാക്കുന്നതിന് ഇരുവരും കൂട്ടായി പ്രയത്നിച്ചു. ഇത് മലങ്കരസഭയിൽ മലയാള ആരാധനക്രമങ്ങൾ വ്യാപകമാക്കുവാനും ഔദ്യോഗികമായി പിന്നീട് അംഗീകരിക്കപ്പെടുവാനും ഇടയായി. പ. മാത്യൂസ് പ്രഥമൻ ബാവായുടെ ധീരമായ നേതൃത്വവും നിശ്ചയ ദാർഢ്യവും ആരാധനാക്രമങ്ങളുടെ ക്രോഡീകരണത്തിൽ സമന്വയിച്ചപ്പോൾ 1980-കളോടെ മലങ്കര ഓർത്തഡോക്സ് സഭയിലെ ആരാധനക്രമങ്ങൾക്ക് മലയാളത്തിൽ സമ്പൂർണ ലഭ്യതയും അംഗീകാരവും ആർജിച്ചു

പ. മാത്യൂസ് പ്രഥമൻ ബാവാ

→ 18

സഭാകവി സി. പി. ചാണ്ടി ഗാനരചന നടത്തിയ ആരാധനക്രമങ്ങൾ

■ ജോയ്സ് തോട്ടയ്ക്കാട്

മലങ്കരയിലെ 'ആരാധനാ ഗീതങ്ങൾ'ക്ക് കാവ്യാത്മകതയും താളാത്മകതയും നൽകി ആരാധനാ സാഹിത്യമാക്കുന്നതിൽ പ്രധാന പങ്കുവഹിച്ചത് സഭാകവി വെണ്ണിക്കുളം സി.പി.ചാണ്ടിയാണ്. അനിതരസാധാരണമായ കവിതാപാടവവും സർഗാത്മകതയും ബഹുഭാഷാനിപുണതയും സമന്വയിച്ച പ്രതിഭാശാലിയായ സി.പി.ചാണ്ടിക്ക് ആശയങ്ങൾ ലളിത പദവിന്യാസങ്ങളോടെ കോർത്തിണക്കുവാൻ അതീവ പ്രാഗത്ഭ്യമുണ്ടായിരുന്നു. ഇവ ഉദാത്തമായ സൃഷ്ടികളാണ്. ഒരു പുരുഷായുസ്സു മുഴുവൻ ആരാധനാ സാഹിത്യത്തിനു ജീവിതം സമർപ്പണം ചെയ്ത സി.പി.ചാണ്ടിയുടെ സേവനങ്ങൾ നിസ്തുലവും അവിസ്മരണീയവുമാണ്. ആരാധനക്രമങ്ങൾ മലയാളത്തിൽ ലഭ്യമാക്കുവാൻ പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവായും പ. ഔഗേൻ പ്രഥമൻ കാതോലിക്കാബാവായും പ. മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായും വിവിധ കാലങ്ങളിൽ സി.പി.ചാണ്ടിയെ പ്രോത്സാഹിപ്പിച്ചിരുന്നു.

പ്രാർഥനകൾ ഗാനരൂപത്തിലാകുമ്പോൾ കുറെക്കൂടി

സഭാകവി സി.പി.ചാണ്ടി(1916-2005)

ആകർഷകമാകുന്നു. ആരാധനയിലുള്ള പങ്കാളിത്തം സജീവമാകുന്നു. 'ശുഷ്കവും വിരസവും' സുറിയാനിയിലുള്ളതുമായ ആരാധനയെ താളലയങ്ങൾക്കു വ്യത്യാസം വരുത്താതെ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയപ്പോൾ, പങ്കാളിത്തം കുറെക്കൂടി സജീവമായി. സുറിയാനിയിൽ ഒരു ഗീതം എട്ടു 'രാഗ'ത്തിൽ(നിറം) പാടുവാൻ കഴിയുന്നതുപോലെ മലയാളത്തിലാക്കിയ ഗാനങ്ങളും എട്ടു രാഗത്തിൽ പാടുവാൻ കഴിയുന്നു. സുറിയാനി ഗാനങ്ങൾ മലയാളീകരിച്ചപ്പോൾ അർഥഗാംഭീര്യവും പ്രാസശൈലിയും ഹൃദയാവർജകമായ രീതിയിൽ ക്രമീകരിച്ചതാണ് സി.പി.ചാണ്ടിയുടെ തർജമയുടെ മാഹാത്മ്യം. വിവിധ 'മാത്ര'കളിൽ എഴുതിയിട്ടുള്ള വരികൾ അതേ മാത്രയിൽ ഭാഷാന്തരപ്പെടുത്തുവാൻ സി.പി.ചാണ്ടിക്കു കഴിഞ്ഞു. ഭാഷാപാണ്ഡിത്യവും പ്രയോഗപാടവവും നൈസർഗിക സിദ്ധിയും ഇത്തരം ഭാഷാന്തരത്തിന് ആവശ്യമാണ്.

സി. പി. ചാണ്ടി ഗാനരചനനടത്തിയ ഗ്രന്ഥങ്ങളുടെ ഒരു പട്ടിക താഴെക്കൊടുക്കുന്നു. സി. പി. ചാണ്ടിയുടെ ഗാനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്ന ഗ്രന്ഥങ്ങളാണെന്ന് തീർച്ചയാക്കപ്പെട്ടവയുടെ പട്ടികയാണിത്. (ഒന്നാം പതിപ്പിന്റെ പ്രസിദ്ധീകരണ വർഷം ബ്രാക്കറ്റിൽ)

1. ***വി. കുർബാനക്രമം*** **(1959)** - സ്ലീബായുടെ നമസ്കാരവും ക്യംതായുടെ നമസ്കാരവും അതാത് ദിവസങ്ങളിലേക്കുള്ള പ്രത്യേക ഗാനങ്ങളും ഉൾപ്പെടെയാണ് ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നത്. കൂടാതെ മേല്പട്ടക്കാരെ സ്വീകരിച്ചാനയിക്കുമ്പോൾ, തിരിച്ചെഴുന്നള്ളുമ്പോൾ, വാഴ്വ് നൽകുമ്പോൾ, വി. കുർബ്ബാനാനന്തര ഗീതങ്ങൾ, പ്രത്യേക ഗീതങ്ങൾ തുടങ്ങിയവയെല്ലാം ഉൾപ്പെട്ടിരിക്കുന്നതാണ് വി. കുർബാനക്രമം.

2. ***ദുഃഖവെള്ളിയാഴ്ച നമസ്കാരക്രമം(1955)*** - ദുഃഖവെള്ളിയാഴ്ചയിലെ എല്ലാ യാമങ്ങളിലെയും ഗാനങ്ങൾ ഉൾപ്പെടുത്തിയ ക്രമമാണ് ഇത്. ഈ ഗാനങ്ങളുടെ വരികളിലെ ചലനാത്മകതയും നാടകീയതയും ശ്രേഷ്ടവും ഹൃദയ ദ്രവീകരണശേഷി അനുപമവുമാണ്. യേശുവിന്റെ മനുഷ്യാവതാരവൃത്താന്ത കഥ, പീഡാനുഭവം തുടങ്ങിയവ ദുഃഖവെള്ളിയുടെ ഗാനങ്ങളിലൂടെ വളരെ ഹൃദയസ്പർശിയായി അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നു. ദുഃഖവെള്ളിയാഴ്ച സ്ലീബാ വന്ദനവ് ഗീതങ്ങൾ 1948-ൽ പ്രസിദ്ധീകരിച്ചിരുന്നു.

3. ***വി. കൂദാശക്രമങ്ങൾ*** - വി. മാമോദീസാ, വി. വിവാഹകൂദാശ, ഭവനശുദ്ധീകരണം, രോഗികളുടെ തൈലാഭിഷേകം, രണ്ടാം വിവാഹം എന്നിവയുടെ ക്രമങ്ങളാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. *പതിവ്രതയാം പരിപാവനസഭയെ...* തുടങ്ങിയ ഗാനങ്ങൾ സന്ദർഭാനുഗുണമായ അർഥവൈവിധ്യങ്ങളിലേക്ക് അനുവാചകനെ ഉയർത്തുന്നു.

4. ***ശവസംസ്കാരശുശ്രൂഷാ ക്രമം*** - നാലു ശുശ്രൂഷകൾ വീതം പുരുഷന്മാരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും ശവസംസ്കാരത്തിന് പ്രത്യേകം ക്രമം ഉൾപ്പെടുത്തിയിരിക്കുന്നു.

5. ***നോമ്പിലെ നമസ്കാരം*** - മൂന്നുനോമ്പിലെയും വലിയ നോമ്പിലെയും യാമപ്രാർഥനകൾ പദ്യരൂപത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇതിലെ ഗീതങ്ങളിൽ അനുതാപത്തിന്റെ ഭാവങ്ങൾ കൂടുതലായി ഉപയോഗിച്ചിരിക്കുന്നു.

6. ***ശ്ഹീമാ നമസ്കാരം*** - ഞായർ മുതൽ ശനി വരെയുള്ള

ദിവസങ്ങളിലെ സാധാരണ നമസ്കാരമാണ് പദ്യരൂപത്തിൽ ക്രമീകരിച്ചിരിക്കുന്നത്. ഓരോ ദിവസത്തിന്റെ പ്രത്യേകതയും പ്രാധാന്യവും അനുസരിച്ചാണ് ഗാനങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.

7. ***ആണ്ടുതക്സ*** – ജനനപ്പെരുനാൾ, ദനഹ, ശുബ്ക്കോനോ ശുശ്രൂഷ, ദുഃഖവെള്ളിയാഴ്ച സ്ലീബാ വന്ദനവിന്റെ ശുശ്രൂഷ, ഉയിർപ്പ്, സ്വർഗാരോഹണം, പെന്തിക്കോസ്തിപ്പെരുന്നാൾ എന്നീ ശുശ്രൂഷകളുടെ ഗീതങ്ങളാണ് ഇതിൽ. അതാത് ദിവസങ്ങളുടെ പ്രത്യേകതയും അവ നൽകുന്ന ആശയങ്ങൾ, വിശ്വാസ ആചാരങ്ങൾ ഇവയെ മുൻനിർത്തിയുമാണ് ഗീതങ്ങൾ രചിച്ചിരിക്കുന്നത്.

8. ***പ. ദൈവമാതാവിന്റെയും(1983) മാർ ഗീവർഗീസ് സഹദായുടേയും പരിശുദ്ധ പരുമല തിരുമേനിയുടെയും(1977) പെരുന്നാളിലെ പെങ്കീസാനമസ്കാരം*** – പ. ദൈവമാതാവിന്റെയും മാർ ഗീവർഗീസ് സഹദായുടേയും പരിശുദ്ധ പരുമല തിരുമേനിയുടെയും പെരുന്നാളിൽ ഉപയോഗിക്കുവാനായി പ്രുമിയോൻ – സെദ്റാ ഉൾപ്പെടെ തയ്യാറാക്കിയ നമസ്കാരക്രമം.

9. ***ഹാശാഗീതങ്ങൾ*** – കഷ്ടാനുഭവ ആഴ്ചയിൽ യേശുവിന്റെ കഷ്ടാനുഭവത്താലും മരണത്താലും നേടിത്തന്ന രക്ഷയെക്കുറിച്ച് കൂടുതൽ ബോധമതികളാകുന്നതിനും അത് അനുഭവവേദ്യമാകുന്നതിനും തക്കവിധത്തിലുള്ള ഗീതങ്ങൾ ക്രമീകരിച്ചിരിക്കുന്നു. കൂടാതെ കർത്താവിന്റെ പീഡാനുഭവ സംഭവങ്ങളെ അനുസ്മരിക്കുന്ന ഗീതങ്ങളുമാണ് ഇവ.

10. ***വൈദികരുടെ ശവസംസ്കാരക്രമം*** – പ്രാരംഭ, സമാപനശുശ്രൂഷകൾ കൂടാതെ എട്ടു ശുശ്രൂഷകൾ അടങ്ങിയതാണ് വൈദികരുടെ ശവസംസ്കാരക്രമം. പഴയനിയമ–പുതിയനിയമ സംഭവങ്ങളെ ഹൃദയസ്പർശിയായി അവതരിപ്പിച്ചിരിക്കുന്നു.

11. ***വി. കുർബാനയുടെ ഹൂത്തോമ്മാ*** – വി. കുർബാനയുടെ സമാപനപ്രാർഥനാ ഗീതമായിട്ട് രചിച്ചിരിക്കുന്നു.

12. ***പ്രാർഥനായോഗമിത്രം*–** പാത്താമുട്ടം എം. സി. കുറിയാക്കോസ് റമ്പാനുമായി ചേർന്ന് തയാറാക്കിയ ഗീതങ്ങളടങ്ങിയ പ്രാർഥനാപുസ്തകം.

13. ***പെരുന്നാൾ ശുശ്രൂഷാക്രമങ്ങൾ*** **(1968)**

14. ***ഹൂത്തോമ്മോ*** **(1947)**

15. ***വി. കുർബാനതക്സാ***

16. ***എട്ടുനോമ്പിൽ***

GM

(1. ലേഖകൻ ഗവേഷകനും പത്രപ്രവർത്തകനും പ്രസാധകനും ഗ്രന്ഥകാരനുമാണ്. സോഫിയ ബുക്സ്, malankaraorthodox.tv *തുടങ്ങിയ പ്രസ്ഥാനങ്ങളുടെ സ്ഥാപകൻ. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ പേഴ്സണൽ അസിസ്റ്റന്റ്,* ***മലങ്കര ഓർത്തഡോക്സ് സഭാ വിജ്ഞാനകോശ****ത്തിന്റെ എഡിറ്റോറിയൽ അസിസ്റ്റന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു.*

2. കടപ്പാട് : സഭാകവി സി.പി.ചാണ്ടി – ***മലങ്കരസഭയുടെ സ്വർഗീയകിന്നരം****, കെ.വി.മാമ്മൻ, ജോയ്സ് തോട്ടയ്ക്കാട്/2006)*

16 ←

സുറിയാനി ക്രമങ്ങളിലെ പദ്യങ്ങൾ അതേ രാഗങ്ങളിൽ പാടുവാൻ സാധിക്കത്തക്കവണ്ണം ഭാഷാന്തരം ചെയ്യുന്നതിന് പ. മാത്യൂസ് പ്രഥമൻ ബാവാ നേതൃത്വം നൽകി. എല്ലാ അർഥത്തിലും ആരാധനക്രമങ്ങളുടെ ശാസ്ത്രീയമായ ഭാഷാന്തരത്തിന് നിസ്തന്തരമായി പ്രയത്നിച്ചത് അദ്ദേഹവും സി. പി. ചാണ്ടിയുമാണ്. 1940–കളിൽ പ. ബാവാ വട്ടക്കുന്നേൽ വി. കെ. മാത്യൂസ് ആയിരുന്നു. പിന്നീട് വൈദികനും മെത്രാപ്പോലീത്തായും കാതോലിക്കാബാവയും ആയി ഉയർത്തപ്പെട്ടപ്പോഴും ആരാധനക്രമങ്ങൾ ഭംഗിയായും ചിട്ടയായും നടത്തണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിരുന്നു. സ്ലീബാ വന്ദനവിന്റെ ഗീതങ്ങൾ 1948–ൽ പ്രസിദ്ധീകരിച്ചു. അതിൽ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്: ***പരിഭാഷകൻ: ദിവ്യശ്രീ വി. കെ. മാത്യു കശീശ, വിവർത്തകൻ: സി. പി. ചാണ്ടി വെണ്ണിക്കുളം.*** ഇവർ ചേർന്ന് 1949–ൽ സ്ലീബാ മുതൽ കൃംതാ വരെയുള്ള ഞായറാഴ്ച നമസ്കാരം ഭാഷാന്തരപ്പെടുത്തി. ശ്ഹീമാ നമസ്കാരത്തിലെ ബുധനാഴ്ചയുടെ പ്രാർഥനയാണ് പദ്യരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയത്. അതിൽ വട്ടക്കുന്നേൽ മാത്യു കശ്ശീശ പരിഭാഷകനും പ്രസാധകനും എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വെണ്ണിക്കുളം സി. പി. ചാണ്ടി വിവർത്തകനാണ്. വിവിധ കാലഘട്ടങ്ങളിൽ വട്ടശ്ശേരിൽ തിരുമേനി, കോനാട്ട് മാത്തൻ മൽപാൻ, കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള എന്നിവർ വിവർത്തനം ചെയ്ത പ്രാർഥനകളും രചിച്ച ഗീതങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹംതന്നെ 1955–ൽ ദുഃഖവെള്ളിയാഴ്ച നമസ്കാരവും (പ്രഭാതം മുതൽ ഒമ്പതാം മണി വരെ – ഗീതങ്ങൾ മാത്രം) മലയാളത്തിൽ പ്രസിദ്ധീകരിച്ചു. ചുരുങ്ങിയ കാലം കൊണ്ട് പ്രചുരപ്രചാരം നേടിയ ഈ കൃതിയാണ് ഇന്ന് സഭയിൽ ഉപയോഗത്തിലിരിക്കുന്നത്. മലയാളത്തിൽ ഏറ്റവുമധികം കോപ്പികൾ അച്ചടിച്ച ഗ്രന്ഥങ്ങളിലൊന്നാണിത്. പിന്നീട് വി. കുർബാനക്രമത്തിലെ പ്രത്യേക പെരുന്നാളുകൾക്കുള്ള ഗീതങ്ങളും പദ്യരൂപത്തിൽ മലയാളത്തിലേക്കു ഭാഷാന്തരം ചെയ്തു.

ആരാധനാ പരിഷ്കരണത്തിൽ ഉത്സുകനായ അദ്ദേഹം കുർബാന തക്സാ ഇംഗ്ലീഷിൽ തർജമ ചെയ്തു പ്രസിദ്ധപ്പെടുത്തുകയും ഒരു മെത്രാപ്പോലീത്താ എന്ന നിലയിൽ സഭയുടെ ചരിത്രത്തിൽ ആദ്യമായി ഇംഗ്ലീഷിൽ വി. കുർബാന ചൊല്ലുകയും ചെയ്തു. ഇംഗ്ലീഷ്, ഹിന്ദി, തമിഴ് തുടങ്ങിയ ഭാഷകളിലേക്ക് ആരാധനക്രമങ്ങൾ പരിഭാഷപ്പെടുത്തുവാൻ കഴിഞ്ഞു.

മലങ്കര ഓർത്തഡോക്സ് സഭയിൽ ആരാധനക്രമങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കണമെന്ന ചിന്ത വ്യാപകമായത് ബൈബിൾ മലയാളത്തിൽ പ്രസിദ്ധീകരിച്ചതോടുകൂടിയാണ്. പതിനെട്ടാം നൂറ്റാണ്ടു മുതൽ ഭാഗികമായി തുടങ്ങിയ വിവർത്തനശ്രമം വിവിധ പിതാക്കന്മാർ ഏറ്റെടുത്തെങ്കിൽ അതിന് ധീരമായ നേതൃത്വം നൽകുന്നത് പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായാണ്. പ്രഗത്ഭരായ കവികളുടെ സർഗപ്രതിഭ പ്രയോജനപ്പെടുത്തി സുറിയാനിയിൽ നിന്നും അദ്ദേഹം ഭാഷാന്തരം ചെയ്യുന്ന ഗദ്യത്തെ സുറിയാനി രാഗത്തിൽ പദ്യമാക്കുന്നതിന് കഴിഞ്ഞു. അതിനുള്ള മുഖ്യശ്രമം വെണ്ണിക്കുളം സി. പി. ചാണ്ടിയാണ് നിർവഹിച്ചത്. വട്ടക്കുന്നേൽ വി. കെ. മാത്യൂസ്, വൈദിക, മെത്രാപ്പോലീത്താ പദവികൾ കഴിഞ്ഞ് കാതോലിക്കായായി തീർന്നപ്പോൾ 1940–കളിൽ ആരംഭിച്ച ആരാധനാ പരിഷ്കരണവും ഭാഷാന്തരവും ഔദ്യോഗികമായി യാഥാർഥ്യമായി.

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ആവശ്യമായ മുഴുവൻ ആരാധനാക്രമങ്ങളും മലയാളത്തിൽ മൊഴിമാറ്റം നടത്തി ഗദ്യത്തിലും പദ്യത്തിലും അച്ചടിച്ച് സഭകയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗംവഴി വിശ്വാസികൾക്ക് ലഭ്യമാക്കി. മലങ്കരസഭയിലെ ആരാധനയ്ക്ക് ഇത്രയധികം മാധുര്യവും സംഗീതാത്മകതയും കാവ്യഭംഗിയും കലർത്തി പ്രസിദ്ധീകരിക്കുവാൻ പ. മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ നടത്തിയ ശ്രമത്തോട് മലങ്കരസഭ എന്നെന്നും കടപ്പെട്ടിരിക്കുന്നു.

GM

നാമവും ക്രിയയുമായവൻ!

ഡോ. എം. കുര്യൻ തോമസ്

കാലം – 1977-ലെ മധ്യവേനൽ അവധി. സ്ഥലം – കോട്ടയത്തെ എം.ജി.ഒ.സി.എസ്.എം. സ്റ്റുഡന്റ്സ് സെന്റർ. വേദി – ഓർത്തഡോക്സ് വിദ്യാർഥി പ്രസ്ഥാനം ഹൈസ്കൂൾ വിഭാഗത്തിന്റെ ആദ്യ കോൺഫറൻസ്. ക്ലാസിനായി വേദിയിലേക്ക് ഒരു കുറിയ മനുഷ്യൻ കടന്നുവന്നു. വെള്ളമുണ്ട്, വെള്ള ജുബ്ബ, വെള്ളികെട്ടിയ മുടി. ആരോ ഗംഭീരമായി പരിചയപ്പെടുത്തി: സഭാകവി സി. പി. ചാണ്ടി. 7-10 ക്ലാസുകളിൽ പഠിക്കുന്നവർക്ക് എന്തു സഭാകവി! ഏതു ചാണ്ടി?

ക്ലാസ് ആരംഭിച്ചു. ഒരുതരം പിരിമുറുക്കം. അതുവരെയുള്ള ക്ലാസുകളിൽ കുപ്പായം മാത്രം കണ്ടു ശീലിച്ച കുട്ടികളുടെ നിസ്സംഗതയും അപരിചിതത്വവും മനസിലാക്കിയാവാം ഭാവഹാവാദികൾ ഒന്നും ഇല്ലാതെ ആദ്യ ചോദ്യം പൊട്ടിയത്.

"*ഋജുമതികൾക്കിരുളിൽ ദ്യുതിയുളവായി...* അറിയാമോ?"

"അറിയാം"

"അതെഴുതിയത് ആരെന്നു അറിയാമോ?"

"അറിയില്ല"

"ഈ ഞാനാ"

സദസിൽ ചിരിപൊട്ടി. ഈ നേർത്ത അഞ്ചടിക്കാരനാണോ ഇത്രയും കട്ടിയുള്ള പദങ്ങളുപയോഗിച്ച് എഴുതിയതെന്ന അത്ഭുതം ഉയർത്തിയ ചിരി. അതോടെ മഞ്ഞുരുകി. ക്ലാസ് സുഗമമായി ആരംഭിച്ചു. വരുംവർഷങ്ങളിലും വിദ്യാർഥികൾക്ക് ആവേശമായി അതു തുടർന്നു.

അത്തരമൊരു ക്ലാസിലാണ് തന്റെ *നാമചരിത്രം* ചാണ്ടിസാർ വെളിപ്പെടുത്തിയത്. ചെറുക്ലാസുകളിൽ *ചാണ്ടി* എന്ന സ്വനാമം അദ്ദഹത്തെ ഖിന്നനാക്കിയിരുന്നുവത്രെ. ക്ലാസിലെ സഹപാഠികളൊക്കെ അബ്രഹാം, തോമ്മാ, ഗീവർഗീസ് എന്നീ വിധത്തിലുള്ള ക്രൈസ്തവനാമങ്ങൾ പേറുമ്പോൾ തനിക്കുമാത്രം എങ്ങുമില്ലാത്ത ഒരു *ചാണ്ടി*! ചാണ്ടി, അലക്സാണ്ടറാണെന്ന ബോധമൊന്നും അന്നില്ല. പോരെങ്കിൽ ഒരുനാൾ എന്തോ കുസൃതി കാട്ടിയതിന് അധ്യാപകൻ "*ആ നാമവും ക്രിയയുമായവൻ എഴുന്നേറ്റ് നിൽക്ക്*" എന്നുകൂടി പറഞ്ഞതോടെ സർവ ആത്മാഭിമാനവും പോയി. *പുരപ്പുറത്തേക്ക് ഓല ചാണ്ടി* എന്നതു പോലെയുള്ള പ്രയോഗങ്ങളിൽ *ചാണ്ടി* ക്രിയ (verb) ആണ്.

ഇനി ചാണ്ടിസാറിന്റെ വാക്കുകളിൽ:

> "*അങ്ങനെയിരിക്കെ ഒരു ദുഃഖവെള്ളിയാഴ്ച പള്ളിയിൽ നിന്നും വന്നശേഷം പതിവുപോലെ കശുമാവിൽ കയറാൻ പോയി. പക്ഷേ അമ്മ സമ്മതിച്ചില്ല. ദുഃഖവെള്ളിയാഴ്ച ആയിട്ടു കശുമാവേൽ കേറുന്നോ? പോയിരുന്ന് വേദപുസ്തകമോ മറ്റോ വായിക്കെടാ എന്ന അമ്മയുടെ ഉഗ്രശാസനം. മനസില്ലാമനസ്സോടെയും ദേഷ്യത്തോടെയും വീട്ടിലെത്തി ആദ്യം കിട്ടിയ പുസ്തകമെടുത്തു തുറന്നു വായനതുടങ്ങിയ ഞാൻ സന്തോഷംകൊണ്ടു ചാടിപ്പോയി. എന്തെന്നോ? എന്റെ പേരും പരിശുദ്ധന്മാരുടെ പട്ടികയിൽ എഴുതപ്പെട്ടിരിക്കുന്നു!*
>
> "*ആ പുസ്തകം* ***പാമ്പാക്കുട നമസ്കാരമായിരുന്നു.*** *അതിന്റെ അവസാനം ഒരു പെരുന്നാൾ പട്ടിക ഉണ്ട്. അതിൽ ദാ കിടക്കുന്നു;* ***ധനു 18, മാർത്തോമ്മാ ശ്ലീഹായെ കുന്തം ചാണ്ടിയ പെരുന്നാൾ!*** *ഇതിൽപ്പരം ആനന്ദത്തിന് ഇനി എന്തുവേണം?*"

പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ സാഭാകവിയെ ആദരിക്കുന്ന ചടങ്ങിൽ അനുഗ്രഹം ചൊരിയുന്നു (1997 ജൂൺ 29)

മലങ്കരയിൽ ഉപയോഗത്തിലിരിക്കുന്ന പെരുന്നാൾ പട്ടികയിൽ പുതിയ കണക്കിനു ഡിസംബർ 18-നു *പ. മാർത്തോമ്മാ ശ്ലീഹാ കുന്തമേറ്റ ദിനം* എന്നൊന്നുണ്ട്. പഴയ മലയാളത്തിൽ *കുന്തമെറിഞ്ഞു* എന്ന അർഥത്തിൽ ഉപയോഗിച്ച *കുന്തം ചാണ്ടി* എന്ന പ്രയോഗത്തെ തന്റെ നാമവുമായി ഘടിപ്പിക്കാൻ അശ്ശേഷം മടിക്കാത്ത ഈ സരസനാണ് മലങ്കര സഭയുടെ എക്കാലത്തെയും വലിയ *ഭക്തകവി* എന്നു വിശ്വസിക്കാൻ പ്രയാസം തോന്നും. കാരണം വർത്തമാനകാലത്ത് നസ്രാണികൾക്കിടയിൽ സൃഷ്ടിച്ചെടുത്ത മിഥ്യാധാരണ പ്രകാരം ദൈവമനുഷ്യരും സന്യാസികളും ഭക്തകവികളുമൊക്കെ ചിരിക്കാത്ത, അച്ചടിഭാഷ മാത്രം സംസാരിക്കുന്ന, സഹൃദയത്വം തൊട്ടുതീണ്ടിയിട്ടില്ലാത്ത നിർഗുണ പരബ്രഹ്മങ്ങളായിരിക്കണം! തികച്ചും തെറ്റായതും യാഥാർഥ്യത്തിന്റെ നേർ വിപരീതവുമായ ഈ തെറ്റിധാരണ ഒരിക്കലെങ്കിലും ചാണ്ടിസാറുമായി അടുത്തിടപഴകിയിട്ടുള്ള ആർക്കും ഉണ്ടാവുകയില്ല. എന്നു മാത്രമല്ല, നർമഭാവന, ആരാധനാ സംഗീതം പഠിപ്പിക്കാനും അദ്ദേഹം ഉപയോഗിച്ചിരുന്നു എന്നറിയുമ്പോഴാണ് ആ വ്യക്തിത്വത്തെ കൂടുതൽ മനസ്സിലാക്കാൻ സാധിക്കുക.

നർമം ക്രിസ്തുമാർഗത്തിനു നിഷിദ്ധമൊന്നുമല്ല. ഗ്രീഗോറിയോസ് ബാർ എബ്രായ എന്ന പണ്ഡിത പിതാവിന്റെ ഫലിതങ്ങൾ ഫാ. ഡോ. ബേബി വർഗീസ് സുറിയാനിയിൽനിന്നും മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലങ്കരയിലെതന്നെ കർക്കശക്കാരും യാഥാസ്ഥിതികരുമായി അറിയപ്പെടുന്ന പല പിതാക്കന്മാരും തികഞ്ഞ ഫലിത പ്രിയരായിരുന്നു. അവർ ഫലിതം പറയുകയും ആസ്വദിക്കുകയും ചെയ്യുമായിരുന്നു എന്നു വിശ്വസിക്കുവാൻപോലും വർത്തമാനകാലത്ത് പലരും തയാറല്ല. എന്തിനധികം! യേശുക്രിസ്തുപോലും തന്റെ പല ഉപമകളും നർമര സപ്രധാനമായി ആണ് അവതരിപ്പിച്ചതെന്നു പല പണ്ഡിതരും സൂചിപ്പിക്കുന്നുണ്ട്. *ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്ന ഉപമ*യാണ് അതിലൊന്നായി അവർ ചൂണ്ടിക്കാ ണിക്കുന്നത്.

പാശ്ചാത്യ സുറിയാനിയിൽനിന്നും പരിഭാഷപ്പെടുത്തിയവയാണ് മലങ്കര സഭ ഇന്നുപയോഗിക്കുന്ന ആരാധനക്രമങ്ങളിൽ ഭൂരിഭാഗവും. കാലപ്പകർച്ചയും അതുളവാക്കുന്ന നവീന ആവശ്യങ്ങളും അനുസരിച്ച് പുതിയ ക്രമങ്ങൾ ഉണ്ടാക്കുന്ന രീതി മലങ്കരയിൽ ആരംഭിച്ചിട്ട് അര നൂറ്റാണ്ടുപോലുമായില്ല. പക്ഷേ അവപോലും പാശ്ചാത്യ സുറിയാനി മാനദണ്ഡങ്ങൾക്കനുസരിച്ചാണ് - ആ ചട്ടക്കൂടിനുള്ളിലാണ് - ചിട്ടപ്പെടുത്തുന്നത്. അത്ര തീവ്രമാണ് നസ്രാണിക്ക് ആരാധനാ വിഷയത്തിൽ സുറിയാനി രീതിശാസ്ത്രത്തോടുള്ള പ്രതിപത്തി.

കായംകുളം പീലിപ്പോസ് റമ്പാൻ

പ്രാർഥനകളുടെ അടിസ്ഥാനമായ വി. വേദപുസ്തക (ഏവൻഗേലിയോൻ)ത്തിന്റെ മലയാള പരിഭാഷ ആരംഭിച്ചിട്ട് കൃത്യം രണ്ടു നൂറ്റാണ്ടായി. അതിനു മുമ്പുതന്നെ *കൗമ, കർത്തൃപ്രാർത്ഥന, കൃപ നിറഞ്ഞ മറിയം, വിശ്വാസപ്രമാണം* (ചുരുക്കത്തിൽ?), *ഞാൻ പിഴയാളി* എന്നീ പ്രാർഥനകളുടെ മലയാള പരിഭാഷ നിലവിലുണ്ടായിരുന്നു എന്ന് 1809-ലെ *കണ്ടനാട് പടിയോല*യിൽ സൂചനയുണ്ട്. നാല് ഏവൻഗേലിയോനുകൾ 1806-ൽ കായംകുളം പീലിപ്പോസ് റമ്പാൻ സുറിയാനിയിൽനിന്നും പരിഭാഷപ്പെടുത്തി 1811-ൽ ഡോ. ക്ലോഡിയസ് ബുക്കാനൻ പ്രസിദ്ധീകരിച്ചിരുന്നു. 1820-ലാണ് കോനാട്ട് അബ്രഹാം മല്പാൻ ആദ്യമായി ഒരു പ്രാർഥനാക്രമം പരിഭാഷപ്പെടുത്തിയത്. കോട്ടയത്തു സെമിനാരിയിൽവെച്ച് എഴുതിയതും, *...സ്തുതി ചൊവ്വാക്കപ്പെട്ട യാക്കോബായക്കാറെന്നു വിളിക്കപ്പെടുന്ന സുറിയാനിക്കാര ക്രിസ്ത്യാനികൾ അന്തിയിലും മയ്യലിലും നമസ്കരിക്കൊണ്ടും ക്രമം...* എന്നു രേഖപ്പെടുത്തിയതുമായ ഈ കയ്യെഴുത്തു കൃതിയിൽ, *കുരിശു വരപ്പാൻ* (കൗമ), *സന്ധ്യ നമസ്കാരം* (പട്ടാങ്ങപ്പെട്ട...വരെ ഇന്നത്തേതു പോലെ), *കന്യക മറിയാമിനോടുള്ള അപേക്ഷ, ശയനനമസ്കാരം, മാർ അപ്രേമിന്റെ അപേക്ഷകൾ, പാതിരാ നമസ്കാരം* (സങ്കീർത്തനപരിഭാഷകൾ അടക്കം), *പ്രഭാത നമസ്കാരം, സന്ധ്യയുടെ മെമ്രകൾ* (മാർ യാക്കോബ്), *മാർ പീലക്സീനോസിന്റെ അപേക്ഷ, കുർബാനക്രമം* (ജനവും ശുശ്രൂഷകരും ചൊല്ലേണ്ടത്) എന്നിവ ഉൾപ്പെടുന്നു. **ഈ പരിഭാഷയിലെ ശയനനമസ്കാരത്തിൽ ഉൾപ്പെട്ട *ഞങ്ങൾക്കുള്ള കർത്താവേ...*എന്ന മെമ്രയാണ് മാറ്റമില്ലാതെ ഇന്നും നിത്യവും ഉപയോഗിക്കുന്നത്**(ഡോ. എം. കുര്യൻ തോമസ്, *പത്രോസ് പാത്രിയർക്കീസിന്റെ പരിഷ്കാരങ്ങൾ*, കോട്ടയം, എം.ഒ.സി. പബ്ളിക്കേഷൻസ്, 2015, p 280). അക്കാലത്ത് സി.എം.എസ് മിഷണറിമാരുടെ കൈവശമൊഴികെ അച്ചടി സൗകര്യം കേരളത്തിൽ ഇല്ലാതിരുന്നതിനാലാവാം ഇതു പ്രസിദ്ധീകരിക്കാൻ സാധിക്കാതിരുന്നത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ശരിക്കും ഒരു *കുർബാനക്രമയുദ്ധം* തന്നെ മലങ്കരയിൽ നടന്നു(ഡോ. എം. കുര്യൻ തോമസ്, ***നസ്രാണി മാർഗം***, കോട്ടയം, സോഫിയാ ബുക്സ്, 2013, pp 389–430). പ്രൊട്ടസ്റ്റന്റ് നവീകരണത്തിന്റെ ഒരു ലക്ഷണമായി പരിഭാഷയെ പൊതുവെ കണക്കാക്കിയിരുന്നെങ്കിലും മലയാളക്രമങ്ങളോട് വളർന്നു വരുന്ന ആഭിമുഖ്യം കണ്ടില്ലെന്നു നടിക്കാൻ യാഥാസ്ഥിതിക പക്ഷത്തിനും സാധിച്ചില്ല. കൊ. വ. 1031-ൽ (1856) കോട്ടയം സുറിയാനി സെമിനാരി പ്രസിൽ ഒരു പ്രാർഥനപുസ്തകം അച്ചടിച്ചു പ്രസിദ്ധീകരിച്ചതായി കാണുന്നുണ്ട്. *കൃപ നിറഞ്ഞ മറിയമേ...* എന്ന പ്രാർഥന ഇല്ലായിരുന്നതായി ആരോപിക്കപ്പെടുന്ന ഈ പുസ്തകം ഇന്നു ലഭ്യമല്ല. (കണിയാമ്പറമ്പിൽ കുര്യൻ കോർഎപ്പിസ്ക്കോപ്പ, *മാർ കൂറിലോസ് ബാവ (ലേ.), മാർ കൂറിലോസ് സോവനീർ*, മുളന്തുരുത്തി, 1974, p 7). ഈ പുസ്തകത്തിനു ബദലായി ശീമക്കാരൻ യൂയാക്കിം മാർ കൂറിലോസിന്റെ കല്പനപ്രകാരം **പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ (പിന്നീട് ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ) പ്രസിദ്ധീകരിച്ചതായി വിശ്വസിക്കപ്പെടുന്ന 1859-ൽ കോഴിക്കോട്ട് കല്ലച്ചിൽ അച്ചടിച്ച നമസ്കാരക്രമമാണ് മലങ്കരസഭയിൽ ലഭ്യമായ ഏറ്റവും പഴയ അച്ചടി മലയാളം പ്രാർഥനാ പുസ്തകം.** (ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, ***മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ ആരാധനാ സാഹിത്യവും ഭാഷയും*** *(ലേ.)*, Orthodox Theological Seminary 175th Anniversary Souvenir, കോട്ടയം,1990, p 243 and കുര്യൻ കോർഎപ്പിസ്ക്കോപ്പ, *op. cit.*,p 7) *...സ്തുതിചൊവ്വാകപ്പെട്ട സുറിയാനി ക്രിസ്ത്യാനിക്കാരുടെ നമസ്കാര ക്രമങ്ങൾ സുറിയാനിയിൽ നിന്നും പരിഭാഷപ്പെടുത്തിയത...* എന്നാണ് ഈ പുസ്തകത്തിന്റെ തലക്കെട്ട്. *...ഇത് മ. രാ. രാ. ചതുരങ്ക പട്ടണം കാള ഹസ്തിയപ്പ മുതലിയാര അവർകളുടെ മകൻ കോഴിക്കോട് സിവിൽ സെഷൻ കോടതി ശിരസ്തദാർ അരുണാചല മുതലിയാരുടെ വിദ്യാവിലാസ അച്ചുക്കൂട്ടത്തിൽ അച്ചടിക്കപ്പെട്ടു- 1859-താം വർഷം മാർച്ച് മാസം - പ്രിന്റർ യശായ...* എന്നാണ്

കോനാട്ട് മാത്തൻ മൽപാൻ

കോനാട്ട് ഏബ്രഹാം മൽപാൻ

ഇതിന്റെ പ്രസിദ്ധീകരണ വിവരണം (***നമസ്കാര ക്രമങ്ങൾ***, കോഴിക്കോട്, 1859, p 12). 41 പേജുള്ള ഈ പ്രാർഥനാ ക്രമത്തിൽ *സന്ധ്യയുടെ നമസ്കാരം, ശയനനമസ്കാരം, പാതിരാത്രിയുടെ നമസ്കാരം, പ്രഭാത നമസ്കാരം, ഏഴരയുടെ നമസ്കാരം, ഉച്ചയുടെ നമസ്കാരം, ഇരുപത്തിരണ്ടരയുടെ നമസ്കാരം, പള്ളിയകത്തു പ്രവേശിക്കുമ്പോൾ, കുർബാനക്രമം, ഇശൈനുഹാറാ, പള്ളിതാമക്കളെ എന്ന അപേക്ഷ, ദൈവമേ അനുഗ്രഹിക്ക, അനുതാപത്തിന്റെ അപേക്ഷ, മെമ്ര, പീലക്സീനോസു ബാവായുടെ പ്രാർഥന, നോമ്പിൽ ഉച്ചയുടെ, ഓശാന കഴിഞ്ഞു ചൊല്ലേണ്ട കൗമ, ഭക്ഷണ നമസ്കാരങ്ങൾ, നമസ്കാരം കഴിഞ്ഞു ചൊല്ലേണ്ടുന്ന അപേക്ഷ* എന്നിവ ഉൾപ്പെടുത്തിയിരുന്നു. ഈ നമസ്കാര ക്രമത്തിൽ ഉൾപ്പെട്ട കുർബാനക്രമത്തിൽ ജനങ്ങൾ ചൊല്ലേണ്ട ഭാഗങ്ങൾ മാത്രമേ ഉള്ളൂ. പട്ടക്കാരനോ, ശുശ്രൂഷകനോ ചൊല്ലേണ്ട ഭാഗങ്ങൾ ഇല്ലായിരുന്നു.

1887-ൽ സെമിനാരിക്കേസിലെ ഹൈക്കോടതി വിധിയോടെ മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഉറയ്ക്കുകയും കോട്ടയം സെമിനാരി അദ്ദേഹത്തിനു കൈവശം കിട്ടുകയും ചെയ്തു. അതോടെ അദ്ദേഹം കൊച്ചിയിൽ പ്രവർത്തിച്ചിരുന്ന തന്റെ *മാർ തോമസ് പ്രസ്* സെമിനാരിയിലേക്കു മാറ്റി. അവിടെനിന്നും കുർബാനക്രമം കൂടാതെ 1894 ആയപ്പോഴേക്കും *മുഴുവൻ നമസ്കാരക്രമം, നിത്യനമസ്കാരം, നോമ്പിന്റെ നമസ്ക്കാരം, ചെറിയ നമസ്കാരക്രമം* (പോക്കറ്റ് ബുക്ക്) മലയാളത്തിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചിരുന്നു. (***മലങ്കര ഇടവക പത്രിക***, 1894 ചിങ്ങം ലക്കം, കവർ 2-ാം പേജ്)

ചൂടപ്പം പോലെ വിറ്റുപോയ ഈ ആരാധനക്രമങ്ങൾക്ക് പൊതുവേ സാഹിത്യഭംഗി കുറവായിരുന്നു. ഈ കുറവിനെപ്പറ്റി അന്നത്തെ സഭാനേതൃത്വം ബോധവാന്മാരുമായിരുന്നു. ഈ സാഹചര്യത്തിലാണ് ക്യംതാ നമസ്കാരത്തിന്റെയും കുർബാനക്രമത്തിന്റെയും പരിഭാഷ പ. പരുമല തിരുമേനി ആരംഭിച്ചത്. ആ ഭാരിച്ച ചുമതല അദ്ദേഹം മലങ്കര മല്പാന്മാരായ വട്ടശ്ശേരിൽ ഗീവർഗീസ് കത്തനാർ, കോനാട്ട് മാത്തൻ കത്തനാർ എന്നിവരെ ഏല്പിച്ചു. ഇതിന്റെ ചരിത്രത്തെപ്പറ്റി താഴെ പറയുംപ്രകാരമാണ് പരിഭാഷകരായ വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാർ, കോനാട്ടു മാത്തൻ കത്തനാർ എന്നിവർ 1900-ൽ പ്രസിദ്ധീകരിച്ച ഒന്നാം പതിപ്പിന്റെ വിജ്ഞാപന(മുഖവുര)ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാർ

> *...സാധാരണമായി നമ്മുടെ കർത്താവിന്റെ പുനരുത്ഥാനത്തിന്റെ ഓർമയെ കൊണ്ടാടുവാൻ ഉദ്ദേശിച്ചിട്ടുള്ള ഞായറാഴ്ച ദിവസങ്ങൾക്കു പൊതുവെ ഉപയോഗപ്പെടുത്തത്തക്കവണ്ണമുള്ള പല ഗാനങ്ങളും നമ്മുടെ പിതാവായ നിരണം മുതലായ ഇടവകകളുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് സുറിയാനി മട്ടുകളിൽ തന്നെ മലയാളത്തിൽ തർജ്ജമ ചെയ്തുവച്ചിരുന്നത് അവിടുത്തെ കൃത്യന്തരബാഹുല്യം നിമിത്തം പൂർത്തിയാക്കുവാനോ പരിശോധിച്ചു നന്നാക്കുവാനോ ഇടയാകാതെ കിടന്നുപോകയാൽ ഞങ്ങളെ ഏൽപിക്കുകയും ഞങ്ങൾ രണ്ടാളും കൂടി ഈ ഗാനങ്ങളെ സുറിയാനി മൂലത്തോട് ഒത്തുനോക്കി പോരാത്തവയെ ചേർത്ത് കണ്ടത്തിൽ ഈപ്പൻ ഗീവറുഗീസു അവർകളുടെ സഹായത്താൽ സുറിയാനി വൃത്തങ്ങൾക്കു ഭേദം കൂടാതെ ഉണ്ടാക്കി ശരിപ്പെടുത്തുകയും ഇടയ്ക്കിടയ്ക്കുള്ള മസുമൂറാകൾ, പ്രാർത്ഥനകൾ മുതലായവയെ ചേർത്തു ക്രമപ്പെടുത്തുകയും ചെയ്തിട്ടുള്ളതാകുന്നു ഈ ചെറിയ പുസ്തകം... (ഇസഡ്. എം. പാറേട്ട്, **മലങ്കര നസ്രാണികൾ** ഭാഗം 10, കോട്ടയം, എം.ഒ.സി. പബ്ളിക്കേഷൻസ്, 2015, pp 405-6)*

കണ്ടത്തിൽ വറുഗീസ് മാപ്പിള

ഈ പരിഭാഷയാണ് കാര്യമായ ഭേദഗതികൾ ഒന്നും കൂടാതെ ഇന്നും നിലവിലിരിക്കുന്നത്. ഈ കുർബാനക്രമത്തിൽ ഇന്നുപയോഗിക്കുന്ന *നിൻമാതാവ് വിശുദ്ധന്മാർ...* എന്ന മാർ സേവേറിയോസിന്റെ മാനീസാ പദ്യരൂപത്തിൽ പിൽക്കാലത്ത് ചാണ്ടിസാർ ചിട്ടപ്പെടുത്തി ചേർത്തതാണ്.

ഈ പരിഭാഷ ഒരർഥത്തിൽ ഒരു വിപ്ലവം കൂടി സൃഷ്ടിച്ചു. പരിഭാഷകർ ഭാഷാശുദ്ധി വരുത്താനായി അക്കാലത്തെ പ്രശസ്ത കവിയും മലയാള ഭാഷാ പ്രവീണനും *മലയാള മനോരമ* പത്രാധിപരുമായിരുന്ന കണ്ടത്തിൽ വർഗീസ് മാപ്പിളയെ ചുമതലപ്പെടുത്തുകയും അദ്ദേഹത്തിന്റെ സംഭാവന മുഖവരയിൽ രേഖപ്പെടുത്തുകയും ചെയ്തു. അദ്ദേഹമാകട്ടെ അറിയപ്പെടുന്ന ഗദ്യ-പദ്യ രചയിതാവും കോട്ടയം എം.ഡി. സെമിനാരി അധ്യാപകനും തന്റെ സന്തത സഹചാരിയുമായ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ സഹായവും ഇക്കാര്യത്തിൽ തേടി. പരിഭാഷകരുടേയും ഇവരുടേയും കൂട്ടായ ശ്രമമാണ് ക്യംതാ നമസ്കാരത്തിന്റെ രൂപഭദ്രതയ്ക്ക് കാരണം. മലങ്കര നസ്രാണി ആണെങ്കിലും കണ്ടത്തിൽ വർഗീസ് മാപ്പിള ഒരു അവൈദികനും കൊട്ടാരത്തിൽ ശങ്കുണ്ണി ഒരു അക്രൈസ്തവനുമായിരുന്നു. ഇന്നു പോലും പലർക്കും ദഹിക്കാത്ത ഈ *വേദവിപരീതം* ഒന്നേകാൽ നൂറ്റാണ്ടുമുമ്പ് മലങ്കരസഭയിലെ യാഥാസ്ഥിതിക പിതാക്കന്മാർക്ക് സ്വീകാര്യമായിരുന്നു. അതാണ് *വിപ്ലവം* എന്നു പറഞ്ഞത്.

ഈ പരിഭാഷയെക്കുറിച്ച് ചാണ്ടിസാറിന്റെ നിരീക്ഷണം ഇപ്രകാരമാണ്:

> *...ചില മലയാളഭാഷാ സാഹിത്യ നായകന്മാരുടെ സഹായത്താൽ മലങ്കരസഭാഭാസുരനായിരുന്ന വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ കാലത്തു പരിഭാഷപ്പെടുത്തിയ ഭാഗങ്ങളാണു ക്യംതാ പ്രാർത്ഥനാക്രമവും കുർബ്ബാനക്രമവും. അതിനു മുമ്പും ചില തർജ്ജമകളൊക്കെ ഉണ്ടായിട്ടുണ്ടെങ്കിലും അവയെല്ലാം തന്നെ സാഹിത്യ വികലങ്ങളായിരുന്നു. എന്നാൽ ക്യംതായും കുർബ്ബാനക്രമവും സാഹിത്യഭംഗിയും സംഗീത മധുരിമയും വഴിഞ്ഞൊഴുകുന്ന രണ്ട് ഉത്തമ കലാസൃഷ്ടികളാണ്.*

> *‘മഹിമയൊടക്കബറീന്നു പുറപ്പെട്ടീ സൃഷ്ടികളെ*
> *ശോഭിപ്പിച്ചൊരു ശോഭയതാമേശു സ്തുത്യനഹോ.’*
>
> *‘എരിതീനിരവിട്ടീറേ ദൂതനിറങ്ങിച്ചെന്നു*
> *ഇതമൊടു മറിയാം ഗൃഹമതിൽ നസറേത്തിൽ ചൊല്ലിയിതു’*
>
> *....തുടങ്ങിയ ഭാഗങ്ങൾ ഏതൊരു ഹൃദയത്തെയാണ് ആനന്ദപരവശമാക്കിത്തീർ ക്കാത്തത്. ഇത്തരം ഗീതങ്ങൾ കേൾക്കുമ്പോൾ ജലബിന്ദുക്കളാകുന്ന മുത്തുമണികൾ ചിതറി പാറക്കെട്ടുകളിൽ കൂടി വളഞ്ഞു പുളഞ്ഞൊഴുകുന്ന ഒരു പൂഞ്ചോലയുടെ പ്രതീതിയാണു നമുക്കുണ്ടാകുന്നത്.... (സി. പി. ചാണ്ടി, **നമ്മുടെ ആരാധനാഗീതങ്ങൾ,** cit. in, **നിൻസ്തുതിയും ഹാലേലുയ്യായും**, കോട്ടയം, എം.ഒ.സി. പബ്ളിക്കേഷൻസ്, 2020, p 13)*

ഒരു ദശാബ്ദത്തിനു ശേഷം 1910-ൽ മലങ്കര മല്പാൻ കോനാട്ട് മാത്തൻ കോർഎപ്പിസ്ക്കോപ്പ പ്രസിദ്ധീകരിച്ച *പാമ്പാക്കുട നമസ്കാരം* എന്ന പേരിൽ പൊതുവെ അറിയപ്പെടുന്ന ***നിത്യ പ്രാർത്ഥനാക്രമം*** ഇന്നും മലങ്കരസഭയിൽ ഏറ്റവുമധികം ഉപയോഗിക്കപ്പെടുന്ന പ്രാർഥനാ പുസ്തകങ്ങളിലൊന്നാണ്. പദ്യഭാഗങ്ങൾ ഏതാണ്ട് ഇല്ലാ എന്നുതന്നെ പറയാവുന്ന ***പാമ്പാക്കുട നമസ്കാര***ത്തിന്റെ പ്രസിദ്ധീകരണത്തോടെ മലങ്കരയിലെ ആരാധനാക്രമ പരിഭാഷയ്ക്ക് താൽക്കാലിക വിരാമം വീണു എന്നു പറയാം. ഇടക്കാലത്തുണ്ടായ മല്പാൻ മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാരുടെ ***വി. കുർബാനതക്സാ*** പരിഭാഷ വിസ്മരിച്ചല്ല ഈ പരാമർശനം.

ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ മലയാളത്തിൽ ആരാധനക്രമങ്ങൾ ലഭ്യമാകണമെന്ന ആവശ്യം മലങ്കരയിൽ ശക്തമായി. കൃംതാ-കുർബാനക്രമ പരിഭാഷ ഇതിനൊരു ഹേതുവായി എന്നു പറഞ്ഞാലും തെറ്റില്ല. *ആരാധന സ്വഭാഷയിൽ* വേണ്ടതിന്റെ ആവശ്യകതകൾ വ്യക്തമാക്കി മൂക്കഞ്ചേരിൽ എം. പി. പത്രോസ് ശെമ്മാശൻ (പിന്നീട് പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ) 1921-ൽ പ്രസിദ്ധീകരിച്ച ലേഖനം ഈ ജനകീയാവശ്യത്തിന്റെ ഒരു പ്രതിധ്വനിയാണ്.

ഇക്കാലത്ത് പരിഭാഷകൾ ഒന്നും ഉണ്ടായില്ല എന്നല്ല ഇതിനർഥം. ധാരാളമുണ്ടായി. പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശൻ, ചെറുവത്തൂർ കുറിയാക്കോസ് കത്തനാർ എന്നിവരുടെ നേതൃത്വത്തിൽ കുന്നംകുളത്തു പരിഭാഷപ്പെടുത്തിയ ***കഷ്ടാനുഭവ ആഴ്ചയിലെ പ്രുമിയോൻ-സെദറാ***കൾക്ക് ഭാഷാശുദ്ധി വരുത്തിയത് മഹാകവി വള്ളത്തോൾ ആയിരുന്നു. ***മഗ്ദലനമറിയം*** എന്ന ശ്രേഷ്ട ഖണ്ഡകാവ്യ രചനയ്ക്ക് അതദ്ദേഹത്തിനു പ്രചോദനമായെങ്കിലും സംസ്കൃതാതിപ്രസരംകൊണ്ട് ഈ പരിഭാഷ ഉപയോഗശൂന്യമായി. അക്കാലത്തുണ്ടായ പദ്യ പരിഭാഷകളുടെ വിശേഷം ചാണ്ടിസാർ തന്നെ ഒരു ലേഖനത്തിൽ വിവരിക്കുന്നുണ്ട്.

മലങ്കരസഭയുടെ *രണ്ടാം പരിഭാഷായുഗം* ആരംഭിക്കുന്നത് 1944-ലാണ്. ആ വർഷം വൃശ്ചികം 10-ന് കോട്ടയം സുറിയാനി സെമിനാരിയിൽനിന്നും ...*നമ്മുടെ സമുദായ പുരോഗമനസംബന്ധമായ പ്രവർത്തനങ്ങൾ മേലിൽ ഊർജ്ജിതമായി നടത്തുന്നതിന് നമ്മുടെ മാനേജിംഗ് കമ്മറ്റിയുടെ പ്രവർത്തക കമ്മറ്റിയിൽ ശാഖകൾ തിരിച്ച് കമ്മറ്റിയുടെ പൊതുമേൽനോട്ടത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു...* എന്ന് 653-ാം നമ്പറായി പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ കല്പന അയച്ചു. സഭാ വർക്കിംഗ് കമ്മറ്റി അംഗങ്ങൾക്ക് ഒരോ വകുപ്പിന്റെയും ചുമതലയും അതോടൊപ്പം വിഭജിച്ചു നൽകി. ഇതനുസരിച്ച് *പള്ളിക്കെട്ടിടങ്ങളും ആരാധനയും* എന്ന വകുപ്പിന്റെ ചുമതല ലഭിച്ചത് വി. കെ. മാത്യു ബി.എ., ബി.ഡി-യ്ക്കായിരുന്നു (ഡോ. എം. കുര്യൻ തോമസ്, ***കുറിച്ചി ബാവായുടെ പ്രബോധനങ്ങളും തിരുവെഴുത്തുകളും***, കോട്ടയം, എം.ഒ.സി. പബ്ളിക്കേഷൻസ്, 2020, p 192). പിന്നീട് കിഴക്കിന്റെ മഹാനായ കാതോലിക്കാ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ആയി വളർന്ന വി. കെ. മാത്യു ഈ സംഭവത്തെപ്പറ്റിയും അതിന്റെ അനന്തരഫലത്തെപ്പറ്റിയും തന്റെ ആത്മകഥയിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്:

> *...1942-ൽ...സഭയുടെ വർക്കിംഗ് കമ്മിറ്റിയിൽ ഒരംഗമായി എന്നെ പ. ബാവാ തിരുമേനി നിയമിച്ചു. സ്ഥാനന്യായേന അതോടുകൂടി ഞാൻ മാനേജിംഗ് കമ്മറ്റിയിലെയും മെമ്പറായി തീർന്നു. വകുപ്പടിസ്ഥാനത്തിൽ രൂപീകൃതമായ വർക്കിംഗ് കമ്മറ്റി പുനഃസംഘടിപ്പിക്കപ്പെട്ട അവസരമായിരുന്നു അത്. പള്ളിക്കെട്ടിടങ്ങളും ആരാധനയും എന്ന വകുപ്പാണ് എന്നെ ഏല്പിച്ചത്. സഭയിലെ പ്രാർത്ഥനകളും ആരാധനയും കുടുതൽ പ്രയോജനപ്രദവും ആകർഷകവുമാക്കുന്നതിനു വേണ്ടി പ. ബാവാ തിരുമനസ്സിലെ അനുമതിപ്രകാരം സഭാകവി വെണ്ണിക്കുളം സി. പി. ചാണ്ടിയുടെ സഹായത്തോടുകൂടി ഞാൻ ആ ദൗത്യം യഥോചിതം നിർവഹിച്ചു. ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന ബുധനാഴ്ച നമസ്കാരം, വി. കുർബാനയുടെ രണ്ടാം ഭാഗം, ദുഃഖവെള്ളിയാഴ്ച ഗീതങ്ങൾ, ഹുത്തോമ്മ, കൂദാശക്രമങ്ങൾ എന്നിവ ഞാൻ അക്കാലത്ത് ഇപ്രകാരം രചിച്ചിട്ടുള്ള ആരാധനക്രമങ്ങളാണ്. 1949 ഫെബ്രു. 7th വരെ ഈ കമ്മറ്റി കൂടിയിട്ടുണ്ട്. ഇതിനു പുറമെ 1966-ൽ വി. കുർബാനക്രമവും കുട്ടികൾക്കായുള്ള നിത്യപ്രാർഥനാക്രമവും വിദേശരാജ്യങ്ങളിൽ അധിവസിച്ചിരുന്ന സഭാംഗങ്ങളുടെ പ്രത്യേക സാഹചര്യങ്ങൾ മുൻനിർത്തി ഇംഗ്ലീഷിൽ പ്രസിദ്ധികരിച്ചു...*(ഡോ. എം. കുര്യൻ തോമസ്, ***വട്ടക്കുന്നേൽ മാത്യൂസ് റാബോ കാതോലിക്കാ, ഒന്നാം ഭാഗം,*** കോട്ടയം, എം.ഒ.സി. പബ്ളിക്കേഷൻസ്, 2016, pp 91-2)

സാഹിത്യ വിശാരദൻ വെണ്ണിക്കുളം സി. പി. ചാണ്ടി എന്ന കുറിയ സ്കൂൾ അധ്യാപകൻ മലങ്കരസഭയുടെ മുഖ്യധാരയിലേക്കു കടന്നുവരുന്നത് ഇതോടെയാണ്. പക്ഷേ അതിനു മുമ്പുതന്നെ ക്രൈസ്തവ ഭക്തിഗീതങ്ങൾ എഴുതിത്തുടങ്ങിയിരുന്ന ചാണ്ടിസാർ സഭാവൃത്തങ്ങൾക്കു പരിചിതനായിരുന്നു. ഇവരുടെ യോജിച്ചുള്ള പ്രവർത്തനം വിലയേറിയ മുത്തുകളാണ് മലങ്കരസഭയ്ക്ക് സംഭാവനചെയ്തത്. ദുഃഖ വെള്ളിയാഴ്ച *സ്ലീബാ വന്ദനവ്* ഗീതങ്ങൾ, *കാൽ കഴുകൽ ശുശ്രൂഷ* എന്നിവ 1948-ലും പൂർണ ***ദുഃഖ വെള്ളിയാഴ്ച നമസ്ക്കാരം*** 1955-ലും പ്രസിദ്ധീകരിച്ചു. 1960-ൽ നിലവിലുണ്ടായിരുന്ന കുർബാനക്രമത്തോടൊപ്പം ഇവർ പരിഭാഷപ്പെടുത്തിയ ഇന്ന് ***സ്ലീബാ നമസ്കാരം*** എന്നറിയപ്പെടുന്ന ബുധനാഴ്ച നമസ്കാരവും പ്രത്യേക ഗീതങ്ങളും ചേർത്ത് കുർബാനക്രമം പുനഃപ്രസിദ്ധീകരിച്ചു. ഇതോടൊപ്പംതന്നെ കൂദാശക്രമങ്ങളും ഹൂത്തോമ്മായും പ്രസിദ്ധീകൃതമായി.

പ. വട്ടക്കുന്നേൽ ബാവാ - സി. പി. ചാണ്ടി പരിഭാഷാ യജ്ഞത്തെപ്പറ്റി ചാണ്ടിസാറിന്റെ സ്വന്തം വാക്കുകൾ:

> *...സംസ്കൃതപഠനം കഴിഞ്ഞ് സാഹിത്യത്തിൽ പൂർണസമയം ശ്രദ്ധിച്ചപ്പോൾ ‘പഴയസെമിനാരിയിൽ താമസിച്ച് സുറിയാനി പാട്ടുകൾ തർജമ ചെയ്യുവാനുള്ള’ ക്ഷണം ലഭിച്ചു. 1945 മുതൽ ആരാധനാഗാനങ്ങൾ പരിഭാഷപ്പെടുത്തി. പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ കല്പനപ്രകാരമാണ് ആരാധനക്രമങ്ങൾ മലയാളീകരിച്ചത്.*

സുറിയാനി മല്പാനായ വട്ടക്കുന്നേൽ വി. കെ. മാത്യൂസ് കശ്ശീശാ (പ. ബസ്സേലിയോസ് മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ) ഭാഷാന്തരം ചെയ്യുന്ന സുറിയാനിഗീതങ്ങൾ ഞാൻ സാഹിത്യഭംഗി കലർത്തിയാണു മലയാളത്തിലാക്കിയത്. 'ഒരു മേശയുടെ ഇരുവശങ്ങളിലായിരുന്നാണ്' ഞങ്ങൾ തർജമ നിർവഹിച്ചത്.

കോനാട്ട് ഏബ്രഹാം മല്പാന്റെ (1908–1987) നിരന്തരമായ ആ വശ്യപ്രകാരമാണ് മിക്ക ക്രമങ്ങളും ഭാഷാന്തരപ്പെടുത്തുവാൻ സാധിച്ചത്. പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് തിരുമേനിയും ഈ രംഗത്തേക്ക് വളരെയധികം പ്രോത്സാഹിപ്പിച്ചു. 'വട്ടക്കുന്നേൽ തിരുമേനിക്ക്' ആരാധനക്രമങ്ങൾ പൂർണമായും മലയാളത്തിലാക്കണമെന്നു താല്പര്യമുണ്ടായിരുന്നു. അതിൻപ്രകാരം ബ. ബസ്സേലിയോസ് മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ കാലഘട്ടത്തിൽ മുഴുവൻ ആരാധനക്രമങ്ങളും ഭാഷാന്തരപ്പെടുത്തി... .(കുര്യൻ തോമസ്, ***വട്ടക്കുന്നേൽ...**,op. cit., p 68)*

യൂഹാനോൻ മാർ സേവേറിയോസ്

പ. വട്ടക്കുന്നേൽ ബാവായോടൊപ്പം മാത്രമല്ല ചാണ്ടിസാർ മലങ്കരസഭയുടെ മലയാള ആരാധനാസാഹിത്യം കരുപ്പിടിപ്പിച്ചത്. പ. ഔഗേൻ പ്രഥമൻ ബാവായൊടൊപ്പം ചേർന്ന് പ. ദൈവമാതാവിന്റെയും പ. മാർത്തോമ്മാ ശ്ലീഹായുടേയും പ. ഗീവർഗീസ് സഹദായുടേയും പെരുന്നാളിന്റെ പെങ്കീസാ നമസ്കാരങ്ങൾ, വി. മൂറോൻ കൂദാശക്രമം, മേല്പട്ട സ്ഥാനാരോഹണ ക്രമം മുതലായവയുടെ മലയാള പദ്യഭാഗം ചിട്ടപ്പെടുത്തി. മലങ്കര മല്പാൻ കോനാട്ട് അബ്രഹാം മല്പാൻ രണ്ടാമനോടൊപ്പം കന്തീല, കൊഹനയ്ത്ത, ആണ്ടുതക്സാ, ആനീദ, ശ്ഹീമോ നമസ്കാരം, മൂന്നുനോമ്പിലെയും വലിയനോമ്പിലെയും നമസ്കാരം മുതലായവയും യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ കൂടെ പ. പരുമല തിരുമേനിയുടെ പെരുന്നാളിന്റെ പെങ്കീസാ നമസ്കാരം, കഷ്ടാനുഭവ ആഴ്ച നമസ്കാരം തുടങ്ങിയവയും പ്രസിദ്ധീകരിച്ചു. ചുരുക്കത്തിൽ, **മലങ്കരയുടെ *രണ്ടാം പരിഭാഷായുഗം* ആരംഭിച്ചതു മുതൽ തന്റെ ക്രിയാത്മകകാലം മുഴുവൻ സഭാകവി സി. പി. ചാണ്ടിയുടെ *വിരലടയാളം പതിയാത്ത* ഒരു ആരാധനക്രമവും മലയാളത്തിൽ ഇറങ്ങിയില്ല എന്നു പറയുന്നതിൽ അതിശയോക്തിയില്ല.**

കേവല പരിഭാഷകളെ മൗലിക രചനകളായി എങ്ങനെ പരിഗണിക്കും എന്നൊരു ചോദ്യം ചിലർ ഉന്നയിച്ചേക്കാം. വിവിധ ലോകഭാഷകളിൽനിന്നും അനേകം പദ്യകൃതികൾ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ട്. അവയിൽ പലതും അതിശ്രേഷ്ഠങ്ങളാണന്നു നിരൂപകർ കണക്കാക്കുന്നു. പക്ഷെ, അവിടൊന്നും മൂലഗ്രന്ഥകർത്താവിനേക്കാൾ ഉയർന്ന സ്ഥാനം പരിഭാഷകനു ലഭിക്കുന്നില്ല. പിന്നെങ്ങനെ ചാണ്ടിസാറിന്റെ സംഭാവനയെ മൗലിക രചനയായി പരിഗണിക്കും എന്നാണവരുടെ ചോദ്യം. പക്ഷേ ഇതര പരിഭാഷകർക്കുള്ള സ്വാതന്ത്ര്യം മലങ്കരസഭയുടെ ആരാധനാസാഹിത്യ പരിഭാഷകർക്ക് ഇല്ലെന്ന യാഥാർഥ്യം മനസിലാക്കുമ്പോഴാണ് മനോഹരമായ മലയാള പരിഭാഷകളെ മൗലിക രചനകളായി കണക്കാക്കാനാവുന്നത്.

സാധാരണ പദ്യകൃതികളുടെ കാര്യത്തിൽ *വൃത്തം, മാത്ര* മുതലായവയുടെ കാര്യത്തിൽ പരിഭാഷകനു പൂർണ സ്വാതന്ത്ര്യമുണ്ട്. മൂല ഗ്രന്ഥകർത്താവ് സ്വീകരിച്ചിരിക്കുന്ന *ലയം (meter)* പരിഭാഷകൻ പിന്തുടരണമെന്ന് നിർബന്ധമില്ല. തന്റെ ഭാഷയിലെ അനുയോജ്യമായ ഒരു വൃത്തമോ വൃത്തമില്ലായ്മയോ തിരഞ്ഞെടുക്കാം. സംസ്കൃതത്തിൽനിന്നും മലയാളത്തിലേക്കുള്ള പരിഭാഷയ്ക്ക് വൃത്തപരിധി ഉണ്ടെങ്കിലും സംസ്കൃതവൃത്തങ്ങൾ മലയാളത്തിലും ഉപയോഗിക്കുന്നതിനാൽ അത് ബുദ്ധിമുട്ടുണ്ടാക്കില്ല. പക്ഷേ, മലങ്കരസഭയുടെ ആരാധനാ ഗീതങ്ങൾ സുറിയാനിയിൽനിന്നും പരിഭാഷപ്പെടുത്തുമ്പോൾ ഈ സ്വാതന്ത്ര്യം ലഭ്യമല്ല. സുറിയാനിയിൽ ഉപയോഗിച്ചിരിക്കുന്ന രീതി തന്നെ കർശനമായും പിന്തുടരണം. സുറിയാനിയിൽനിന്നുള്ള പരിഭാഷയുടെ ഭാഷാപരമായ ക്ലിഷ്ടതകൾ ചാണ്ടിസാറിന്റെ 1958–ലെ ലേഖനത്തിൽ വിവരിക്കുന്നുണ്ട്.

ഈ പരിമിതി കൂടാതെ സുറിയാനിയിൽ നിന്നുള്ള പരിഭാഷയ്ക്ക് പദവ്യുല്പത്തിയുടെ രൂക്ഷപ്രശ്നവുമുണ്ട്. ഇതര പരിഭാഷകളിൽ ഏതാണ്ട് സമാനമായ അർഥം ലഭിക്കുന്നതോ ആശയം പ്രകടമാക്കുന്നതോ ആയ വാക്കുകൾ ഉപയോഗിക്കാം. എന്നാൽ ആരാധനാഗീത പരിഭാഷയക്ക് അത് തീർത്തും സാധ്യമല്ല. ഒരക്ഷരത്തിലോ പുള്ളിയിലോ ഉണ്ടാകുന്ന വ്യതിയാനം വേദവിപരീതത്തിലേക്കു നയിക്കുന്ന തികച്ചും സാങ്കേതികവും ക്ലിഷ്ടവുമായ വേദശാസ്ത്ര – ക്രിസ്തുശാസ്ത്ര പദ–വാക്യ പ്രയോഗങ്ങൾ പാശ്ചാത്യ സുറിയാനി ആരാധനാ ഗീതങ്ങളിലുണ്ട്. അവയ്ക്ക് തത്തുല്യമായ മലയാളപദം കണ്ടെത്താനാവാതെ പൂർണത പുലർത്തുന്ന ഒരു പരിഭാഷ സാധ്യമല്ല.

മുകളിൽ പറഞ്ഞ പരിമിതികൾക്കുള്ളിൽനിന്ന് ചിട്ടപ്പെടുത്തിയ *പ. വട്ടക്കുന്നേൽ ബാവാ–സി. പി. ചാണ്ടി* പരിഭാഷകൾ മനോഹരങ്ങളും അർഥസംപുഷ്ടവും വേദവിപരീത രഹിതവുമായതിനു പിന്നിലെ കഠിനാധ്വാനം എത്രയുണ്ടെന്നു ചിന്തിക്കണം. യഥാർഥത്തിൽ സുറിയാനി മൂലത്തിലെ ആശയവും അതിന്റെ മാത്രയും മാത്രം സ്വീകരിച്ച് മലയാളത്തിൽ ഗീതങ്ങൾ പുനർനിർമിക്കുകയായിരുന്നു അവർ ചെയ്തത്. യുക്തമായ പദാവലി ലഭിക്കുവാൻ ദീർഘമായ ചർച്ചകളും വാദപ്രതിവാദങ്ങൾ പോലും വേണ്ടിവന്നിരുന്നു എന്ന് ചാണ്ടിസാർ തന്നെ ഒരിക്കൽ അനുസ്മരിച്ചിട്ടുണ്ട്: *...വട്ടക്കുന്നേൽ ബാവാ ഗദ്യത്തിൽ തർജമ ചെയ്തു തരുന്നതിലെ വാക്കിനു പകരം ഞാൻ മാത്രയൊക്കുന്ന തത്തുല്യമായ മറ്റൊരു വാക്കെഴുതും. അങ്ങേരു സമ്മതിക്കില്ല; ഞാനും. അവയുടെ ശരിതെറ്റുകളെക്കുറിച്ച് ഞങ്ങൾ തമ്മിൽ തർക്കമാകും. ഒടുവിൽ ആരുടെയെങ്കിലും പദം അംഗീകരിക്കും. ചിലപ്പോൾ രണ്ടുമല്ലാതെ മൂന്നാമതൊന്നാവും ഒടുവിൽ ഉരുത്തിരിയുക. രണ്ടാളും അംഗീകരിക്കുന്ന വാക്കുപയോഗിച്ച് അവസാനം ഗീതം ചിട്ടപ്പെടുത്തും. ഈ തർക്കം ചിലപ്പോൾ രണ്ടുമൂന്നു ദിവസം വരെ നീണ്ടുനിൽക്കും...*

ഈ സൂക്ഷ്മതയും കഠിനാധ്വാനവും വൃഥാവിലായില്ല. അതിസുന്ദരമായ പരിഭാഷകളാണ് മലങ്കര സഭയ്ക്ക് ലഭിച്ചത്. അതു മനസിലാക്കണമെങ്കിൽ ഒരേ മൂലത്തിൽനിന്നും വെട്ടിത്തിരുത്തിയും അല്ലാതെയും ചവിട്ടിക്കൂട്ടിയും കേരളത്തിലെ പാശ്ചാത്യ സുറിയാനി പാരമ്പര്യം അവകാശപ്പെടുന്ന ഇതര സഭകൾ സൃഷ്ടിച്ച് ഉപയോഗിക്കുന്ന സമാനഭാഗങ്ങളുമായി ഭാഷാ–സാഹിത്യപരമായി മാത്രം ഒരു താരതമ്യ പഠനം നടത്തിയാൽ മതി. ആ വ്യത്യാസമാണ് ചാണ്ടിസാറിനെ മൗലിക രചയിതാവാക്കുന്നത്.

ചാണ്ടിസാറിന്റെ സംഭാവനയുടെ മഹത്വം ആദിമുതലേ അംഗീകരിച്ചത് സഹരചയിതാവായ പ. വട്ടക്കുന്നേൽ ബാവായാണ്. മുകളിൽ പറഞ്ഞ കൃതികളിലെല്ലാം സ്വന്തം നാമം *പ്രസാധകൻ* എന്നു മാത്രം സൂചിപ്പിച്ചുകൊണ്ട് *വിവർത്തകൻ വെണ്ണിക്കുളം സി. പി. ചാണ്ടി* എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പിൽ

പാത്താമുട്ടം
എം. സി. കുറിയാക്കോസ് റമ്പാൻ

കാലത്ത്, ഈ കൃതികളിൽ നിന്നെല്ലാം, അദ്ദേഹമൊരു അവൈദീകനായതുകൊണ്ടാവാം, *സി.പി.ചാണ്ടി* അപ്രത്യക്ഷനാ യി!

പരിതാപകരമായ ഒരു പ്രവണതകൂടി ഇത്തരുണത്തിൽ ചൂണ്ടിക്കാണിക്കാതിരിക്കാൻ തരമില്ല. വളരെ ക്ലേശം സഹിച്ചും സമയം ചിലവഴിച്ചും വട്ടക്കുന്നേൽ ബാവാ-സി.പി. ചാണ്ടി, അതിനുമുമ്പ് വട്ടശ്ശേരിൽ-കോനാട്ട് മല്പാന്മാർ എന്നീ ദ്വയങ്ങൾ സംഭാവന ചെയ്ത ആരാധനാ ഗീതങ്ങളെ സ്വയം തിരുത്തി, കുറഞ്ഞപക്ഷം പദങ്ങളുടെ ക്രമം ഭേദപ്പെടുത്തി, ചൊല്ലാനുള്ള ഒരു പ്രവണത വർത്തമാനകാലത്ത് ചിലരിൽ കണ്ടുവരുന്നുണ്ട്. ഇത് അർഥപൂർത്തി വരുത്താനോ, കൂടുതൽ സുന്ദരമാക്കാനോ അല്ല; മറിച്ച് താൻ *മല്പാനാണെന്നു* പ്രദർശിപ്പിക്കാനുള്ള ഒരു വ്യഗ്രത മാത്രമാണെന്നറിയുമ്പോളാണ് *പരിതാപകരം* എന്നു വിശേഷിപ്പിക്കേണ്ടിവരുന്നത്. അതേസമയം, ചാണ്ടിസാർതന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ള പരിഭാഷാവൈകല്യങ്ങൾ പിഴപോക്കാനോ വിവിധ ആരാധനാക്രമങ്ങളിൽ വ്യത്യസ്ഥ രീതിയിൽ ചേർത്തിരിക്കുന്ന ഒരേ ഗദ്യഭാഗം ഏകീകരിക്കാനോ ഒരു ശ്രമവും നടക്കുന്നില്ലതാനും. മനോഹരമായ, അർഥചോർച്ചയില്ലാത്ത, *വട്ടക്കുന്നേൽ ബാവാ-സി.പി.ചാണ്ടി* പരിഭാഷയുണ്ട്. എന്തുകൊണ്ട് ഈ പരിഭാഷ പരക്കെ ഉപയോഗിക്കാൻ ശ്രമിക്കുന്നില്ല?

ചാണ്ടിസാറിന്റെ പ്രതിഭയെ ഉപയോഗിക്കുകയും അദ്ദേഹത്തിന്റെ അധ്വാനം അംഗീകരിക്കുകയും ചെയ്ത മറ്റൊരാൾ കൂടിയുണ്ട്; പാത്താമുട്ടം എം. സി. കുറിയാക്കോസ് റമ്പാൻ. ലളിതസുന്ദരവും ഹൃദ്യവും ആത്മനിറവുള്ളതുമായ ഗദ്യ ശൈലിക്ക് ഉടമയായിരുന്നെങ്കിലും, ആശയ ഗാംഭീര്യവും കവിത്വ വാസനയും ഉണ്ടായിരുന്നെങ്കിലും പാത്താമുട്ടം റമ്പാന്റെ പദ്യശൈലിക്ക് കോട്ടങ്ങളുണ്ടായിരുന്നു. ഇത് സ്വയം മനസിലാക്കിയ അദ്ദേഹം തന്റെ കൃതികളുടെ പൂർത്തീകരണത്തിന് ചാണ്ടിസാറിന്റെ സഹായം തേടി. എന്നു മാത്രമല്ല, *...ഈ പുസ്തകത്തിലെ സഭാഗീതങ്ങളുടേയും പുതിയ പാട്ടുകളുടേയും രചനയിൽ ശ്രീ. സി. പി. ചാണ്ടി അവർകളോടു ഞാൻ കൃതജ്ഞതാപൂർവം കടപ്പെട്ടിരിക്കുന്നു...* (***പ്രാർത്ഥനയോഗമിത്രം***, മൂന്നാം പതിപ്പ്), *...ഗീതങ്ങൾ ഒക്കെയും എഴുതിത്തന്നത് ശ്രീമാൻ സി. പി. ചാണ്ടിയാണ്. അദ്ദേഹത്തോടുള്ള എന്റെ കൃതജ്ഞതയെ പ്രകാശിപ്പിക്കുകയും അദ്ദേഹത്തിന്റെ പ്രസ്തുത പാടവത്തെ അഭിനന്ദിക്കുകയും ചെയ്തുകൊള്ളുന്നു...*(***എട്ടു നോമ്പിൽ***), *...ഈ പുസ്തകത്തിലെ ഗീതകങ്ങളുടെ രചയിതാവ് ശ്രീ. സി. പി. ചാണ്ടി ആകുന്നു...* (***മാർ തോമ്മാ ശ്ലീഹാ***) എന്നിങ്ങനെ ആ സേവനത്തെ പരസ്യമായി രേഖാമൂലം അംഗീകരിക്കുകയും ചെയ്തു. ഇന്ന് എല്ലാ പെരുന്നാൾ പ്രദക്ഷിണങ്ങൾക്കും ഉപയോഗിക്കുന്ന *സ്വർഗരാജ്യ...* എന്ന ഗീതം അടിസ്ഥാനപരമായി പാത്താമുട്ടം റമ്പാന്റെ സൃഷ്ടിയാണെങ്കിലും അത് ഇന്നത്തെ രൂപത്തിലാക്കിയത് ചാണ്ടിസാറാണ്.

കേവലം പരിഭാഷാ കൃതികളും സുറിയാനി രാഗവും മാത്രമല്ല ചാണ്ടിസാറിന് വഴങ്ങിയിരുന്നത്. ശുദ്ധമായ ദ്രാവിഡ വൃത്തങ്ങളിൽ പ്രാസമൊപ്പിച്ച് അദ്ദേഹം മികച്ച രചനകൾ നടത്തിയിരുന്നു. ഭക്ത കവിതകൾ മാത്രമല്ല, രക്തം തിളപ്പിക്കുന്ന സഭാസ്നേഹ പദ്യങ്ങളും ആ തൂലികയിൽനിന്നും വാർന്നുവീണു. നാല് കാതോലിക്കാ മംഗളഗാനങ്ങളും അദ്ദേഹത്തിന്റേതായിട്ടുണ്ട്. അദ്ദേഹത്തിന്റെ ***ക്രിസ്തീയഭജനകീർത്തനം*** ഒരു അത്യുജ്ജ്വല സാഹിത്യ സൃഷ്ടിയാണെന്നാണ് പണ്ഡിതമതം. സിനിമാ ഗാനങ്ങളെപ്പോലും തന്റെ രചനകൾക്ക് സന്ദർഭോചിതമായി മാത്രയാക്കാൻ അദ്ദേഹം മടിച്ചില്ല.

ഇനി നർമത്തിലേക്ക് മടങ്ങിവരാം. ഒരു അനുഗ്രഹീത നർമസാഹിത്യകാരനായിരുന്നു ചാണ്ടിസാർ എന്നത് നിസ്തർക്കമാണ്. അദ്ദേഹത്തിന്റെ മതാതീതമായ ശുദ്ധഹാസ്യ രചനകൾക്ക് ഉദാഹരണമാണ് പത്തനംതിട്ട കാതോലിക്കേറ്റ് സ്കൂളിലെ സഹാധ്യാപകരെ ചേർത്തിണക്കി രചിച്ച ***എന്റെ വിദ്യാലയം*** എന്ന ഓട്ടൻ തുള്ളൽ. അതേപോലെ ഹാസ്യത്തിന്റെ അസ്ഥിവാരത്തിൽ ധർമനീതിയും ക്രൈസ്തവബിംബങ്ങളും ചേർത്തിണക്കിയ രചനയാണ് ***വയറിന്റെ വലിമ*** എന്ന മറ്റൊരു തുള്ളൽ.

മലയാളസാഹിത്യത്തിൽ ഭക്തകവികളെല്ലാവരുംതന്നെ നർമരസപ്രിയരായിരുന്നു എന്നു പഠിതാക്കൾ പറയുന്നു. എഴുത്തച്ഛനും ചെറുശേരിയും കുഞ്ചൻ നമ്പ്യാരുമെല്ലാം ഹാസ്യം ഭക്തിക്ക് പൂരകമായി കൈകാര്യം ചെയ്തവരാണ്.

ചാണ്ടിസാർ *സഭാഗാനരചയിതാവ്* ആയതോടെ മലയാളത്തിന് ഒരു അനുഗൃഹീത കവിയെ നഷ്ടപ്പെട്ടു എന്ന നിഗമനത്തിന് പ്രസക്തിയില്ല. കാരണം വിഷയജ്ഞാനവും കവിത്വവും പദവ്യുൽപ്പത്തിയുമുള്ള ചാണ്ടിസാറിനെപ്പോലെയുള്ള ഒരു പ്രതിഭയ്ക്ക് മാത്രമേ ഇന്നു കാണുന്ന രീതിയിൽ മലങ്കരസഭയുടെ അർഥ സമ്പുഷ്ടവും കാവ്യഭംഗിയുമുള്ള ആരാധനാസാഹിത്യം ചിട്ടപ്പെടുത്താൻ സാധിക്കൂ. അതദ്ദേഹം ഭംഗിയായി നിർവഹിച്ചു. അതു തന്റെ നിയോഗമായി അദ്ദേഹം കണക്കാക്കി പ്രവർത്തിച്ചു എന്നു പറയുന്നതാവും കൂടുതൽ ശരി. ആത്മീയരചനകൾക്കുപരി, അദ്ദേഹം സാമൂഹ്യ വിഷയങ്ങളും തന്റെ രചനകൾക്ക് അടിസ്ഥാനമാക്കിയിട്ടുണ്ട്. *എഴുതാൻവേണ്ടി എഴുതുക* എന്ന സ്വഭാവം ചാണ്ടിസാറിന് ഇല്ലാതിരുന്നതിനാൽ ടൺകണക്കിനൊന്നും കവിതകൾ പിറന്നില്ലെന്നുമാത്രം. ഉള്ളവതന്നെ പൂർണമായും ശേഖരിക്കാനും സാധിച്ചിട്ടില്ല.

എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന് മഹാത്മാ ഗാന്ധി ആത്മവിശ്വാസത്തോടെ പറഞ്ഞത് അത്തരത്തിൽ മാതൃകാപരമായ ജീവിതം നയിച്ചശേഷമാണ്. നന്നേ ചെറുപ്പത്തിൽ *നാമവും ക്രിയയുമായവനേ* എന്നു ചാണ്ടിസാറിനെ അജ്ഞാതനായ പ്രൈമറിസ്കൂൾ അധ്യാപകൻ സംബോധന ചെയ്തത് വെറും തമാശയ്ക്കാണ്. പക്ഷേ, അതൊരു പ്രവചനമായിരുന്നു. സഭാകവി സി. പി.ചാണ്ടിയുടെ ജീവിതം പിറകോട്ടു നോക്കുമ്പോൾ അതു മുഴുവൻ ക്രിയയായിരുന്നു; സ്വധർമത്തിന്റെ നിർവഹണമായിരുന്നു.

GM

*(MOC പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച, സഭാകവി സി.പി.ചാണ്ടിയുടെ രചനകളുടെ സമാഹാരമായ, '**ഭക്തിയും വിഭക്തിയും നർമവും**' എന്ന കൃതിയുടെ ആമുഖത്തിൽനിന്ന്)*



നമ്മുടെ ആരാധനാ ഗീതങ്ങൾ

(സഭാകവി സി. പി. ചാണ്ടി 1958-ൽ പ്രസിദ്ധീകരിച്ച ലേഖനം)

ശിശുവും പശുവും മാത്രമല്ല പാമ്പുപോലും സംഗീതരസം ആസ്വദിക്കുന്നു എന്നാണല്ലോ അഭിജ്ഞവചനം. ഈ ആനന്ദദായകമായ സംഗീതം ആദ്യകാലം മുതൽക്കേ ദൈവാരാധനയിലും ഒരു മുഖ്യസ്ഥാനം വഹിച്ചിരുന്നു. ഏതു ഭാഷയിലെയും സാഹിത്യത്തിന്റെ ആദ്യരൂപം പദ്യമയമാണെന്നും ആ പദ്യങ്ങൾ പ്രായേണ ദൈവസ്തോത്രപരങ്ങളായെന്നും സകല ഭാഷാഗവേഷകന്മാരും സമ്മതിക്കുന്നുണ്ട്. ഈശ്വരനെ സ്തുതിച്ചു വന്ദിക്കുന്ന രീതി ഇന്നുമിന്നലെയുമുണ്ടായിട്ടുള്ളതല്ല. എല്ലാ മതക്കാർക്കും 'സ്തുതിയും, സ്തോത്രവും' സംബന്ധിച്ച ഗീതങ്ങൾ വളരെയുണ്ട്. നമ്മുടെ ആരാധനയിൽ ഉപയോഗിക്കുന്ന ഗീതങ്ങളെ സംബന്ധിച്ച് ചുരുക്കം ചില കാര്യങ്ങളാണ് ഈ ലേഖനത്തിനു വിഷയമാക്കുവാൻ ഉദ്ദേശിക്കുന്നത്.

നമ്മുടെ സകല ആരാധനാഗീതങ്ങളും വിരചിച്ചിട്ടുള്ളതു സുറിയാനി ഭാഷയിലാണ്. അടുത്ത കാലം വരെ എല്ലാ കൂദാശകളും അനുഷ്ഠിച്ചിരുന്നത് സുറിയാനി ഭാഷയിൽത്തന്നെയായിരുന്നു. ആര്യന്മാർ സംസ്കൃതത്തിനും മുഹമ്മദീയർ അറബിക്കും എന്നപോലെ സുറിയാനിക്കാർ സുറിയാനിക്കും ദിവ്യത്വം കല്പിച്ചു പോരുന്നു. 'മേലുള്ള ഉയരങ്ങളിൽ സ്വർഗീയ മാലാഖമാർ' സംസാരിക്കുന്നതു സുറിയാനിയിലാണെന്നും ദൈവംതമ്പുരാൻ ഏദൻതോട്ടത്തിൽ ആദാമിനോടു സംസാരിച്ചതും നമ്മുടെ രക്ഷകനായ ക്രിസ്തു തന്റെ മനുഷ്യാവതാരകാലത്തു ലോകർക്ക് ഉപദേശം നല്കിയതും ആ ഭാഷയിൽ തന്നെയായിരുന്നെന്നും ചില പരിശുദ്ധ പിതാക്കന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. സുറിയാനിയുടെ ഉല്പത്തി എന്നതല്ലല്ലൊ നമ്മുടെ ചിന്താവിഷയം. ഏതായാലും ഒരു കാര്യം തലകുലുക്കി സമ്മതിച്ചേ മതിയാവൂ - സുറിയാനി സംഗീതാത്മകമായ ഒരു ഭാഷയാണെന്നുള്ള കാര്യം. സുറിയാനി ഗീതശ്രവണത്തിൽ സംഗീതവിദ്വേഷികൾ പോലും ആനന്ദത്തിൽ ആറാടി മതിമറന്നു തലയാട്ടി നിന്നു പോകുമെന്നുള്ളതു നമുക്കേവർക്കും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു പരമാർഥമാണ്. ഇറ്റലിയിലെ ഇറ്റാലിയൻ ഭാഷയും പഞ്ചാബിലെ ഗുരുമുഖിയും സംഗീതാത്മകമാണെങ്കിലും അവ സുറിയാനിയെ മികച്ചു നിൽക്കുകയില്ലെന്നാണു വിദഗ്ദ്ധാഭിപ്രായം. സുറിയാനി ഗീതങ്ങളുടെ മാധുര്യത്തിൽ ആനന്ദമടഞ്ഞിരുന്ന നമ്മുടെ പൂർവികന്മാർക്ക് അതിന്റെ അർഥം കൂടി ഗ്രഹിക്കുന്നതിനു സ്വാഭാവികമായി ഒരാഗ്രഹം ഉണ്ടായെങ്കിലും സ്വർഗീയഭാഷയുടെ സ്ഥാനത്ത് ലൗകിക ഭാഷയുപയോഗിക്കുന്നതു മഹാപാതകമായി കരുതിയിരുന്ന അക്കാലത്തു ഭാഷാന്തരീകരണം ചിന്താർഹമായ ഒരു സംഗതിയായിരുന്നില്ല.

എങ്കിലും സുറിയാനി സഭയുടെ ചിരകാല പ്രാർഥനയുടെ ഫലമായി നടപ്പിൽവന്ന വേദപുസ്തക തർജമ സുറിയാനി ക്രമങ്ങളുടെ ഭാഷാന്തരീകരണത്തിനു വഴിതെളിച്ചു. അങ്ങനെ ചില മലയാളഭാഷാ സാഹിത്യ നായകന്മാരുടെ സഹായത്താൽ മലങ്കരസഭാഭാസുരനായിരുന്ന വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ കാലത്തു പരിഭാഷപ്പെടുത്തിയ ഭാഗങ്ങളാണു ***കൃംതാ പ്രാർത്ഥനാക്രമവും കുർബ്ബാനക്രമവും***. അതിനു മുമ്പും ചില തർജമകളൊക്കെ ഉണ്ടായിട്ടുണ്ടെങ്കിലും അവയെല്ലാം തന്നെ സാഹിത്യ വികലങ്ങളായിരുന്നു. എന്നാൽ കൃംതായും കുർബാനക്രമവും സാഹിത്യഭംഗിയും സംഗീതമധുരിമയും വഴിഞ്ഞൊഴുകുന്ന രണ്ട് ഉത്തമ കലാസൃഷ്ടികളാണ്.

> *'മഹിമയൊടക്കബറിന്നു പുറപ്പെട്ടീ സൃഷ്ടികളെ*
> *ശോഭിപ്പിച്ചൊരു ശോഭയതാമേശു സ്തുത്യനഹോ.'*

> *'എരിതീനിരവിട്ടീറേദൂതനിറങ്ങിച്ചെന്നു*
> *ഇതമൊടുമറിയാം ഗൃഹമതിൽ നസറേത്തിൽ*
> *ചൊല്ലിയിതു'*

....തുടങ്ങിയ ഭാഗങ്ങൾ ഏതൊരു ഹൃദയത്തെയാണ് ആനന്ദപരവശമാക്കിത്തീർക്കാത്തത്. ഇത്തരം ഗീതങ്ങൾ കേൾക്കുമ്പോൾ ജലബിന്ദുക്കളാകുന്ന മുത്തുമണികൾ ചിതറി പാറക്കെട്ടുകളിൽ കൂടി വളഞ്ഞു പുളഞ്ഞൊഴുകുന്ന ഒരു പൂഞ്ചോലയുടെ പ്രതീതിയാണു നമുക്കുണ്ടാകുന്നത്.

എന്നാൽ കഷ്ടമെന്നേ പറയേണ്ടതുള്ളു, ഈ കുയിലുകളുടെ ഇടയിൽ ചില കാക്കകൾ ഒളിച്ചിരിപ്പുണ്ട്. പാൽപ്പായസം കുടിച്ചു രസിച്ചു കൊണ്ടിരിക്കുമ്പോൾ കല്ലു കടിക്കാനിടയായാൽ അതെത്ര നീരസപ്രദമാണ്. സാഹിത്യത്തിന്റെ പ്രാഥമികപാഠങ്ങൾ പോലും പഠിച്ചിട്ടില്ലാത്തവരുടെ 'കൈക്കുറ്റപ്പാടുകൾ' എന്ന് ഒറ്റനോട്ടത്തിൽ മനസ്സിലാക്കാവുന്ന ചില 'വികൃത തർജമകൾ' ഈ മനോഹരഗീതാവലികളുടെ ഇടയിൽ നുഴഞ്ഞു കയറിയിരിപ്പുണ്ടെന്നുള്ള വാസ്തവം അധികമാളുകളറിഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല.

'നിന്നാൾ സ്തുതിയൊടു രാജമകൾ' എന്ന ഗീതം പരിശോധിക്കാം: 'രാജമകൾ' എന്ന സമാസം സാധൂകരിക്കാൻ വളരെ പ്രയാസമുണ്ട്. പോകട്ടെ അതൊരു മണിപ്രവാള സമാസമാണെന്നു സമ്മതിക്കാം. 'രാജഭാമിനി', 'വർധിക്കുമവർക്കു തുഷ്ടി പുഷ്ടികളും' എന്നീ സ്ഥാനങ്ങളിൽ വൃത്തത്തിന്റെ കാര്യം വിസ്മരിച്ചിരിക്കുകയാണ്. 'നീ നിന്റെ ജനത്തെയും പിതൃഭവനത്തെയും വിസ്മരിക്കുക' എന്ന ആശയം ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെയെന്നു നോക്കുക: *'നിൻജനമോർക്കായ്ക പിതൃഗൃഹവും.'* സുറിയാനിയിലെ മൂലം അറിയാൻ പാടില്ലാത്തവർക്ക് ഈ വരിയുടെ അർഥം കിട്ടുകയില്ല. *'നയവാൻ പനപോലെ തളിർത്തിടുമേ'* എന്നു കേട്ടാൽ സിറിയായിലെ നയമാനെ ഓർക്കുന്നവരുണ്ടായിരിക്കാം. നയവാൻ എന്ന ഈ പുതിയ വാക്ക് ഏതർഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്? കൃംതായുടെ രാത്രിയിലെ 'ക്രൂശിൽ തൂക്കി-ച്ചാ സെഹിയോനെനീ-ക്കിയ മ്ശിഹാ സ്തുത്യൻ' എന്നിങ്ങനെയുള്ള രണ്ടു പദ്യങ്ങൾ യതിഭംഗത്തിന്റെ കേളീരംഗമാണ്. നമ്മുടെ കൈകാലുകൾക്കു മുട്ടുകളില്ലാതെ വന്നാലുള്ള വൈഷമ്യമാണു യതിഭംഗമുള്ള പാട്ടുകൾ കേൾക്കുമ്പോൾ അനുഭവപ്പെടുക. ഇങ്ങനെ ഇടയ്ക്കു തിരുകി വച്ചിട്ടുള്ള മോശമായ പാട്ടുകൾ ഉപേക്ഷിച്ചു തൽസ്ഥാനത്തു നല്ല തർജമകൾ കൂട്ടിച്ചേർക്കേണ്ട കാലം വളരെ അതിക്രമിച്ചിരിക്കുന്നു.

കൃംതായുടെ തർജമയ്ക്കു ശേഷം തർജമ പ്രസ്ഥാനത്തിൽ ഒരു വേലിയേറ്റംതന്നെയുണ്ടായി. അത് ഇന്നും നിലച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. വാളെടുത്തവരെല്ലാം വെളിച്ചപ്പാടന്മാരായി. സുറിയാനി പഠിച്ചവരെല്ലാം പാട്ടു തർജമക്കാരായി. ഒരേ 'ക്രമ'ത്തിനു തന്നെ സിമ്മനാരിതോറും ആശ്രമംതോറും

ദയറാതോറും തർജമകളുണ്ടായി. സംഗീതം ഒരു സമുദായ കാര്യമല്ലേ? സമുദായത്തിലെ കക്ഷിഭേദം സംഗീതത്തേയും പിടികൂടി. ഓരോ കക്ഷിക്കും പ്രത്യേക തർജമകളുണ്ടായി. സാഹിത്യഭംഗിയും വ്യാകരണനിയമവുമൊക്കെ പോകട്ടെ, പാട്ടിനു വൃത്തം ആവ്യാ അക്ഷരനിയമ ശാസ്ത്രം എന്നൊരു സംഗതി ആവശ്യമാണെന്നുള്ള കാര്യം ഇക്കൂട്ടർ അവഗണിച്ചുകളഞ്ഞിരിക്കുകയാണ്. ചോള പണ്ഡിതനായ ഉദ്ദണ്ഡൻ പണ്ടു ഭാഷാകവികളെപ്പറ്റി പറഞ്ഞത് ഇവരെ സംബന്ധിച്ചും ശരിയായിട്ടുള്ളതാണ്. അദ്ദേഹം പറഞ്ഞതിങ്ങനെയാണ്: *'ഈ ഭാഷാകവിവൃന്ദം ചന്ദ്രനു തുല്യമാണ്. വല്ലപ്പോഴുമേ വൃത്തമൊത്തു വരികയുള്ളൂ.'* ഈ ദുർദശയ്ക്കു സംഗീതപീഡയുടെ കാലം എന്നു പേരു പറയാമെന്നു തോന്നുന്നു. ഈ ആപത്ഘട്ടത്തിൽനിന്നു സംഗീതം രക്ഷിതമാകണമെങ്കിൽ നമ്മുടെ വൈദികന്മാരിൽ നിന്നു സാഹിത്യവീരന്മാർ എഴുന്നേൽക്കാതെ ഗത്യന്തരമില്ല. വൈദികന്മാർ സുറിയാനിയിലും മലയാളത്തിലും സംസ്കൃതത്തിലും ഒന്നുപോലെ പാണ്ഡിത്യം നേടി സാഹിത്യ കലാസുഭഗമായ ഗീതങ്ങൾക്കു മാത്രം ശ്രേഷ്ഠാനുമതി നൽകുന്ന ഏർപ്പാടു നടപ്പിൽ വരുത്താതെ ഈ വിന നീങ്ങിപ്പോവുകയില്ല. ഇന്നു ശ്രേഷ്ഠാനുമതി തീരെ വിലയില്ലാത്ത ഒരു കാര്യമായിത്തീർന്നിരിക്കുന്നു. ശ്രേഷ്ഠതയോ അനുമതിയോ കൂടാതെതന്നെ ഇന്ന് ഏതു പുസ്തകവും ശ്രേഷ്ഠാനുമതി ഭൂഷിതമാണ്. ഈ അധഃപതനാവസ്ഥയിൽ നിന്ന് ആരാധനാ ഗീതങ്ങളെ ഉദ്ധരിക്കുന്ന വിഷയത്തിൽ നമ്മുടെ കലാശാലയ്ക്കും വൈദിക കോളജിനും നിസ്തുല സേവനങ്ങൾ അനുഷ്ഠിക്കാവുന്നതാണ്.

സുറിയാനി രാഗങ്ങൾ വൈദേശികമാകയാൽ ഗീതങ്ങൾ വൃത്താനുവൃത്തമായി തർജമ ചെയ്യാതെ അവയുടെ ആശയങ്ങൾക്കനുയോജ്യമായ മലയാളരാഗങ്ങളിൽ വിവർത്തനം ചെയ്യുന്നതു നന്നായിരിക്കുമെന്നു ചിലർക്കഭിപ്രായമുണ്ട്. വിപ്ലവകരമായ ഈ പരിവർത്തനത്തിനു കാലം കുറെക്കൂടി വേണ്ടിവരുമെന്നു തോന്നുന്നു. രാഗത്തെ സംബന്ധിച്ചാണെങ്കിൽ പൗരസ്ത്യമെന്നോ പാശ്ചാത്യമെന്നോ ഉള്ള വ്യത്യാസം ഗണ്യമല്ലെന്നു പറയാം. പരസ്പരം സാമ്യമുള്ള രാഗങ്ങളും വൃത്തങ്ങളും വിഭിന്ന ഭാഷകളിൽ കാണുമ്പോൾ നാം അത്ഭുത പരതന്ത്രരായിപ്പോകും. താഴെക്കുറിക്കുന്ന സുറിയാനി രാഗങ്ങളുടെയും നാടൻപാട്ടുകളുടെയും സാദൃശ്യം നോക്കുക.

1. *മോറാൻ എസറാഹാം മേലയ്ൻ*
   ഹാശൊക് റാബോ ദഹലോഫയ്ൻ

   'പ്രാവേ! പ്രാവേ! പോകരുതേ
   വാ വാ കൂട്ടിനകത്താക്കാം.'

2. *കരുണ നിറഞ്ഞോനേ!*
   പുനരുത്ഥാനത്തിൽ
   നിന്നുടെ സൃഷ്ടിയെ നീ
   പുതുതാക്കീടേണം.

   'ചക്കയ്ക്കുപ്പുണ്ടോ?
   തെക്കോട്ടെപ്പപ്പോം
   അച്ഛൻ കൊമ്പത്ത്
   അമ്മ വരമ്പത്ത്.

3. *ദാവീദാം താതൻ തൻ വരവിങ്ങനെ കണ്ടപ്പോൾ*
   ഓടിച്ചെന്നാ വീണയുമായിക്കമ്പി മുറുക്കി

   'ആഴ്‌വാഞ്ചേരിത്തമ്പ്രാക്കളിലുണ്ടയ്യമ്പുലയനിലുണ്ടാദിത്യനിലുണ്ടെണ്ണുകൃമികളിലുണ്ടതിൻ പരിസ്ഫുരണം.'

മാത്രമല്ല, മുകളിൽ ഒന്നാം നമ്പരിൽ കാണിച്ചിട്ടുള്ളതും അപ്രേമിന്റെ രാഗം എന്നു നാം പറയുന്നതുമായ വൃത്തത്തിൽ മറ്റു രണ്ടു ഭാഷകളിലുള്ള ഓരോ പദ്യം കൂടി താഴെ കുറിച്ചു കൊള്ളട്ടെ:

Twinkle Twinkle Little Star
How I wonder what you are
Up above the world so high
Like a diamond in the sky

രഘുപതിരാഘവ രാജാറാം
പതീതപാവനസീതാറാം
ഈശ്വർ അള്ളാ തേരേ നാം
സബ്കോ സന്മതി ദേ ഭഗവാൻ

സുറിയാനി ഗാനരചയിതാക്കളിൽ പ്രമുഖന്മാരായ മാർ അപ്രേം, മാർ യാക്കോബ്, മാർ ബാലായി എന്നീ പിതാക്കന്മാരുടെ പേരുകളിൽ അറിയപ്പെടുന്ന മൂന്നു രാഗങ്ങൾക്കും സമാനമായ ദ്രാവിഡവൃത്തങ്ങൾ നമുക്കുണ്ടെന്ന് ഈ ഉദാഹരണങ്ങളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. അതിനാൽ സുറിയാനി രാഗങ്ങൾ പരകീയമാണെന്നു മുദ്രയടിച്ചു നിരാകരിക്കാൻ നിവൃത്തിയില്ലെന്നു വരുന്നു.

ഇനിയും ഗീതപരിഭാഷയെക്കുറിച്ചാണ് അല്പം പറയുവാനുള്ളത്. കുറഞ്ഞ അക്ഷരങ്ങളിൽ കൂടുതൽ ആശയം ഉൾക്കൊള്ളിക്കുന്നതിനു സുറിയാനി ഭാഷയ്ക്കുള്ള കഴിവ് ഒന്നു പ്രത്യേകമാണ്. ഇത്രത്തോളം കഴിവ് സംസ്കൃത ഭാഷയ്ക്കു പോലും ഇല്ലെന്നു പറയാം. കർത്താവും കർമവും ക്രിയയും കൂടി ഒറ്റവാക്കിൽ ഒതുക്കി നിർത്തുന്ന സന്ദർഭങ്ങൾ സുറിയാനിയിൽ ചുരുക്കമല്ല. അവനെന്നെ വിളിക്കും എന്ന ആശയം വ്യക്തമാക്കാൻ ഒരു ചെറിയ വാക്കു മാത്രം പ്രയോഗിച്ചാൽ മതിയാകും. തർജമ പദാനുപദമായിരിക്കണമെന്നു സുറിയാനി പണ്ഡിതനും ഗുണവും സാഹിത്യഭംഗിയും വിടാൻ പാടില്ലെന്നു ഗാനരചയിതാവും നിർബന്ധം പിടിക്കുമ്പോൾ ഗാനങ്ങളുടെ ലാളിത്യം നഷ്ടപ്പെടുവാനിടയുണ്ട്. അതിനാൽ ഇരുഭാഷകളിലും ഒരുപോലെ പ്രാവീണ്യമുള്ളവർ ഉപേക്ഷണീയവും അനുപേക്ഷണീയവുമായ അംശങ്ങൾ ഏവയെന്നു നിശ്ചയിച്ചു ലളിത ഭാഷയിൽ ഗാനങ്ങൾ എഴുതുക എന്ന പദ്ധതിയാണു സ്വീകാര്യമാക്കിയിട്ടുള്ളത്. അമിതമായ വിശേഷണ ധോരണികളും മലയാള ഭാഷക്കാർക്ക് അപരിചിതമായ പ്രത്യേക ശൈലികളും സുറിയാനിയിൽ ധാരാളമുണ്ട്. *'അതിനാലേ ഞങ്ങൾക്കു രക്ഷയുണ്ടായി എന്ന സ്ലീബാ', 'പാപികൾ അതിൽ മുട്ടുന്നു എന്ന വാതിൽ ഇതാകുന്നു', 'തന്നാൽ സകലവും നിർമിക്കപ്പെട്ടവൻ'* മുതലായ പ്രയോഗങ്ങൾ മലയാള ശൈലിക്കനുയോജ്യമല്ലെന്നുള്ള കാര്യം സുവ്യക്തമാണ്. ത്യാജ്യ ഗ്രാഹ്യങ്ങളും വിശദീകരണാർഹങ്ങളുമായ അംശങ്ങൾ മനസ്സിലാക്കി അഭിനന്ദനാർഹമായ രീതിയിൽ ഗീതങ്ങൾ ഭാഷാന്തരീകരിക്കുവാൻ വളരെ ക്ലേശിക്കേണ്ടി വരും.

ഗീതപരിഭാഷയിൽ നമ്മെ അഭിമുഖീകരിക്കുന്ന മറ്റൊരു വിഷമപ്രശ്നം ഒരു പാട്ടു തന്നെ പല രീതിയിൽ (നിറം) ചൊല്ലത്തക്കതുപോലെ എഴുതുക എന്നുള്ളതാണ്. എട്ടു രാഗത്തിൽ ചൊല്ലാൻ പറ്റിയ വിധത്തിൽ അത്ഭുതകരമായ രചനാസാമർഥ്യത്തോടു കൂടിയാണു സുറിയാനി ഗീതങ്ങൾ നിർമിക്കപ്പെട്ടിരിക്കുന്നതെന്ന് ഒരു കൂട്ടം ആളുകൾ ധരിച്ചുവശായിട്ടുണ്ട്. ആ ധാരണയ്ക്കു യാതൊരടിസ്ഥാനവുമില്ല, നീട്ടിയും കുറുക്കിയും യതി (pause) മാറ്റിയും ഇടയ്ക്കിടെ – ഒമ്മോ – ഇയ്യീ – എയ്യേ – അമ്മാ – എന്നീ നിരർഥക ശബ്ദങ്ങൾ കൂട്ടിച്ചേർത്തുമാണ് ഈ രാഗ വൈവിധ്യത്തിന്റെ സൃഷ്ടി നിർവഹിക്കുന്നത്. എന്തു തന്നെ എഴുതിയാലും വേണമെങ്കിൽ രാഗം മാറ്റി ചൊല്ലത്തക്കതുപോലെയുള്ള ഒരു കെട്ടുപാടാണു സുറിയാനി ഭാഷയ്ക്കുള്ളത്. വെറും ഗദ്യം തന്നെയായിരുന്നാലും യതി ഒത്തു വരുന്നുണ്ടെങ്കിൽ പാട്ടിലാക്കാൻ പ്രത്യേകിച്ചൊന്നും ചെയ്യണമെന്നില്ല. അങ്ങു പാടിക്കൊണ്ടാൽ മതിയാകും. സുറിയാനി അക്ഷരമാലയുടെ – ഓലാഫ്, ബേസ്, ഗോമൽ, ദോലാദ് – എന്നിങ്ങനെയുള്ള 22 പേരുകൾ ഏഴേഴ് അക്ഷരം നിർത്തിച്ചൊല്ലിയാൽ അപ്രേമിന്റെ അന്യൂനമായ രാഗം സിദ്ധിച്ചു കഴിഞ്ഞു! വൃത്തശാസ്ത്രപ്രകാരം സുറിയാനിയിൽ ഗുരുക്കളേ ഉള്ളൂ; ഒരിക്കലും ലഘുക്കളില്ല. 'ആലോഹോ', ഹാലേലുയ്യാ, മൊർയോ, മുതലായ പദങ്ങൾ പരിശോധിക്കുക. മിക്ക അക്ഷരങ്ങളും ദീർഘങ്ങളാണ്. ഹ്രസ്വമാണെങ്കിൽ തീർച്ചയായും

– സ്വരവിഹീനമായ ഒരക്ഷരം അതിന്റെ പിന്നാലെ ഉണ്ടായിരിക്കും. ഇങ്ങനെ സകല അക്ഷരങ്ങളും ഗുരുക്കളായിരിക്കുമെന്നുള്ളതാണു സുറിയാനി സംഗീതത്തിന്റെ വിജയം. പാട്ടിലും പദ്യത്തിലും ദീർഘാക്ഷരങ്ങൾ കഴിവുള്ളിടത്തോളം കൂടിയിരിക്കുന്നതു നന്നാണെന്നു കവിതാധർമ്മ മർമ്മജ്ഞന്മാർക്കറിയാം.

നീട്ടിപ്പാടേണ്ട സ്ഥാനത്ത് ദീർഘാക്ഷരം വന്നില്ലെങ്കിൽ ഉടയോൻ, ഊടയോനും, തോട്ടക്കാരൻ, തോട്ടാക്കാരനും, പട്ടക്കാരൻ പാട്ടക്കാരനുമാകും. 'ഗുരുവാക്കാം ഇച്ഛപോലെ പാടി നീട്ടി ലഘുക്കളെ' എന്ന നിയമം സുറിയാനി രാഗത്തെ സംബന്ധിച്ചിടത്തോളം സ്വീകാര്യമല്ല തന്നെ. വൃത്തമൊന്നുമില്ലാതെ ചതുരവടിവിൽ എഴുതിയിട്ടുള്ള പാട്ടുകളുടെ ഘോഷയാത്രയാണു നമ്മുടെ മിക്ക വാർഷികാരാധനകളിലും ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. അപ്പോൾ കുറുകിയ അക്ഷരങ്ങളെ വലിച്ചു നീട്ടുന്നതിനെപ്പറ്റി എന്തു പറയാനാണ്.

"*ഞങ്ങൾക്കുള്ള കർത്താവേ.. ഞാൻ ചരിഞ്ഞനുകൂലത്താലുറങ്ങുമ്പോൾ*" എന്നിങ്ങനെ ഒരേ 'ക്രമ'ത്തിലുള്ള അടികൾ രാഗവൈകല്യം കൂടാതെ ആലപിക്കുവാൻ തഴക്കം സിദ്ധിച്ചിട്ടുള്ള നമ്മുടെ സാമാന്യ ജനങ്ങളുടെ വൃത്തശാസ്ത്രബോധം ക്ഷയിച്ചു വരുന്നതിൽ തെല്ലും അതിശയിപ്പാനില്ല.

സുറിയാനി ഭാഷ സംഗീതത്തിനു പറ്റിയതാണ്. അതിലെ രാഗങ്ങൾക്ക് കേരളത്തിലെ ദേശീയ ഗീതങ്ങളോട് വളരെ സാദൃശ്യമുണ്ട്. സുറിയാനി ഗീതങ്ങളുടെ സാഹിത്യ ഭംഗിയും ആശയപൗഷ്കല്യവും സ്തുത്യർഹമത്രേ. പക്ഷേ, അതിന്റെ ഇന്നത്തെ ഭാഷാന്തരീകരണ രീതി മാത്രം ദുർവഹമാണ്. വ്യവഹാരാദി പാരതന്ത്ര്യങ്ങളിൽ നിന്നും വിമുക്തയാവാൻ പോകുന്ന നമ്മുടെ സഭ ഉടൻ തന്നെ ഇതിനൊരു പോംവഴിയുണ്ടാക്കാതിരിക്കയില്ലെന്നു നമുക്ക് സമാശ്വസിക്കാം.

GM

പ്രിയ വായനക്കാർക്ക്

ജോർജിയൻ മിറർ വരിക്കാരും വായനക്കാരും വർഷങ്ങളായി നൽകിക്കൊണ്ടിരിക്കുന്ന പ്രോത്സാഹനവും സഹായങ്ങളും ഞങ്ങൾക്ക് വിലമതിക്കാനാവാത്തതാണ്. അതുകൊണ്ടുതന്നെ 13 വർഷങ്ങളായി ഒരിക്കൽപോലും മുടങ്ങാതെ ഈ പ്രസിദ്ധീകരണം നിങ്ങളുടെ അടുത്തെത്തിക്കാൻ ജോർജിയൻ മിറർ പ്രവർത്തകർ ബദ്ധശ്രദ്ധരായിരുന്നു. എന്നാൽ, കോവിഡ്-19 എന്ന മഹാമാരി എല്ലാ കണക്കുകൂട്ടലുകളെയും തകിടംമറിച്ചു. അതു കാരണം, 2020 ഏപ്രിൽ-ജൂൺ ലക്കം യഥാക്രമം പ്രസിദ്ധീകരിക്കാനായില്ല.

എന്നാൽ, വൈകിയാണെങ്കിലും ജോർജിയൻ മിറർ പ്രിയ വായനക്കാരിലെത്തിക്കാൻ ശ്രമിക്കുകയാണ്. കൂടുതൽ പേജുകളോടും ഉള്ളടക്കത്തോടും കൂടി ഏപ്രിൽ-സെപ്റ്റംബർ കാലത്തെ രണ്ടു ലക്കങ്ങൾ(2&3) ഒരു പുസ്തകമായി പ്രസിദ്ധീകരിക്കുകയാണ്. ഇത് സസന്തോഷം സ്വീകരിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കട്ടെ.

– ചീഫ് എഡിറ്റർ



സുറിയാനി ആരാധനാ ഗീതങ്ങൾക്കും രാഗങ്ങൾക്കും കാലാനുസൃത മാറ്റങ്ങൾ ആവശ്യമോ ?

■ ഫാ. ഡോ. എം.പി.ജോർജ്

വിശുദ്ധസഭയുടെ ജീവൻ അതിന്റെ ആരാധയാണ്. ആരാധനയുടെ കേന്ദ്രം (Centre) എന്നത് ക്രിസ്തുവാണ്. കൂടാതെ, കാലാകാലങ്ങളായി വിശുദ്ധ പിതാക്കന്മാരാൽ നൽകപ്പെട്ട വിശ്വാസവും ആചാരങ്ങളും ഒരു പ്രത്യേക കാലഘട്ടത്തിന്റെ സംഭാവനയല്ല. പ്രത്യുതാ, ദശകങ്ങളും ശതകങ്ങളുമായുള്ള ആധ്യാത്മജീവിതത്തിന്റെയും വിശ്വാസ പഠനത്തിന്റെയും ഫലമായിട്ടുള്ളതാണ്. പുരാതന സഭകളിൽവെച്ച് ഏറ്റവും ശ്രേഷ്ഠമായ പാരമ്പര്യങ്ങൾ, അതായത്, ആരാധനയിലും വിശ്വാസത്തിലും, ഉള്ളത് സുറിയാനി സഭയിലാണ്. അതു കൊണ്ടാണ് പല വിദേശ ആധിപത്യത്തിന്റെ ഇടയിലും സുറിയാനി പാരമ്പര്യത്തെ പുൽകുവാൻ സഭകൾ തയ്യാറായത്. സുറിയാനി ആരാധനയുടെ മേന്മ എന്നത്, (1) അതിന്റെ ആഴമായ ദൈവ ശാസ്ത്രം, (2) അതിന്റെ മികച്ച പാരമ്പര്യം (പഞ്ചേന്ദ്രിയങ്ങൾക്ക് ആസ്വദിക്കാൻ, അതായത് കണ്ണുകൾകൊണ്ട് കാണുവാനുള്ള ദൃശ്യങ്ങൾ, ഇമ്പകരമായ രാഗങ്ങൾ കാതുകൾക്കു കേൾക്കുവാൻ, സുഗന്ധപരിമളം മൂക്കിന്, ദേവസ്തുതികൾ അർപ്പിക്കുവാൻ നാവിനും സ്നേഹചുംബനത്താൽ സ്നേഹിതനെ പുൽകുവാൻ തന്റെ ത്വക്കിനും സാധിക്കുന്നു), (3) മികച്ച ശാസ്ത്രീയ സംഗീത ധ്വനി.

ഈ മൂന്നു വിഭാഗങ്ങളും വളരെ ആഴമായി മനസ്സിലാക്കിയ പിതാക്കന്മാർ കൈമാറിത്തന്ന മികച്ച പാരമ്പര്യത്തിന് പകരം വയ്ക്കുവാൻ മറ്റൊന്നിനും സാധിക്കുകയില്ല. ഭാരതീയ സംഗീതം വളരെ ഹൃദ്യവും ആസ്വാദ്യകരവുമാണ്. എന്നാൽ അതിന്റെ പ്രത്യേകത ഭാവമാണ്. നന്നായി ഭാവരാഗതാളങ്ങളിൽ അവതരിപ്പിക്കുമ്പോൾ ഒരാൾതന്നെ ചെയ്യുന്നതാണ് ഭംഗി. ഇന്ത്യൻ സംഗീതത്തിൽ നാല് വയലിൻ ഒരുമിച്ചു വായിച്ചാൽ അതിന്റെ bow ഒരേ ദിശയിലേക്ക് ആകാൻ പ്രയാസം. അതുപോലെ അതിന്റെ ഗമകങ്ങൾ (vibration) വ്യത്യാസം വരും. ഭാവം ശ്രേഷ്ഠമാകുമ്പോൾ സംഘ അവതരണത്തിന് പ്രസക്തിയില്ലാതെ വരും. എന്നാൽ സുറിയാനി രാഗങ്ങളുടെ പ്രത്യേകത, അതിന്റെ ആരോഹണാവരോഹണ സ്വരസ്ഥാനങ്ങൾ വെറും മൂന്നോ നാലോ മാത്രമെ കാണുകയുള്ളു. അതുകൊണ്ട് ഒരു സമൂഹത്തിന് ഒരുമിച്ചുനിന്ന് അനായാസേന പാട്ടുപാടുവാൻ ഇതുമൂലം സാധിക്കും. കൂട്ടായ ആരാധനയാണ് സുറിയാനി സഭയുടെ ആകർഷണീയമായ കൈമുതൽ. ഈ ആരാധനാക്രമത്തിന് വ്യതിയാനം ഉണ്ടാകേണ്ട ആവശ്യമുണ്ടൊ എന്നത് ഏറെ വിമർശനരൂപേണ ആരോപിക്കുന്നതായി കാണുന്നു. ആരാധനാക്രമത്തിലെ പോരായ്മകളായി പറയുന്നവ:-

1) അതിലെ ഭാഷ പഴയതാണ്. (ഉദാ- *പട്ടാങ്ങപ്പെട്ട ദൈവംതമ്പുരാനെ........*)
2) ദൈർഘ്യം വളരെ കൂടുതലാണ്. (പെന്തിക്കോസ്തി, ദനഹാ ദിവസങ്ങൾ- വളരെ വിരസമായി തോന്നും)
3) വാചകങ്ങൾ പലതും കർത്തരിപ്രയോഗങ്ങളല്ല (active voice), കർമണിപ്രയോഗമാണ് (passive voice).
4) വാക്യങ്ങളുടെ ദൈർഘ്യം കൂടുതലാകയാൽ മനസ്സിലാക്കുവാനുള്ള പ്രയാസം.

ഇങ്ങനെ ഏറെ വിമർശനങ്ങൾ ഉണ്ട്. എന്നാൽ അതിനു വിപരീതമായി ഭാരതീയ രീതിയിലുള്ള പാട്ടുകൾ ചിട്ടപ്പെടുത്തി ഉപയോഗിച്ചുനോക്കി. അപ്പോൾ ഏറെ ആളുകളും അതിനെ വിമർശിച്ചു. പഴയവ നിലനിർത്തണമെന്ന ആവശ്യം ഉച്ചത്തിൽ ഉന്നയിച്ചു. (കത്തോലിക്കാസഭകളിൽ ഇന്ന് ആശയപരമായി ഇക്കാര്യത്തിൽ ഭിന്നാഭിപ്രായങ്ങൾ നിലനിൽക്കുന്നു.)

കാലാനുസൃതമായ മാറ്റം ആവശ്യമോ ?

മലങ്കരസഭയിൽ ആരാധനാക്രമങ്ങളും വിശിഷ്യാ, ഏവൻഗേല്യോൻ പുസ്തകവും ഒട്ടേറെ ഭാഷാശുദ്ധി വരുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ ഭക്തജനങ്ങളുടെ മനസ്സിൽ അന്തർലീനമായ വാക്കുകളും സംഗീതവും മാറ്റുമ്പോൾ അതിലെ ഹൃദ്യത നഷ്ടപ്പെടുന്നു എന്നു പറയാറുണ്ട്. മാർതോമാ സഭയുടെ ആരാധനാക്രമത്തിൽ ഏറെ പോരായ്മകൾ ഉണ്ട് എന്ന് അവരുടെ പുതു തലമുറ വിമർശിക്കുമ്പോഴും പഴയ ക്രമം മാറ്റുവാൻ സഭ തയ്യാറാകാത്തതും ഈ ഹൃദ്യത നഷ്ടപ്പെടും എന്ന ബോധ്യം കൊണ്ടാണ്. സുറിയാനി ആരാധന, പ്രാർഥനാനിരതമായ പിതാക്കന്മാരുടെ മനസ്സിന്റെ സ്പന്ദനമാണ് (vibration). ഈ സ്പന്ദനം സാധാരണക്കാരിൽനിന്നും വിഭിന്നമായിരിക്കും. അത് പെട്ടെന്ന് ഉണ്ടാക്കി എടുത്തതല്ല. പിന്നെയൊ, മോരു കടഞ്ഞ് വെണ്ണ എടുക്കുന്നപോലെ, ദിനംപ്രതിയുള്ള ആശ്രമജിവിതത്തിൽനിന്നും ഉരുത്തിരിഞ്ഞ് വന്നതാണ്. സന്യാസിമാർക്ക് കൊതിതീരാത്തതാണ് പ്രാർഥന(സാധാരണക്കാർക്ക് സ്വാദിഷ്ടമായ ഭക്ഷണംപോലെ). അതുകൊണ്ട്, ദീർഘസമയം 'നിന്നുകൊണ്ട്', ദൈവത്തെ സ്തുതിച്ച സ്തുതിപ്പുകളുടെ അംശമാണ് ഇക്കാലത്ത് നാം അനുഭവിക്കുന്നത്. കത്തി തേച്ചുമിനുക്കുന്നതുപോലെ ഇതിന്റെ മൂർച്ച കൂടുതലാകും. ഇന്നത്തെ സിനിമാഗാനങ്ങളും ആരാധനാഗാനങ്ങളും തമ്മിലുള്ള വ്യത്യാസം ഇതാണ്. ചില സിനിമാഗാനങ്ങൾ പെട്ടെന്ന് ജനങ്ങളെ ആകർഷിക്കും. പക്ഷെ, പെട്ടെന്ന് അത് മങ്ങിപ്പോകും. ആരാധനാഗാനങ്ങൾ കേൾക്കുന്തോറും മാധുര്യം ഏറും. ***നമ്മുടെ കഷ്ടാനുഭാവഴ്ചയിലെ ഗാനങ്ങൾക്കുപകരം മറ്റു നൂതനരീതിയിലുള്ള ഗാനങ്ങൾ ആലപിച്ചാൽ ആർക്കും അത് ആസ്വാദ്യകരമാവുകയില്ല.*** ഒന്നു ഞാൻ മനസ്സിലാക്കുന്നു, പരമ്പരാഗത രൂപത്തിലുള്ള ആരാധനാരീതിയും പാരമ്പര്യങ്ങളും രീതികളും മാറ്റിയാൽ, ഇന്ന് റോമൻ കത്തോലിക്കാസഭയിൽ വന്ന അഭിപ്രായ ഭിന്നതകൾ നമ്മുടെയിടയിലും ദർശിക്കാം. കിഴക്കോട്ടു നിന്ന് വി.കുർബാന അർപ്പിക്കുന്നവരും പടിഞ്ഞാറോട്ട് നിന്ന് വി.കുർബാന അർപ്പിക്കുന്നവരും ഭാരതീയ സംഗീതം ഉപകരണങ്ങളോടുകൂടി പാടുന്നവരും എല്ലാം കടന്നുവന്നപ്പോൾ ആ സഭയുടെ ആരാധനയിൽ ചില അനൈക്യം കാണുവാനിടയായി. ***ആരാധനാക്രമങ്ങൾ, പാരമ്പര്യങ്ങൾ, ഗാനങ്ങൾ ഇവയെല്ലാം പിതാക്കന്മാർ തന്നത് ഉപയോഗിക്കുന്നതാണ് അനുഗ്രഹം എന്നാണ് എന്റെ അഭിപ്രായം.*** പിതാക്കന്മാർ ഇട്ടിരിക്കുന്ന അതിർ മാറ്റരുത് എന്നുണ്ടല്ലൊ. കാലങ്ങൾ എത്ര മാറിയാലും കോലങ്ങൾ എത്ര കെട്ടിയാലും സുറിയാനി ആരാധനാ പാരമ്പര്യത്തിൽ തലമുറതോറും അതിന്റെ തിളക്കം വർധിച്ചുകൊണ്ടേയിരിക്കും.

GM

*(കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി പ്രൊഫസറും സഭയുടെ **ശ്രുതി സ്കൂൾ ഓഫ് മ്യൂസിക്കി**ന്റെ മുൻ തലവനുമാണ് ലേഖകൻ. ഗ്രന്ഥകാരനും അറിയപ്പെട്ട ക്രിസ്തീയ/സുറിയാനി സംഗീതജ്ഞനുമാണ്.)*

മലങ്കര സഭയുടെ ആരാധനാക്രമങ്ങളുടെ സമകാലിക ചരിത്രം

■ ഫാ. ഡോ. മാത്യു വർഗീസ്

മലങ്കര സഭയുടെ ആരാധനാ ചരിത്രം ഒട്ടേറെ അഭ്യൂഹങ്ങളും അനുമാനങ്ങളും നിറഞ്ഞതാണ്. ഉദയംപേരൂർ സുന്നഹദോസിന് മുമ്പ് പേർഷ്യൻ ബന്ധംമൂലം മലങ്കരയിൽ പൗരസ്ത്യ സുറിയാനിക്രമം ഉപയോഗിച്ചിരുന്നു എന്ന് പറയുന്നുണ്ടെങ്കിലും അതിനെ സംബന്ധിച്ച് വ്യക്തമായ ധാരണകൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ സഭയുടെ ചരിത്രഗതിയിൽ, അന്ത്യോഖ്യൻ സുറിയാനി സഭയുമായി ബന്ധപ്പെടുകയും തുടർന്ന് ക്രമാനുഗതമായി പാശ്ചാത്യ സുറിയാനി ആരാധനാക്രമങ്ങൾ മലങ്കരയിൽ പ്രചാരത്തിലാകുവാനും തുടങ്ങി. ആദ്യം സുറിയാനി ഭാഷയിൽ ആരാധനാക്രമം ഉപയോഗിച്ചിരുന്നു എങ്കിലും 19-ാം നൂറ്റാണ്ടിന്റെ പകുതിക്കുശേഷം മലയാള പരിഭാഷകൾ ഉണ്ടായിത്തുടങ്ങി. തുടർന്ന് ആരാധനാ ക്രമങ്ങളിൽ ഭൂരിഭാഗവും മലയാള ഭാഷയിൽ പരിഭാഷപ്പെടുത്തി. സുറിയാനി സംഗീത ക്രമത്തിൽത്തന്നെ ഗാനങ്ങൾ ചിട്ടപ്പെടുത്തി ഉപയോഗിക്കുവാൻ തുടങ്ങി. ഇത് ആരാധന ഏറെ ഹൃദ്യവും ജനകീയവുമാക്കുവാൻ സഹായകമായി.

പാശ്ചാത്യ സുറിയാനി ആരാധനാക്രമങ്ങൾ ഉപയോഗിക്കുമ്പോൾ തന്നെ വിവിധ സന്ദർഭങ്ങളിലേക്കായി തദ്ദേശീയമായി ആരാധനാക്രമങ്ങൾ രൂപപ്പെടുത്തുവാൻ മലങ്കര സഭയ്ക്കായി. മൂലഭാഷയായ സുറിയാനിയിൽ ഇല്ലാതിരുന്ന ക്രമങ്ങൾപോലും അപ്രകാരം മലങ്കരയിൽ രൂപംകൊണ്ടിട്ടുണ്ട്. അങ്ങനെ രൂപംകൊണ്ട ആരാധനാക്രമങ്ങളെപ്പറ്റിയുള്ള ഒരു ലഘു വിവരണമാണ് ഈ ലേഖനം.

1. വൈദിക വിദ്യാലയ കൂദാശക്രമം

1969 ജനുവരി 7-ാം തീയതി കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി ഓഫീസ് – ക്ലാസ് മുറികൾ അടങ്ങിയ കെട്ടിയ സമുച്ചയം കൂദാശ ചെയ്യുവാനായി തയ്യാറാക്കിയ ആരാധനാ ക്രമമാണിത്. പ. ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവായുടെ അനുമതിയോടുകൂടി വൈദിക സെമിനാരിയിൽ നിന്നാണ് ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നത്. പ്രാർഥനാക്രമത്തിൽ, ഒരു വെറും സ്ഥാപനകൂദാശക്കുപകരം വൈദിക ശുശ്രൂഷ, വൈദിക പരിശീലനം തുടങ്ങിയ കാര്യങ്ങൾക്കായി ദൈവകൃപ ആവശ്യപ്പെടുന്നതാണ് ഇതിലെ പ്രധാന പ്രമേയം.

2. സ്വയം പ്രതിഷ്ഠിക്കുന്നതിനുള്ള ഒരുക്ക ശുശ്രൂഷ

1988 മെയ് മാസം കാതോലിക്കേറ്റ് അരമനയിൽനിന്ന് പ. സുന്നഹദോസിന്റെ അംഗീകാരത്തോടെ പ്രസിദ്ധീകരിച്ച ആരാധനാക്രമമാണ് ഇത്. പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവായുടെ ആരാധനയിലുള്ള അവഗാഹവും ദർശനവും ഈ ശുശ്രൂഷക്രമത്തിന്റെ നിർമിതിയിൽ കാണുവാൻ കഴിയുന്നതാണ്. 12 വയസ്സ് പൂർത്തിയാക്കുന്ന ബാലികാബാലന്മാരെ അവർ പ്രാപിച്ച മാമൂദീസായെക്കുറിച്ചും മൂറോനഭിഷേകത്തെക്കുറിച്ചും സഭയുടെ വിശ്വാസത്തെക്കുറിച്ചും ബോധവാന്മാരാക്കുകയും ദൈവമുമ്പാകെ പ്രതിഷ്ഠിക്കുവാൻ സന്നദ്ധരാക്കുകയും ചെയ്യുന്ന ശുശ്രൂഷയാണിത്. മുൻകൂട്ടിയുള്ള ഒരുക്കം, വിശ്വാസപഠനം, വി.കുർബാനമധ്യേയുള്ള ശുശ്രൂഷ എന്നിവയാണ് ഈ ക്രമത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. 12 വയസ്സായ കുട്ടികൾ മാത്രമല്ല അവരുടെ കൂടെ മധ്യസ്ഥരും മാതാപിതാക്കളും ശുശ്രൂഷയിൽ പങ്കാളികളാകുന്നു. വിശ്വാസ സംബന്ധമായ ചോദ്യോത്തരങ്ങൾ ശുശ്രൂഷയുടെ തുടക്കത്തിൽ ഉണ്ട്. ഇന്നും പല ദേവാലയങ്ങളിലും ഈ ശുശ്രൂഷ നടക്കുന്നുണ്ട്.

3. പെന്തിക്കോസ്തിക്കു മുമ്പ് കാത്തിരിപ്പിന്റെ ദിവസങ്ങൾക്കുള്ള ക്രമം

സ്വർഗാരോഹണ പെരുന്നാൾ തുടങ്ങി പെന്തിക്കോസ്തി ഞായറാഴ്ചയ്ക്കു മുമ്പുള്ള ദിവസം വരെയുള്ള 10 ദിവസത്തെ കാത്തിരിപ്പിന്റെ നാളിലെ ഉപയോഗത്തിനായി പ.ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവാ 1998 മെയ് മാസത്തിൽ കതോലിക്കേറ്റ് അരമനയിൽനിന്ന് പ.സുന്നഹദോസിന്റെ അനുമതിയോടുകൂടി പ്രസിദ്ധീകരിച്ച ആരാധനാക്രമമാണിത്. കാത്തിരിപ്പിന്റെ ദിവസങ്ങളിലെ സന്ധ്യാനമസ്കാരത്തിന്റെ അവസാനത്തിൽ ദേവാലയങ്ങളിൽ വിശ്വാസപ്രമാണത്തിനു മുമ്പായി നടത്തുവാനായിട്ടാണ് ഈ ക്രമം. പ്രാരംഭ പ്രാർഥന, കുക്കിലിയോൻ, പ്രൂമിയോൻ-സെദറാ, കോലോ, എത്രോ എന്നിവയും വേദവായനകൾ (10 ദിവസങ്ങളിലേക്കും വേദവായനഭാഗങ്ങൾ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്), ഏവൻഗേലിയോൻ, ധ്യാനപ്രസംഗം, അപ്രേമിന്റെ ബോവൂസോ, ലുത്തിനിയാ, മുട്ടുകുത്തിയുള്ള പ്രാർഥന, കോലോ, ഹുത്തോമോ എന്നിവയാണ് ശുശ്രൂഷയുടെ ക്രമം. പെന്തിക്കോസ്തി പെരുന്നാളിന്റെ ഒരുക്കത്തിനും വിശ്വാസികളിൽ പ.റൂഹായുടെ പ്രോജ്വലനത്തിനും ഉപയുക്തമാം വണ്ണമാണ് ഇത് ക്രമീകരിച്ചിട്ടുള്ളത്. അതുവരെ, ചില സന്യാസാശ്രമങ്ങളിൽമാത്രം ഉണ്ടായിരുന്ന കാത്തിരിപ്പിന്റെ നാളുകളിലെ ധ്യാനവും ഒരുക്കവും വിശ്വാസികളേവർക്കും അനുഭവവേദ്യമായിത്തീരുവാൻ ഈ ശുശ്രൂഷാക്രമം ഉപകരിച്ചു.

4. പുതുവർഷ ജാഗരണ പ്രാർഥന

കോട്ടയം വൈദിക സെമിനാരി സ്ഥാപനത്തിന്റെ 175-ാം വാർഷികത്തോടനുബന്ധിച്ച് പ.സുന്നഹദോസിന്റെ അനുമതിയോടും പ.ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവായുടെ അംഗീകാര കല്പനയോടുംകൂടി പുതുവർഷ ജാഗരണ പ്രാർഥനയ്ക്കായി പ്രസിദ്ധീകരിച്ച പ്രാർഥനാക്രമമാണിത്. 1990 ജനുവരി 1 മുതൽ എല്ലാ വർഷാരംഭങ്ങളിലും ഈ ക്രമം ഉപയോഗിച്ച് അഖണ്ഡപ്രാർഥനകൾ ദേവാലയങ്ങളിൽ ക്രമീകരിക്കണമെന്ന് പ.ബാവാ തന്റെ ആമുഖകല്പനയിൽ (251/89 – 1989 നവംബർ 30) ആഹ്വാനം ചെയ്തിട്ടുണ്ട്. ഈ പുസ്തകത്തിന് ആമുഖം രചിച്ചത് വന്ദ്യനായ ടി.ജെ.ജോഷ്വാ അച്ചനാണ്.

5. ആത്മഹത്യ ചെയ്തവരുടെ ശവസംസ്കാരക്രമം

പ.സഭയുടെ പാരമ്പര്യത്തിൽ ആത്മാവിനെ സ്വയം നിഗ്രഹിക്കുന്ന ആത്മഹത്യ കൊടിയ പാപമായി കരുതി അങ്ങനെയുള്ളവർക്ക് യോഗ്യമായ ശവസംസ്കാരം നല്കുകയില്ലായിരുന്നു. എന്നാൽ, ജീവിതത്തിൽ നൈരാശ്യം ബാധിച്ച്

ഒരു ദുർബല നിമിഷത്തിൽ ജീവിതം അവസാനിപ്പിക്കുന്നവരോട് കുറേക്കൂടെ മാനുഷികമായി പെരുമാറണം എന്ന ധാരണയോടും മരണത്തോടടുക്കുന്ന നിമിഷത്തിൽ, മരണവേദനയുടെ പാരമ്യത്തിൽ ആത്മഘാതകൻ അനുതപിച്ചിരിക്കാം എന്ന വിശ്വാസത്തോടും അങ്ങനെ ജീവിതം അവസാനിപ്പിച്ച സഭാംഗങ്ങളുടെ കുടുംബാംഗങ്ങൾക്ക് ആശ്വാസം പകരുവാൻ ഇടയാകണമെന്നുമുള്ള ഉദ്ദേശ്യത്തിൽ പ.എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ ശ്രേഷ്ഠാനുമതിയോടും പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അനുവാദകൽപനയോടുംകൂടി 1997-ൽ പ്രസിദ്ധീകരിച്ച ശവസംസ്കാര ക്രമമാണിത്. നിലവിലിരുന്ന ശവസംസ്കാരക്രമത്തിൽ ഉചിതമായ ഭേദഗതികൾ വരുത്തിയാണ് ഇത് തയ്യാറാക്കിയത്. അന്നുമുതൽ ആത്മഹത്യ ചെയ്തവർക്കായി ഈ ക്രമം ഉപയോഗിച്ച് ശവസംസ്കാരം നടത്തിവരുന്നു.

6. ദയറാക്കാരുടെ ശവസംസ്കാര ശുശ്രൂഷാക്രമം

മലങ്കര സഭയിലെ എല്ലാ സന്യാസികളും പൗരോഹിത്യ ഗണത്തിൽ ഉൾപ്പെട്ടവരല്ല. പൗരോഹിത്യ ഗണത്തിൽ ഉൾപ്പെടാത്ത സന്യാസികളുടെ ശവസംസ്കാരത്തിനായി 2002-ൽ പ.ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ ബാവായുടെ ശ്രേഷ്ഠാനുമതിയോടെ പ്രസിദ്ധീകരിച്ച ആരാധനാക്രമമാണിത്. പ.സുന്നഹദോസിന്റെ നിർദേശാനുസരണം ഡോ. യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായാണ് ഈ ശുശ്രൂഷാക്രമം തയ്യാറാക്കിയത്. അന്ത്യോഖ്യൻ സുറിയാനി സഭയിൽ സന്യാസികളുടെ കബറടക്കത്തിനായി ഒരു ക്രമം ഉണ്ടായിരുന്നു എങ്കിലും ഇവിടെ മലങ്കരയിൽ തദ്ദേശീയമായി അതു രൂപപ്പെടുത്തുകയായിരുന്നു. ഈ ആരാധനാക്രമം രചിക്കുന്നതിന് മുമ്പ് നിത്യവ്രതരായ കന്യാസ്ത്രീകൾക്കും പൗരോഹിത്യഗണത്തിലുൾപ്പെടാത്ത ദയറാക്കാർക്കും സാധാരണ സ്ത്രീപുരുഷന്മാരുടെ ശവസംസ്കാരക്രമം ഉപയോഗിച്ചായിരുന്നു കബറടക്ക ശുശ്രൂഷ നിർവഹിച്ചിരുന്നത്. എന്നാൽ ഈ ആരാധനാക്രമം നിലവിൽ വന്നതോടുകൂടി കന്യാസ്ത്രീകളുടെയും പൗരോഹിത്യഗണത്തിലുൾപ്പെടാത്ത ദയറാക്കാരുടെയും ശവസംസ്കാരശുശ്രൂഷ ഇതുപയോഗിച്ച് നിർവഹിക്കുവാൻ തുടങ്ങി. സന്യാസത്തിന്റെ ശ്രേഷ്ഠതയും സകലതും ഉപേക്ഷിച്ച് തന്റെ നാഥനെ പിൻപറ്റിയ നിർമല ദയറാക്കാരുടെ ജീവിതമൂല്യങ്ങളും ഈ ശുശ്രൂഷാക്രമത്തിൽ പ്രതിഫലിക്കുന്നു.

7. മലങ്കരസഭാ ഭാസുരൻ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ പരിശുദ്ധ പദവി പ്രഖ്യാപനശുശ്രൂഷാക്രമം

2003 ഫെബ്രുവരി 24-ന് വട്ടശ്ശേരിൽ തിരുമേനിയുടെ പരിശുദ്ധ പദവിപ്രഖ്യാപനശുശ്രൂഷക്കായി കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്ന് പ്രസിദ്ധീകരിച്ച ഗ്രന്ഥമാണിത്. മലങ്കരസഭയുടെ പ്രഖ്യാപിത പരിശുദ്ധന്മാരായ യൽദോ ബാവായെയും പരുമല തിരുമേനിയെയും വിശുദ്ധരായി പ്രഖ്യാപിക്കുമ്പോൾ ഇപ്രകാരം ഒരു ശുശ്രൂഷ നടത്തിയിട്ടില്ല. പ.സുന്നഹദോസിന്റെ തീരുമാനപ്രകാരം 1947-ൽ പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഒരു കല്പനയിലൂടെ അവരെ വിശുദ്ധരായി പ്രഖ്യാപിക്കുകയാണുണ്ടായത്. എന്നാൽ വട്ടശ്ശേരിൽ തിരുമേനിയുടെ പരിശുദ്ധ പദവി പ്രഖ്യാപനം വി.കുർബാനമദ്ധ്യേ ഒരു ശുശ്രൂഷയിലൂടെ നിർവഹിക്കണമെന്ന പ.എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനമനുസരിച്ചാണ് ഈ ക്രമം രചിച്ചത്. ഡോ.യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത ആയിരുന്നു ഇതിന്റെ രചനനിർവഹിച്ചത്.

8. വട്ടശ്ശേരിൽ തിരുമേനിയുടെ പെരുനാളിലെ പെങ്കീസാ നമസ്കാരം

വട്ടശ്ശേരിൽ തിരുമേനിയെ വിശുദ്ധനാക്കി ഒരു വർഷത്തിനകംതന്നെ അദ്ദേഹത്തിന്റെ പെരുന്നാളിൽ പ്രത്യേക പെങ്കീസാ നമസ്കാരം തയ്യാറാക്കി ഉപയോഗിക്കാൻ തുടങ്ങി. സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ എം.ഒ.സി. പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച ഈ നമസ്കാരക്രമത്തിന്റെ രചയിതാവ് ഡോ. യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തയാണ്. പ.വട്ടശ്ശേരിൽ തിരുമേനിയുടെ പെരുന്നാളിൽ സന്ധ്യ മുതൽ മദ്ധ്യാഹ്ന നമസ്കാരം വരെയുള്ള പ്രാർഥനകൾ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. പ.വട്ടശ്ശേരിൽ തിരുമേനിയുടെ ജീവിത വിശുദ്ധി, സഭയ്ക്കു നൽകിയ സംഭാവനകൾ തുടങ്ങിയവ ഈ പെരുന്നാൾ നമസ്കാരക്രമത്തിൽ പ്രതിഫലിക്കുന്നുണ്ട്.

9. അഞ്ചാം വർഷം പഠനം പൂർത്തിയാക്കുന്ന ശെമ്മാശന്മാരുടെ സമർപ്പണ ശുശ്രൂഷ

വൈദിക സെമിനാരി പഠനം പൂർത്തീകരിക്കുന്ന ശെമ്മാശന്മാരുടെ സമർപ്പണത്തിനായി കോട്ടയം വൈദിക സെമിനാരി തയ്യാറാക്കിയ ശുശ്രൂഷക്രമമാണിത്. ആദ്യമായി 2009-ലാണ് പ. ബാവാ തിരുമനസ്സിന്റെ പ്രധാനകാർമികത്വത്തിൽ ഈ ശുശ്രൂഷാക്രമം ഉപയോഗിച്ച് ശെമ്മാശന്മാരുടെ സമർപ്പണ ശുശ്രൂഷ നിർവഹിച്ചത്. തുടർന്ന് എല്ലാവർഷവും ഈ ക്രമം ഉപയോഗിച്ച് വൈദികപഠനം പൂർത്തീകരിക്കുന്ന വിദ്യാർഥികളുടെ സമർപ്പണ ശുശ്രൂഷ നിർവഹിച്ചുവരുന്നു.

10. പ്രത്യേക സന്ദർഭങ്ങൾക്കുള്ള ശുശ്രൂഷാ ക്രമം

പ.എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ അനുമതിയോടുകൂടെ 2010-ൽ എം.ഒ.സി. പബ്ലിക്കേഷൻസ് പുറത്തിറക്കിയ ശുശ്രൂഷാക്രമം ഭവനശിലാസ്ഥാപനം, കുരിശിന് കല്ലിടീൽ, വാഹനശുദ്ധീകരണം, വിശുദ്ധ മദ്ബഹായിലെ ശുശ്രൂഷാസഹായികൾക്കുള്ള കൈവെയ്പ് ക്രമം തുടങ്ങിയ പ്രത്യേക സന്ദർഭങ്ങളിലെ ശുശ്രൂഷകൾക്ക് ഉപയോഗിക്കുവാനായി തയ്യാറാക്കിയതാണ്. ഇപ്പോൾ ഈ ക്രമം സന്ദർഭോചിത പ്രാർഥനയോട് ചേർത്ത് പ്രസിദ്ധീകരിച്ചുവരുന്നു.

11. പരിശുദ്ധന്മാരുടെയും പിതാക്കന്മാരുടെയും ഓർമദിനങ്ങൾക്കുള്ള പ്രുമിയോനും ഹൂത്തോമോയും

മലങ്കരസഭയിൽ ബലിപീഠങ്ങളും ആരാധനാലയങ്ങളും പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നവരോ പെരുന്നാൾ ആഘോഷിക്കപ്പെടുന്നവരോ ആയ എല്ലാ വിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പെരുന്നാളുകൾക്കുള്ള പ്രത്യേക പ്രുമിയോൻ സെദറാകളും ഹൂത്തോമോയും ഉൾപ്പെടുത്തി 2018-ൽ പ്രസിദ്ധീകരിച്ച ഗ്രന്ഥമാണിത്. പ.ബസേലിയോസ് മാർത്തോമാ പൗലൂസ് ദ്വിതീയൻ ബാവായാണ് ഇതിന് ശ്രേഷ്ഠാനുമതി നൽകിയിരിക്കുന്നത്. 16 വയസ്സുള്ള വിദ്യാർഥി മുതൽ 89 വയസ്സുള്ള മല്പാൻ വരെ അൽമായർ, വൈദികർ, മേൽപട്ടക്കാർ അടക്കം വിവിധ പ്രായത്തിലും സ്ഥാനങ്ങളിലുമുള്ളവർ ഇതിന്റെ സൃഷ്ടിയിൽ പങ്കുചേർന്നിട്ടുണ്ട്. ഓരോ വിശുദ്ധന്റെയും ശുദ്ധിമതികളുടെയും ലഘുജീവചരിത്രക്കുറിപ്പ് ഈ ആരാധനാക്രമത്തെ ഹൃദ്യമാക്കുന്നു. സുറിയാനി സഭയുടെ ആരാധനാക്രമങ്ങൾ രൂപപ്പെട്ടത് മുഖ്യമായും സന്യാസ പ്രസ്ഥാനങ്ങളും അത് തയ്യാറാക്കിയിരുന്നത് പൗരോഹിത്യക്രമത്തിലുൾപ്പെട്ടവരുമാണ് എന്നുള്ള ധാരണയെ മറികടന്നുകൊണ്ടാണ് ഈ ആരാധനാക്രമം രചിക്കപ്പെട്ടത്.

യഥാർഥത്തിൽ വി.കുർബാനയിൽ ഓരോ പെരുന്നാളിനും വിശേഷ അവസരങ്ങൾക്കും പ്രത്യേകം ഹൂത്തോമോകൾ എന്ന രീതിതന്നെ മലങ്കരസഭയുടെ സൃഷ്ടിയാണ്. പൊതുവായ ഹൂത്തോമോകൾ അല്ലാതെ ഇപ്രകാരം ഒന്ന് പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിലോ

അന്ത്യോഖ്യൻ സഭയിലോ ഇല്ല. പ.ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവായാണ് സുറിയാനിയിലും മലയാളത്തിലും ആദ്യമായി പ്രത്യേക ഹൂത്തോമോകൾ രചിച്ചത്. സുറിയാനിയിൽ അന്ത്യാക്ഷരപ്രാസം (വരിയുടെ അവസാനം ഒരേ അക്ഷരത്തിൽ അവസാനിക്കുക) എന്ന രീതിയിലാണ് എല്ലാ ഹൂത്തോമോകളും അദ്ദേഹം രചിച്ചിട്ടുള്ളത്. 5-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സെറൂഗിലെ മാർ യാക്കോബിന്റെ രാഗ രീതിയിലാണ് അദ്ദേഹം രചന നിർവഹിച്ചിരിക്കുന്നത്. ഇത് സുറിയാനിയിലുള്ള ഔഗേൻ പ്രഥമൻ ബാവയുടെ അത്യഗാധമായ പാണ്ഡിത്യത്തിന്റെ പ്രതിഫലനംകൂടിയാണ്. ഈ മഹത്തായ പ്രാരംഭത്തിന്റെ കാലികമായ പൂർത്തീകരണമാണ് 2018-ൽ എം.ഒ.സി. പബ്ലിക്കേഷൻസ് നടത്തിയത്.

ഉപസംഹാരം

അതിപുരാതനമായ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ചൈതന്യം വൈവിധ്യമാർന്ന ആരാധനാക്രമങ്ങളിൽ അധിഷ്ഠിതമാണ്. അന്ത്യോഖ്യൻ സുറിയാനി സഭയുടെ ആരാധനാ പാരമ്പര്യമാണ് മലങ്കരയിൽ നിലനിൽക്കുന്നതെങ്കിലും അത് ഒരു പരിധിവരെ തദ്ദേശീയ ഭാവം സ്ഫുരിക്കുന്ന പൈതൃകമായി മാറി. **ഭാരതസഭ തികച്ചും സ്വതന്ത്രമായ ആരാധനാരൂപങ്ങളും ശൈലികളും ആവിഷ്ക്കരിച്ചിട്ടില്ല എന്ന വിമർശനത്തിന് വിരാമം കുറിക്കുവാൻ മേൽപ്പറഞ്ഞ ആരാധനാക്രമങ്ങൾക്കായി.** ഈ ആരാധനക്രമങ്ങളെല്ലാംതന്നെ വിവിധ സന്ദർഭങ്ങളിലെ ആവശ്യപ്രകാരം ഉളവായി വന്നതാണ്. അതിൽത്തന്നെ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ആരാധനാക്രമങ്ങളിൽനിന്ന് യുക്തമായത് ചേർത്തുണ്ടാക്കിയ ക്രമങ്ങളുണ്ട്. അതുകൂടാതെ പുതുതായി രചിച്ച ആരാധനാക്രമങ്ങളുണ്ട്. ഏതു ക്രമങ്ങളായാലും സുറിയാനി ആരാധനാക്രമത്തിന്റെ രീതിയിലും സുറിയാനി സംഗീതത്തിന്റെ ശീലുകളിലുമാണ് അവ രൂപപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ടുതന്നെ, ആരാധകർക്ക് അനായാസം ഉപയോഗിക്കുവാൻ കഴിയുന്നുണ്ട്. **സ്വതന്ത്രമായി ആരാധനാക്രമങ്ങൾ ചിട്ടപ്പെടുത്തുവാൻ കഴിയുക എന്നത് സഭയുടെ സ്വാതന്ത്ര്യത്തിന്റെയും സ്വകീയതയുടെയും പ്രതിഫലനംകൂടിയാണ് എന്നതുകൂടെ നാം ഗ്രഹിക്കേണ്ടതാണ്.**

"Necessity is the mother of Invention" എന്ന് സാധാരണ പറയാറുണ്ട്. കാലികമായ ആവശ്യങ്ങൾക്കായി ആരാധനാക്രമങ്ങൾ രൂപപ്പെടുത്തുമ്പോഴാണ് ആരാധന കാലികമാകുന്നത്. എങ്കിൽത്തന്നെയും വിശ്വാസത്തിന്റെ മർമങ്ങൾക്കും ദൈവശാസ്ത്ര തത്വങ്ങൾക്കും വിരുദ്ധമാകുമ്പോൾ ഏതു ക്രമവും 'അക്രമ'മാകും. അതുകൊണ്ട് പരിശോധനയും അനിവാര്യമാണ്. വിശ്വാസം, പട്ടത്വം, ഡിസിപ്ലിൻ (Faith, Order, Discipline) എന്നീ സംഗതികളെക്കുറിച്ച് തീരുമാനം ചെയ്യുന്നതിനുള്ള അധികാരം മലങ്കര സഭയുടെ ഭരണഘടനപ്രാകാരം പ.എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ നിക്ഷിപ്തമായിരിക്കുന്നതിനാൽ ആരാധനാക്രമങ്ങളുടെ നിർമിതിയും സുന്നഹദോസിന് വിധേയമായിമാത്രം നിവർത്തിക്കേണ്ടിയിരിക്കുന്നു. മലങ്കരസഭയിൽ ആരാധനാക്രമങ്ങൾ പ്രസിദ്ധീകരിക്കുവാനുള്ള അധികാരം ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ എം.ഒ.സി. പബ്ലിക്കേഷൻസിനു മാത്രമാണ് ഉള്ളത്.

GM

ESTD. 2007

മാന്യ വരിക്കാർക്ക്

പ്രസിദ്ധീകരണം തുടങ്ങി 13 വർഷം പിന്നിട്ട **ജോർജിയൻ മിറർ** രാജ്യത്തെ ക്രിസ്തീയ പ്രസിദ്ധീകരണങ്ങളിൽ മുൻനിരയിലാണ്. **Journal of Indian Orthodoxy-യായും 'മലങ്കരയുടെ സത്യദർശന'മായും** അത് അഭംഗുരം തിളങ്ങിനിൽക്കുന്നു. മാന്യ വായനക്കാരും വരിക്കാരും പരസ്യദാതാക്കളും നൽകിക്കൊണ്ടിരിക്കുന്ന കൈത്താങ്ങ് മാത്രമാണ് ഈ പ്രസിദ്ധീകരണത്തിന്റെ മുതൽക്കൂട്ട്. ഈടുറ്റതെന്ന് വായനക്കാരെല്ലാം വിലയിരുത്തിയിട്ടുള്ള ഈ പ്രസിദ്ധീകരണത്തിന്റെ നിലവിലെ വരിസംഖ്യ നാമമാത്രമാണ്. എന്നാൽ, അച്ചടി, കടലാസ് എന്നിവയുടെയെല്ലാം വില ക്രമാതീതമായി വർധിച്ചിരിക്കുന്നതിനാൽ വരിസംഖ്യയിൽ ചെറിയ ഒരു വർധന 1-4-2020 മുതൽ നടപ്പിലാക്കുവാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. പ്രിയ വരിക്കാരുടെ നിർലോഭമായ സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു.

പുതുക്കിയ വരിസംഖ്യ (1-4-2020 മുതൽ)		
കാലാവധി	പുതിയ നിരക്ക്	വൈദികർക്ക് സൗജന്യ നിരക്ക്
1 year	Rs. 250/-	Rs. 200/-
3 years	Rs. 600/-	Rs. 500/-
5 years	Rs. 1,000/-	

N.B. നിലവിലുള്ള വരിക്കാർക്ക് അവരുടെ വരിസംഖ്യാ കാലാവധി തീരുന്നതുവരെ പഴയ നിരക്ക് തുടരുന്നതാണ്.

– ചീഫ് എഡിറ്റർ

ആരാധന സ്വഭാഷയിൽ

■ പത്രോസ് മാർ ഒസ്താത്തിയോസ്

(തിരുവനന്തപുരത്തുനിന്നും പുറപ്പെട്ടിരുന്ന സുറിയാനിസഭ എന്ന പ്രതിമാസ പ്രസിദ്ധീകരണത്തിന്റെ 1096 (1921) കന്നി ലക്കത്തിൽ പ്രസിദ്ധീകരിച്ച ലേഖനം. അന്ന് ലേഖകൻ ശെമ്മാശനാണ്.)

നമ്മുടെ സഭയിലെ ആരാധന മുഴുവനും ജനങ്ങൾക്കു മനസ്സിലാകാത്തവിധം സ്വഭാഷയിൽ വേണമെന്നുള്ള അഭിപ്രായം പ്രബലപ്പെട്ടുവരുന്ന ഒരു കാലമാണല്ലോ ഇത്. വിശുദ്ധ കുർബാനയുടെ പല ഭാഗങ്ങളും പട്ടക്കാർ സാധാരണ തർജമ ചെയ്തു ചൊല്ലാറുണ്ടെങ്കിലും, മറ്റു കൂദാശകൾ പ്രായേണ സുറിയാനിയിൽ ചൊല്ലിക്കൂട്ടുകയാണ് പതിവ്. പരിഷ്കാരികളായ ചില പട്ടക്കാർ ഇവയുടെ ഗദ്യഭാഗങ്ങളിൽ ചിലതു പൊരുൾ തിരിച്ചാൽ ഭാഗ്യമായി. പദ്യഭാഗങ്ങളുടെ അർത്ഥം സിമനാരികളിൽ പഠിപ്പിക്കാറില്ലെന്ന് മാത്രമല്ല, അവയിൽ എന്താണ് അടങ്ങിയിരിക്കുന്നതെന്ന് സാധാരണ പട്ടക്കാർക്ക് അറിഞ്ഞുകൂടാതാനും. ശുശ്രൂഷക്കാരൻ അല്ലെങ്കിൽ കപ്യാർ ചൊല്ലിക്കൂട്ടന്ന അസംബന്ധങ്ങൾക്കു കണക്കില്ല. അവൻ സുറിയാനി നമസ്കാരങ്ങൾ മലയാളലിഖിതത്തിൽ എഴുതിപഠിച്ചവനാണെന്ന് ഓർക്കണം. ഒരു വീർപ്പിനു മുഴുവൻ ചൊല്ലിയില്ലെങ്കിൽ ആദിമുതൽ അവസാനംവരെ തകരാറായി അവൻ വിഡ്ഢിയാകും. മലയാളം ചൊവ്വായി വായിക്കുവാൻ അറിയാൻപാടില്ലാത്തവൻ സുറിയാനി എങ്ങനെ ചൊവ്വായി ചൊല്ലി ഒപ്പിക്കും? ഒരു കപ്യാർ 'കുസ്തന്തിനോസ്പോലീസിലും' എന്ന അഞ്ചാം തുബ്ദേന്റെ ഭാഗം 'കുസ്തുന്തിനോസിലും പോലീസിലും' എന്നു ചൊല്ലി. ഠിം! അച്ചൻ കപ്യാരെ ഒരടി. വിശുദ്ധ മദ്ബഹായിൽ വാസ്തവത്തിൽ പോലീസുനടന്നു എന്നുപറഞ്ഞാൽ കഴിഞ്ഞല്ലോ. ചില പള്ളികളിൽ മദ്ബഹായിൽ ഇത്തരം അടിപിടി സാധാരണയാണ്. അർത്ഥം അറിയാതെ ഗീതങ്ങൾ തട്ടിമൂളിക്കുന്നതുകൊണ്ട് വിവാഹകൂദാശയിലെ ഗീതം ശവസംസ്കാരത്തിന്റേതായും മറിച്ചും ചിലപ്പോൾ പരിണമിക്കാറുണ്ട്. ആരാധനയിലെ അലക്ഷ്യംകൊണ്ടും അർത്ഥം മനസ്സിലാകാത്തതുകൊണ്ടും ഏതുവിധം സ്വാഭിമാനം ഉള്ളവർ പള്ളിയിൽ നിന്നു പുറത്തിറങ്ങി വെടിപറഞ്ഞുകൊണ്ടിരിക്കും. 'ശാന്തി' കഴിക്കുന്നതുപോലെ 'തത്തമ്മേ, പൂച്ച പൂച്ച' എന്ന രീതിയിലുള്ള ലജ്ജാവഹമായ ഈ അനാചാരം മാറ്റിയില്ലെങ്കിൽ നമ്മുടെ സഭയ്ക്ക് ഒരു കാലത്തും ഗുണം പിടിക്കുകയില്ല. യഥാർത്ഥമായ പ്രാർത്ഥനാജീവിതം പട്ടക്കാരിലും അത്മേനികളിലും ഉളവാക്കാത്ത ഒരു സഭയിൽ തുടരെ അഭ്യന്തരകലഹങ്ങളും അടിപിടിയും ഉണ്ടായിക്കൊണ്ടിരിക്കുന്നതിൽ എന്താണ് അതിശയിപ്പാനുള്ളത്? "A comparatively lifeless Church" എന്ന് ഒരു വിദ്വാൻ അഭിപ്രായപ്പെട്ടിരിക്കുന്നത് വാസ്തമല്ലേ?

പഴയസിമ്മനാരിയിൽ ഒരു മണിക്കൂർ നേരത്തേക്കുള്ള ഒരു സന്ധ്യനമസ്കാരത്തിനു ഞാൻ ഒരിക്കൽ സംബന്ധിക്കുകയുണ്ടായി. അറുപതു ശെമ്മാശന്മാർ രണ്ടു ഭാഗമായി പിരിഞ്ഞ് പലതരത്തിലുള്ള താളങ്ങളിൽ മനോഹരമായി, കേൾവിക്കാരെ അപഹൃതചിത്തവൃത്തികളാക്കിത്തീർക്കത്തക്കവണ്ണം ഗീതങ്ങൾ ചൊല്ലിക്കൂട്ടി. നമസ്കാരം കഴിഞ്ഞപ്പോൾ "ഇപ്പോൾ ചൊല്ലിയതു വല്ലതും നിങ്ങൾക്കു മനസ്സിലായോ?" എന്ന് ഞാൻ ചില ശെമ്മാശന്മാരോട് ചോദിച്ചു. "ഒന്നും മനസ്സിലായില്ലെ"ന്നായിരുന്നു മറുപടി. "എന്നാൽ മലയാളത്തിൽ നിങ്ങൾക്ക് നമസ്കരിച്ചുകൂടെ? എന്നു ചോദിച്ചതിന് "അയ്യോ അക്കാര്യം മിണ്ടിപ്പോകല്ലെ. തിരുമേനികൾക്കു മലയാളത്തോടു വിരോധമാണ്. അവരുടെ ഇഷ്ടത്തിനു വിരോധമായി പ്രവർത്തിക്കുവാൻ ഞങ്ങൾക്കു നിവൃത്തിയുണ്ടോ?" എന്ന് അവർ മറുപടി പറഞ്ഞു. അഞ്ചാറു വർഷം പഴയ സിമ്മനാരിയിൽ ശെമ്മാശന്മാർ പഠിക്കുന്നതുകൊണ്ടു, ഒരു മൂന്നാം ഫോറം വിദ്യാർത്ഥിക്ക് ഇംഗ്ലീഷിൽ ഉള്ള ജ്ഞാനത്തേക്കാൾ അധികം ജ്ഞാനം സുറിയാനിയിൽ ഇവർക്കു ലഭിക്കുന്നുണ്ടെന്ന് എനിക്കു വിശ്വാസമില്ല, ഈ സ്ഥിതിക്കു കൊല്ലത്തിൽ ഒരിക്കൽ മാത്രം കഴിക്കേണ്ട ചില ആരാധനകളുടെ തർജമയും മറ്റും മദ്ബഹായിൽ നിന്നുകൊണ്ട് എളുപ്പത്തിൽ ഇവർക്ക് എത്രമാത്രം സാധിക്കുമെന്നു ഊഹിച്ചുകൊള്ളുകയാണ് നല്ലത്. അതിനാൽ ചില പട്ടക്കാർ വിശേഷദിവസങ്ങളിലെ പ്രത്യേകാരാധനകൾ കഴിക്കുന്നതേയില്ല. മറ്റു ചിലർ "ഏടുമറിക്കേണ്ടതായി" വന്നുകൂടുന്നു. വേറെ ചിലർ മലയാളത്തിൽ അർത്ഥം എഴുതി ആരും അറിയാതെ, ഏതോ പാപം ചെയ്യുന്നതുപോലെ, സുറിയാനിപ്പുസ്തകത്തിൽവെച്ചു ചൊല്ലേണ്ടതായി വരുന്നു. ചിലർ മുക്കിയും മൂളിയും തർജമചെയ്ത് ഉള്ള തെറ്റെല്ലാം വരുത്തിക്കൂട്ടുന്നു.

> **ഭാഗ്യസ്മരണാർഹനായ പത്രോസ് മാർ ഒസ്താത്തിയോസ് (1886-1968) തൃപ്പൂണിത്തുറ മൂക്കഞ്ചേരിൽ കുടുംബത്തിൽ ഭൂജാതനായി. 1926-ൽ വൈദികനും 1953-ൽ മെത്രാപോലീത്തയുമായി. സ്ലീബാദാസ സമൂഹം സ്ഥാപകൻ (1924). വിജാതീയ മിഷൻ പ്രവർത്തനത്തിൽ ശ്രദ്ധയൂന്നി. അവികസിത മലബാർ പ്രദേശത്തിന്റെ ചുമതല വഹിച്ചു. സുവിശേഷ വേലയും ലളിതജീവിതവും മുഖമുദ്രയാക്കി. മുളന്തുരുത്തി കർമേൽ ദയറായിൽ കബറടക്കി.**

ഇതിന്റെയെല്ലാം പരിഹാരമായിട്ടാണ് സഭയിൽനിന്നു ആരാധനക്രമങ്ങളുടെ തർജമ പുറപ്പെടുവിക്കണമെന്നും അവ മദ്ബഹായിൽ ഉപയോഗിക്കണമെന്നും നിവേദനം മുഖാന്തിരവും മറ്റും ബഹുജനങ്ങൾ ആവശ്യപ്പെടുന്നത്. '***കുർബാനക്രമം***,' '***കൃംതാ***' എന്നീ മലയാള പുസ്തകങ്ങൾ ഈ വിഷയത്തിൽ വളരെ ഗുണം ചെയ്തിട്ടുണ്ട്. ഇതുപോലെ തന്നെ മലയാളത്തിൽ ഈയിടെ അവതരിച്ചിട്ടുള്ള '***കുർബാനതക്സ***' മുതലായ പുസ്തകങ്ങളും സഭയ്ക്കു ശാശ്വതമായ ഗുണം ചെയ്യുമെന്നുള്ളതിന് സംശയമില്ല. യാഥാസ്ഥിതികന്മാർക്ക് ഇത്തരം അഭിപ്രായങ്ങൾ രുചിക്കാതെ വന്നേക്കാം. യൂറോപ്പിൽ വിശുദ്ധ വേദപുസ്തകം ലത്തീനിൽ നിന്നു സ്വഭാഷകളിലേക്ക് ആദ്യം തർജമചെയ്തപ്പോൾ മൂഢവിശ്വാസംകൊണ്ട് നിറഞ്ഞ ചില പ്രമാണികൾ വളരെ കരയുകയും നെടുവീർപ്പിടുകയും ക്രിസ്തുവിന്റെ സഭ നശിച്ചു വെണ്ണീറാകുന്നു

വല്ലോ എന്നു സങ്കടപ്പെടുകയും ചെയ്തു. എന്നാൽ അനുഭവം നേരെ മറിച്ചായിരുന്നു. സഭ നശിപ്പിക്കുന്നതിനുപകരം ശക്തിയേറിയ ക്രിസ്തീയ ജീവൻ അതിൽ ഉത്ഭൂതമാകയും ഭൂലോകത്തെ മുഴുവനും മിശിഹാതമ്പുരാൻ അധീനമാക്കുവാൻ വേണ്ടി വിദേശമിഷൻ നാനാഭാഗങ്ങളിലും വ്യാപിക്കുകയും ചെയ്തു.

വെള്ളിയും പൊന്നും ഇന്നു പൊതുജനങ്ങൾ നമ്മുടെ മതാദ്ധ്യക്ഷന്മാരോടു ആവശ്യപ്പെടുന്നില്ല. അർത്ഥം അറിഞ്ഞു പ്രാർത്ഥിക്കണമെന്നു ആളുകളുടെ തലയിലേക്കു കയറീട്ടുള്ള ഈ വിചാരം ദൈവത്തിൽ നിന്നാണെങ്കിൽ അത് നിശ്ചയമായും വിജയം നേടും. പിശാചിൽനിന്നാണെങ്കിൽ ഈ വിചാരം ഫലപ്രാപ്തി കൂടാതെ നശിക്കുകയും ചെയ്യും. നാനാഭാഗങ്ങളിലുമുള്ള അഭിപ്രായങ്ങളിൽ നിന്ന് പ്രസ്തുത വിചാരം വിജയം നേടുമെന്നുള്ളതും നിശ്ചയമാണെന്ന് അറിഞ്ഞിരിക്കുന്നു. ഇന്നോ നാളെയോ എന്നു മാത്രമേ സംശയമുള്ളൂ. ഇത്രയും പറഞ്ഞതുകൊണ്ട് സുറിയാനി ചാകാതെ കിടക്കുവാൻ യോഗ്യതയുള്ള ഒരു ഭാഷയല്ലെന്ന് എനിക്ക് അഭിപ്രായമുള്ളതായി ആരും തെറ്റിദ്ധരിക്കരുത്. പക്ഷേ, ചാകാതെ കിടത്തേണ്ടത് അർത്ഥം അറിയാതെ ചൊല്ലിച്ചുകൊണ്ടല്ല. ഇങ്ങനെ അർത്ഥം അറിയാതെയെങ്കിലും ചൊല്ലിച്ചില്ലെങ്കിൽ സുറിയാനി നാമാവശേഷമായിപ്പോകുമെന്നു ഭയപ്പെടുന്നവർ ഇങ്ങനെ ചൊല്ലുവാൻ ആവശ്യമില്ലാത്ത മിസ്സസ്സ് ലൂയിസും മിസ്സസ്സ് ഗീബ്സൻ മുതലായി ഇംഗ്ലണ്ടുകാരായ സുറിയാനി വിദുഷിമാർ എന്തുകൊണ്ട് സുറിയാനിയിൽ പാണ്ഡിത്യം സമ്പാദിച്ചുവരുന്നു എന്ന് ആലോചിക്കാത്തതു എന്തുകൊണ്ടാണ്.

പ്രസ്തുത വിഷയത്തെപ്പറ്റി മറ്റുള്ളവരും ഈ മാസികയിൽ അവരവരുടെ അഭിപ്രായം എഴുതിയാൽ കൊള്ളാം.

GM

ആരാധനാക്രമങ്ങളിലെ ചില സുറിയാനി പദങ്ങൾ

ഏവൻഗേലിയോൻ	- സുവിശേഷം
ബോവൂസൊ	- അപേക്ഷാഗീതം
കൗമ	- നില്പ്
കുക്കിലിയോൻ	- ആവർത്തിച്ച് പാടുന്നത്
എക്ബൊ	- ചരണം/പിന്നടി
സുഗീസൊ	- അനുബന്ധ ഗാനങ്ങൾ
ലൂത്തിനിയ	- അപേക്ഷ/മധ്യസ്ഥത
എത്രൊ	- ധൂപപ്രാർഥന
പെസ്ഗോമോ	- വാക്യം
സൂമ്മോറൊ	- ഗാനം
ഹൂത്തോമ്മൊ	- സമാപനപ്രാർഥന
സെദ്റ	- നിര/കൂട്ടം/തുടർന്നുള്ള പ്രാർഥന
കോലൊ	- ശബ്ദം/തുടർഗീതം
തക്സ	- ക്രമം
മസ്മൂർ	- സങ്കീർത്തനം/പാട്ട്
പ്രുമിയോൻ	- മുഖവുര
കുക്കോയോ	- ശെമവൂൻ കൂക്കോയൊ എന്ന ഭക്തകവിയാൽ രചിക്കപ്പെട്ട ഗാനവിഭാഗം
പെങ്കീസ	- പ്രത്യേക സന്ദർഭങ്ങളിൽ ഉപയോഗിക്കുന്ന ആരാധനാക്രമങ്ങൾ
എനിയോനോ	- ധ്യാനകീർത്തനം, സ്തുതിഗീതം
മാനീസോ	- സ്തുതിഗീതങ്ങൾ

ആൽബം

ഒരു പഴയ കത്ത്

"....ദൈവകൃപയാൽ ഞങ്ങളെല്ലാവരും സുഖമായിരിക്കുന്നു. കബറുങ്കൽ പല നവീകരണക്കാരും പ്രൊട്ടസ്റ്റന്റുകാരും റോമരും വന്നു നേർച്ചയിടുന്നുണ്ട്. മഹാ വലിയ അത്ഭുതങ്ങളും നടക്കുന്നുണ്ട്. ഞങ്ങൾക്കുവേണ്ടി പ്രാർഥിക്കുക."

പുന്നൂസ് റമ്പാൻ
(ഒപ്പ്)



പുന്നൂസ് റമ്പാനായിരുന്ന കാലത്തെ ഒരു പഴയ ചിത്രം

1. 1906 കന്നി 27-ന് (ഒക്ടോബർ-10) പരുമല സെമിനാരി മാനേജർ **പുന്നൂസ് റമ്പാൻ** (പിന്നീട് **പ.ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ**) കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാന് അയച്ച കത്തിന്റെ ഭാഗം (quoted in ***"എത്രയും സാരവത്തായ ഒരു എഴുത്തു പുസ്തകം,"*** 1933, p.62).

2. നവീകരണക്കാർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പ്രധാനമായും മാർത്തോമ്മാ സഭക്കാരെയാണ്. മലങ്കരസഭയുടെ പൂർവ വിശ്വാസം ത്യജിച്ച് ആംഗ്ലിക്കൻ സഭയുടെയും വിദേശ മിഷണറിമാരുടെയും നവീകരണ വ്യാഖ്യാനങ്ങൾ സ്വീകരിച്ച് പുതിയ സഭയുണ്ടാക്കി പോയവരാണവർ. പരേതർക്കുള്ള ഓർമയും കബറിങ്കൽ പ്രാർഥനയുമൊക്കെ വേദവിപരീതവും അന്ധവിശ്വാസവുമാണെന്നായിരുന്നു പ്രചരണം. ഇതിന്റെ പേരിൽ മലങ്കരസഭയെ പരിഹസിക്കുക പതിവായിരുന്നു. എന്നാൽ, അവർ രഹസ്യമായി പരുമല തിരുമേനിയുടെ കബറിങ്കൽ വന്ന് നേർച്ചയിടുകയും പ്രാർഥിക്കുകയും മറ്റും ചെയ്തിരുന്നു എന്ന് പരുമല സെമിനാരി മാനേജർതന്നെ എടുത്തു പറയുന്നത് ഈ പശ്ചാത്തലത്തിലാണ്.

പൗരോഹിത്യം നിയോഗവും വെല്ലുവിളിയും

■ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ

ഹിതാനുസരണം മുൻപേ നടക്കുന്നവനാണ് പുരോഹിതൻ. ധർമകാര്യാധ്യക്ഷൻ എന്ന അർഥവും അതിനുണ്ട്. പൗരോഹിത്യം എന്നത് പുരോഹിതനുമായി ബന്ധപ്പെട്ട കർത്തവ്യ നിർവഹണമാണ്.

ആരാണ് ക്രൈസ്തവ പുരോഹിതൻ ?

പരിശുദ്ധാത്മാവിൽ അഭിഷിക്തനായി, പരിശുദ്ധസഭയുടെ പാരമ്പര്യത്തെ അംഗീകരിച്ചുകൊണ്ട് ക്രിസ്തുവചനങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും പ്രമാണമായി കരുതുകയും ഇയെ ശുശ്രൂഷ സാർഥകമായി നിർവഹിക്കുകയും ചെയ്യുന്നവനാണ് പുരോഹിതൻ. ഏതെങ്കിലും ഒരു നിർവചനത്തിലും വ്യാഖ്യാനത്തിലും അതിനെ ഒതുക്കാൻ കഴിയില്ല. 'ഇതിനും അപ്പുറം' എന്തൊ ഒന്നാണത്. അത് ആത്മശുദ്ധിയുടെ അനുഭവമാണ്. അനുഭവത്തെ യഥാതഥം ബോധ്യമാക്കുവാൻ ഭാഷയ്ക്കാവില്ല.

പൗരോഹിത്യം നിയോഗമാണ്. അതു നേടിയെടുക്കേണ്ട പദവിയല്ല. ദൈവാനുഗ്രഹത്താൽ കരഗതമാകേണ്ടതാണ്. ആഗ്രഹത്തിനു മീതെയുള്ള ആത്മസത്തയാണ് ആ നിയോഗത്തിലേക്ക് ഒരാളെ നയിക്കുന്നത്. തുടർ വിശ്വാസത്തെ ബലപ്പെടുത്തുന്ന കണ്ണിയാണത്. അമൂർത്തതയാണ് അതിന്റെ അടിസ്ഥാനം. ആ അമൂർത്തതയിലേക്ക് പ്രവേശിക്കുവാനുള്ള ഇടങ്ങൾ മൂർത്തമായിരിക്കുകയും വേണം. ഭൗതികതയിൽ കൂടി മാത്രമേ ആത്മീയതയിലേക്ക് പ്രവേശിക്കുവാൻ കഴിയുകയുള്ളു. വിശ്വാസം ബലപ്പെടുത്തേണ്ടത് വചനത്തിലൂടെയാണെങ്കിലും ആ വചനത്തെ ശരിയായി പ്രഘോഷിപ്പിക്കുവാൻ ദേവാലയങ്ങൾ അനിവാര്യമാണ്. '*പൊരുൾ തിരിച്ചു നൽകേണ്ടുന്ന*' (അപ്പൊ. പ്രവത്തികൾ 8: 31) വിശുദ്ധ ഇടങ്ങളാണ് ദേവാലയങ്ങൾ. ശുദ്ധിയും വെടിപ്പും പ്രതീകങ്ങളുടെ അലങ്കാരപ്പൊലിമയും അവിടെ നൽകേണ്ടതുണ്ട്. 'മേൽത്തരം' എന്നതും 'വിലയേറിയത്' എന്നതും അവിടത്തേക്കുള്ള അർപ്പണത്തിന്റെ നാമരൂപങ്ങളാണ്. ഭൗതികതയിൽ നിലകൊള്ളുമ്പോഴും ഭൗതികമല്ലാത്ത ഒരന്തരീക്ഷം അവിടെ രൂപാന്തരപ്പെടുകയാണ്. ഈ രൂപാന്തരണത്തിൽ പുരോഹിതന്റെ ദൗത്യം വളരെ വലുതാണ്.

ക്രിസ്തുവിനോടൊപ്പമുള്ള അനുയാത്രയാണ് പൗരോഹിത്യം. ഒപ്പം ചേർത്തുള്ള യാത്രയിൽ മാത്രമെ അതേ ഭാവതലം സൃഷ്ടിക്കപ്പെടുവാൻ കഴിയുകയുള്ളു (Same wavelength). ചലനാത്മകതയാണ് അതിന്റെ ബാഹ്യഭാവം. പ്രവർത്തനനിരതരായവരെയാണ് ക്രിസ്തു തന്റെ പരസ്യ ശുശ്രൂഷയിൽ അനുയാത്രികരാക്കിയത്. വല നെയ്തുകൊണ്ടിരുന്നവരെയാണ് ആദ്യം കണ്ടെത്തി ഒപ്പം നിർത്തിയത്. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരോടൊപ്പം ഉത്ഥിതനായ ക്രിസ്തു '*കൂടെ നടന്നു*' (ലൂക്കോസ് 24: 16) എന്നു കാണുന്നു. അനുയാത്രയുടെ അനുഭവമാണ് ക്രിസ്തു പൗരോഹിത്യത്തിനു പ്രദാനം ചെയ്യുന്നത്.

പൗരോഹിത്യത്തിന്റെ പ്രത്യേകത - *അത് പുതുജീവനാണ് (ഗലാത്യ 2:20), നിത്യജീവന്റെ അനുഭവമാണ് (യോഹന്നാൻ 6:53-54), കഷ്ടാനുഭവത്തിന്റെ വഴിയാണ് (2 തിമോ. 2:3), ദാസരൂപധാരണമാണ്* (ഫിലി. 2:611). എങ്ങനെയായിരിക്കണം യേശുക്രിസ്തുവിനെ പിൻതുടരേണ്ടത്? '*ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ*' (മത്തായി 14:24-28; ലൂക്കോസ് 9-23; മർക്കോസ് 8:34-38). ത്യാഗമല്ലാതെ മറ്റൊന്നുമല്ല ആ പിൻതുടർച്ചയിൽ നിന്നും ആർജിക്കേണ്ടത്.

ഈ ഒരു പശ്ചാത്തലത്തിൽ നിന്നുകൊണ്ടുവേണം പൗരോഹിത്യത്തെ വിലയിരുത്തേണ്ടതും പുനർനിർവചിക്കേണ്ടതും.

വൈദികൻ എന്നത് പ്രത്യക്ഷപരതയാണ്. ഒപ്പം സന്ദേഹപരവും. പ്രത്യക്ഷത എന്നതുകൊണ്ട് അർഥമാക്കുന്നത് വസ്ത്രധാരണമാണ്. അതു ലഭിച്ച നാൾ മുതൽ പ്രത്യക്ഷപരത പ്രകടമാണ്. എന്നാൽ, പരമപ്രധാനമായ സംശയം ദൈവീകതയിലെ സന്ദേഹമാണ്. സ്വയം ചോദിക്കുവാനും മറ്റുള്ളവരെക്കൊണ്ട് ചോദിപ്പിക്കുവാനും ഈ സന്ദേഹം അവസരമൊരുക്കുന്നു. '*ഞാൻ ഒരു പുരോഹിതനാണ്*' എന്നു പറയേണ്ടിവരുന്ന സന്ദർഭം ചുരുക്കമാണെങ്കിലും '*ഇദ്ദേഹം ഒരു പുരോഹിതൻ തന്നെയോ*' എന്നുള്ള ചോദ്യം ഉയരുന്ന സന്ദർഭങ്ങളും ഉണ്ടാകാറുണ്ട്.

വി. കുർബാന അർപ്പിക്കുന്ന വൈദികൻ

പഴയനിയമകാലത്ത് പുരോഹിതൻ കാർമികനായിരുന്നു. ദൈവത്തിനു ബലിയർപ്പിക്കുന്ന ഒരുവൻ. എന്നാൽ ക്രിസ്തുവിലൂടെ പൗരോഹിത്യത്തിന് മറ്റൊരു മാനവികതലം കൈവന്നു. കർമം ചെയ്യുന്നതോടൊപ്പം സ്വയം ബലിയായി തീർന്നതിലൂടെ ബലിയും ബലിയർപ്പിതാവും ഒന്നായി മാറുന്നു. ക്രിസ്തുവിൽ ദൈവം ഒന്നാകുന്നതുപോലെ കർമവും കർത്താവും ഒന്നാകുന്നു. ഇതൊരു പ്രഹേളികയാണ്. ഒപ്പം വിശ്വാസത്തിന്റെ രൂഢഭാവവും. പൗരോഹിത്യം ഏതൊരു കാലത്തിന്റെയും വെല്ലുവിളിയായി മാറുന്നു. ആത്മപരിശോധനയിലൂടെ മാത്രമെ ഇത്തരത്തിലുള്ള വിചാരത്തെ സമീപിക്കുവാൻ കഴിയുകയുള്ളു. വളർച്ചയുടെ വഴികളിൽ

ആത്മീയതയുടെ നിലവാരത്തിനുണ്ടായ മാറ്റം വിചിന്തനം ചെയ്യുവാൻ കഴിയുമ്പോഴേ ഇതിനൊരു ഉത്തരം കണ്ടെത്താൻ കഴിയൂ. വിമർശനം സ്വയവിമർശനം കൂടിയാകുമ്പോൾ അതിന് ആർജവത്വം കൈവരും.

കപ്പൽ ഗതിമാറി സഞ്ചരിക്കുന്നുവെന്ന് ആദ്യം തിരിച്ചറിയുന്നത് കപ്പിത്താനല്ല; അതു കണ്ടുനിൽക്കുന്ന മറ്റൊരാളാണ്. അല്ലെങ്കിൽ ആധുനിക സാങ്കേതിക വിദ്യയാകാം. ആരു കണ്ടെത്തി എന്നതിനേക്കാൾ പ്രധാനം മാറ്റം മനസ്സിലാക്കുന്നു എന്നതാണ്.

ദൈവജനം പ്രതീക്ഷിക്കുന്നതുപോലെ പട്ടക്കാർ ആത്മീയ നിലവാരത്തിനനുസൃതമായി ഉയരുന്നുണ്ടോ ? ഈ ദയനീയത വർത്തമാനകാലത്തിൽ നാം കണ്ടുകൊണ്ടിരിക്കുന്നു. '*സകലത്തേയും പൂർത്തിയാക്കുന്ന പരിശുദ്ധാത്മാവിനാൽ*' അഭിഷേകം ചെയ്യപ്പെട്ടു എങ്കിലും തുടർന്നുള്ള ആധ്യാത്മിക പ്രവർത്തനങ്ങളിൽ വേണ്ടത്ര പുരോഗമനപരമായ വളർച്ച കാണുന്നില്ല. പരിശുദ്ധാത്മാവിനെ സ്വീകരിച്ച ശിഷ്യന്മാർ ധൈര്യശാലികളായിരുന്നു. അവരുടെ ശരീരഘടനപോലും ആ വിധത്തിൽ രൂപാന്തരപ്പെട്ടു.

ദൈവികശുശ്രൂഷ എന്നു പറയുന്നത് A change in the being, not a functional affair. പുരോഹിതൻ വസ്ത്രധാരണത്തിൽ വൈദികനായും മറ്റവസരങ്ങളിൽ അതല്ലാതെയും ആകുന്നില്ല. അതിനാൽ ആന്തരിക പരിവർത്തനം നിരന്തരമായ ആത്മീയ സാധനകളിലൂടെ നാം നേടിയെടുക്കേണ്ടതാണ്. പട്ടംകൊട ശുശ്രൂഷയിൽ പറയുന്നതുപോലെ '*നിന്റെ കൈ അടയാളമാകുന്ന സ്ലീബാ അടയാളം ഈ പുസ്തകത്തിൽ രേഖപ്പെടുത്തണം.*' വ്യക്തിത്വത്തിന്റെ അടയാളപ്പെടുത്തലായിരിക്കണം കൈ അടയാളം. ആധുനിക ശാസ്ത്രത്തിനുപോലും കൈ രേഖയുടെ പൂർണരൂപം മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. വ്യത്യസ്ത കൈ അടയാളവുമായിട്ടാണ് ഓരോരുത്തരും ലോകത്തിലേക്ക് കടന്നുവരുന്നത്. അതിനാൽ പുരോഹിതന്റെ കൈ അടയാളം കർത്താവിന്റെ സ്ലീബാ ആണ്. കർത്താവിന്റെ സ്നേഹത്തിന്റെ, ത്യാഗത്തിന്റെ ആഴത്തിലുള്ള അടയാളമാണ് പരിശുദ്ധ സ്ലീബാ. That is the key which is entering all other things.

വിശുദ്ധ കുർബാനയിൽ അപ്പവീഞ്ഞുകൾ എങ്ങനെ കർത്താവിന്റെ തിരുശരീരങ്ങളായി തീരുന്നുവോ അതുപോലെത്തന്നെയാണ് ഓരോ പുരോഹിതനും പട്ടത്വ ശുശ്രൂഷയിലൂടെ രൂപാന്തരം സംഭവിക്കുന്നത്. വിശുദ്ധ കൂദാശയിലൂടെ സജീവമായ ഒരു മാറ്റമാണ് സംഭവിക്കുന്നത്. പുരോഹിത സ്ഥാനിക്കും അവരെ ദർശിക്കുന്നവർക്കും ഈ അനുഭവം സ്വായത്തമാകണം.

പുരോഹിതൻ ഒരു അടയാളമാണ്. യെഹെസ്ക്കിയേൽ പ്രവാചകന്റെ പുസ്തകത്തിൽ പറയുന്നതുപോലെ '*മനുഷ്യപുത്രാ! ഞാൻ നിന്നെ ഈ ജനത്തിന് ഒരു അടയാളം ആക്കിവെക്കും*'. അടയാളവാക്യങ്ങൾക്കു സൂക്ഷ്മതയാണാവശ്യം. എണ്ണത്തിലെ കുറവും അർഥത്തിൽ പൂർണതയും അടയാളങ്ങളുടെ സവിശേഷതയാണ്. ദൈവസാന്നിധ്യം പ്രസരിപ്പിക്കുന്ന, ദൈവസന്ദേശം പ്രചരിപ്പിക്കുന്ന അടയാളമായി പുരോഹിതൻ മാറുമ്പോഴേ ആ ദൗത്യനിർവഹണത്തിനു പ്രസക്തിയുള്ളൂ. താലന്തു നൽകിയവനോടും തോട്ടം സൂക്ഷിപ്പുകാരനോടുമുള്ള ഉടമസ്ഥന്റെ ചോദ്യം ഓരോ ചുമതലക്കാരനിലും ഉണ്ടാകേണ്ടിയിരിക്കുന്നു. യാത്രകൾക്കിടയിൽ പലപ്പോഴും ദിശാസൂചകങ്ങളായ ചൂണ്ടുപലകകൾ കാണും. എന്നാൽ ഒരു ചൂണ്ടുപലകയും അതു ലക്ഷ്യമാക്കുന്ന ഇങ്ങെളിലേക്ക് യാത്ര ചെയ്യാറില്ല. അങ്ങനെയുള്ള അടയാളമല്ല, സജീവമായ ദൈവചൈതന്യം ഉള്ള അടയാളമായി പുരോഹിതൻ മാറണം, ദൈവജനത്തിനുവേണ്ടി നിലകൊള്ളുന്നവനാകണം. അഹറോനെപ്പോലെ ദൈവം വിളിച്ചവൻ അല്ലാതെ ആരും ഈ

വിവിധ ശ്രേണിയിലുള്ള പുരോഹിതഗണം

സ്ഥാനം സ്വയം എടുക്കുന്നില്ല എന്ന ബോധ്യം ശുശ്രൂഷയുടെ ഓരോ പടിയിലും ഓർത്തിരിക്കേണം.

പൗരോഹിത്യസ്ഥാനികൾ ദൈവജനത്തിൽനിന്നാണ് തിരഞ്ഞെടുക്കപ്പെടേണ്ടത്. നന്മയും പ്രാർഥനാനുഭവവുമുള്ള ഭവനങ്ങളിൽനിന്നും പുരോഹിതൻ കടന്നുവരുമ്പോൾ ഉന്നതമായ നന്മയും പ്രാർഥനാജീവിതവും അറിയാതെതന്നെ അവരിൽനിന്നും പ്രതിഫലിക്കും. മൂല്യങ്ങൾ (value) മാറ്റപ്പെടാം. എന്നാൽ നന്മ (virtue) സ്ഥായിയാണ്. പഴയനിയമത്തിൽ അഹറോൻ, പുത്രന്മാരെ അഭിഷേകം ചെയ്യുമ്പോൾ പറയുന്നത് '*കരപൂരണം*' (Fill the hand) എന്നാണ്. പരിശുദ്ധാത്മാവിനെ നിറച്ച് വരദാനം നൽകുകയാണ് ചെയ്യുന്നത്. ആ വരദാനം എല്ലാവർക്കും പകർന്നു നൽകുവാൻ പുരോഹിതന് സാധിക്കണം. '*ഹൃദയവിചാരങ്ങൾ അറിയുന്ന ദൈവത്തിന്റെ*' ദൃഷ്ടിയിലാണ് ഓരോ പുരോഹിതനും. ഈ വിചാരം അനുനിമിഷം ഉണ്ടാകുമ്പോൾ ദൈവത്തിന്റെ പുരോഹിതൻ എന്ന വിളിക്ക് അർഹനാകും. ആ ബോധ്യം അനുഷ്ടിക്കുന്ന ഓരോ കൂദാശയിലും ശുശ്രൂഷയിലും പ്രതിഫലിക്കും. പുരോഹിതനിൽ ജീവിതാവസാനം വരെ ഉണ്ടായിരിക്കേണ്ടതാണ് ശുശ്രൂഷാമനോഭാവം. പൗരോഹിത്യ സ്ഥാനലബ്ധിയോടെ അത് നഷ്ടമാകാൻ ഇടയാകരുത്. കർത്താവിന്റെ ശുശ്രൂഷയുടെ മനോഭാവമാണ് ആധാരം. തന്റെ സാന്നിധ്യത്തിലേക്ക് വരുന്നവരെ മാത്രമല്ല, ആവശ്യമറിഞ്ഞ് അവരുടെ അടുത്തേക്ക് ചെല്ലുന്ന ക്രിസ്തുവിനെയാണ് നാം കാണുന്നത്. കുഷ്ഠരോഗിയും (മത്തായി 8:14) തളർവാത രോഗിയും (ലൂക്കോസ് 5:18) രക്തസ്രാവമുള്ള സ്ത്രീയും (ലൂക്കോ 8:47) ശതാധിപനും (ലൂക്കോ. 7:10) ക്രിസ്തുവിന്റെ അടുക്കലേക്കാണ് വരുന്നത്. പത്രോസിന്റെയും (ലൂക്കോ. 4:38) ലാസറിന്റെയും(യോഹ. 11:44) വഴിയരികിലെ അന്ധന്റെയും(ലൂക്കോ. 18:43) അടുക്കലേക്ക് ചെന്ന് സൗഖ്യമാക്കുന്ന ക്രിസ്തുവിനെയാണ് നാം കാണുന്നത്. നവീനമാനങ്ങളുടെ ഈ അർഥതലം ഓരോ പുരോഹിതനും തിരിച്ചറിഞ്ഞ് മനസ്സിലാക്കേണ്ടിയിരിക്കുന്നു. സന്ദർഭത്തിനൊത്ത് പ്രവർത്തിക്കുവാൻ പുരോഹിതൻ തയ്യാറാകണം. പോകേണ്ടിടത്ത് പോകുവാൻ കഴിയണം. കടന്നുവരുന്നവരെ സ്വീകരിക്കുവാനും കഴിയണം. അതിഥികളെ മാത്രമല്ല, അഗതികളെ ഭവനത്തിൽ സ്വീകരിക്കാനും കഴിയണം.

ക്രിസ്തുവിലെ ദാസ്യഭാവമാണ് പുരോഹിതന് ഉണ്ടായിരിക്കേണ്ടത്. പദവിയിൽ ഉന്നതമായിരിക്കുമ്പോഴും സേവനത്തിൽ ദാസ്യനായിരുന്നു ക്രിസ്തു. അധികാരത്തോടെ സംസാരിക്കുമ്പോഴും താഴ്മയോടെയാണ് ശുശ്രൂഷകൾ നിർവഹിച്ചത്. ഭൗതികാധികാരിക്കു മുന്നിൽ ആത്മീയാധികാരം മൗനം പാലിച്ച സന്ദർഭങ്ങൾ എടുത്തുപറയാനുണ്ട്. തന്നത്താൻ താഴ്ത്തപ്പെടുമ്പോഴും ഉയർത്തപ്പെടുന്ന അനുഭവമായിരുന്നു അത്.

→ 43



Finding Good in Everything

■ Dr. Youhanon Mar Demetrios Metropolitan

Sweet are the uses of adversity;
Which, like the toad, ugly and venomous,
Wears yet a precious jewel in his head;
And this our life, exempt from public haunt,
Finds tongues in trees, books in the running brooks
Sermons in stones, and good in everything.
William Shakespeare, ***As You Like It***, ActII, Scene1:12-17

In this play by Shakespeare, one of the main characters, the Senior Duke, who has been banished to the forest, contemplating his situation with his close band of courtiers, made the above-quoted observation. A similar situation has been forced upon us as a consequence of COVID-19, deprived as we are of mobility and social interaction, but also the freedom to congregate on Sundays to worship God. Presumably, for the eponymous Orthodox Christians, this inability to worship is truly a telling deprivation, for this, more than anything else, has impacted our persons, families, community and Church. It may be some time before we can correctly asses how profoundly this viral infection and its attendant consequences will impact the character of the Malankara Orthodox Church, or for that matter, all Churches.

But then, the Orthodox Church is no stranger to adversity; in fact, in a summation it can be stated that its entire history has been a struggle for authentic existence. And this history can be interpreted as the instantiation of eliciting something beneficial from our difficulties, no matter how severe was the issue. And from each predicament, and its ensuing struggle, the Malankara Orthodox Church, much like the Christian Church itself, learned something good that changed it for the better. The perduring character of the Orthodox Church during these difficult periods has been an unshakeable faith in Almighty God and the trust in the intercession of the communion of Saints (Heb 12:1 ff.), which has brought it out of the upheavals of the past, and continues to be the bulwark of its strength in the present. And so, the present situation imposed by COVID-19 presents us with a situation where we should seek to see the good and beneficial factors that emerge, since for those who unflinchingly trust in God, all things devolve for the good (Rom. 8:28).

No doubt, there will be several important lessons that we can discern as we analyse our situation, but our limited scope deters us from pursuing all of them. Important lessons are evident for our personal lives, like how it has transformed individuals to become concerned about the beneficial aspects arising out of our present predicament: 1) Suffering as the Integrating Element of the Universal Church, 2) the Consolidation of the Christian Family, and 3) Healing of the Earth.

1. Suffering as the Integrating Element of the Universal Church

What follows reflects my location as a member of the Malankara Orthodox Church, though it will find common grounds with Christians from other denominations, even from other faiths.Both terms involved here, suffering and the Universal Church require some elaboration in our present context. Much of the hype that produced the optimism of the Ecumenical Movement has dissipated as Churches emphasised more their confessional importance, especially the strong inroads made by the born-again Christian groups. In fact, ecumenism became a victim as some Orthodox and Protestant Churches withdrew for a time from the World Council of Churches (WCC). The outcome was more on the local and regional character than on the One Church. Along with this development, society itself had morphed to become more individualised, so that even in a society that was socially more conscious, it is the personal interest that dominates. Globalisation and the valorisation of free-market economics catered more to the satiation of individual comfort than addressing the needs of a larger group.

Into this comfort zone irrupted COVID-19. Initially it seemed benign, and localised in China. But its rapid spread all over the world caught even developed countries on the wrong foot. And the virus became a great leveller, as all people were confronted with the stark realisation that it was equally affecting every one, without prejudice to class, colour, creed or financial situation. And that realisation has made it clear that all of us are now in

the throes of suffering of one category or another, whether we are struggling with the infection, whether we are medically responding to it, whether we are assisting in consequent difficulties like food and medical shortages, quarantined or compelled to maintain social distancing. Suffering has now become a way of life for all humankind, as together we have been caught up in the maelstrom of this viral infection. At one stroke, we have been forced to adapt to a lifestyle that questions our comfort levels, to manage with what is necessary, even to utilise what is often discarded and to be content with what is available. The pain of common suffering is virtually universal as all humankind everywhere raises its anguished cry.

And hasn't this common suffering made us conscious of our situation as belonging to one race, that we belong ultimately to the same human race? That sense has permeated our religious confines, bereft as we are of the privilege of gathering together on Sundays in worship in churches. We have been forced to become ecumenical in our worship, as we surf the social media and TV channels for spiritual succour, without consideration of its denominational origins. So, we look for hope from Catholic services, Orthodox sermons, Protestant worship, all in an effort to derive some divine solace as we attempt to deal with the issue of COVID-19. When Pope Francis celebrates holy mass or prays, he does it not only for Catholics, but for all people, when the Catholicos Baselios Marthoma Paulose II prays, it is no longer only for Orthodox Christians, but for everyone, for all humankind has become one in the presence of God as an outcome of this common suffering.

As we empathise with all those who suffer, we are not only made one with all humankind, but that suffering brings out the best in all of us. There is some element in suffering that sublimates us, originating in a divine spark within us and now rising to the surface of our personalities. Observe what St. Paul has to say: "And..we also boast in our sufferings, knowing that suffering produces endurance, and endurance produces character, and character produces hope, and hope does not disappoint us, because God's love has been poured into our hearts through the Holy Spirit that has been given to us" (Rom: 5:3-5). We gain another insight into the mystery of suffering when we read that Christ Himself attained through suffering: "And although he was a Son, he learned obedience through what he suffered; and having been made perfect, he became the source of eternal salvation for all who obey him " (Heb: 5:8-9). There is no doubt, then, that our prayers, too, have been transformed into prayers not only for our own salvation, but for that of the whole world. We have become in a sense a spiritual global village, similar to the age-old

Indian concept of *vasudhaiva kutumbakam*.

It is in this transformation that one can perceive the re-emerging consciousness of the Church Universal. While we have paid lip-service to this concept as pertaining to the character of the Christian Church as the Body of Christ (cf. the Niceno-Constantinople Creed- "And we believe in the ONE, HOLY, CATHOLIC AND APOSTOLIC CHURCH…" [emphasis added]), it has not been a deep conviction. But one salient outcome of our common plight would be that our differences have been submerged in our growing awareness that we struggle together to overcome COVID-19, we pray together and, even if it is through cyber worship, we gather together as the One, Universal Church. And this dimension, effected by our spiritual integration through whatever worship medium is available to us, enables us to transcend geographical limits, time differences and every other barrier, as we are consolidated into the one Body of Christ.

2. The Consolidation of the Christian Family

Once again, one has to recall that what is being presented here is obtained from my Orthodox Christian background, but is applicable to all contexts. Certainly, one great benefit has been the forces at work that has consolidated the nuclear family. From individuals in a family obsessed with our handsets and the cyber world, the enforced home quarantine is compelling us to redraw our communications, so that once again we are made very much aware of other family members. Husbands are talking to wives, parents are talking to their children and siblings now are engaged in banter that bonds. Actually, we have broken down the limiting circles of our interaction so that now we are talking to others and hence there is indeed a world-wide web. What a paradox! It took COVID-19 to make us realise what this term means in reality.

Our talk until recently has been about the nuclear family and the loose ties that maintain the semblance of a family unity. But as our fractured and hectic lives have

made their impact in the homes, family meals, family talks, family prayers-everything that the family did together became casualties. But this viral pandemic has forced a change in our self-centred lifestyles as we are lockeddown in our homes. So, family members have begun to talk to each other, to have family meals, and most importantly, once more returned to the practise of praying together. And though it is much cliched, there is much substance to the old adage, the family that prays together, stays together. And the hardships imposed on the families have taught us invaluable lessons, such as how to manage with what is necessary, to evaluate our consumerism and the strong feeling that our isolated situation is detrimental to what is valuable in life. Indeed, dealing with these hardships together as a family has strengthened and integrated the families so that we have emerged stronger as a society, because the family structure has been solidified. Space limitation prevents the elaboration of the many salutary blessings such a situation produces, but they are many and may be contested by others. While the sociological benefits of what has happened to our families as a result of COVID-19 would take time to evaluate, one can be assured that they are of inestimable value.

3. The Healing of the Earth:

Our unbridled consumerism has always threatened the future of the planet, as we recklessly pursued a lifestyle that pillaged and destroyed our environment and squandered its natural resources. And despite the dire warnings presented by environ mentalists, we were hell-bent upon development that continued to wipe out species of flora and fauna. There has been no dearth of information provided by world organisations as to how climatic changes and the destruction of forests and pollution of the earth and the waters presaged a looming disastrous conclusion. But a strange sight now has arrested our attention. Everywhere we can detect signs that our ravage of the earth is being healed by Nature as our lockdown has provided a hiatus in this process of destruction. To take some signs in India, residents of Mumbai were treated to unusually huge flocks of flamingos converging on its wetlands, lakes came alive as it became free from industrial effluents and wastes and the rivers became clearer, teeming with life once again. No doubt, such heart-warming vistas are available elsewhere all over the globe, as Mother Nature has been provided a reprieve to repair itself. It is as if the Creator had applied a brake to a process that would have led ineluctably to a cataclysmic disaster.

The Orthodox Church has always retained a theology that advocated a responsible stewardship of the Earth. Humankind had been entrusted with its care so that as the summit of Creation, man and woman, through a divine commission, husband the Creation and offer it in thanksgiving to God the Creator (cf. Gen 1: 28-30). This stood in stark contrast to the Western Church, which had viewed nature as something to be subjugated and exploited. But the regrettable fact is that the Orthodox Church had rarely utilised this theological insight to educate our societies and individuals to preserve and nurture our environment. The Orthodox Church has been remiss in reminding the world of how it has to be responsible in consuming what had been gifted by God, so that there would be judicious utilisation of the earth's resources. The Malankara Orthodox Church has made only piece-meal efforts to educate its members, much less conscientize others, to the dangers of how our contemporary lifestyle has resulted in natural calamities that have not only resulted in the deaths of many people, but also violently altered the geographical shape of the land. Perhaps, this is an opportune time for the Church to commit itself to disseminating its theological insights on the interdependence of our biosphere so that a harmonious engagement with nature in the course of our development can be sustained.

Surely, this is a good outcome from our present condition. It was not a calculated move, but one that resulted from the changed tempo and style that we had been pursuing. Environmentalists talk today of somehow managing this change for the better so that it becomes an enduring result. And we are experiencing that such healings of our nature is providing us with lessons that teach us that our lives are made better by such a regaining of the health of the earth. That by itself should provide us with much food for thought. Whether we can transform this benefit into a perduring condition for the land, for the world as a whole, only time will disclose. But no one will contest the fact that all of Creation has definitely gained from this coerced lockdown.

There is no doubt that one could append many more such gains that have accrued from the deprivations and difficulties occasioned by COVID-19. These three factors have been highlighted only to provide a few starting points for a reflection on our common condition.

Let us all pray that God in His mysterious ways will not only enable us to conquer COVID-19, but teach us significant lessons that will provide a better future for all, so that there will indeed be a New Earth and a New Heaven.

GM

(*The author is Metropolitan of the Diocese of Delhi*)

നഷ്ടവും ഉപദ്രവവുമായ കോവിഡ്–19 ഗുണകരവും ലാഭകരവും ആകുമോ ?

■ ഡോ. വർഗീസ് പുന്നൂസ്

പുരോഗതിയുടെ പാതയിൽ അതിവേഗം മുന്നേറിക്കൊണ്ടിരിക്കുന്ന മനുഷ്യരാശിയുടെ പ്രയാണത്തിന് തടസ്സമായി, ജീവന് ഭീഷണിയായി എവിടെനിന്നോ വന്നു കയറിയ രോഗാണു - Covid19 വൈറസ്. ഈ വൈറസിനെ ചികിത്സകൊണ്ട് കീഴടക്കിയോ വാക്സിനേഷൻകൊണ്ട് ഉൻമൂലനം ചെയ്തോ നമ്മുടെ പ്രയാണം പഴയതുപോലെ തുടരാം. പക്ഷേ, മരുന്നും വാക്സിനും കണ്ടുപിടിക്കാൻ ശാസ്ത്രത്തിന് സമയം വേണം – ആ കാലയളവിനുള്ളിൽ മരണങ്ങൾ കുറയ്ക്കാൻ നമുക്ക് വൈറസ് വ്യാപനത്തിന്റെ ഉയരുന്ന ഗ്രാഫിനെ ഫ്ളാറ്റാക്കാം. അതിനായി നമുക്ക് ശാരീരിക അകലം പാലിക്കാം, കൈകഴുകി നടപ്പാക്കാം, മാസ്ക് ധരിക്കാം, ലോക്ഡൗൺ ചെയ്ത് സാമൂഹിക സമ്പർക്കങ്ങൾ കുറയ്ക്കാം. Covid19 പകർച്ചവ്യാധിയെപ്പറ്റി ശരാശരി പൗരനിൽ എത്തിക്കാൻ ഭരണകർത്താക്കളും പൊതുജനാരോഗ്യ വിദഗ്ധരും വൈറോളജിസ്റ്റുകളും ശ്രമിക്കുന്ന ധാരണകളുടെ ഒരു സംക്ഷിപ്തരൂപം ഇതാണ്.

മരങ്ങൾക്കപ്പുറമുള്ള കാട്

"Can't see the forest for the trees" എന്ന അവസ്ഥയിലാണ് ഇന്ന് നാം എത്തിനിൽക്കുന്നത്. നമുക്കു ചുറ്റുമുള്ള യാഥാർഥ്യമാണ് SARS-Cov-2 എന്ന RNA വൈറസിന്റെ അതിവേഗ വ്യാപനവും ഉയർന്ന മരണനിരക്കും. പക്ഷേ, ചുറ്റും നിൽക്കുന്ന ഈ മരങ്ങൾ ഭൂമിയിലെ ജൈവമണ്ഡലത്തിന്റെ വൈപുല്യവും പാരസ്പര്യവും എന്ന കാടിന്റെ ആകമാനമായ കാഴ്ചയെ ഇല്ലാതാക്കുന്നു. മരങ്ങൾക്കിടയിൽനിന്നും അടുത്ത പർവതത്തിലേക്ക് കയറി ചുറ്റുപാടും ഒന്നു നോക്കിയാൽ, അഥവാ ഒരു വിമാനത്തിൽ പറന്ന് താഴേയ്ക്ക് നോക്കിയാൽ കാണാനാവും കാനനത്തിന്റെ വ്യാപ്തിയും ഭംഗിയും.

തിരിഞ്ഞുനോട്ടം

ജീവന്റെ ഉത്ഭവകാലം മുതൽ ഉണ്ടായിരുന്ന പഴയ താമസക്കാരായ സൂക്ഷ്മജീവികളുടെ ഔദാര്യത്തിലാണ് മനുഷ്യൻ ഉൾപ്പെടെയുള്ള ജീവിവർഗങ്ങളുടെ നിലനിൽപ്പ് എന്ന ചരിത്രസത്യം ഈ കോവിഡ്കാലം നമ്മെ ഓർമിപ്പിക്കേണ്ടതാണ്. മനുഷ്യചരിത്രത്തിന്റെ ഈ ചെറിയ കാലയളവിൽ മാത്രം സൂക്ഷ്മജീവികൾ ഈ ലോകത്തെതന്നെ രൂപപ്പെടുത്തിയതായി കാണാം. ബാക്ടീരിയകളാണ് സൂക്ഷ്മജീവികളിൽ നമുക്ക് ഏറ്റവും പരിചയം. പ്രോട്ടോസോവ, ഫംഗസ്, വൈറസ് എന്നിവയാണ് ഇതര സൂക്ഷ്മജീവികൾ. ഇവയിൽ നമുക്ക് ഒട്ടും പിടിതരാതെ ഒളിച്ചുകളിക്കുന്ന ജീവികളാണ് വൈറസുകൾ. പൂർണമായ കോശഘടനപോലും ഇല്ലാത്ത ഇവയെ ജീവനുള്ളതായി കണക്കാക്കാമോ എന്നതുപോലും തർക്കവിഷയമാണ്. ഏതായാലും ജീവനുള്ള കോശങ്ങളിൽ കയറിപ്പറ്റിയാൽ പെരുകാനും കയറിയ കോശത്തിൽ നാശം വിതയ്ക്കാനും അവയ്ക്കു കഴിയും എന്നതിൽ തർക്കമില്ല.

വൈറസുകൾക്ക് കോശങ്ങൾക്കു പുറത്ത് നിലനിൽപ്പില്ല. അതിനാൽ അവയ്ക്ക് ജീവനുള്ള കോശങ്ങളിൽ കയറിപ്പറ്റാനുള്ള തത്രപ്പാട് ഉണ്ട്.

ഏതെങ്കിലും ഒരു ജീവിവർഗത്തിന്റെ (സസ്യമോ ജന്തുവോ) കോശങ്ങൾ ആകാം ഓരോ തരം വൈറസിന്റെയും

ഭൂമി കോവിഡിന്റെ പിടിയിൽ

ഇഷ്ടവാസസ്ഥലങ്ങൾ (host). കാലാകാലങ്ങളിൽ അവ കൂടുമാറുന്നതായും തങ്ങളുടെ തന്നെ രൂപവും ഭാവവും മാറുന്നതായും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. മൃഗങ്ങളിൽനിന്ന് മനുഷ്യനിലേക്ക് അവ മാറുമ്പോൾ ഇന്നുവരെ അവയ്ക്കായി സജ്ജമാകാത്ത മനുഷ്യകോശങ്ങൾ പ്രതിരോധം തീർക്കാൻ ശ്രമിക്കുന്നു. കോശം ജയിക്കുന്നോ വൈറസ് ജയിക്കുന്നോ എന്നതിനെ ആശ്രയിച്ചിരിക്കും മനുഷ്യന്റെ അതിജീവന സാധ്യതയും മരണസാധ്യതയും. മനുഷ്യകുലത്തിന്റെ ചരിത്രത്തിനിടയിൽ അനേക തവണ പുതിയ വൈറസുകൾ അവനുമായി ഇടപെട്ടിട്ടുണ്ട്. മനുഷ്യന് ഇന്നുള്ള രോഗപ്രതിരോധ സംവിധാനത്തെ(immune system)ത്തന്നെ വൈറസുകൾ ഉൾപ്പെടെയുള്ള സൂക്ഷ്മജീവികൾ രൂപപ്പെടുത്തിയിട്ടുള്ളതാണ്. ആണ്ടോടാണ്ട് പ്രത്യക്ഷപ്പെടുന്ന വൈറസുകൾ മിക്കവാറും നമ്മുടെ ഇടയിൽത്തന്നെ ഉണ്ട്. (ഉദാ: മഴക്കാലത്ത് നമ്മുടെ നാട്ടിലും തണുപ്പുകാലത്ത് പാശ്ചാത്യ രാജ്യങ്ങളിലും പ്രത്യക്ഷപ്പെടുന്ന ജലദോഷപ്പനി-flu ഉണ്ടാക്കുന്ന ഇൻഫ്ളുവൻസാ-influenza- വൈറസുകൾ). ചില വർഷങ്ങളിൽ പുതിയ ചില വില്ലൻ വൈറസുകൾ പ്രത്യക്ഷപ്പെട്ട് മാരകപ്രഹരങ്ങൾ ഏൽപ്പിക്കാറുണ്ട്. (ഉദാ:1918–19ൽ യൂറോപ്പിൽ ആരംഭിച്ച് ലോകം മുഴുവൻ വ്യാപിച്ച് 10 കോടി പേരുടെ ജീവനെടുത്ത് മൂന്ന് വർഷത്തോളം താണ്ഡവമാടിയ സ്പാനിഷ് ഫ്ളു - Spanish Flu).

1980–കളിൽ വ്യാപിച്ച HIV-വൈറസ്രോഗവും 2003–ൽ ഉണ്ടായ SARS(Severe Acute Respiratory Syndrome) വൈറസ് ബാധയും നിയന്ത്രണാധീനം ആയെങ്കിലും നമ്മെ വിട്ടുമാറിയിട്ടില്ല – ഉടനെയെങ്ങും വിട്ടുമാറാൻ സാധ്യതയുമില്ല. വൈറസുകൾ മനുഷ്യന്റെയും ഇതര സ്പീഷീസുകളുടെയും ജനിതക മാറ്റങ്ങൾക്കും പരിണാമങ്ങൾക്കും ഒക്കെ ഹേതുവാകുന്നു എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. വിവിധയിനം ജീവിവർഗങ്ങൾ തമ്മിലുള്ള ജനിതക കൊടുക്കൽ വാങ്ങലുകൾക്കുള്ള ഏജന്റുമാരായും ജീവന്റെ ചരിത്രത്തിൽ വൈറസുകൾക്കു പങ്കുണ്ട്.

ബാക്ടീരിയകൾ, ഫംഗസുകൾ തുടങ്ങിയ അദൃശ്യരും അസംഖ്യരുമായും അനേക ജീവിവർഗങ്ങളും മനുഷ്യനുമായുള്ള ബന്ധവും പാരസ്പര്യവും വിസ്താരഭയത്താൽ ഇവിടെ പ്രതിപാദിക്കുന്നില്ല. പറഞ്ഞുവരുന്നത്, സൂക്ഷ്മജീവികളുടേതാണ്

(വൈറസുകൾ, കോവിഡ്-19 ഉൾപ്പെടെയുള്ളവയുടെ) ഈ ലോകം എന്നതാണ്. നമുക്ക് അവരെ ഒഴിവാക്കി ഒരു ജീവിതം സാധ്യമല്ല. നമ്മുടെ വർഗത്തിന്റെ നിലനിൽപുതന്നെ ഇല്ലാതാകുന്നത് ഒഴിവാക്കാൻ ശ്രമിച്ചുകൊണ്ട് അവയുമായി എങ്ങനെ സഹവർത്തിക്കാം എന്ന പാഠം പഠിക്കണം എന്നാണ് ചരിത്രം നമുക്ക് പറഞ്ഞുതരുന്നത്.

ലോകത്തിലെ ത്രിത്വസങ്കൽപം-ഏജന്റ്-ഹോസ്റ്റ് -എൻവയൺമെന്റ് (Agent-Host-Environment) ഇങ്ങനെ വരച്ചുകാട്ടാം :



രോഗങ്ങളുടെ ഹേതു സൂക്ഷ്മാണുക്കൾ ആണ് എന്ന സിദ്ധാന്തം (Germ Theory of Diseases) ആധുനിക വൈദ്യശാസ്ത്രത്തിലെ ഒരു വലിയ തത്വമാണ്. പക്ഷെ, ബാക്ടീരിയ, വൈറസ് തുടങ്ങിയ രോഗഏജന്റുകൾ എന്തുകൊണ്ട് എല്ലാവരെയും ബാധിക്കുന്നില്ല, ബാധിക്കുമ്പോൾതന്നെ അവയുടെ തീവ്രത വ്യത്യസ്തമായിരിക്കുന്നത് എങ്ങനെ? തുടങ്ങിയ ചോദ്യങ്ങൾക്ക്, ആദ്യകാല germ theory-യ്ക്ക് ഉത്തരമുണ്ടായിരുന്നില്ല. ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം കിടക്കുന്നത് host factors-ൽ ആണ്. ഓരോ വ്യക്തിയുടെയും പ്രത്യേകത, രോഗപ്രതിരോധ സംവിധാനത്തിന്റെ പ്രതികരണ സവിശേഷത തുടങ്ങിയവയുടെ പ്രാധാന്യം വളരെയേറെയാണ് എന്ന് മനസ്സിലായി. അതിന്റെ അടിസ്ഥാനത്തിൽ അണുബാധകളെ നേരിടാൻ ആന്റിബയോട്ടിക് മരുന്നുകൾ മാത്രം പോരാ, രോഗത്തോടുള്ള യുദ്ധത്തിൽ ജയിക്കാനാവശ്യമായ പ്രതിരോധ സംവിധാനത്തിന്റെ ബലപ്പെടുത്തലും ആവശ്യമാണ് എന്ന തിരിച്ചറിവിൽ ശാസ്ത്രമെത്തി. വാക്സിനുകളുടെ തുടക്കം അങ്ങനെയായിരുന്നു. അവ നൽകിയ ഫലസിദ്ധി അത്ഭുതാവഹമായിരുന്നു. വസൂരി (small pox) തുടച്ചുനീക്കപ്പെട്ടു, പോളിയോ (poliomyelitis)ഏറെക്കുറെ ഇല്ലാതായി. പേവിഷബാധയേറ്റ് ആരും മരിക്കാതെയായി. അങ്ങനെ പോകുന്നു വാക്സിൻ രംഗത്തെ കുതിപ്പുകൾ. ഇന്നിപ്പോൾ ലോകം ഏറ്റവും പ്രതീക്ഷയോടെ ഉറ്റുനോക്കുന്നതും Covid 19-ന് എതിരെയുള്ള വാക്സിനുകളെ ആണ്. പ്രതിരോധ സംവിധാനത്തെ ബലപ്പെടുത്താൻ ഇതര വൈദ്യശാസ്ത്ര ശാഖകളിലെ തത്വങ്ങളും പ്രയോജനപ്പെട്ടേക്കാം എന്ന ശുഭപ്രതീക്ഷ ഉണ്ടെങ്കിലും ശാസ്ത്രീയമായ തെളിവുകളുടെ അപര്യാപ്തത അവയുടെ സ്വീകാര്യതയ്ക്ക് തടസ്സമായി നിൽക്കുന്നു.

ഇനി എന്താണ് Agent-Host-Environment ത്രിത്വത്തിലെ മൂന്നാമത്തെ ഘടകമായ പരിസ്ഥിതിയുടെ സ്വാധീനം? കോവിഡിന്റെ കാര്യംതന്നെ എടുക്കുക. യൂറോപ്യൻ രാജ്യങ്ങളിലുണ്ടായ മരണനിരക്ക് ഇന്ത്യയിൽ ഉണ്ടായില്ല എന്നതിന്റെ ഉത്തരം ചിലപ്പോൾ ഈ ഘടകമാകാം. ഉയർന്ന താപനില വൈറസ് പെരുകലിനെ മയപ്പെടുത്തിയേക്കാം എന്ന വാദം പൂർണമായും തള്ളിക്കളയാൻ പറ്റില്ല.

പറഞ്ഞുവരുന്നത്, കോവിഡ്-19 പാൻഡെമിക് കേവലം ഒരു വൈറസ് ആക്രമണം എന്ന നിലയിൽ അല്ല, വൈറസും മനുഷ്യനും അവന്റെ സാമൂഹിക-പാരിസ്ഥിതിക ചുറ്റുപാടുകളും ചേർന്ന് ഒരുക്കുന്ന ഒരു സങ്കീർണ പ്രശ്നം എന്ന നിലയിലാണ് നാം കാണേണ്ടത്. ഏജന്റിനെ (SARS-Cov-2 എന്ന കൊറോണ വൈറസിനെ) കീഴടക്കാനും ഉന്മൂലനം ചെയ്യുവാനുമുള്ള ഔഷധങ്ങളോ വാക്സിനോ ശാസ്ത്രലോകം വികസിപ്പിക്കട്ടെ. പക്ഷേ, covid19-ന്റെ ആതിഥേയരായ (host) നാം ചെയ്യേണ്ട കാര്യങ്ങൾ കേവലം SMS(Sanitization-Mask wearing-Social distancing)-ൽ ഒതുങ്ങി നിൽക്കേണ്ടതാണോ? നാമും ഈ വൈറസുകളും ഒക്കെ ചേർന്ന് ജീവിക്കുന്ന ഈ പരിസ്ഥിതിയെ (Environment) നാം എങ്ങനെ കുറച്ചുകൂടി ജീവൽ സൗഹൃദമാക്കാം (life-friendly) എന്ന പാഠങ്ങൾ നാം പഠിക്കാൻ ശ്രമിക്കുന്നുണ്ടോ ?

ഈ ചോദ്യങ്ങൾക്ക് നല്ല ഉത്തരങ്ങൾ കണ്ടുപിടിക്കാൻ നമുക്ക് കഴിഞ്ഞാൽ ഈ കോവിഡ് പ്രതിസന്ധി ഗുണപരമായ മാറ്റങ്ങൾ സമ്മാനിക്കും. "*ഞങ്ങൾക്ക് ഉപദ്രവകരവും നഷ്ടവും ആയ കാര്യങ്ങൾ ഗുണകരവും ലാഭകരവും ആക്കി തീർക്കുന്ന കർത്താവേ......*" എന്ന് വി, കുർബാനയിൽ നമ്മൾ പങ്കുചേരുന്ന പ്രാർഥന അങ്ങനെ സാർഥകമാകും.

തെറ്റായ ജീവിതശൈലികൾ

ലാഭകരവും ഗുണകരവും ആയ കോവിഡ്-19 പാഠങ്ങൾ

(1) വേഗത കുറച്ച് ഓടിയാലും വലിയ കുഴപ്പമില്ല എന്ന് ഈ കാലം നമ്മെ പഠിപ്പിച്ചില്ലേ ? ജീവിതം ഒരു മാരത്തൺ ഓട്ടത്തിന്റെ ശൈലിയിൽ ഓടാനുള്ളതാണ് - നൂറ് മീറ്റർ സ്പ്രിന്റ് മത്സരമല്ല.

(2) കരുതലില്ലാതെയും വിതെടുത്ത് കുത്തിയും ഭാവിയിൽ നിന്നും കടമെടുത്തും ഉള്ള ജീവിതശൈലി കുഴപ്പമാണ് എന്ന് തിരിച്ചറിഞ്ഞില്ലേ നാം? അല്പസ്വല്പം കരുതലോടെയുള്ള നസ്രാണികുടുംബങ്ങളിലെ ആ പഴയ ജീവിതശൈലി നൽകിയിരുന്ന സുരക്ഷിതത്വം നമുക്ക് തിരിച്ചു പിടിക്കാം. '*സമ്പത്തുകാലത്ത് തൈ പത്തു വെച്ചാൽ, ആപത്തുകാലത്ത് കാ പത്ത് തിന്നാം*' എന്ന തത്വശാസ്ത്രം, '*സമ്പത്താണെങ്കിലും ആപത്താണെങ്കിലും അടിച്ചുപൊളിച്ച് ജീവിക്കുക*' എന്ന ശൈലിക്കാർക്ക് മനസ്സിലാകുന്ന സമയമിതാണ്.

(3) കണക്ഷനുകൾ നഷ്ടപ്പെട്ട പലർക്കും ഈ ലോക്ഡൗൺ കാലഘട്ടം ഒരു റീ-കണക്ഷൻ കാലമായിരുന്നില്ലേ ? പഴയകാല ഫോട്ടോകൾ ഒക്കെ ആൽബമാക്കിയവരും പഴയ ആൽബങ്ങൾ വർഷങ്ങൾക്കുശേഷം മറിച്ചു നോക്കിയവരും സ്വന്തം

കോവിഡ്കാല ചിന്തകൾ

ഹോബികളെ പൊടിതട്ടിയെടുത്ത് മിനുക്കിയവരും കണക്റ്റായത് സ്വന്തം സ്വത്വത്തോടുതന്നെയാണ്. വർഷങ്ങളായി അറ്റുപോയ ബന്ധങ്ങൾ ഫോണിൽകൂടിയും സോഷ്യൽ മീഡിയയിൽകൂടിയും തിരിച്ചുപിടിച്ചവർ റീ-കണക്റ്റ് ചെയ്തത് സഹജീവികളോടാണ്. കൃഷിയും പാചകവും ഗാർഡനിംഗും ഒക്കെ ചെയ്തു തുടങ്ങിയവർ കണക്റ്റ് ചെയ്തത് പ്രകൃതിയോടാണ്. സ്വന്തം ആത്മാവിനോടും സഹജീവികളോടും പ്രകൃതിയോടും ഉള്ള ബന്ധങ്ങൾ പുനഃസ്ഥാപിക്കാൻ കുറച്ചെങ്കിലും കഴിഞ്ഞെങ്കിൽ അത് വളരെ ലാഭകരവും ഗുണകരവും ആയ ഒരു വഴിത്തിരിവുതന്നെയാണ്.

(4) ശുചിത്വത്തിൽ നാം മുമ്പിൽ എന്ന് അഭിമാനിച്ചിരുന്നു എങ്കിലും എങ്ങനെ വെടിപ്പായി കൈകൾ കഴുകണം എന്നും മറ്റുള്ളവർക്ക് അറപ്പും വെറുപ്പും ഉണ്ടാക്കുന്ന ചുമയ്ക്കലും തുപ്പലും കാർക്കിക്കലും തുമ്മലും ഒക്കെ എങ്ങനെ മര്യാദയ്ക്ക് ചെയ്യണം എന്ന് കോവിഡ് വന്നില്ലായിരുന്നു എങ്കിൽ മലയാളികൾ ആയുസ്സിൽ പഠിക്കുമായിരുന്നോ ?

(5) പരാശ്രയമില്ലാതെ (വീട്ടിൽ വേലക്കാരി വന്നു ചെയ്തു തരാതെ, ബാർബർ ഷോപ്പിൽ പോയി മുടി വെട്ടാതെ) ജീവിക്കാം-അതിനുള്ള നൈപുണ്യമൊക്കെ നമ്മുടെ ഉള്ളിൽത്തന്നെ ഉണ്ട് എന്ന തിരിച്ചറിവ് നമുക്ക് കിട്ടിയില്ലേ ?

(6) ലഹരിയുടെ അകമ്പടിയില്ലാതെ വൈകുന്നേരങ്ങളും വാരാന്ത്യങ്ങളും സന്തോഷകരമായി കുടുംബത്തോടൊപ്പം കഴിയാം എന്നും നമ്മൾ പഠിച്ചല്ലോ ?

(7) വിവാഹങ്ങളും ശവസംസ്കാരങ്ങളും ധൂർത്തില്ലാതെ നടത്താം. മിതത്വവും മിനിമലിസവും ഒന്നും അസാധ്യമല്ല എന്നീ പാഠങ്ങളും ഈ കുഞ്ഞൻ വൈറസ് നമ്മെ പഠിപ്പിച്ചല്ലോ ?

(8) Lockdown നമ്മെ പഠിപ്പിച്ച ചില ദോഷങ്ങൾ കൈവെടിയാനും മറന്നുപോകരുതേ. വൈകിയുള്ള ഉറക്കം, ഏറെ വൈകിയുള്ള ഉംരൽ, പകലുറക്കം, ചിട്ടയില്ലായ്മ, അസമയത്തെ ഭക്ഷണം, അലസത - ഇവ നമ്മുടെ സ്വഭാവത്തിന്റെ ഭാഗമാകാതെ കരുതണം.

GM

(ലേഖകൻ ആലപ്പുഴ ഗവ. മെഡിക്കൽ കോളജ് മാനസികാരോഗ്യ വിഭാഗം തലവനും പ്രൊഫസറുമാണ്.)

11←

കവർഫീച്ചർ: സഭയുടെ ആരാധനാ ഗീതങ്ങൾ

മാർ സേവേറിയോസ് (AD 465-533) - അന്ത്യോക്യ പാത്രിയർക്കീസ് (512-538). കൽക്കദൂൻ സുന്നഹദോസിനെ എഃിർത്തവരിൽ പ്രധാനി.

അനുതാപം, മരിച്ചവർ എന്നീ വിഷയങ്ങൾ ഉൾപ്പെട്ടതാണ്. എന്നാൽ, അതിനും പുറമെ, ധൂപാനന്തര കോലോകൾ കഴിഞ്ഞു വരുന്ന കുക്കിലിയോനും ബോവൂസായും തിങ്കൾ, ചൊവ്വ, വ്യാഴം ദിവസങ്ങളിൽ സന്ധ്യയിലും പ്രഭാതത്തിലും അനുതാപത്തിന്റേതാകയാൽ, ആ ദിവസങ്ങളിലെ പ്രാർഥന പ്രധാനമായും അനുതാപത്തിന്റേതായി കണക്കാക്കപ്പെടുന്നു. ബുധനാഴ്ച സന്ധ്യയിലും പ്രഭാതത്തിലും തൽസ്ഥാനത്തു വരുന്ന കുക്കിലിയോനുകൾ ദൈവമാതാവിന്റെയും ബോവൂസാകൾ പൊതുവിന്റേതുമാണ്. വെള്ളിയാഴ്ച സന്ധ്യയിൽ സഹദേന്മാരുടെ കുക്കിലിയോനും പൊതുവിന്റെ ബോവൂസായും പ്രഭാതപ്രാർഥനയിൽ സ്ലീബായുടെ കുക്കിലിയോനും ബോവൂസായും വരുന്നു. ശനിയാഴ്ച സന്ധ്യയിൽ, തൽസ്ഥാനത്ത് മരിച്ചവരുടെ കുക്കിലിയോനും ബോവൂസായും പ്രഭാതത്തിൽ, പരേതരായ പട്ടക്കാരുടെ കുക്കിലിയോനും ബോവൂസായും ആണ് ഉള്ളത്. ഒരു ദിവസത്തെ പ്രാർഥന എന്തിനെ സൂചിപ്പിക്കുന്നു എന്ന് കുക്കിലിയോ നോക്കിയാൽ അറിയാം. സൂത്താറാ പ്രാർഥന എന്നും അനുതാപത്തിന്റേതാണ്.

രാത്രിപ്രാർഥനയുടെ ഒന്നാം കൗമാ, വെള്ളിയാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ ദൈവമാതാവിന്റേതാണ്. വെള്ളിയാഴ്ച രാത്രി ഒന്നാം കൗമാ സ്ലീബായുടെ കൗമയായി ചൊല്ലുമ്പോൾ, ഏക പരിശുദ്ധന്റെ കുക്കിലിയോൻ തീർച്ചയായും ചൊല്ലണം. രാത്രി പ്രാർഥനയുടെ രണ്ടാം കൗമ, പരിശുദ്ധന്മാരെ ഓർക്കുന്നതിനാണ്. എന്നാൽ വ്യാഴാഴ്ച ശ്ലീഹന്മാരെയും വെള്ളിയാഴ്ച സഹദേന്മാരെയും പ്രത്യേകം ഓർക്കുന്നു.

രാത്രി പ്രാർഥന മൂന്നാം കൗമാ തിങ്കൾ, ചൊവ്വ, വ്യാഴം ദിവസങ്ങളിൽ അനുതാപത്തിന്റേതും മറ്റ് ദിവസങ്ങളിൽ മരിച്ചവർക്കും വേണ്ടിയുള്ളതാണ്.

മൂന്നാം മണിയുടെ പ്രാർഥന തിങ്കൾ, ചൊവ്വ, വ്യാഴം ദിവസങ്ങളിൽ അനുതാപത്തിന്റേതും ബുധൻ ദൈവമാതാവിന്റേതും വെള്ളിയാഴ്ച സ്ലീബായുടെയും ശനിയാഴ്ച പരേതരായ പട്ടക്കാരുടേതുമാകുന്നു. ആറാം മണി എല്ലാ ദിവസവും പൊതുവിന്റേതും: ഒമ്പതാം മണി മരിച്ചവർക്കു വേണ്ടിയുള്ളതായും ക്രമീകരിക്കപ്പെട്ടിരിക്കുന്നു. ''

(‘***കാനോനാ നമസ്കാരം***’)

ഉപസംഹാരം

വിപുലമായ ഈ സന്നാഹം ഒരു വടവൃക്ഷം പോലെ പടർന്നു കിടക്കുന്നു. അവയിൽ സന്ദർഭം (ദിവസം, യാമം), വിഷയം, രാഗം എന്നിവ അതിശയകരമായി കോർത്തിണക്കിയിരിക്കുന്നു. ഏഴു യാമങ്ങളും രാത്രിപ്രാർഥനയിലെ മൂന്നു യാമങ്ങളും ചേർത്താൽ പത്തു യാമങ്ങളായി. ഈ നമസ്കാരങ്ങൾവഴി ‘ജ്ഞാനേന്ദ്രിയങ്ങളും’ കർമേന്ദ്രിയങ്ങളുമായ’ പത്ത് ഇന്ദ്രിയങ്ങളും ശുദ്ധീകരിക്കപ്പെടുവാൻ ഉതകുന്നു.

ഇതിൽ പറഞ്ഞിരിക്കുന്ന ക്രമീകരണങ്ങളിൽ പ്രാർഥന, മനനം, ധ്യാനം, സമർപ്പണം, അനുതാപം എന്നിവയെല്ലാം ഉൾക്കൊണ്ടിരിക്കുന്നു. ഇവ മാർഗമാണ്; അവയിൽത്തന്നെ ലക്ഷ്യമല്ല. ‘ദൈവീകരണത്തിലേക്കുള്ള വഴിത്താരയാണിത്.’ ‘*ദൈവസ്വഭാവത്തിൽ പങ്കാളികളാകാൻ*’ (പത്രോ. 1:4) ആണ് നമ്മുടെ വിളി. ആത്മാവിലും സത്യത്തിലും(യോഹ. 4:24) ആരാധിക്കുന്നതിനുള്ള പരിശീലനവും അനുഭവവുമാണ് ഇതിലൂടെ ലഭ്യമാകുക.

GM

കോവിഡ് നൽകുന്ന പാഠം

■ ഫാ. സൈമൺ ജോസഫ്

2019 ഡിസംബർ മാസം ചൈനയിലെ വുഹാൻ എന്ന സ്ഥലത്തുനിന്ന് പൊട്ടിപ്പുറപ്പെട്ട്, സമൂഹ വ്യാപനത്തിലൂടെ ലോകജനതയെ മരണഭീതിയുടെ മുൾമുനയിൽ നിർത്തി ഇന്നുവരെ ആരും കേട്ടിട്ടില്ലാത്ത, അനുഭവിച്ചിട്ടില്ലാത്ത, നീറുന്ന, നീറ്റുന്ന അനുഭവക്കാഴ്ച്ചകളിലൂടെ കടത്തിക്കൊണ്ടു പോകുമ്പോൾ കുറെ പുതിയ പാഠങ്ങൾ പഠിച്ചു. മുന്നേറുവാൻ നമ്മൾ നിർബന്ധിതർ ആവുന്നു.

1) പുതിയ പദാവലികൾ കരസ്ഥമാക്കുന്നു

കോവിഡ്, ലോക്ഡൗൺ, ഷട്ട്ഡൗൺ, ബ്രേക്ക് ദ് ചെയിൻ, സാമൂഹിക അകലം, ക്വാറന്റൈൻ പാലിക്കൽ, സാമൂഹിക അടുക്കള എന്നിങ്ങനെ പല പുതിയ വാക്കുകൾ കൊച്ചുകുട്ടികൾ പോലും പഠിച്ചു എന്നതാണ് വാസ്തവം.

2) കുടുംബ കൂട്ടായ്മ ശക്തിപ്പെട്ടു

വീടുകളിൽ ഇരിക്കാൻ നിർബന്ധിതരായതോടെ കുടുംബാംഗങ്ങൾ ഒന്നിച്ചിരിക്കാൻ, കളി ചിരി തമാശകളിൽ ഏർപ്പെടാൻ, ഭക്ഷണം കഴിക്കാൻ ഒക്കെ അവസരം ഉണ്ടായി. ചുരുക്കി പറഞ്ഞാൽ, അടുത്തിരിക്കാൻ, അടുത്തറിയാൻ, സ്നേഹം പങ്കിടാൻ അവസരം ഏറി.

3) ഭവനപ്രാർഥന ശക്തിപ്പെട്ടു

രണ്ടുനേരം പ്രാർഥിക്കാൻ സമയം ഇല്ലാ എന്ന് പരിഭവിച്ച ആധുനിക മനുഷ്യന്, പള്ളിവാതിലുകൾ തന്റെ മുൻപാകെ കൊട്ടി അടയ്ക്കപ്പെട്ടപ്പോൾ വീടുകളിൽ ഒന്നിച്ചുകൂടിയിരുന്ന് കൂടുതൽ ശക്തിയോടെ, ഒരുക്കത്തോടെ പ്രാർഥിക്കുവാൻ, വചനപാരായണം നിർവഹിക്കാൻ കഴിഞ്ഞു,

4) തിരക്കുകളിൽനിന്ന് മാറിയിരിക്കുവാൻ പഠിച്ചു

തിക്കി, തിരക്കി, മൃഗതുല്യം ഓടി മാനസിക-ശാരീരിക സമ്മർദങ്ങൾക്ക് അടിമപ്പെട്ട് ചിരിക്കാൻ മറന്ന മനുഷ്യൻ സ്വസ്ഥമായി മാറിയിരുന്ന് തന്നെത്തന്നെ, അപരനെ, പ്രകൃതിയെ നോക്കി സന്തോഷത്തോടെ ചിരിക്കാൻ പഠിച്ചു.

5) മാനവകുലത്തിൽ ഐക്യം ശക്തിപ്പെട്ടു

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രതിസന്ധികൾ രൂപപ്പെടുമ്പോൾ അത് കേട്ട്, കണ്ട്, ''അതു കഷ്ടമായിപ്പോയി'' എന്ന് പരിതപിക്കുകയും ഒരുവേള സഹായഹസ്തം നീട്ടിക്കൊടുക്കുകയും ചിലപ്പോൾ എങ്കിലും മാറിനിന്ന് കുറ്റപ്പെടുത്തുകയും ചെയ്തിരുന്നവർ ഏറെ. എന്നാൽ, കോവിഡ് 19 എന്ന രോഗം ലോകത്ത് എല്ലായിടത്തും ഒരുപോലെ വ്യാപിക്കുകയും ജാതി, മത, വർഗ, ഭാഷ വ്യത്യാസമില്ലാതെ എല്ലാവരെയും ബാധിക്കുകയും ചെയ്തപ്പോൾ മാനവ മാനസിക ഐക്യം ഉളവാക്കുന്നതിന് ഇത് കാരണമായി.

6) ഉപഭോഗ ത്വരയ്ക്ക് ശമനം വന്നു

വാതിൽ അടച്ചു വീട്ടിൽ ഇരിക്കാൻ നിർബന്ധിതരാവുകയും പൊതുനിരത്തിൽ ഇറങ്ങാൻ നിർവാഹമില്ലാത്തതിനാൽ വില്പനകേന്ദ്രങ്ങളിൽ നിയന്ത്രണം കൂടിവരികയും ചെയ്തതിന്റെ ഫലമായി ആവശ്യത്തിനും അനാവശ്യത്തിനും സാധനങ്ങൾ വാങ്ങിക്കൂട്ടുന്ന പ്രവണതയ്ക്ക് മാറ്റം വന്നു.

7) പരസ്നേഹം, പ്രകൃതി സ്നേഹം വർധിച്ചു

ജോലിക്കു പോവാൻ ആവാതെ വീട്ടിൽത്തന്നെ ഇരിക്കുന്ന അവസ്ഥയിൽ, അഥവാ ഇരുന്നാൽത്തന്നെ ചെറുവിരൽകൊണ്ടു പോലും ഒരു സഹായം ചെയ്യാത്തവർ, പരസ്പരം സഹായം ചെയ്തു തുടങ്ങി. അതോടൊപ്പം പ്രകൃതി പരിപാലനം ആരംഭിച്ചു. പാചകം, പൂന്തോട്ട പരിപാലനം, കൃഷി എന്നീ മേഖലകളിൽ താല്പര്യമേറി.

കോവിഡ് കാലം ഭൂമിക്ക് ആശ്വാസമേകുന്നു

8) മലിനീകരണ തോത് ക്രമാതീതമായി കുറഞ്ഞു

വൻകിട, ചെറുകിട ഫാക്ടറികൾ പൂർണമായി അടച്ചിടുകയും നിരത്തുകളിലെ അനിയന്ത്രിതമായ വാഹനങ്ങളുടെ കുത്തൊഴുക്ക് കുറയുകയും ചെയ്തതോടെ വായു, ജലം, അന്തരീക്ഷം എന്നിവയിലെ മലിനീകരണം ഗണ്യമായി കുറഞ്ഞു.

9) ക്രിയാത്മക ചിന്ത ബലപ്പെട്ടു

വീട്ടിലിരിപ്പുമൂലം നല്ല കാര്യങ്ങൾ ചിന്തിക്കാൻ, കലാപരമായ കഴിവുകൾ പ്രകടിപ്പിക്കാൻ തുടങ്ങി. ചിത്രരചന, കഥ, കവിത, ഒപ്പം പാഴ്വസ്തുക്കൾ ഉപയോഗിച്ച് കരകൗശല വസ്തുക്കളുടെ നിർമാണം എന്നിങ്ങനെ പുതിയ മേച്ചിൽപ്പുറങ്ങൾ കണ്ടെത്തി.

10) മാനസിക സംഘർഷം, രോഗി എന്ന ചിന്ത എന്നിവ കുറഞ്ഞു

എന്തിനും ഏതിനും പരാതി, പരിഭവം പറയുകയും ഒരു ചെറിയ തലവേദന വന്നാൽപോലും വലിയ ആശുപത്രികൾ ലക്ഷ്യമാക്കി ഓടുകയും ചെയ്യുന്ന പ്രവണത കുറഞ്ഞു. ഹോസ്പിറ്റൽ എന്നു കേൾക്കുന്നതുതന്നെ ഇന്നു പേടിയാണ്. നാം

നമ്മെത്തന്നെ നിയന്ത്രിക്കാൻ പഠിച്ചു. മാനസിക, ശാരീരിക സമ്മർദങ്ങൾ സ്വയം കൈകാര്യം ചെയ്യാൻ ഇന്ന് ഒരു പരിധിവരെ മനുഷ്യന് അറിയാം.

11) ശുചിത്വബോധം വർധിച്ചു

മലയാളികൾ ശുചിത്വ കാര്യങ്ങളിൽ പേരുകേട്ടവരാണെങ്കിലും പുത്തൻ തലമുറ അല്പസ്വല്പം പുറകിൽതന്നെ. ദേവാലയത്തിൽപോലും കുളിക്കാതെ വരുന്നവർ ഏറെയാണ്. വീടിനുപുറത്ത് പോയിവരുമ്പോൾ കൈകാലുകൾ കഴുകാൻ പൂമുഖത്ത് കിണ്ടിയിൽ വെള്ളം കരുതുന്ന പതിവ് ഇന്നത്തെ തലമുറക്ക് അറിയില്ല. എന്നാൽ കൊറോണ വ്യാപനം തടയാനായി കൈകാലുകൾ, മുഖം എന്നിവ വൃത്തിയായി കഴുകുവാൻ നാം തുടങ്ങി. 'എന്റെ ശുചിത്വം എന്റെ കാര്യം' എന്നു പറഞ്ഞവർ 'എന്റെ ശുചിത്വം എന്റെയും അപരന്റെയും ആവശ്യം' എന്ന നിലയിലേക്ക് മാറി.

12) മാധ്യമ മാനവീകരണം സാധ്യമായി

ജനാധിപത്യ വ്യവസ്ഥയുടെ നാലാം കണ്ണ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന മാധ്യമങ്ങൾ ഈ കോവിഡ് കാലയളവിൽ ഈ രോഗത്തെപ്പറ്റി, അതിന്റെ വ്യാപനം തടയുവാൻ തക്കവണ്ണം ശക്തമായ ബോധവൽക്കരണം നടത്തി നിസ്തുലമായ പ്രവർത്തനം കാഴ്ച്ചവച്ചു. മാനവിക ഐക്യം ഊട്ടി ഉറപ്പിക്കാൻ, സാമൂഹിക ഉത്തരവാദിത്വബോധം ഉണർത്താൻ അഹോരാത്രം യത്നിച്ചു.

കോവിഡ് 19 എന്ന മഹാവ്യാധി ഉയർത്തുന്ന വെല്ലുവിളി നിസ്സാരമല്ല എന്നു നമ്മൾ തിരിച്ചറിയണം. കാരണം പ്രതിരോധവും പരീക്ഷണവും മാത്രമേ നമ്മുടെ കയ്യിൽ ഉള്ളു. മരുന്ന് കണ്ടുപിടിക്കാൻ ശ്രമം നടക്കുന്നതേയുള്ളു. ആരോഗ്യ സേവനപ്രവർത്തകർ, നിയമപാലകർ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ വിലമതിക്കാനാവാത്ത സേവനങ്ങൾ നന്ദി അർഹിക്കുന്നു.

എന്നാൽ, ദൈവത്തിൽനിന്ന് അകലാതെ ദൈവത്തിൽ ആശ്രയിച്ച് ഈ മഹാമാരിയെ അതിജീവിക്കാൻ കഴിയണം. അതോടൊപ്പം ലോകത്തിന്റെ മതാന്ധത മാറിക്കിട്ടാൻ കോവിഡ് 19 ഒരു കാരണം ആയിത്തീർന്നു. വിശ്വാസം, ആരാധന എന്നിവ വെറും കർമ്മമായി മാറ്റുകയും ദേവാലയം പേരും അംഗീകാരവും ഉണ്ടാക്കാനുള്ള ഇടങ്ങൾ ആക്കിത്തീർക്കുകയും ഭക്ഷണശാലകളായി പരിണമിക്കുകയും ചെയ്തിരിക്കുന്ന സ്ഥിതിക്ക് മാറ്റം ഉണ്ടാകണം.

പ്ലേഗ്, വസൂരി, ഡെങ്കിപ്പനി അങ്ങനെ എത്ര മഹാവ്യാധികളെ ലോകം അതിജീവിച്ചു. ഇതിനെയും മറികടക്കും. എന്നാൽ ഈ വ്യാധികൾ തീമഴ പോലെ മാനവരാശിയുടെമേൽ വന്നു പതിച്ചതിൽ നമ്മുടെ പങ്ക് എന്ത്, നാം എന്തു ചെയ്യണം, എന്തു ചെയ്യരുത് എന്നു ചിന്തിക്കാൻ സമയമായിരിക്കുന്നു.

GM

(തൃപ്പൂണിത്തുറ സെ. ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി വികാരിയാണ് ലേഖകൻ)

അകംപൊരുൾ

35←

ക്രൂശുമരണത്തിന്റെ വിധിയെഴുതിയ രാജാവ് വിധിക്ക് കീഴടങ്ങി നാമധാരിയായി മാറ്റപ്പെട്ടപ്പോഴും വിധി സ്വീകരിച്ച കർത്താവ് വിധിയെ മറികടന്ന് മരണത്തെ അതിജീവിച്ച് നിത്യനാമധാരിയായി മാറിയത് വിശ്വാസലോകം കണ്ടു. രഹസ്യങ്ങളുടെ സൂക്ഷിപ്പുകാരനും ആത്മനിറവിലെ പ്രബോധകനുമായിരിക്കണം പുരോഹിതൻ. വിശുദ്ധ കുർബാനയിൽ വിശുദ്ധ സ്ഥലത്തുനിന്ന് അതിവിശുദ്ധ സ്ഥലത്തേക്കു പ്രവേശിക്കുമ്പോൾ പുരോഹിതന്റെ ഉള്ളിലെ പ്രാർഥന, '*പരിശുദ്ധവും ശുദ്ധീകരിക്കുന്നതുമായ നിന്റെ മഹാവിശുദ്ധസ്ഥലത്ത് പ്രവേശിച്ച് വന്ദ്യങ്ങളും ദിവ്യങ്ങളുമായ നിന്റെ രഹസ്യങ്ങളെ കളങ്കം കൂടാതെ സ്പർശിക്കുവാൻ വേണ്ടി എന്റെ ആത്മാവിന്റെ മലിനീകരണമായ അഴുക്കിനെ നീ കഴുകിക്കളഞ്ഞ് ജീവപ്രദമായ നിന്റെ തളിർപ്പുമൂലം എന്നെ വെടുപ്പാക്കണമേ*' എന്നാണ്. പുരോഹിതൻ വലതുകൈ തബ്ലൈത്താമേൽ വയ്ക്കുമ്പോൾ 'രഹസ്യങ്ങളിൽനിന്നാണ് ശക്തി പ്രാപിക്കുന്നത്.' വിശുദ്ധ കുർബാനയിൽ എത്രയധികം രഹസ്യ പ്രാർഥനകളാണുള്ളത്! അതെല്ലാം ശാക്തീകരണത്തിന്റെ പുതുക്കപ്പെടലിനു വേണ്ടിയാണ്.

ഏവൻഗേലിയോനിൽ വായിച്ചു കേൾക്കുന്നതുപോലെ '*നമ്മുടെ കർത്താവീശോമിശിഹായുടെ രഹസ്യങ്ങൾക്ക് ദൃക്സാക്ഷിയായിരിപ്പാനും ബഹുമാനമുള്ളതും വിലതീരാത്തതുമായ ഈ നൽവരം ശ്രേഷ്ഠമായ ഈ പദവിക്ക് അയോഗ്യനായ എന്റെ ബലഹീനത മുഖാന്തരം പ്രാപിപ്പാനും അത്യുന്നതനായ ദൈവത്തിന്റെ ശുശ്രൂഷയ്ക്കും ഉന്നതവും അതുല്യവുമായ മദ്ബഹയിലേക്കും അടുത്തുവരുവാനും ഇപ്പോൾ നിനക്ക് ഇഷ്ടം തോന്നിയിരിക്കുന്നു.*' രഹസ്യങ്ങളുടെ ദൃക്സാക്ഷിയാകുവാനാണ് പരോഹിതൻ കടന്നുവന്നിരിക്കുന്നതെന്ന് നാം തിരിച്ചറിയുന്നു. ദൃക്സാക്ഷിയായ ഒരാൾക്കു മാത്രമെ അതിന്റെ മർമത്തെ ഗ്രഹിക്കുവാൻ കഴിയൂ. അത് സനാതനമായ ഒരു വെളിപ്പെടുത്തൽ കൂടിയാണ്. സ്വന്തം ജീവിതത്തിൽ അത് സ്വാംശീകരിക്കുമ്പോൾ മാത്രമെ അതിന്റെ മർമം പകർന്നു നൽകുവാൻ കഴിയൂ.

കർതൃനിയമം പരിപാലിക്കുവാൻ ശിരസുകുനിച്ച് അംഗീകാരം നൽകിയവരാണ് പുരോഹിതർ. പട്ടംകൊട ശുശ്രൂഷയിൽ പൗരോഹിത്യപദവി സ്വീകരിക്കുമ്പോൾ സ്ഥാനാർഹനാകുന്ന കശീശയുടെ ശിരസ്സിൽ വച്ചാണ് സുവിശേഷഭാഗം വായിക്കുന്നത്. '*നിന്റെ ന്യായപ്രമാണമാകുന്ന ഇമ്പമുള്ള നുകം*' വഹിക്കുവാൻ നാം പ്രതിജ്ഞ എടുക്കുകയാണ്. ഭാരത്തെ വഹിക്കുന്ന നുകം കീഴ്പ്പെടലിന്റെയും ദൗത്യനിർവഹണത്തിന്റെയും പ്രതീകമാണ്. നുകം വഹിക്കുന്നവന്റെ ഒച്ച കനത്ത ഭാരത്താൽ ഇടറിയതായിരിക്കും. എന്നാൽ, ആത്മശോധനയിൽ അഗ്നിശുദ്ധിവരുത്തി ഒരു പുരോഹിതന് തന്റെ നുകം ഇമ്പമുള്ളതായി മാറുകയാണ്. കാരണം, ക്രിസ്തുപരിവൃത്തിയിലാണ് പുരോഹിതൻ തന്റെ ശുശ്രൂഷ നിർവഹിക്കുന്നത്. സഹനപാതയിലൂടെയുള്ള സഞ്ചാരമാണത്.

ഇതൊക്കെ സാധിക്കണമെങ്കിൽ പുരോഹിതൻ തന്നിലെ പഴയ മനുഷ്യനെ ഉപേക്ഷിക്കുകയും പുതുക്കപ്പെട്ട അനുഭവമുള്ളവനായി മാറുകയും ചെയ്യണം. ദൈവിക ദൗത്യത്തിന് നിയോഗിക്കപ്പെട്ടവൻ എന്ന ബോധ്യം നമുക്കുണ്ടാവണം. അപ്പോഴാണ് പരിശുദ്ധ മദ്ബഹായിലെ അലങ്കാരമായി, അനുഗ്രഹമായി ഓരോ പുരോഹിതനും തന്റെ ബലി പൂർത്തിയാക്കുവാൻ കഴിയുന്നത്. അവിടെ കടങ്ങൾ മോചിക്കും. പാപങ്ങൾ ക്ഷമിക്കും. അശുദ്ധരെ ശുദ്ധീകരിക്കും. പൂർണഹൃദയത്തോടെ വിളിക്കുന്നവരിൽനിന്ന് സ്തോത്രബലിയെ അംഗീകരിക്കും. വലിയവനും കരുണാസമ്പന്നനും സകലവും പൂർത്തീകരിക്കുന്നവനുമായ ദൈവത്തിന്റെ കരങ്ങളിൽ സമ്പൂർണമായി സമർപ്പിച്ചുകൊണ്ട് പൗരോഹിത്യശുശ്രൂഷ കൂടുതൽ അർഥതലങ്ങളിലേക്ക് വ്യാപരിപ്പിക്കുവാൻ നമുക്കു കഴിയണം.

GM

(ലേഖകൻ UK-Europe-Africa ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായും ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്തായുമാണ്)

Covid Times and Christian Life

■ Jacob Muringayil, London

And God called the light day, and the darkness He called night. And the evening and the morning were the first day (Gen 1 : 5). Despite the day which dawns daily, there is a virtual darkness all over the world at present cast by the Corona Virus named Covid-19. Perhaps, after the great flood in the O.T. times, this may be the first time that mankind, as a whole, faces a totally devastating crisis, though the two World Wars are not forgotten. It is virtually a darkness in broad daylight that humanity is experiencing now. Everyone is fearful of this virus which has already claimed over nine hundred thousand lives. The pre-Covid times witnessed a surge in materialistic lifestyle but, a sudden and unexpected stop to that style became the reality that has brought the frantic life to a halt and brought the memories back into many minds, of basic human life which existed before the surge of materialism.

Washing the hands or sins ?

One of the basic precautions one needs to take to keep the Virus away is washing the hands frequently. This does remind me of the incident of Pilate washing his hands in an attempt to keep away from the curse, he feared, the Holy Blood of Christ would bring upon him. It is said that Pilate ever after, till his death, kept on washing his hands as he suffered mental disorder. We, now, with sound mental health have to keep washing our hands to sustain life protecting it from the killer virus. Pilate washed his hands to escape the accursed death which would be the aftermath of his own actions and now, as Christians, it is a suitable time for us to spiritually analyse and discern what went wrong in our lives that we also are having to wash our hands to escape a potential death. One died for all on the Cross but that "all" did not bother living for that "One" afterwards. God says in Deuteronomy 30 : 15 "See, I have set before thee this day life and good, and death and evil". Even after Christ's sacrifice on the Cross, if we pursue an evil lifestyle, then there is no escape but to succumb to the reward of sin. Therefore, it is our Christian duty now, in the wake of the current pandemic, to look back into our lives to see whether any of our deeds also contributed to bringing in this pandemic, and correct what had gone wrong so as to break the chain of darkness and evil.

Taking Count of the losses

Covid-19 presents us with a very challenging time. Along with the physical and mental agony, for Christians, Covid-19 does cause a third level of agony which is Spiritual as it caused the churches to remain closed. Since the lockdown and social distancing measures were implemented towards the end of the Lenten period, it added more to the Spiritual agony of many devoted Christians. Missing the Holy Qurbana on Sundays and missing the Passion week and Easter services have been losses which could never be compensated for.

Here in the U.K., the situation is no different. More than 42,000 lives have already been lost to Covid-19 with many still on ventilators as I am writing this. Many suffered from the virus attack, including many from the Orthodox diaspora here. It is widely reported here that ethnic minorities including Indians are disproportionately more infected by the virus. A huge number of Malayalee doctors and nurses work in the health care sector here. In addition, a considerable number of Malayalees work in Care Homes. As churches remained closed for the faithful during the Passion week and on Easter Day, online services were the only asylum here as with the rest of the world. Though it provided an opportunity to watch the services from home, I am afraid, it would be an unwelcome precedence if it were to continue even after the Covid times.

A time to mend our ways

God is the only way out of this meltdown. Nineveh was saved when people cried, prayed and observed fast. But, this pandemic struck a majority of the world countries in the middle of the Great Lent. A pandemic in the middle of the Lenten period is something which must serve as an eye

A time to heal through love

→ 52

GOD'S GRACE AND BLESSINGS EXPERIENCED DURING COVID 19

■ Joseph Cherian, Secunderabad

God is our creator, redeemer and sustainer and these are His attributes which provide for grace towards all his creation; sustaining life and indeed a life of abundance.

In the Book of Genesis we read the beginning of Ecology and the delicate balance between the living things and the non-living elements sustaining the earth . God himself being the master-creator, the Bible calls Him marvellous in all His ways and His works are beyond our imagination.

The Holy Bible makes a very astonishing statement: *"In the beginning God created the heavens and the earth."* [Genesis 1:1]. And then we notice ecological balance being put in place. God through His word heralds the creation and His spirit marvellously breathes life into all creation.

In a mere 6 days of hectic activity, from the creation of light for the earth on the first day, to the creation of the earth's atmosphere on day two, to separation of the land and the waters on day three, to establishing the sun, the moon and the planetary system on day four to creation of water life and birds on day five, to creation of all kinds of animal life on earth, both herbivorous and carnivorous, and mankind on the day six. The sequence of ecological balance is narrated and the man and woman created by God were given the duty to maintain the ecology i.e. to nurture God's garden of Eden. Since Ecology is all about balance between nature, man and all forms of life there ought to be an order in that balance and for this Creator God chose man to be the Manager (Steward) of the ecology on earth. (Genesis 1: 28 to 30)

God the Ecologist & Man the Steward:

1. When all mankind sinned terribly and God destroyed that wickedness with a great flood we notice God commanding Noah (Steward) to build an Ark and to house in it all animals and birds in pairs. [Genesis 6: 19 to 22, Genesis 7: 2 to 5].
2. Again in the time of the prophet Jonah (Steward) we notice Gods great mercy towards the city of Nineveh. While Jonah wanted God to punish Nineveh, the Lord relents and answers him thus: *"And should I not pity Nineveh that great city in which there are more than 1,20,000 innocent people and also much cattle"*. [Jonah 4:11].

Thus we notice that the creator is very concerned about His creation, whether they live on the land or in the water or in the air. It is this greatest ecologist who maintains the living and the non living, which exist now yet will die. They all exist in perfect harmony, each dependent on the other. Thus God is the one who preserves ecology and man has been asked to be His steward.

Corona and the world of isolation

Corona virus has sent mankind into a world of isolation and segregation. The Malankara Orthodox Church members have this fabulous experience of Monastic life which is a part of our Orthodox legacy. Monastic life means seeking the presence of God through isolation from the world and least involvement with worldly matters. In this season, while church doors remain closed the hearts of the faithful were joined to God. People sought God privately and secretly and in isolation and many have found Him.

The Church became a family

Many family members barely had time for each other let alone attend church. But in this new season they got the time to restore lost love, affection and relationships. Children in particular received love not only from parents but also from grandparents and other senior members of the family.



A time to reconnect

Complete ban on travel, movies, club life, parties, fancy dressings, hotels, pubs, resorts, and all other frivolous things have made man to wonder if they are essential to life. With risk to one's life even to step outside, people have the opportunity to understand the way sin works and how one person infected by sin spreads it to his family, relatives, neighbours and even the church.

Let us remember that God sent his only Son, Jesus Christ, to save us from our sins.

(*The author is the former Secretary of St.Andrews Orthodox Valiyapally, Secunderabad. A Diploma holder from STOTS, Nagpur, he runs a* ***You tube*** *channel for interpreting God's word*)

GM

യുവജനങ്ങളും ആത്മീയതയും

■ ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ

നമ്മുടെ സഭയിലെ വിശ്വാസ സമൂഹത്തെ മൂന്നുവിഭാഗങ്ങളായി പരിഗണിക്കാം: (1) സഭയുടെ ആചാരാനുഷ്ഠാനങ്ങൾ പാലിച്ചു ജീവിക്കുന്ന മതാനുയായികൾ. (2) കാതോലിക്കാ സിംഹാസനത്തോടു 'കൂറും ഭക്തിയും' പ്രകടിപ്പിച്ചു ജീവിക്കുന്ന സഭാഭക്തർ. (3) സഭയുടെ ആചാരാനുഷ്ഠാനങ്ങൾ പാലിക്കുകയും കാതോലിക്കാ സിംഹാസനത്തോട് 'കൂറും ഭക്തിയും' പ്രകടിപ്പിക്കുകയും എന്നാൽ ഇതിനൊക്കെ ഉപരിയായി തങ്ങളുടെ ആത്മാവിന്റെ രക്ഷയെ വളരെ കാര്യമായി പരിഗണിച്ച് ജീവിക്കുന്ന ആത്മീയർ. നമ്മുടെ യുവജനങ്ങളിൽ മൂന്നാമത്തെ വിഭാഗത്തിൽപെടുന്നവരുടെ എണ്ണം കുറഞ്ഞുപോകുന്നു എന്നതാണ് എന്റെ ആകാംക്ഷ.

ഒന്നാമത്തെ വിഭാഗത്തിൽപ്പെടുന്ന ഭൂരിഭാഗവും പതിവായി ദേവാലയത്തിൽ പോവുകയും കൂദാശകൾ സ്വീകരിക്കുകയും സഭ നിഷ്കർഷിക്കുന്ന നോമ്പും നമസ്കാരങ്ങളും നിർവഹിക്കുകയും ഭവനങ്ങളിൽ പ്രാർഥിക്കുകയും ചെയ്യുന്നുണ്ട്. ഇവർ തങ്ങളുടെ മതജീവിതത്തിൽ തൃപ്തരാണ്. കർമാനുഷ്ഠാനങ്ങൾ നിർവഹിക്കുന്നതാണ് ആത്മീയത എന്ന് അവർ തെറ്റിദ്ധരിച്ച് ജീവിക്കുന്നു. ആചാരാനുഷ്ഠാനങ്ങൾ ആത്യന്തിക ലക്ഷ്യമല്ലെന്നും പ്രത്യുത ലക്ഷ്യത്തിലേക്കുള്ള ചവിട്ടുപടികൾ മാത്രമാണെന്നും അവർക്ക് ബോധ്യമില്ല. സ്റ്റാറ്റസ്കോ നിലനിർത്തി, അതാണ് സഭാജീവിതമെന്ന് ധരിച്ച് അതിൽ ആർക്കെങ്കിലും അല്പം പിഴച്ചാൽ അതിനെക്കുറിച്ച് കലഹിച്ച് തങ്ങളുടെ സഭാജീവിതത്തോടുള്ള തീവ്രത അവർ പ്രകടിപ്പിച്ചുകൊണ്ടിരിക്കും. അവരുടെ സങ്കല്പത്തിലുള്ള അനുഷ്ഠാനങ്ങൾ നിർവ്വഹിക്കാത്തവർ സഭാസ്നേഹികളല്ലെന്നും ഭക്തരല്ലെന്നും ഇക്കൂട്ടർ കണക്കാക്കുന്നു. എന്നാൽ ഇക്കൂട്ടർ, ആചാരാനുഷ്ഠാനങ്ങൾ നിവർത്തിക്കുന്നതോടൊപ്പം ദൈവതേജസിലേക്കും നിത്യജീവനിലേക്കുമുള്ള വളർച്ചയെക്കുറിച്ച് കൃത്യമായി ധാരണ പുലർത്തേണ്ടിയിരിക്കുന്നു. ആത്മാവിന്റെ ശോഭ വർധിക്കുന്നുണ്ടോ എന്ന പരിശോധന നിരന്തരം നിർവഹിക്കേണ്ടതായിട്ടുണ്ട്. ആത്മീക ജീവിതത്തിന്റെ പ്രതിസ്പന്ദനങ്ങളായ ആന്തരികസമാധാനം അനുഭവിക്കുവാനും ആന്തരികസൗഖ്യം പ്രാപിക്കുവാനും ശ്രമിക്കേണ്ടതാണ്. കർത്താവ് അത്തിയെ ശപിക്കുന്നത് ഇവിടെ പ്രസക്തമായ ചിന്തയാണ്. പുറമെ നിന്നു നോക്കുമ്പോൾ ഫലമുണ്ടെന്നു തോന്നിക്കുന്ന ഒരു ഭാവമുണ്ട്. എന്നാൽ തിരഞ്ഞുചെന്നാൽ ഫലമില്ലതാനും. യുവജനങ്ങൾ ഈ ചിന്ത കാര്യമായി പരിഗണിക്കേണ്ടിയിരിക്കുന്നു. കർത്താവ് സ്ഥാപിച്ച സഭയുടെ ലക്ഷ്യം സ്വർഗരാജ്യവും നിത്യജീവനുമാണ്. അതിലേക്കുള്ള തീർഥാടനങ്ങളാകണം സഭയിൽ നടക്കുന്ന എല്ലാ കാര്യങ്ങളും.



യുവതയും ഓർത്തഡോക്സിയും

സഭാസ്നേഹികൾ എന്ന മുദ്രയുള്ള രണ്ടാമത്തെ വിഭാഗത്തിന് ആത്മീകജീവിതമോ സഭയുടെ കൂദാശകളോ ആചാരാനുഷ്ഠാനങ്ങളോ ഒന്നുംതന്നെ വിഷയങ്ങളല്ല. "സമുദായം' എന്ന തലം മാത്രമാണ് അവർക്ക് സഭ. കാതോലിക്കാദിനാഘോഷം, റാലികൾ, സന്ദേശയാത്രകൾ, ദീപശിഖാ പ്രയാണം മുതലായ പ്രകടനങ്ങൾക്ക് സാധ്യതയുള്ള എല്ലാറ്റിനും അവർ മുൻപന്തിയിൽ കാണും. ആരാധനയിൽ മിക്കപ്പോഴും അവർ പള്ളിക്കുള്ളിൽ നിൽക്കാറില്ല. സ്ഥിരമായി ഇവർ പള്ളിക്കു വെളിയിലാണ് നിൽക്കുന്നത്. അവിടെത്തന്നെ ആരാധനാസമയങ്ങളിൽ സ്മാർട്ട് ഫോണുകളിലൂടെ കാര്യങ്ങൾ ചെയ്യുകയോ കൂട്ടുകാരുമായി സല്ലപിക്കുകയോ ഒക്കെയാവും അവർ ചെയ്യുന്നത്. ഭക്തിനിർഭരമായി നടത്തേണ്ട പ്രദക്ഷിണങ്ങളിൽപോലും കാതോലിക്കാ പതാക പിടിക്കുവാനും (ഈ അടുത്തകാലത്ത് പ്രത്യക്ഷപ്പെട്ട തെറ്റായ ഒരു പ്രവണതയാണിത്) ബാഡ്ജുകൾ കുത്തി നേതാവ് ചമയുവാനും വാദ്യഘോഷങ്ങൾക്കൊപ്പം ആടിപ്പാടുവാനും ഒക്കെ ഇവർ ഉണ്ടാകും. ഇവരുള്ളതിനാലാണ് സഭ നിലനിൽക്കുന്നതെന്നുവരെ ഇക്കൂട്ടർ വീമ്പിളക്കുന്നുണ്ട്. വിശുദ്ധ വേദപുസ്തകമോ മറ്റ് ആരാധനാക്രമങ്ങളോ കൈകൊണ്ട് തൊടില്ലെങ്കിലും സഭാ ഭരണഘടനയുടെ ഒരു കോപ്പി മിക്കപ്പോഴും കരുതിയിരിക്കും. വിശുദ്ധ വേദപുസ്തകത്തിലെ ഒരു പുസ്തകം എടുത്ത് വായിക്കുവാൻ പറഞ്ഞാൽ ഇൻഡക്സ് തപ്പുന്നവർക്ക് ഭരണഘടനയുടെ വകുപ്പുകൾ മിക്കവയും മനഃപാഠമാണ്. ഇടവകയോഗങ്ങളിൽ സംബ

ന്ധിക്കുവാൻ കുമ്പസാരം ഒരു നിർബന്ധമാകയാൽ ഇക്കൂട്ടർ കൃത്യമായി അതു നടത്തുന്നു. അതിലെ ആത്മാർഥത ദൈവത്തിനും കുമ്പസാരം കേൾക്കുന്ന വൈദികനും കുമ്പസാരിക്കുന്നവനും മാത്രം അറിയാം. ഏതു പരിപാടിക്കും ഒരു ബാഡ്ജ് ധരിച്ചുനടക്കുവാൻ ഇക്കൂട്ടർ താല്പര്യപ്പെടും. പരിപാടികളുടെ ചിത്രം ദിനപ്പത്രങ്ങളിൽ വരണമെന്നും തങ്ങളുടെ മുഖം അതിലുണ്ടാകണമെന്നും ഇവർക്ക് നിർബന്ധമാണ്. സുവനീറുകളിലും സപ്ലിമെന്റുകളിലും അവരുടെ ചിത്രങ്ങൾ അച്ചടിച്ചുവരുന്നത് അവരെ ആഹ്ലാദചിത്തരാക്കുന്നു. പടം വന്നില്ലെങ്കിലും സ്ഥാനങ്ങൾ ലഭ്യമായില്ലെങ്കിലും കലഹമുണ്ടാക്കുവാനും പള്ളിയിൽ ഛിദ്രമുണ്ടാക്കുവാനും ഇവർ ശ്രമിക്കും. ഇവരിൽ ചിലർ പള്ളിനടത്തിപ്പുതന്നെ ദുഷ്കരമാക്കുന്നു.

എന്നാൽ, മൂന്നാമത്തെ വിഭാഗത്തിൽപ്പെടുന്നവർ ആത്മാവിന്റെ വളർച്ചയും രക്ഷയും ശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നവരാണ്. അവർ ഇടവകകളിൽ നിശബ്ദസേവനം ചെയ്യുന്നവരാണ്. അനുതാപജീവിതം അവരുടെ മുഖമുദ്രയാണ്. നിരന്തരമായി പ്രാർഥിക്കുവാനും നോമ്പും ഉപവാസവും അനുഷ്ഠിക്കുവാനും ആരാധനകളിൽ ഭക്തിയോടെ സംബന്ധിക്കുവാനും അവർ താല്പര്യപ്പെടുന്നു. സ്ഥാനമാനങ്ങൾ വഹിക്കുവാനോ അംഗീകാരം ലഭിക്കുവാനോ ഇവർ ശ്രമിക്കാറേയില്ല. ദേവാലയത്തിലെ ആരാധനാനുഷ്ഠാനങ്ങൾ പോലെ തന്നെ ഭവനങ്ങളിലും ആത്മീയ അന്തരീക്ഷം സൃഷ്ടിക്കും. കുടുംബാംഗങ്ങൾക്കും വിശേഷാൽ വരുംതലമുറയ്ക്കും മാതൃകയായി ജീവിക്കുവാനും ആത്മീകചൈതന്യം പകരുവാനും ഇവർ ശ്രമിക്കും. ദൈവബന്ധം ശക്തമാക്കുന്നതോടൊപ്പം മറ്റുള്ളവരോടുള്ള ബന്ധങ്ങൾ സ്നേഹാധിഷ്ഠിതമായി കാത്തുസൂക്ഷിക്കുവാനും ശ്രമിക്കും. ആശയപരമായ വ്യത്യാസങ്ങൾ ഉണ്ടായാൽപോലും അത് ശണ്ഠയിലേക്കെത്തിക്കാതെ സൗമ്യതയോടെ സംസാരിച്ച് പരിഹരിക്കുവാൻ ഇവർക്ക് കഴിയും. പരസ്യജീവിതംപോലെ തന്നെയോ അതിനപ്പുറത്തേക്കോ രഹസ്യജീവിതവും വിശുദ്ധമായി ഇവർ സൂക്ഷിക്കുന്നു. പരസ്യമായ ആരാധനാ അനുഷ്ഠാനങ്ങളോടൊപ്പം രഹസ്യമായി ആരും കാണാതെയും ആരെയും കാണിക്കാതെയും ഇവർ പ്രാർഥിക്കുന്നുണ്ടാകും. ഇവരുടെ സാന്നിധ്യം മറ്റുള്ളവർക്ക് സന്തോഷവും സമാധാനവും പ്രദാനം ചെയ്യും. മറ്റുള്ളവരുടെ പ്രയാസഘട്ടങ്ങളിൽ നിബന്ധനകൾ ഒന്നുമില്ലാതെ ഇവർ സഹായിക്കുവാനെത്തും. ദൈവവും സഭാജീവിതവും നിത്യജീവനും ഇത്തരക്കാരുടെ ചിന്തയിലും ധ്യാനത്തിലും എപ്പോഴുമുണ്ടാകും. അതിനാൽത്തന്നെ അവർ ഋജുമതികളാണ്.

സഭയും യുവതയും

പരിശുദ്ധ സഭ യുവജനങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നത്, അവർ മുൻപറഞ്ഞ മൂന്നാം വിഭാഗത്തിൽ എത്തണമെന്നാണ്. നമ്മുടെ സഭയിൽ ഏറ്റവും താഴ്ന്ന തലം മുതൽ കേന്ദ്രതലം വരെ ശക്തമായ പ്രവർത്തനങ്ങൾ യുവജനങ്ങൾക്കായി ക്രമീകരിച്ചിട്ടുണ്ട്. ആരാധന, പഠനം, സേവനം എന്നിവയാണ് പ്രസ്ഥാനങ്ങളുടെ ആദർശസൂക്തം. ആത്മീകചൈതന്യമുള്ള യുവതീയുവാക്കളെ സൃഷ്ടിക്കുവാൻ, യുവജനങ്ങളുടെ പ്രസ്ഥാനങ്ങളിലും പരിപാടികളിലും ആരാധന, പഠനം എന്നിവയ്ക്ക് ഊന്നൽ നൽകേണ്ടിയിരിക്കുന്നു. സേവനം കുറെയധികം യുവജനങ്ങൾ ചെയ്യുന്നുണ്ട്. ആത്മീകതയുടെ പ്രതികരണങ്ങളാകുന്നതിനുപകരം ചാരിറ്റിയും ഒരു പരിപാടിയായി മാറിയിരിക്കുന്നു എന്നതാണ് ഇക്കാര്യത്തിലെ പ്രതിസന്ധി. സഭയിലെ വിദ്യാർഥി-യുവജനപ്രസ്ഥാനങ്ങളുടെ ഗുണനിലവാരം ഉയർത്തി അതിലെ അംഗങ്ങൾ ആത്മീകമായി വളർന്ന് നിത്യജീവൻ അവകാശമാക്കുവാൻ ഉതകുന്ന ചില നിർദേശങ്ങൾ സമർപ്പിക്കുന്നു:

1. വിദ്യാർഥി-യുവജന പ്രസ്ഥാനങ്ങളുടെ പരിപാടികളിൽ ആരാധന, വിശ്വാസം, സഭാജീവിതം, വേദപുസ്തകം, സാമൂഹിക പ്രതിബദ്ധത മുതലായ വിഷയങ്ങൾ ചർച്ച ചെയ്യാനും പഠിക്കാനും ക്രമീകരണങ്ങൾ ഉണ്ടാകണം.
2. ഓർത്തഡോക്സ് സഭകളിലെ വിശുദ്ധരുടെ ജീവിതം പഠനവിഷയമാക്കണം.
3. കൂദാശകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകളെക്കുറിച്ചും ഒരുക്കത്തെക്കുറിച്ചും നിരന്തരം ബോധ്യപ്പെടുത്തി, ശരിയായ സഭാജീവിതത്തിലേക്ക് യുവജനങ്ങളെയും വിദ്യാർഥികളെയും നയിക്കുവാൻ ശ്രദ്ധിക്കണം.
4. യുവതീയുവാക്കളുടെ പൊതുവായ ആത്മീകപിതാവ് ഇടവകവികാരിയാണെങ്കിലും ഓരോ ഇടവകയിലും പത്ത് യുവജനങ്ങൾക്ക് ഒരു മാർഗദർശി (Mentor)യെ കണ്ടെത്തി ആ യുവജനങ്ങളുടെ വളർച്ചയ്ക്ക് സഹായകമാകുന്ന ഇടപെടലുകൾക്ക് സൗകര്യമൊരുക്കുക. യുവാക്കൾക്ക് പുരുഷന്മാരും യുവതികൾക്ക് സ്ത്രീകളും മാർഗദർശികളായി വരുന്നതാണ് അഭികാമ്യം. മാർഗദർശികൾ സാക്ഷ്യമുള്ളവരാകുവാൻ ശ്രദ്ധിക്കണം.

5. വിശുദ്ധ കുമ്പസാരം നിരന്തരം നടത്തുവാൻ വേണ്ട പ്രേരണയും ക്രമീകരണവും ഉണ്ടാകണം. ഇടവക പൊതുയോഗത്തിനിരിക്കുവാൻ കുമ്പസാരം ആവശ്യമായതിനാലും കുമ്പസാര രജിസ്റ്റർ വികാരിയുടെ പക്കലായതിനാലും അത് ഇടവക വികാരിയുടെ മുമ്പാകെ നിർവഹിക്കേണ്ടി വരും. എന്നാൽ തങ്ങൾക്ക് ആശ്രയിക്കാവുന്ന ഒരു സ്ഥിരം കുമ്പസാര പിതാവിനെ(മറ്റ് ഓർത്തഡോക്സ് സഭകളിൽ ഇത് നിലനിൽക്കുന്നു) കണ്ടെത്തി ആ കൂദാശ അർഥപൂർണമായി നിർവഹിക്കുവാൻ യുവജനങ്ങൾ തയ്യാറായാൽ അതിന്റെ സുശക്തഫലം തീർച്ചയായും സഭയിൽ ലഭ്യമാകും.

6. വിശുദ്ധ വേദപുസ്തക വായനയും ധ്യാനവും നിരന്തരം നടത്തുവാനുള്ള പരിശീലനം യുവജനങ്ങൾക്ക് ലഭിക്കണം. Bible Reading Card തയ്യാറാക്കുന്നതുകൊണ്ട് മാത്രം വേദവായനാശീലം ഒരാളിൽ ഉളവാകുകയില്ല. തിരുവചനത്തോടുള്ള ആഭിമുഖ്യം ജീവിതഭാഗമാക്കുവാൻ പ്രചോദനം പ്രസ്ഥാനങ്ങളിൽ നിന്നുണ്ടാകണം.

7. വിദ്യാർഥി-യുവജന പ്രസ്ഥാനങ്ങൾ സംഘടിപ്പിക്കുന്ന പരിപാടികളിൽ ആത്മീകവും സാംസ്കാരികവും കലാപരവുമായ പരിപാടികൾ ഉണ്ടാകണം. അതിൽത്തന്നെ ആത്മീക കാര്യങ്ങൾക്ക് ഊന്നൽ നൽകുന്ന പ്രോഗ്രാമുകൾ കൂടുതൽ ഉണ്ടാകണം.

8. പ്രസ്ഥാനങ്ങളുടെ ഏകദിനസമ്മേളനങ്ങളിലും മറ്റ് കോൺഫറൻസുകളിലും പ്രസംഗങ്ങളുടെ ആധിക്യം കുറച്ച് ക്ലാസുകൾ നയിക്കുന്നവർക്കും മറ്റും പ്രയോജനപ്രദമായ വിധത്തിൽ അവ നയിക്കുവാൻ അവസരം നൽകുകയും കൂട്ടായ ചർച്ചകൾക്കും മറ്റും അവസരം സൃഷ്ടിക്കുകയും വേണം.

9. കഴിഞ്ഞ കാലങ്ങളിൽ കോൺഫറൻസുകൾക്ക് മൂല്യം വർധിപ്പിച്ചിരുന്ന ധ്യാനവും കുമ്പസാരവും വിശുദ്ധ കുർബാനാനുഭവവും ഇപ്പോൾ കാര്യമായി പരിഗണിക്കപ്പെടുന്നില്ല. അവയെ പുനഃസ്ഥാപിക്കുവാനുള്ള നടപടികൾ ഉണ്ടാകണം.

10. പ്രസ്ഥാനങ്ങളുടെ വകയായി നടത്തപ്പെടുന്ന ചാരിറ്റി പ്രവർത്തനങ്ങൾക്ക് മറ്റുള്ളവരിൽ നിന്നും പിരിച്ചെടുക്കുന്ന തുകയോടൊപ്പം പ്രസ്ഥാനഅംഗങ്ങളുടെ ദശാംശമെങ്കിലും നൽകുവാൻ ക്രമീകരണം ഉണ്ടാകണം.

GM

(ബംഗളൂരു ഭദ്രാസന മെത്രാപ്പോലീത്തയാണ് ലേഖകൻ)



ആത്മീയത പൊളിച്ചെഴുതും കാലം

■ ഫാ. ഡോ. ഒ.തോമസ്

ചോദ്യം

കോവിഡ് 19 എന്ന മഹാമാരി ലോകത്തിലെ വിശ്വാസിസമൂഹത്തിനു നൽകുന്ന സന്ദേശം എന്താണ്? തങ്ങളുടെ ധൂർത്തും ആഡംബരവും ആർത്തി പൂണ്ട് വെട്ടിപ്പിടിക്കുന്ന ശൈലിയും പ്രകൃതിനശീകരണവും മാറ്റി എല്ലാവരും ലാളിത്യത്തിലേക്കു നീങ്ങണമെന്നാണോ ? അത്ഭുത രോഗശാന്തിയുടെ വക്താക്കൾ ഇപ്പോൾ എവിടെയാണ്? അവരുടെ രോഗശാന്തി വരത്തെ കോവിഡിന്റെ പശ്ചാത്തല ത്തിൽ എങ്ങനെ കാണണം ?

- കെ.തോമസ് ഫിലിപ്പ്, പുതുപ്പള്ളി

പരക്കെ ചർച്ചചെയ്തുകൊണ്ടിരിക്കുന്ന ഒരു വിഷയ മാണല്ലോ. സെക്കുലർ ആധ്യാത്മിക മേഖലയിലുള്ളവരൊക്കെ വിദഗ്ധമായ അഭിപ്രായങ്ങൾ ലോകത്തിനു നൽകിക്കൊ ണ്ടിരിക്കുന്നു. എല്ലാ ഉത്തരങ്ങളും അപൂർണമാണ്. എന്തു കൊണ്ടെന്നാൽ, കോവിഡിന്റെ ജൈത്രയാത്രയെ ഫലപ്രദമായി തടയുവാൻ ഇതുവരെ ആർക്കും സാധിച്ചിട്ടില്ല. അതിനാൽ അനേക ഉത്തരങ്ങളുടെയും ചിന്തകളുടെയും കൂട്ടത്തിൽ ഒന്നായി ഈ പരിചിന്തനത്തെയും കണ്ടാൽ മതിയാകും. ആശയങ്ങൾ തികച്ചും വ്യക്തിപരമെന്ന് ആദ്യമേ ഓർമിപ്പിക്കട്ടെ.

മുൻപത്തെ അനുഭവങ്ങളിൽ നിന്നു പാഠം പഠിക്കാൻ കാര്യമായി ഒന്നുമില്ലാത്ത അസാധാരണമായ ഒരു അനു ഭവമാണല്ലോ കൊറോണാ ദുരന്തം. രണ്ടാം ലോക മഹായുദ്ധം, യൂറോപ്പിലെ 14-ാം നൂറ്റാണ്ടിലെ പ്ലേഗ് തുടങ്ങിയ ദുരന്തങ്ങളിൽ മരണസംഖ്യ യഥാക്രമം 7-ഉം 10-ഉം കോടിയായിരുന്നത്രെ. ഇതെഴുതുമ്പോൾ കൊറോണ 3 ലക്ഷത്തിലധികം പേരുടെ മരണത്തിൽ കലാശിച്ചിരിക്കുകയാണ്. എന്നാൽ ലോകത്തെ മുഴുവൻ വിറപ്പിക്കുകയും സാമ്പത്തിക സ്രോതസ്സുകൾ അടയ്ക്ക പ്പെടുകയും ലോകത്തിന്റെ ഭാവി അനിശ്ചിതത്വത്തിൽ എത്തിക്കു കയും ചെയ്ത നിലയിൽ മറ്റെല്ലാ ദുരന്തങ്ങളേക്കാളും കൊറോണ ഒരുപടി മുകളിൽ നിൽക്കുന്നു.

ഈ ദുരന്തങ്ങളോർത്തു വ്യത്യസ്ത കാഴ്ചപ്പാടുകളെ പരിശോധിക്കാം.

യുക്തിവാദികളും നിരീശ്വരവാദികളും

ഇവരിൽ ഒരു കൂട്ടർ തങ്ങളുടെ നിലപാടുകളെ ഉറപ്പിക്കും. എല്ലാറ്റിനെയും നിയന്ത്രിക്കുന്ന ദൈവം എന്തുകൊണ്ട് അതിശയം പ്രവർത്തിച്ചില്ല? ദൈവത്തിന്റെ കുത്തക തങ്ങളുടെ കൈ കളിലാണെന്ന് അവകാശപ്പെടുന്ന മതത്തിന്റെ വക്താക്കളും നേതാക്കളും കൊറോണയെ നിയന്ത്രിക്കുന്നതിൽ എന്തു പങ്കുവഹിച്ചു? ആരാധനയും പൂജകളും നിർത്തിവെക്കാൻമാത്രം കൊറോണ ശക്തമായപ്പോൾ ദൈവം എന്തുകൊണ്ട് തടഞ്ഞില്ല? ഇങ്ങനെ ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ ഉന്നയിച്ച തങ്ങളുടെ യുക്തിയിൽ ഉറപ്പിച്ച് മുന്നോട്ട് പോകുന്നു.

ഈ വിഭാഗത്തിലെ മറ്റൊരു കൂട്ടർ യുക്തി ഉപയോ ഗിച്ചുതന്നെ മറ്റൊരു സമീപനം സ്വീകരിക്കാൻ ഇടയുണ്ട്: ശാസ്ത്രവും സാങ്കേതികവിദ്യയുമൊക്കെ വളർന്നെങ്കിലും മനുഷ്യനു മനസ്സിലാക്കാൻ ഇനിയും സാധിക്കാത്ത അനേകം സമ സ്യകളുണ്ടെന്നും, അതിനാൽ വിനീതമായി പ്രപഞ്ച സ്രഷ്ടാ വിങ്കലേക്കു തിരിയുന്നതല്ലാതെ മറ്റൊരു മാർഗവുമില്ലെന്ന് സമ്മതിക്കുന്ന മാനസിക നിലവാരത്തിലേക്ക് എത്തിച്ചേരാനുള്ള സാധ്യത.

മതവിശ്വാസികൾ

ലോകജനസംഖ്യയിൽ ഇന്നും മത/ദൈവവിശ്വാ സിക ളാണ് കൂടുതൽ. 86% ഏതെങ്കിലും മതത്തിൽ വിശ്വസിക്കുന്നവരും 14% ഒരു മതത്തിലും വിശ്വസിക്കാത്തവരും എന്ന് ചില കണക്കുകൾ സൂചിപ്പിക്കുന്നു. പാശ്ചാത്യലോകത്തിൽ സംഭവിച്ച മതവും ഭരണകൂടങ്ങളും തമ്മിൽ വേർതിരിച്ചതിന്റെ (Religious and Secular) സ്വാധീനം ലോകത്തെങ്ങും ഉണ്ടായിട്ടുണ്ട്. ഇന്നും വിശ്വാസികളുടെ വ്യക്തിപരമായ ജീവിതത്തിൽ ധാർമിക മൂല്യങ്ങൾ നിലനിർത്തുന്നതിനും പ്രതിസന്ധികളെ അതിജീ വിക്കുന്നതിനും മതം ഒരു ചാലക ശക്തിയായി പ്രവർത്തിക്കു ന്നുണ്ട്. ഓരോ രാജ്യത്തും മതങ്ങൾ ഓരോ വിധത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും മനസ്സിലാക്കാൻ സാധിക്കും. രാഷ്ട്രീയ ലക്ഷ്യങ്ങൾ നേടാൻ ചില പ്രത്യയ ശാസ്ത്രങ്ങൾ മതത്തെ കൂട്ടുപിടിക്കുകയും അങ്ങനെയുള്ള ഒരു അവിശുദ്ധ കൂട്ടുകെട്ട് ഉണ്ടെന്നു മനസ്സിലാക്കാതെ മതവിശ്വാസികളെ തീവ്രവാദ ത്തിലേക്കു നയിക്കുന്ന സാഹചര്യങ്ങളും ഇന്നു ലോകത്തുണ്ട്. ഇങ്ങനെ മതവിശ്വാസത്തെ, മനുഷ്യ സമൂഹത്തിന്റെ നന്മയ്ക്കും തിന്മയ്ക്കുമായി ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നു എന്നു പറയുന്നതിൽ തെറ്റില്ല എന്നു തോന്നുന്നു.

ലോകത്തെ ദോഷമായി ബാധിച്ചിരിക്കുന്ന വലിയ തിന്മകളെ നിയന്ത്രിക്കുവാൻ മതങ്ങൾക്കു സാധിക്കുന്നുണ്ടോ എന്നതിൽ സന്ദേഹമുണ്ട്. ഉദാഹരണമായി പറഞ്ഞാൽ, ആഗോളവൽക്കരണത്തിൽ യഥാർഥ ദൈവം 'മാമോനാ'ണ്. സമ്പത്തിന്റെ ക്രയവിക്രയത്തിലാണ് മറ്റെല്ലാ മൂല്യങ്ങളും ചെന്നുനിൽക്കുന്നത്. നാട്ടിലെ ചെറിയ ഉദാഹരണമെടുക്കാം. മദ്യത്തിൽനിന്നുള്ള നികുതിയാണ് സർ ക്കാരുകളുടെ പ്ര ധാന വരുമാനമാ ർഗം. അതിനാൽ, അതിനെ കാര്യമായി നിയന്ത്രിക്കുവാൻ മാ റിവരുന്ന സർക്കാരു കൾക്ക് താല്പ ര്യമില്ല. നയപരിപാടി കളിൽ അല്പസ്വ ല്പം വ്യത്യാസം കാണുമായിരിക്കാം.

ഇനി മതങ്ങളിലേക്കു വരാം. ആചാരാനുഷ്ഠാനങ്ങൾ വർധി ക്കുന്നതുകൊണ്ട് അനേകം പേർക്ക് സാമ്പത്തിക സ്രോത സ്സുണ്ടാകുന്നു എന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. മറ്റൊരു

ഉദാഹരണം, കൊറോണ മൂലം ഗീവർഗീസ് സഹദായുടെ നാമത്തിലുള്ള പെരുന്നാളുകൾ അനാർഭാടമായി. ഇതുമൂലം സാമ്പത്തിക നഷ്ടം അനുഭവിക്കുന്ന വലിയ ഒരു വിഭാഗമുണ്ട്. ചെണ്ട, ബാൻഡ്, ശിങ്കാരിമേളം, വെടിക്കെട്ട്, ദീപാലങ്കാരം, ശബ്ദം, വെളിച്ചം, പെരുന്നാൾ കച്ചവടം തുടങ്ങി പല പല മേഖലകളിലാണ് തൊഴിൽനഷ്ടമുണ്ടായത്. ഈ കൂട്ടത്തിൽ ഒരു പരിധിവരെ പൗരോഹിത്യ ഗണത്തെയും അവരെ ചുറ്റിപ്പറ്റി നിൽക്കുന്നവരേയും ഉൾപ്പെടുത്താമെന്നു തോന്നുന്നു. അങ്ങനെ എല്ലാ മതങ്ങളും ലാളിത്യം, അടിസ്ഥാനമൂല്യമായി സ്വീകരിച്ചിട്ടുണ്ടെങ്കിലും അതു പ്രാവർത്തികമാക്കാനൊക്കാത്ത സാമ്പത്തികത്തിന്റെ ചക്രവ്യൂഹത്തിൽ അകപ്പെട്ടിരിക്കയാണ്. ഇവയേക്കുറിച്ച് ആഴത്തിൽ ആത്മപരിശോധന നടത്തുവാൻ കൊറോണാ ദുരന്തം എല്ലാ മതവിശ്വാസികൾക്കും അവർക്കു നേതൃത്വം കൊടുക്കുന്നവർക്കും അവസരം നൽകുന്നു.

ദൈവശിക്ഷയോ കർത്താവിന്റെ രണ്ടാമത്തെ വരവിന്റെ അടയാളമോ ?

ക്രൈസ്തവലോകത്ത് ചിലരെങ്കിലും ചർച്ച ചെയ്തത് ഈ വഴിക്കാണ് എന്നു തോന്നുന്നു. പഴയനിയമ പ്രവാചകന്മാരെ സ്ഥാനത്തും അസ്ഥാനത്തും ഉദ്ധരിച്ചുകൊണ്ട് കൊറോണ ദൈവശിക്ഷയാണെന്നു സമർഥിക്കാൻ ശ്രമിച്ചു. ലോക്ഡൗൺ 40 ദിവസമായപ്പോൾ വേദപുസ്തകത്തിലെ 40 എന്ന സംഖ്യ എവിടെയെല്ലാമുണ്ടോ അതെല്ലാം ഉദ്ധരിച്ചു. 40-ൽനിന്ന് വീണ്ടും നീട്ടിയപ്പോൾ മിണ്ടാട്ടമില്ലാതായി. നോഹയുടെ കാലത്തെ ജലപ്രളയം, ബാബേൽ ഗോപുരത്തിന്റെ തകർച്ച മുതൽ പഴയനിയമത്തിലെ യഹോവയുടെ ശിക്ഷാനടപടികളുടെ വെളിച്ചത്തിൽ കൊറോണാ ദുരന്തത്തെ വ്യാഖ്യാനിച്ചവരുണ്ട്. എന്നാൽ ക്രിസ്തു വെളിപ്പെടുത്തിയ ദൈവസ്വഭാവം ഇതിനോടു ചേരുന്നതല്ല. ക്രിസ്തുവിനെ സ്വീകരിക്കാത്ത ശമരിയാക്കാരെ അഗ്നിയിറക്കി ദഹിപ്പിക്കണമെന്ന് ശിഷ്യന്മാർ ആവശ്യപ്പെട്ടപ്പോൾ അവരെ ശാസിച്ചുകൊണ്ട്, '*മനുഷ്യപുത്രൻ നശിപ്പിപ്പാനല്ല, രക്ഷിക്കാനത്രെ വന്നിരിക്കുന്നത്*' എന്ന് വ്യക്തമാക്കി (ലൂക്കോ. 9:56). കർത്താവിന്റെ ഉപമകളിൽ ഏറ്റവും കൂടുതൽ ശ്രദ്ധേയമായ, വഴിതെറ്റിപ്പോയ മകന്റെ തിരിച്ചുവരവിൽ അത്യന്തികമായി സന്തോഷിക്കുന്ന പിതാവിന്റെ ചിത്രം ശരിക്കും ദൈവസ്നേഹത്തെ വെളിപ്പെടുത്തുന്നതാണ് (വി.ലൂക്കോ. 15). ചുരുക്കത്തിൽ, കൊറോണാ ദുരന്തത്തെ ദൈവത്തിന്റെ ശിക്ഷയായി വ്യാഖ്യാനിക്കുന്നത് ക്രിസ്തു വെളിപ്പെടുത്തിയ ദൈവസ്നേഹത്തിന് ചേരുന്നതല്ല.

പാപത്തിന്റെ സ്വാഭാവിക പരിണാമം

എന്നാൽ ഇതിന് ഒരു മറുവശമുണ്ട്. ദൈവം ശിക്ഷിക്കുകയില്ലെങ്കിലും പാപത്തിന് അതിന്റേതായ ഒരു ഗതിയുണ്ട്. അതു നാശത്തിലേക്കു നീങ്ങുന്നതാണ്. *പാപത്തിന്റെ ശമ്പളം മരണമത്രെ* എന്നു പറയുമ്പോൾ ഇഹ ലോകത്തിലെ മരണവും നിത്യനാശവുമുണ്ട്. പൊതുവെ നാശത്തിലേക്കു പോകുന്ന പ്രവണതയാണ് ആധുനിക ആഗോളവൽക്കരണ സംസ്കാരത്തിനുള്ളത്. നേരത്തെ സൂചിപ്പിച്ചതുപോലെ മാമോനാണ് ഈ സംസ്കാരത്തിന്റെ ദൈവം. അതു നേടുവാനുള്ള നെട്ടോട്ടമാണ് എവിടെയും. നിയോ ക്യാപിറ്റലിസം തൽക്കാലം വിജയിച്ചു നിൽക്കുകയും അതിന്റെ വളർച്ചയുടെ പരിസമാപ്തിയിൽ നാശത്തിലേക്കു പോവുകയും ചെയ്യുന്നതിന്റെ നല്ല അടയാളമല്ലേ കൊറോണ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. പണസമ്പാദനത്തിന് എന്തുവഴിയുമാകാം. അവിടെ ധാർമികതയ്ക്കു സ്ഥാനമൊന്നുമില്ല. പ്രകൃതിയെ നശിപ്പിച്ച്, വായുവും വെള്ളവും ഭൂമിയുമൊക്കെ മലിനമാക്കപ്പെടുന്നതിൽ വികസനവാദികൾ ഒരു കുറവും കാണുന്നില്ല. കായിക-കലാലോകമെല്ലാം സമ്പത്തിന്റെയും അതുവഴി ധൂർത്തിന്റെയും സുഖലോലുപതയുടെയും പരമകാഷ്ഠയിൽ വിഹരിക്കുന്നു. കൊറോണ പോലുള്ള വൈറസിന് മരുന്ന് കണ്ടുപിടിക്കേണ്ട ശാസ്ത്രലോകം, അതിനേക്കാൾ അധികം മനുഷ്യനെ നശിപ്പിക്കാനുള്ള അണുവായുധത്തിനും ഭൂഖണ്ഡാന്തര മിസൈലുകൾക്കും കോടാനുകോടികൾ ചെലവഴിക്കുന്നു. ഏറ്റം പവിത്രമായി ജീവൻ രക്ഷിക്കേണ്ട വൈദ്യശാസ്ത്രം ആധുനിക മരുന്നുകളുടെയും ഗവേഷണ സാധ്യതകളുടെയും പേരിൽ ജീവൻ ഹോമിക്കുന്നു. ശത്രുവിനെ തോൽപിക്കാൻ വേണ്ടി ലാബിൽ വളർത്തിയെടുത്താണെന്നുള്ള, കൊറോണയെക്കുറിച്ചുള്ള ആരോപണം തെളിഞ്ഞാലും ഇല്ലെങ്കിലും മനുഷ്യൻ മനുഷ്യനെ നശിപ്പിക്കുന്ന യത്നത്തിലാണ് ആധുനികലോകം പങ്കുചേരുന്നത്. ജീവിതശൈലികൊണ്ട് മാതാപിതാക്കളെയും സഹോദരങ്ങളെയും ഭാര്യ ഭർത്താവിനെയും ഭർത്താവ് ഭാര്യയെയും മാതാപിതാക്കൾ മക്കളെയും അകറ്റിയതിനെയും സാധൂകരിക്കുന്ന രീതിയിൽ കൊറോണ വൈറസ് സാമൂഹ്യ അകലത്തെ നിർബന്ധമാക്കി. സഹോദരൻ സഹോദരനെ അകറ്റുന്നതിന് സൗകര്യം ചെയ്തുതന്നിരിക്കയാണ്. ഈ വേദനിപ്പിക്കുന്ന അകൽച്ച വീണ്ടും അടുക്കണമെന്നുള്ള ആഗ്രഹം തീവ്രമായി ജനിപ്പിക്കുന്നതിനായിരിക്കുമോ ? കാത്തിരുന്നു കാണാം.

ക്രിസ്തീയസഭകളുടെ ആത്മീയത

സഭകളിൽനിന്ന് നന്മ മുഴുവൻ വറ്റിപ്പോയി എന്ന് അർഥമാക്കുന്നില്ല എങ്കിലും രണ്ട് വലിയ തിന്മകൾ എല്ലാ സഭകളിലും കടന്നുകൂടി: സ്ഥാപനവൽക്കരണവും പരീശത്വവും. കുസ്തന്തീനോസ് ചക്രവർത്തി, 313-ലെ മിലാൻ പ്രഖ്യാപനംമൂലം സഭയിൽ കടത്തിവിട്ട വലിയ തുടക്കത്തിന്റെ അനന്തരഫലമായിരുന്നു സ്ഥാപനവൽക്കരണം. അംബരചുംബികളായ പള്ളികളും കൊട്ടാരസമാനമായ അരമനകളും തച്ചപ്പണിക്കാരന്റെ അനുയായികൾക്ക് ഒഴിവാക്കാനാവാത്ത അത്യാവശ്യങ്ങളായി മാറി. അരയിൽ തൂവാല ചുറ്റി യരുശലേമിലെ അടിമകൾ ചെയ്ത വേലയെ മാതൃകയാക്കിയവന്റെ ശിഷ്യർക്ക് ശുശ്രൂഷയുടെ അർഥം ആചാരാനുഷ്ഠാനങ്ങളുടെ കാർമികരാവുക എന്നതുമാത്രമായി. കർത്താവിനെ ക്രൂശിൽ തറച്ചവരും കർത്താവ് ഏറ്റവും പരിഹസിച്ചതുമായ പരീശവർഗത്തിന്റെ സമാനമായി അക്ഷരാർഥത്തിൽ അതിന്റെ എല്ലാ ധാടിമോടികളോടുംകൂടി കൊടികുത്തിവാഴാൻ തുടങ്ങി. ഒരു സഭയിൽ മാത്രമല്ല എല്ലാ വിശ്വാസസമൂഹങ്ങളിലും ഇതുതന്നെ സ്ഥിതി.

ന്യൂജെൻ സഭകളിലെ ആൾദൈവങ്ങൾ

വ്യവസ്ഥാപിത സഭകളിലെ സ്ഥാപനവൽക്കരണത്തോടും പരീശവർഗത്തോടും അതിനൊക്കെ നേതൃത്വം നൽകിയ പൗരോഹിത്യ ഗണത്തോടും എതിർപ്പുള്ള കുറെ സാധുമനുഷ്യർ അതിനുപകരം അഭയം കണ്ടെത്തിയതാണ് ന്യൂജെൻ സഭകളിലെ ആൾദൈവങ്ങൾ. ആഗോളവൽക്കരണത്തിലെ കച്ചവടപ്പരസ്യങ്ങളെ നന്നായി കൂട്ടുപിടിച്ച് ആത്മീയതയെ കച്ചവടമാക്കുകയാണ് ആ തന്ത്രശാലികൾ ചെയ്തത്. നേതൃത്വം കൊടുത്ത പലരും മാനസിക നിലവാരത്തിൽ സമനില പാലിക്കുന്നവരാണോ എന്ന് സന്ദേഹിച്ചിരിക്കുമ്പോഴാണ് കൊറോണാ നാളുകളിൽ വീട്ടിലിരുന്ന് ഒരു സിനിമ കാണുന്നത്. സിനിമകളിൽ ആദ്യമൊക്കെ അതിശയോക്തി കാണുമെങ്കിലും പ്രധാന ഇതിവൃത്തം അർഥവത്തായിട്ടുള്ളതുതന്നെ. ആത്മീയതയുടെ പേരിൽ മനസ്സിന്റെ താളം തെറ്റിയവർ, തങ്ങളുടെ അബോധമനസ്സിൽ ഒളിഞ്ഞുകിടക്കുന്ന, സമ്പത്തിനോടും സ്ഥാനമാനങ്ങളോടും പദവികളോടുമുള്ള ഒടുങ്ങാത്ത ആഗ്രഹംമൂലം, ആധുനിക മനുഷ്യന് ഏറ്റവും ആവശ്യമായ 'രോഗശാന്തി'ക്കാരന്റെ വേഷം കെട്ടുകയായിരുന്നു. ഉന്തിയും തള്ളിയും വീഴ്ത്തിയും സൗഖ്യം നൽകിയ ആരെയും കൊറോണാ രോഗിയുടെ ഏഴയലത്തുപോലും ഒരു മാസ്കും കൈയുറയും ധരിച്ചുപോലും കണ്ടില്ല. ഇതിൽ കൂടുതൽ അവരുടെ വേഷംകെട്ടലിന് തെളിവ് ആവശ്യമില്ലല്ലോ.

ചുരുക്കത്തിൽ, മനുഷ്യരുടെ എല്ലാവിധ അഹന്തയ്ക്കും

→ 56

CONSTITUTION OF THE MALANKARA CHURCH

■ Thomas Jacob

The constitution of the Malankara Orthodox Syrian Church (MOSC) has been in the news since the last in a series of Supreme Court verdicts in the Church case on July 3, 2017. The apex court, in the latest verdict, held that the churches (parishes) in Malankara (the endonym for the historical region which forms the present-day Kerala) should be governed under the constitution that came to be adopted by the Malankara Syrian Christian Association (considered the parliament of the Church) on December 26, 1934.

What makes the Malankara constitution distinct in Christendom is its unique democratic character, which has been further enriched by five amendments in 1951, 1967, 1997, 2006 and 2011. The latest amendments seek to ensure proportional representation for the parishes in the Association according to their membership strengths, and participation and voting rights for women in the general body of the parish. That the Supreme Court in its first judgment in the Church case on September 12, 1958 had commended the 'magnificently organised' constitution itself attests to its beauty. Since then, the apex court of the land has upheld it every time there was a litigation on one or the other of the 357 parishes in dispute or under the Antiochian hegemony.

Of the 135 articles of the Church Constitution, 6 to 44 clearly delineate the rights, privileges and duties of the parish and its assembly, parish managing committee, lay steward and vicar of the parish. The managing committee elected by the parish assembly looks after the affairs of the parish and its property. The lay trustee, priest trustee and metropolitan trustee (Malankara Metropolitan), who jointly take care of the general property of the Malankara Church as a whole, are elected periodically by the Association. If an individual is to be consecrated as bishop or metropolitan or enthroned as Malankara Metropolitan & Catholicos of the East (supreme head of the Church), he should be elected to such office by the Association. For such election, there shall be separate simple majority of the priests and of the laymen present at the Association meeting.

Jacobites' opposition

Then, why does the Jacobite faction in the Malankara Church turn its back on the Constitution, which the courts have repeatedly said, would safeguard the interest of the individual parishes?



Jacobites cite Articles 19, 20 and 21 to argue that there are provisions in the Constitution that give room for the diocesan metropolitan to interfere in the affairs of the parish by even freezing its decisions for a period of time. They aver that even in parishes where the Jacobites have brute majority, it is the diocesan metropolitan's writ that would carry the day and the parish assembly will remain nearly toothless.

But this apprehension is clearly misplaced. As Malankara Orthodox Church Synod secretary Yuhanon Mar Dioscoros points out the Constitution is loaded with checks and balances to ensure that power is not concentrated in the hands of the bishops and that their role in parish affairs is limited to correcting any wrongdoings of the parish assembly in matters of faith, order and discipline of the Church.

The Jacobites then levelled another charge that the original of the Constitution (1934) is not traceable and that different versions of the Constitution have been produced in various courts.

The MOSC has refuted these allegations as they were once and for all rejected by the Supreme Court on September 12, 1958 after a series of litigations since the Jacobite faction moved the Kottayam District Court in 1938. Also, the Jacobite Association of 1935 held at Karingachira was declared invalid by the court. Moreover, the Association

meeting held at Parumala on March 20, 2002 under the supervision of former Supreme Court Judge, Justice V.S. Malimath as per the direction of the Supreme Court on November 28, 2001, for the re-election of the Malankara Metropolitan was a golden opportunity for the Jacobites to bury the hatchet. But, it sought to stay away from the meeting at the last minute and thwarted a Supreme Court-initiated attempt to bring in the parishes owing allegiance to the Patriarch to the Malankara Syrian Christian Association.

The Jacobites waited till 2002 to frame a constitution of its own, but it could not legally enforce its execution even in churches where it has brute majority. One significant contrast between the two constitutions is the Patriarch's primacy in the Jacobite constitution in every respect. In fact, one of the main complaints of the Jacobites is that though the Orthodox Church 'accord primacy to the Patriarch in its constitution', it is only in letter and not in spirit. Here, the Orthodox Church highlights the 'vanishing point' of the patriarchal powers that the 1995 Supreme Court verdict harps on. It also questions the Jacobites' rationale of accepting the supremacy of the Patriarch in parish matters in Malankara while questioning the intervention of the diocesan metropolitan in such matters. While the Catholicos of the East can consecrate the holy chrism, only the Patriarch can do the same according to the Jacobites' constitution.

The other areas of contention include the claims of the Orthodox Church to the throne of St. Thomas the Apostle and the use of the honorific 'His Holiness' for the primate of the Church, the Catholicos. While the Jacobites harp on the primacy of St. Peter, who established the See of Antioch (now based in Lebanon), the Orthodox faithful see the honorific and the throne of St. Thomas more as symbols of the autonomy and autocephaly of the Indian Church. And it seeks to spotlight the establishment of the Catholicate in India on September 15, 1912 as the natural evolution of the ecclesiastic hierarchy of the Church in Malankara since its establishment in AD 52.

Legal experts point out two major drawbacks of the Jacobite constitution. One, the 1934 Constitution has been declared as the only valid one by the Supreme Court in 1958, 1995, and 2017 and hence the Jacobite Constitution is invalid. Two, the Jacobites had endorsed the 1934 Constitution when it lost the case in 1958 and became one with the Orthodox Church from 1958 to 1972.

Evolution

Though the idea of a constitution for the Church emerged only in the 20th Century, it had been in the making at least since the Angamaly Padiyola of 1597-98. Though the Malankara Syrian Christian Association was formally instituted only in the Mulanthuruthy Synod of 1876, it had been a practice in Malankara for centuries that representatives of the parishes come together at one place periodically, discuss matters concerning the community and adopt resolutions (padiyolas) for the Church as a whole. Among such meetings, three padiyolas stand out for being the precursor to the 1934 constitution: The Angamaly Padiyola, the Kandanad Padiyola of 1809 and the Mavelikara Padiyola of 1836. The 1853 Kottayam *chattavaryola*, which came out with 103 articles, is also worth mentioning. It is a fact that the present Constitution has drawn various ideas for the temporal, ecclesiastical and spiritual well-being of the Church from these *padiyolas and chattavaryola*, though in moderate measures.

It is well known that while the laymen leaders vouched for safeguarding the privileges of the faithful, the clergy insisted that the Church is episcopal in its polity and not congregational. Ten years before the Church managing committee constituted a panel headed by O.M. Cheriyan on August 27, 1930 (and ratified by the Association on September 4) to draft the constitution, a group of educated laymen launched a periodical in Thiruvananthapuram, *Suriyani Sabha*, advocating the cause of the laymen. The magazine, which proclaimed that the voice of laymen is the voice of God, came out with a draft constitution for discussion in the Church. That even the then Malankara Metropolitan Vattasseril Geevarghese Mar Dionysius came out with his own draft of a constitution in the *Kerala Kesari* in 1932 shows the intense churning and debates that preceded the adoption of a constitution rich in democratic ideals.

Finally, the Constitution came into being six months before the Government of India Act of 1935 got the royal assent and around the time M.N. Roy came up with the idea of a Constituent Assembly for India. This is a great achievement for a community that boasts about the 1653 Coonan Cross oath at Mattancherry as Indians' first revolt against any form of foreign occupation. At that event, the St. Thomas Christians of Malabar declared their independence from Rome and Portuguese Jesuits and re-established their Eastern identity which they had lost with the Udayamperoor Synod of 1599, some 101 years after Vasco da Gama landed on the Malabar coast in 1498. The Coonan Cross revolt was 204 years before India's first War of Independence in 1857.

An interesting fact about the present schism is that it began 24 years before the adoption of the Church constitution when the then Patriarch of Antioch Ignatius Abded Aloho II visited Malankara in 1910 and tried to interfere in the internal affairs of the Indian Church. Though a sizeable section under Mar Dionysius took up the cudgels against the move, the

Patriarch could find a section in Malankara supporting his adventures. Though the Jacobites argue that the Malankara Church has been in communion with Antioch since the beginning of Christendom, most Church historians are now in agreement that the Indian Church had been in communion with the Persian Church, established by St. Thomas, at least from 3rd Century till 1599 and that the community enjoyed functional independence during this period. The Antiochian ties are only over 350 years old, beginning with the arrival of Mar Gregorios Abdal Jaleel in 1665.

The first in a series of cases began in 1911 when people backing the Patriarch filed a case claiming rights over the Old Seminary at Kottayam, from where the Malankara Metropolitan functioned then. The Kottayam Divisional I[st] class Magistrate court, in its order on September 4, ruled against the interference of the Patriarch in the temporal affairs of the Indian Church. There has been a flood of court cases since then for the Church properties. And the Church Constitution came in between. Subsequent events have proved that the creation of this covenant was a landmark event in the entire history of the Church.

GM

(*The author is a journalist and is parishoner of St. George Orthodox Cathedral, Thiruvananthapuram*)

കോവിഡ്കാല ചിന്തകൾ

44 ←

opener to the Christian world. Our Lent and fasts have become a formality or rather an annual ritual with no sincerity and dedication. Lent has become a mask to cover up our ugly faces and fasts a fragrance to keep away the foul smell emitting from our minds. God has provided thousands of years for mankind to return to HIM and to regain the lost divinity. Christ sacrificed HIMSELF, as the last resort to reconcile the mankind with the Heavenly Father. Despite these heavenly interventions, the gap between God and mankind is widening. It is high time we change the way we approach life. For many, it is a medium to endlessly enjoy the flesh, world and wealth. Humility in mind and simplicity in life are essential to regain the lost glory. Inculcating humane qualities like empathy and sympathy are part and parcel of Christianity. We need to give permanent holidays for some of our habits like holidaying, squandering money on worldly comforts / pleasures while ignoring those who are in need. Selfishness must give way to generosity. Unless we develop an attitude of sharing a portion of what God has blessed us with, our Christian life remains nominal. Our priorities of life must change. Christian preparedness must be the first priority for which a drastic change in life and lifestyle is necessary.

Looking Ahead

Even for a nominal Christian, a disaster in life would normally serve as a reminder for the need of coming closer to God and leading a life pleasing to HIM. It highlights the saddening reality that the basics of Christianity have disappeared from the majority all over the world and the saving arms of Christ Jesus have been forgotten. A return to the lifestyle prescribed by God is inevitable. Soul consciousness disappeared in the landslide of body consciousness.

In strict Christian spiritual terms, we were called to live with God until eternity but, we chose to live with the world. Now the world has presented us with a killer virus to live with. We omitted God and got committed to the world. Let us, therefore, make this Covid time a time for introspection, repentance and realisation so that a true Christian evolves within us for the rest of our lives. Let us learn to return to the simple life God is pleased with. Let us leave our craving for wealth and luxury and forget our unholy relations with the darkened world. Let us stop our overindulgence in the worldly comforts and lustful life. Let us come back to the original status of being the Crown of God's creations in letter and spirit. Let us come back to God with humility and obedience accepting HIS Omnipotence. Our God is gracious enough to protect us once we are back under HIS wings.

GM

(*The author presently works and lives in London after a stint in Kuwait. His native parish is the Sleeba Orthodox Church, Kaviyoor.*)



ദൈവശിക്ഷയുടെ അടയാളങ്ങൾ

■ ഫാ. പി.ഫിലിപ്പോസ്

ചോദ്യം:

"നോഹയുടെ കാലത്ത് സംഭവിച്ചതുപോലെ മനുഷ്യപുത്രന്റെ നാളിലും ഉണ്ടാകും. നോഹ പെട്ടകത്തിൽ കടന്ന നാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിന് കൊടുത്തും പോന്നു: ജലപ്രളയം വന്ന്, അവരെ എല്ലാവരെയും മുടിച്ചുകളഞ്ഞു. ലോത്തിന്റെ കാലത്ത് സംഭവിച്ചതുപോലെയും തന്നെ; അവർ തിന്നും കുടിച്ചും കൊണ്ടും വിറ്റും നട്ടും പണിതും പോന്നു. എന്നാൽ, ലോത്ത് സോദോം വിട്ട നാളിൽ ആകാശത്തുനിന്ന് തീയും ഗന്ധകവും പെയ്ത് എല്ലാവരെയും മുടിച്ചുകളഞ്ഞു. മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ അവ്വണ്ണംതന്നെ ആകും" (വി.ലൂക്കോസ് 17: 26–30). ഇപ്പോഴത്തെ മഹാമാരിപശ്ചാത്തലത്തിൽ ഈ വേദവാക്യങ്ങളെ എങ്ങനെ കാണാം ?

– ജോൺ തോമസ്, മുംബൈ

കോവിഡ് മഹാമാരിയുടെ സംഹാരതാണ്ഡവം ഭൂമിയിൽ നടന്നുകൊണ്ടിരിക്കുന്നതിനാലാവാം മേൽപറഞ്ഞ തിരുവചനത്തെക്കുറിച്ച് എഴുതുവാൻ നിർദേശിക്കപ്പെട്ടത് എന്നു കരുതുന്നു.

രണ്ട് പഴയനിയമ കഥാപുരുഷന്മാരായ നോഹയെയും ലോത്തിനെയും നമ്മുടെ കർത്താവ് അവതരിപ്പിച്ചുകൊണ്ട്, തന്റെ വരവിന്റെ ചടുലത വെളിപ്പെടുത്താൻ ശ്രമിക്കുകയാണ് ഇവിടെ. ഉൽപത്തി 6–ാം അധ്യായത്തിലെ മഹാപ്രളയവും 19–ാം അധ്യായത്തിലെ സോദോമിന്റെ നാശവും വിവരിക്കുമ്പോൾ രണ്ടു സംഭവത്തിലെയും കഥാപുരുഷന്മാർ തമ്മിലുള്ള സാമ്യവും അതതു കാലത്തെ അവരുടെ സാമൂഹ്യ നിലപാടുകളും പഠിക്കേണ്ടതാണ്. നോഹയെ, യഹോവയുടെ കൃപ ലഭിച്ചവനായും (ഉല്പത്തി 6:8) നീതിമാനായും തന്റെ തലമുറയിൽ നിഷ്കളങ്കനായും ദൈവത്തോടുകൂടി (തന്റെ മുതുമുത്തച്ഛൻ ഹാനോക്കിനെപ്പോലെ) നടന്നവനുമായി ചിത്രീകരിക്കുന്നു (6:9). ഈ വിധം മഹനീയമായ സ്വഭാവങ്ങൾ ഉല്പത്തി പുസ്തകം ലോത്തിനെപ്പറ്റി പറയുന്നില്ലെങ്കിലും വി.പത്രോസ് ശ്ലീഹാ തന്റെ രണ്ടാം ലേഖനത്തിൽ ഇങ്ങനെ പറയുന്നു: *"അധർമികളുടെ ഇടയിൽ വസിച്ചിരിക്കുമ്പോൾ* (ഉദ്ദേശിക്കുന്നത് "സോദോം") *നാൾതോറും അധർമ പ്രവർത്തികൾ കണ്ടും കേട്ടും തന്റെ നീതിയുള്ള മനസ്സിൽ നൊന്ത് അവരുടെ ദുഷ്കാമപ്രവൃത്തിയിൽ വലഞ്ഞുപോയ നീതിമാനായ ലോത്തിനെ വിടുവിക്കുകയും ചെയ്തു."* (2 പത്രോസ് 2:8). ഇരുസമൂഹങ്ങളുടെയും സാമൂഹ്യപരിതസ്ഥിതിയും ധാർമികനിലവാരവും തീർത്തും അധഃപതിച്ചതായിരുന്നു.

വി.പൗലോസിന്റെ ഭാഷ്യപ്രകാരം നോഹ പ്രളയത്തിൽനിന്ന് രക്ഷിക്കപ്പെട്ടവൻ മാത്രമല്ല "നീതി പ്രസംഗിയായി" തന്റെ കാലികസമൂഹത്തെ തിന്മയിൽനിന്ന് വിടുതൽ കൊടുക്കുവാൻ അധ്വാനിച്ച മനുഷ്യനായും ചിത്രീകരിക്കപ്പെട്ടു (2 പത്രോസ് 2:5). യഹൂദചരിത്രകാരനായ ജോസിഫസിന്റെ ***Antiquities*** 1.3.1–ൽ *"അനേക ദൈവദൂതന്മാർ മനുഷ്യസ്ത്രീകളുമായി ബന്ധപ്പെട്ട് മക്കളെ ജനിപ്പിക്കുവാൻ തക്കവണ്ണം*

ലോത്തും കുടുംബവും സോദോമിൽനിന്നു പാലായനം ചെയ്യുന്നു(ചിത്രകാരന്റെ ഭാവനയിൽ)

തങ്ങളുടെ കരുത്തിൽ ആശ്രയിച്ച് സർവ നന്മകളെയും ത്യജിച്ച് ഹിംസാത്മകരും ആയിത്തീർന്നു,,,,,,,,,,,,,നോഹ അവരുടെ പെരുമാറ്റത്തിൽ മുഷിച്ചിലും മാനസികാസ്വസ്ഥതയും അനുഭവിച്ച് അവരുടെ പ്രവൃത്തികളിൽനിന്ന് അവൾ വ്യതിയാനം നേടാനും നല്ലതിലേക്ക് അവൾ തിരിച്ചുവരാനും പ്രേരണകൊടുത്തു" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ചുരുക്കത്തിൽ, വിനാശത്തിന്റെ പടുകുഴിയിലേക്ക് പതിച്ചവരുടെ സമീപത്തുനിന്ന് ദൈവത്തിന്റെ രക്ഷയെ സ്വായത്തമാക്കിയ ആൾ ആയിരുന്നു നോഹ.

ലോത്തിന്റെ കാര്യമെടുത്താൽ, നാശത്തിനായി മുദ്രയിടപ്പെടാൻ 3 കാരണങ്ങളായിരുന്നു സോദോമിന്. അതിഥികളായി കരുതേണ്ട 3 ദൈവദൂതന്മാരെ ഭോഗിക്കാൻ ഭ്രാന്തുപിടിച്ച സോദോമ്യർ ആതിഥ്യമര്യാദയെ ലംഘിച്ചു, ദൈവദൂതന്മാരെ അപഹസിക്കാൻ തുനിഞ്ഞു. പ്രകൃതി വിരുദ്ധമായ ജഡാവേശത്തിൽ മുഴുകി. ശിക്ഷാസ്ഥലത്തുനിന്ന് പ്രയാണം ചെയ്തപ്പോൾ മുന്നറിയിപ്പ് മറന്ന് തിരിഞ്ഞു

നോക്കുകയാൽ ഉപ്പുതൂണായി ഭവിച്ച ലോത്തിന്റെ ഭാര്യ ഒഴികെ ലോത്തും രണ്ട് പെൺമക്കളും ശിക്ഷാവിധിയിൽനിന്ന് രക്ഷപ്പെട്ടു. പാപത്തിന്റെ ന്യായമായ ശിക്ഷയും നീതിയുടെ സംരക്ഷണവും ഇവിടെയും ദർശിക്കാം. പ്രസിദ്ധ വേദശാസ്ത്രജ്ഞനായ ന്യൂമാന്റെ വചനത്തെ മോഫറ്റ് എന്ന വേദ വ്യാഖ്യാതാവ് സ്പർശിച്ച് പറയുന്നു, "*പാപത്തിനെതിരായ നമ്മുടെ വലിയ സുരക്ഷിതത്വം അതിനെ ദർശിച്ച് നാം ഞെട്ടലനുഭവിക്കുന്നതാണ്.*" പാപം ദർശിച്ച് നടുങ്ങൽ അനുഭവിക്കുന്നവരുണ്ടെങ്കിലും സമയം കഴിയുന്തോറും അതിന്റെ ആഘാതം നഷ്ടപ്പെട്ടിട്ട് ക്രമേണ അതിനെ ജീവിതത്തിന്റെ ഒരു സാധാരണ സംഭവമായി കരുതുന്നു. "*മനസ്സിൽ നൊന്തു, അവരുടെ ദുഷ്കാമപ്രവൃത്തിയിൽ വലഞ്ഞു പോയ നീതിമാനായ ലോത്തിനെ വിടുവിക്കുകയും ചെയ്തു*"(2 പത്രോസ് 2:8).

ഇരുസംഭവങ്ങളുടെയും സാമൂഹ്യപരിസ്ഥിതിയും ധാർമികനിലവാരവും തീർത്തും അധഃപതിച്ചതായിരുന്നു. *ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങൾ എപ്പോഴും ദോഷമുള്ളതെന്നും ദൈവം കണ്ടു (ഉല്പത്തി 6:5) എന്നും, "ദൈവം ഭൂമിയെ നോക്കി, അത് വഷളായി എന്നു കണ്ടു. സകല ജഡവും ഭൂമിയിൽ തന്റെ വഴി വഷളാക്കിയിരുന്നു"* എന്നും (6:12) വായിക്കുന്നു. ഇത് ജലപ്രളയത്തിന് മുമ്പുള്ള സമയമാണെങ്കിൽ ഉല്പത്തി 13:13 പ്രകാരം "*സോദോം നിവാസികൾ ദുഷ്ടന്മാരും യഹോവയുടെ മുമ്പാകെ മഹാപാപികളും ആയിരുന്നു.*" പ്രകൃതിവിരുദ്ധവും ഏറ്റവും മ്ലേച്ഛകരവുമായ സോദോമ്യപാപം (sodomy) എന്ന് ഇന്നും അറിയപ്പെടുന്ന സ്വർഗം വെറുക്കുന്ന പാപത്തിന് മുതിരുകയായിരുന്നു അവർ.

പാപങ്ങളിൽ മര്യാദയില്ലായ്മ (impudent) കാണിക്കുന്നവർക്കും അവയെപ്പറ്റി ലവലേശം ദുഃഖമില്ലാത്തവർക്കും അത്

പാപവും ശിക്ഷയും

അവരുടെ നാശത്തിന് ഇടയാക്കുകതന്നെ ചെയ്യും. "*മ്ലേച്ഛത പ്രവർത്തിച്ചുകൊണ്ട് അവർ ലജ്ജിക്കേണ്ടിവരും; അവർ ലജ്ജിക്കുകയോ നാണം അറിയുകയോ ചെയ്തിട്ടില്ല; അതുകൊണ്ട് വീഴുന്നവരുടെ ഇടയിൽ അവർ വീണുപോകും* (യെര. 6:15). സാധ്യമായ സകല സൗമ്യതയോടുകൂടി സോദോം പുരുഷന്മാരുടെ ജഡാസക്തിയുടെ ഹീനവും വന്യവുമായ ആവേശം നിയന്ത്രിക്കാൻ വിവേക രഹിതവും ന്യായരഹിതവുമെന്ന് വിധിക്കാവുന്ന നിലയിൽ ലോത്ത് തന്റെ രണ്ടു പെൺമക്കളെ അതിഥികളായി തന്റെ ഭവനത്തിലെത്തിയ 3 പുരുഷന്മാർക്ക് (ദൂതന്മാർ)പകരം വിട്ടുകൊടുക്കാമെന്നുവരെ സമ്മതിച്ചു. ഈ തിന്മപ്പെട്ട സോദോമ്യരുടെ കണ്ണുകൾക്ക് അന്ധത വിധിച്ച് മേല്പറഞ്ഞ ദൈവദൂതന്മാർ ശിക്ഷിക്കുകയാൽ അവർ ഭവനത്തിന്റെ വാതിൽ തപ്പി നടക്കേണ്ട സ്ഥിതിയും തന്മൂലം തകരുകയും ചെയ്തു(19:11).

നോഹയുടെയും ലോത്തിന്റെയും വിടുതലും സംരക്ഷണവും ദൈവിക പദ്ധതിപ്രകാരമായിരുന്നു.

നോഹയും ഭാര്യയും ശേം, ഹാം, യാഫേത്ത് എന്ന മൂന്നു ആൺമക്കളും അവരുടെ ഭാര്യമാരും പേടകത്തിന്റെ രക്ഷയിലേക്ക് കടന്നുവന്നു. സമയം കഴിയുന്തോറും അതിന്റെ ആഘാതം നഷ്ടപ്പെട്ട് ക്രമേണ അതിനെ ജീവിതത്തിന്റെ ഒരു സാധാരണ സംഭവമായി കരുതുന്നു എന്നുള്ളതാണ് ഏറ്റവും ഖേദകരമായ സത്യം. രണ്ടു സമൂഹങ്ങളും തിന്നും കുടിച്ചും വിവാഹം കഴിച്ചും അതിന് കൊടുത്തും പോന്നു എന്ന് യേശു മൊഴിഞ്ഞു. തിന്നുന്നതും കുടിക്കുന്നതും മനുഷ്യജീവിതം പരിരക്ഷിക്കാനുള്ളതും വിവാഹം കഴിക്കുന്നതും അതിന് കൊടുക്കുന്നതും മനുഷ്യരാശിയുടെ നിലനില്പിന് ആവശ്യമുള്ളതും ആയിരിക്കയാൽ യേശു അതിനെ കുറ്റപ്പെടുത്തുന്നതായി വിചാരിക്കാവുന്നതല്ല. ഇന്ദ്രിയ സുഖദാഹികളും സുരക്ഷിത ബോധ നിർണയമുള്ളവരും ആയിരുന്നു അവർ എന്നതിന് രണ്ടു പക്ഷമില്ല. സാർവത്രിക മതശൂന്യതയും മതനിരാകരണവും അപകടകരമായ രോഗലക്ഷണമാണെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. പരിഹാരം കണ്ടെത്താനാകാതെ, ഇന്നേക്ക് 90 ലക്ഷത്തോളം പേർ കോവിഡ് രോഗാതുരരാവുകയും ലക്ഷങ്ങൾ പിടഞ്ഞുവീണു മരിക്കുകയും മനുഷ്യരാശി ഭീതിയിൽ അകപ്പെടുകയും ചെയ്യുന്ന ഈ കാലം ദൈവത്തെ ഒരു മിഥ്യ ആയി കണക്കാക്കുകയും ലോകത്തിന്റെ അശുദ്ധിയോട് പൊരുത്തപ്പെടുകയും ചെയ്യുന്നതിൽ ദൈവമനസ്സിലെ വ്യഥ ആണ് കാരണം എന്ന് ചിന്തിക്കരുതോ ? ശരാശരി ആത്മീയചിന്ത പുലർത്തുന്ന ആരും ഇത് സമ്മതിക്കും.

രക്ഷാസ്ഥാനത്തേക്ക് പുറപ്പെടാൻ താമസിച്ച ലോത്തിനെയും കുടുംബത്തെയും ദൈവദൂതന്മാർ കൈയ്ക്ക് പിടിച്ച് പട്ടണത്തിന് പുറത്തുകൊണ്ടുപോയി ആക്കിയത്, സ്വർഗം ഇന്നും കൈതന്ന് തുണയ്ക്കാൻ തയ്യാറാണ് എന്ന ആശ്വാസം നമുക്കു തരുന്നു. പ്രതിവിധി വൈദ്യം താമസംവിനാ കണ്ടെത്താൻ സകല വിജ്ഞാനത്തിന്റെയും ഉറവ് ആകുന്ന പരിശുദ്ധാത്മാവ് തുണയ്ക്കട്ടെ. ദിനവൃത്താന്തം ഒന്നാം പുസ്തകം 21-ാം അധ്യായത്തിൽ ദാവീദ് രാജാവിനെ യഹോവ ശിക്ഷിച്ചത്, ഇസ്രായേലിൽ മൂന്നു ദിവസത്തെ മഹാമാരി അയച്ചതുവഴിയാണെന്ന് കാണാം. എഴുപതിനായിരം പേരാണ് മൂന്നു ദിവസംകൊണ്ട് വീണത്! (21:14). യഹോവക്ക് അർപ്പിച്ച ഹോമയാഗം വഴി ദാവീദ്, യഹോവയോട് അനുരഞ്ജനം പ്രാപിച്ചപ്പോൾ സംഹാരദൂതന്റെ വാൾ ഉറയിലിടാൻ യഹോവ കല്പിച്ചു. സർവശക്തൻ ഈ ഭൂമിയോട് നിരപ്പായി ഈ മഹാമാരിക്ക് കടിഞ്ഞാണിടാൻ ഹൃദയംഗമമായി നമുക്ക് കണ്ണുനീരോടെ പ്രാർഥിക്കാം.

GM

(ലേഖകൻ കൊച്ചി ഭദ്രാസനം ഉൾപ്പെടെ കേരളത്തിലും പുറത്തും വിവിധ ഇടവകകളിൽ ദീർഘകാലം ശുശ്രൂഷ ചെയ്ത സീനിയർ വൈദികനാണ്.)



കുട്ടികളുടെ പാമ്പാടി തിരുമേനി
ജീവിതം, ദർശനം, മധുരമൊഴികൾ

■ ഡോ. പോൾ മണലിൽ

പാമ്പാടി തിരുമേനി എന്ന പേരിൽ വിശ്വാസികളുടെ മനസ്സിൽ ഇടം തേടിയ കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് മെത്രാപോലീത്തായുടെ ജീവിതവും ദർശനവും മധുരമൊഴികളും കുട്ടികൾക്കായി പുനരാഖ്യാനം ചെയ്യുന്ന ഒരു കൃതിയാണ് ഫാ. ബിജു പി.തോമസിന്റെ '***കുട്ടികളുടെ പാമ്പാടി തിരുമേനി***'. മലങ്കര സഭാപിതാക്കന്മാരുടെ ജീവിതം കുട്ടികൾക്കായി പരാവർത്തനം ചെയ്യുന്ന യത്നത്തിന്റെ തുടക്കം കൂടിയാണ് അഖില മലങ്കര ബാലസമാജം വൈസ് പ്രസിഡണ്ടും പ്രചോദാത്മക ചിന്തകനും മാധ്യമപ്രവർത്തനും പ്രഭാഷകനുമായ ഫാ. ബിജു പി.തോമസിന്റെ ഈ ലഘു ഗ്രന്ഥം. മലങ്കര സഭാപിതാക്കന്മാരുടെ അനുകരണീയമായ ജിവിതത്തെപ്പറ്റിയും അവരുടെ സഭാദർശനത്തെപ്പറ്റിയും ജോയൻ കുമരകം '***മലങ്കര സഭ***' മാസികയിലും മറ്റും ചില രചനകൾ നടത്തിയിട്ടുണ്ടെങ്കിലും അത്തരം ഒരു രചനാപദ്ധതി തുടർന്നു കണ്ടിട്ടില്ല. പുതുതലമുറയിലെ വിശ്വാസസമൂഹത്തിന് അതിനാൽ സഭാപിതാക്കന്മാരെയും അവരുടെ ജീവിതത്തെയും ദർശനത്തെയും പരിചയപ്പെടാനും അറിയാനും മനസ്സിലാക്കാനും കഴിയാതെപോയി. സഭാപിതാക്കന്മാരെയും അവരുടെ വേദശാസ്ത്രത്തെയും മറ്റും മനസ്സിലാക്കാതെ ഓർത്തഡോക്സ് സഭയിലെ പുതുതലമുറയ്ക്ക് വളരാനും ചിന്തിക്കാനും കഴിയില്ലെന്ന യാഥാർഥ്യം തിരിച്ചറിഞ്ഞിട്ടാണ് ഫാ. ബിജു പി.തോമസ് ഇപ്പോൾ തന്റെ പുതിയ ദൗത്യത്തിന് തുടക്കംകുറിച്ചിരിക്കുന്നത്. മലങ്കരസഭയിലെ വളർന്നുവരുന്ന തലമുറ സഭാപിതാക്കന്മാരെ ആഴത്തിൽ പഠിക്കേണ്ടതുണ്ട്. അതിനുവേണ്ടി കുട്ടികൾക്കായി സഭാപിതാക്കന്മാരുടെ ജീവചരിത്രപരമ്പര തയ്യാറാക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ പിതൃവിജ്ഞാനീയം സൺഡേസ്കൂൾ പാഠ്യപദ്ധതിയിൽ ഇടം പിടിച്ചിട്ടില്ലെങ്കിലും പരുമല തിരുമേനി, പാമ്പാടി തിരുമേനി, വട്ടശ്ശേരിൽ തിരുമേനി, ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ എന്നീ നാമങ്ങൾ എങ്കിലും പുതുതലമുറയ്ക്ക് പരിചിതമാണ്. അവരെപ്പറ്റിയൊക്കെ നമ്മുടെ കുട്ടികൾ പൂർണമായും മനസ്സിലാക്കിയിട്ടുണ്ടോ? സൺഡേസ്കൂൾ പാഠ്യപദ്ധതിയിൽ സഭാചരിത്രം ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒന്നാം മാർത്തോമാ മുതലുള്ള സഭാപിതാക്കന്മാരെപ്പറ്റി കുട്ടികൾക്ക് തികഞ്ഞ അജ്ഞതയാണുള്ളത്. സഭയുടെ വിശ്വാസവും പാരമ്പര്യവും നിലനിർത്തിയവരും സഭയുടെ ആധ്യാത്മിക പാരമ്പര്യത്തിന് തുടക്കം കുറിച്ചവരും അത് കാത്തുസൂക്ഷിച്ചവരും സഭയുടെ വേദശാസ്ത്രചിന്തകൾക്ക് അടിത്തറ പാകിയവരും സഭയുടെ സുവിശേഷീകരണത്തെ ബലപ്പെടുത്തിയവരും സഭയുടെ ആചാരാനുഷ്ഠാനങ്ങളും അച്ചടക്കവും പട്ടത്വവും നിഷ്ഠയുള്ള ജീവിതവും മുറുകെപ്പിടിച്ചുകൊണ്ട് വിശുദ്ധ ജീവിതം നയിച്ചവരും ആരൊക്കെയാണെന്ന് പുതിയ തലമുറയ്ക്ക് വലിയ ഗ്രാഹ്യമില്ല. അതിന്റേതായ ന്യൂനതകൾ അവരുടെ വ്യക്തിജീവിതത്തിലും സഭാജിവിതത്തിലും ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതിനൊരു പരിഹാരമാണ് ഫാ. ബിജു പി.തോമസിന്റെ '***കുട്ടികളുടെ പാമ്പാടി തിരുമേനി***'.

പാമ്പാടി തിരുമേനിയുടെ ജീവിതം ലളിതമായ ഭാഷയിലും ശൈലിയിലും 23 അധ്യായങ്ങളായി ഈ കൃതിയിൽ ഫാ. ബിജു പി.തോമസ് അവതരിപ്പിച്ചിരിക്കുന്നു. 1885-ൽ പാമ്പാടിയിൽ ജനിച്ച ഈ പുണ്യപുരുഷന്റെ ജീവിതം കുട്ടികൾക്ക് ഹൃദ്യമായ അനശ്വര മുഹൂർത്തങ്ങൾ കോർത്തിണക്കിയാണ് തയ്യാറാക്കിയിരിക്കുന്നത്. ഒരു സാധാരണ കുടുംബത്തിൽ ജനിച്ച കുറിയാച്ചൻ എങ്ങനെയാണ് വിശുദ്ധിയുടെ മകുടം ചൂടിയതെന്ന് ഫാ. ബിജു പി.തോമസ് വിവരിക്കുന്നു. അചഞ്ചലമായ ദൈവവിശ്വാസം, ഭക്തി, മനുഷ്യസ്നേഹം, പ്രാർഥന, ഉപവാസം, ഗുരുഭക്തി, വിശ്വാസസ്ഥിരത, സന്യാസനിഷ്ഠ, ദീനാനുകമ്പ, കർമധീരത എന്നിവയിൽ ജീവിച്ച കുറിയാച്ചൻ എങ്ങനെയാണ് മലങ്കരസഭയുടെ 'അപ്രഖ്യാപിത' പരിശുദ്ധനായി മാറിയ കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് ആയിത്തീർന്നതെന്ന് ഗ്രന്ഥകാരൻ ഓരോ കഥാസന്ദർഭങ്ങൾ വിന്യസിച്ചുകൊണ്ട് കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നു, ഈ കൃതിയിൽ. കുട്ടികൾക്ക് വായിച്ച് മനസ്സിലാക്കുവാൻ മാത്രമല്ല വായിച്ച് പഠിക്കുവാനുമുള്ള ജീവചിത്രരചനാസമീപനമാണ് ഗ്രന്ഥകാരൻ സ്വീകരിച്ചിട്ടുള്ളത്. ആത്മീയജീവിതവും ഭൗതികജീവിതവും സമന്വയിച്ചുകൊണ്ടുള്ള കർമജിവിതത്തിലൂടെ മൗലികമായ ഒരു സന്യാസാനുഭവം പാമ്പാടി തിരുമേനി മലങ്കരസഭയിൽ അവശേഷിപ്പിച്ചതായി ഗ്രന്ഥകാരൻ വിലയിരുത്തുന്നു. ഈ ഗ്രന്ഥത്തിന്റെ മേന്മയും അതാണ്. കുട്ടികൾക്ക് ഈ പുസ്തകം വിശുദ്ധിയുടെ അനുഭവവും പരിമളവും കാഴ്ചവയ്ക്കുന്നു.

പാമ്പാടി തിരുമേനിയുടെ മധുര



ഗ്രന്ഥകർത്താവ്: **ഫാ. ബിജു പി.തോമസ്**
പ്രസാധനം: **അഖില മലങ്കര ബാലസമാജം**
വില: 80/- രൂപ
പുസ്തകത്തിന്റെ കോപ്പികൾ താഴെ പറയുന്ന ബുക്ക് ഷോപ്പുകളിൽ ലഭ്യമാണ്:

MOC കോട്ടയം & പരുമല,
MGOCSM കോട്ടയം,
പീടികയിൽ ബുക്ക് ഹൗസ്, പരുമല,
പാമ്പാടി ദയറ ബുക്ക് സ്റ്റാൾ,
പുതുപ്പള്ളി പള്ളി ബുക്ക് സ്റ്റാൾ,
സെ. തോമസ് ബുക്ക് സ്റ്റാൾ, പത്തനംതിട്ട,
ബസേലിയോസ് ബുക്ക് സ്റ്റാൾ, ചെങ്ങന്നൂർ.

തൂലിക

മൊഴികൾ ഗ്രന്ഥകാരൻ ഇതിൽ സമാഹരിച്ചിട്ടുണ്ട്. അതിൽ ഒരു വാചകം ഇങ്ങനെയാണ്: '*ദൈവത്തെക്കുറിച്ചുള്ള ചിന്ത പലർക്കും ഉണ്ടെങ്കിലും അനുഭവിച്ചറിയുവാൻ കഴിയാതെ പോകുന്നു എന്നതാണ് പരമാർഥം, യഹോവയെ രുചിച്ചറിവിൻ.*' ഫാ. ബിജു.പി.തോമസിന്റെ '***കുട്ടികളുടെ പാമ്പാടി തിരുമേനി***' ഇപ്രകാരം ദൈവത്തെ അനുഭവിക്കുവാൻ സഹായിക്കുന്ന ഒരു ഗ്രന്ഥമാണെന്നു വിശേഷിപ്പിക്കാം. യഹോവയെ രുചിച്ചറിയുവാൻ ഉതകുന്ന അനേകം ജീവിതങ്ങൾ ദൃഷ്ടാന്തമായി സഭയിൽ ഉണ്ടെങ്കിലും അതിന്റെ അനുഭവത്തിലേക്ക് കുട്ടികളെ കൂട്ടിക്കൊണ്ടുവരുന്നതിനുള്ള അക്ഷരസപര്യയിൽ നമ്മൾ പിന്നോക്കമാണ്. അതിനാൽ പുതിയ തലമുറ സഭാപിതാക്കന്മാരുടെ മൗലികമായ ദർശനങ്ങളും അനുഭവങ്ങളും തിരിച്ചറിയാതെ പോകുന്നു. പ്രാർഥിച്ചു മഴ പെയ്യിക്കുകയും സ്ലീബാ ഉയർത്തി പ്ലേഗ് രോഗം ശമിപ്പിക്കുകയും ചെയ്ത പാമ്പാടി തിരുമേനിയുടെ 'അത്ഭുതകൃത്യങ്ങൾ' കുട്ടികൾ അറിയേണ്ടതാണ്. ഇത്തരം അത്ഭുതകൃത്യങ്ങളിലൂടെ പാമ്പാടി തിരുമേനിയുടെ അചഞ്ചലമായ ദൈവവിശ്വാസത്തെ വ്യാഖ്യാനിച്ചു കൊടുക്കുവാൻ ഉതകുന്ന അനുഭവങ്ങൾ ഈ പുസ്തകത്തിലെ അത്ഭുതചിഹ്നങ്ങൾ ആണ്.

കുട്ടികൾക്ക് വേദശാസ്ത്രപരമായ ഗ്രഹിക്കാത്ത ചില സൂചനകളും ഈ പുസ്തകത്തിലുണ്ട്. അതിലൊന്നാണ് '**മരണമുറി**'. ജീവിച്ചിരിക്കുമ്പോൾതന്നെ തന്റെ മരണമുറി കണ്ടെത്തിയ പാമ്പാടി തിരുമേനി ഈ ഒരു സങ്കേതത്തിലൂടെ അവതരിപ്പിക്കുന്ന മൗലികമായ ഒരു ജീവിതദർശനം ഉണ്ട്. അതുപോലെയാണ് പാമ്പാടി തിരുമേനിയുടെ '**ഗുരുഭക്തി**'. ഇത്തരം ആശയം കുട്ടികൾക്ക് പകർന്നുകൊടുക്കുവാൻ ഈ ഗ്രന്ഥരചനയിൽ ഫാ. ബിജു പി. തോമസിനു കഴിഞ്ഞു.

'***ലോകചരിത്ര സംഗ്രഹം***' എഴുതിയ എച്ച്.ജി.വെൽസ് പുസ്തകത്തിന്റെ ഒടുവിൽ അതു സമർപ്പിച്ചിരിക്കുന്നത് ചെറുപ്പക്കാർക്കാണ്. '*ഇന്നത്തെ ചെറുപ്പക്കാർ നാളത്തെ ചരിത്രം എഴുതേണ്ടവരാണ്. അവരാണ് ഇന്നത്തെ ജീവിതം,*' എന്നാണ് എച്ച്.ജി.വെൽസ് പറഞ്ഞത്.

അതുപോലെയാണ് ഫാ. ബിജു പി.തോമസും പറയുന്നത്. നമ്മുടെ സഭയിലെ ഇന്നത്തെ കുട്ടികൾ നമ്മുടെ സഭയിലെ വാങ്ങിപ്പോയ പിതാക്കന്മാരുടെ ജീവിതം സാക്ഷിയാക്കി പുതുജീവിതം നയിക്കേണ്ടവരാണ്. പഴയകാലം മനസ്സിലാക്കി പുതിയകാലം സൃഷ്ടിക്കുവാൻ പുതിയ തലമുറകളെ ഈ പുസ്തകം പ്രചോദിപ്പിക്കുമെന്നും ഇതിന്റെ വായന ബോധ്യപ്പെടുത്തുന്നു.

GM

ഇരുളും വെളിച്ചവും

49 ←

കരിസ്മാറ്റിക് കൂട്ടങ്ങൾ

കൊറോണ ഒരു ചോദ്യചിഹ്നമാണ്. ഭരണാധികാരികൾ, ശാസ്ത്രജ്ഞന്മാർ, മത, സഭാനേതാക്കന്മാർ, പ്രകൃതിയെ വികസനത്തിന്റെ പേരിൽ നശിപ്പിച്ചവർ, പണം, അധികാരം, സ്ഥാനമാനങ്ങൾ, പദവികൾ ഇവയൊക്കെ പിടിച്ചടക്കാൻ ശ്രമിച്ചവർ തുടങ്ങിയവരെല്ലാം ഇന്നത്തെ മൃതസംസ്കാരത്തിന് ചുക്കാൻ പിടിച്ചവരാണ്. കൊറോണാദുരന്തം മറ്റേതൊരു ദുരന്തത്തിലുമെന്നപോലെ സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവരെയാണ് കൂടുതൽ ദുരന്തത്തിലേക്ക് തള്ളിവിട്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ, സ്നേഹവാനായ ദൈവത്തിന്റെ കരുതൽ മനുഷ്യജാതിയുടെമേൽ ആരും പ്രതീക്ഷിക്കാത്ത നിലയിൽ ചൊരിഞ്ഞുകൊടുക്കുമെന്ന് വിശ്വസിക്കുകയും അതിനായി പ്രാർഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാം.

എന്തെങ്കിലും ദുരന്തമൊക്കെ സംഭവിക്കുമ്പോൾ '*കർത്താവിന്റെ വരവടുത്തു*' എന്നു പറയുന്നവർ, ആ പല്ലവി വീണ്ടും ആവർത്തിക്കുന്നു എന്നതിൽ കവിഞ്ഞ് വലിയ അർഥമൊന്നും കാണുന്നില്ല. പൗരസ്ത്യ വേദശാസ്ത്രമനുസരിച്ച് കർത്താവിന്റെ മനുഷ്യാവതാരം മുതൽ അന്ത്യകാലം ആരംഭിച്ചിരിക്കുകയാണ്. അതിന്റെ പര്യവസാനത്തെക്കുറിച്ച് പിതാവല്ലാതെ പുത്രൻകൂടി അറിയുന്നില്ല എന്ന് കല്പിച്ചത് ഓർക്കുമ്പോൾ എല്ലാ രഹസ്യങ്ങളുടെയും ചുരുളഴിക്കാൻ നിസ്സാരനായ മനുഷ്യർ ശ്രമിക്കാതെയിരിക്കുന്നതാണ് നല്ലത്. പിതാവേ, അവിടുന്ന് ചെയ്യുന്നതിന്റെ പൊരുൾ ഞങ്ങൾക്കറിഞ്ഞുകൂടാ. ഞങ്ങളെ രക്ഷിക്കാൻ, ഞങ്ങളിലൊരാളെപ്പോലെ വന്ന അവിടുന്ന്, ഞങ്ങളുടെ പാപങ്ങൾ നിമിത്തം ഞങ്ങൾ ശിക്ഷിക്കപ്പെടുവാൻ ഇടയാകരുതേ എന്ന് നുറുങ്ങിയ ഹൃദയത്തോടെ പ്രാർഥിച്ച്, എല്ലാ അഹന്തയും സ്വാർഥതയും ദുഷ്ടതയും വെടിഞ്ഞ് പരമ കാരുണ്യവാനായ ദൈവത്തിന്റെ സന്നിധിയിൽ സാഷ്ടാംഗ പ്രണാമം നടത്തുക മാത്രമായിരിക്കും ഒരു ഉത്തമ ക്രിസ്തീയ വിശ്വാസിക്ക് ഇപ്പോൾ ചെയ്യാനാവുക. കൂടെ, ആവുംവിധത്തിൽ അയൽക്കാരുടെ കണ്ണീരൊപ്പുവാൻ കൂട്ടായ്മയുടെ വലംകൈ അല്പം അകലെ നിന്നെങ്കിലും നീട്ടിക്കൊടുക്കുക.

GM

നാലാം മാർ തോമാ

■ അഡ്വ. ഡോ. പി.സി.മാത്യു പുലിക്കോട്ടിൽ

മൂന്നാം മാർ തോമാ 1688 ഏപ്രിൽ 19-ന് കടമ്പനാട്ട് സെ.തോമസ് പള്ളിയിൽ വെച്ച് കാലം ചെയ്ത് അവിടെ കബറടങ്ങിയപ്പോൾ നാലാം മാർ തോമായെ പിൻഗാമിയായി വാഴിച്ചിരുന്നില്ല. അന്ന് മലങ്കരസഭയിൽ ഉണ്ടായിരുന്ന വിദേശിയായ മാർ ഈവാനിയോസ് മാർതോമാ നാലാമനെ മണർകാട് പള്ളിയിൽവെച്ച് വാഴിച്ചു. മാർ ഈവാനിയോസിന്റെ പട്ടംകൊട പുസ്തകത്തിൽ മാർ തോമാ മൂന്നാമനെയും മാർ തോമാ നാലാമനെയും വാഴിച്ച കാര്യം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. '*ഹിന്ദുദേശത്തിനുവേണ്ടി തോമാ മൂന്നാമനെ എപ്പിസ്കോപ്പായായി വാഴിച്ചു*' എന്നാണ് എഴുതിയിട്ടുള്ളത്. എന്നാൽ, നാലാം മാർ തോമാ മെത്രാനെ '*ഹിന്ദുദേശത്ത മുഴുവൻ പള്ളികൾക്കും വേണ്ടി തോമാ കശ്ശീശാപ്പട്ടം കെട്ടി*' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

മൂന്നും നാലും മാർ തോമാ മെത്രാൻമാരെ വാഴിച്ച ശീമക്കാരനായ മാർ ഈവാനിയോസാണ് മലങ്കര സഭയിൽ ആദ്യമായി ***ഹൂദായ കാനോൻ*** എന്ന നിയമസംഹിതയെ മലങ്കരയിലെ ജനങ്ങൾക്ക് പരിചയപ്പെടുത്തിയത്. സഭയിലെ നോമ്പുകൾ, വിശുദ്ധ കുർബാനയ്ക്ക് പുളിപ്പുള്ള അപ്പം, അതിൽ ഉപ്പ് ചേർത്തിരിക്കണം തുടങ്ങിയ നിയമങ്ങൾ മലങ്കരയിൽ നടപ്പിൽ വരുത്തിയത് അദ്ദേഹമാണ്. 1698 ആഗസ്റ്റ് 13-ന് മാർ ഈവാനിയോസ് മുളന്തുരുത്തി മാർ തോമൻ പള്ളിയിൽ കബറടങ്ങി.

മാർ തോമാ നാലാമൻ

മാർ തോമാ നാലാമന്റെ ഭരണം

മാർ തോമാ നാലാമൻ മലങ്കരസഭാ ഭരണം തുടങ്ങിയതോടെ അദ്ദേഹത്തോട് എതിർപ്പുകൾ തുടങ്ങി. അദ്ദേഹം സ്ഥാനം പ്രാപിച്ചത് ശരിയായ രീതിയിൽ അല്ലെന്ന് ഒരു വിഭാഗം ജനങ്ങൾ വിമർശിച്ചു. നാലാം മാർ തോമായുടെ പശ്ചാത്തലത്തെപ്പറ്റി ആർക്കും വലിയ മതിപ്പുണ്ടായിരുന്നില്ല. പകലോമറ്റം തറവാടിന്റെ സ്ഥാനമഹിമയെക്കുറിച്ചുള്ള തെറ്റിദ്ധാരണകളും അതുമൂലമുണ്ടായ അഹന്തകളും സഭയുടെ ശാപമായി ഒരു വിഭാഗം ജനങ്ങൾ കണക്കാക്കി. പകലോമറ്റം കുടുംബക്കാരനാകുക എന്നതു മാത്രമാണ് മെത്രാൻ സ്ഥാനാർഥിയുടെ ഏക യോഗ്യത എന്ന നില വന്നപ്പോൾ മെത്രാൻ പദവിയുടെ മഹിമ ഇടിഞ്ഞു. 1653 മുതൽ 1686 വരെ പകലോമറ്റം കുടുംബത്തിലെ രണ്ട് മെത്രാന്മാർ മലങ്കരസഭ ഭരിച്ചപ്പോഴേക്കും മെത്രാൻസ്ഥാനം പകലോമറ്റം തറവാട്ടിലേക്കുമാത്രം മാർ തോമാ ശ്ലീഹായുടെ കാലം മുതലേ നൽകപ്പെട്ടതാണെന്നു പ്രചരിക്കപ്പെട്ടുപോന്നു. ഒന്നാം മാർ തോമായും രണ്ടാം മാർ തോമായും ജീവൻ പണയപ്പെടുത്തിയാണ് മലങ്കരസഭ ഭരിച്ചത്. സഭയിലുള്ള പട്ടക്കാർ ഭയപ്പെട്ട് മെത്രാൻ സ്ഥാനാർഥിയാകാൻ മുന്നോട്ടു വരാൻ തയ്യാറാവാത്ത ഒരു കാലമായിരുന്നു അത് എന്നോർക്കണം. ഇതായിരുന്നു പകലോമററം തറവാട്ടിലേക്ക് മെത്രാൻ സ്ഥാനം ഉറയ്ക്കാൻ ഒരു കാരണം. അതുപോലെതന്നെ, ഒന്നും രണ്ടും മാർ തോമാ മെത്രാൻമാരോട് മലങ്കരസഭയ്ക്കുള്ള കൃതജ്ഞതയും കടപ്പാടും മറ്റൊരു കാരണമാകാം. എന്തായാലും കുടുംബപാരമ്പര്യം നോക്കിയുള്ള സ്ഥാനാരോഹണം ക്രമേണ സഭയിൽ ചില ഭിന്നതകൾ സൃഷ്ടിച്ചു എന്നു കാണാവുന്നതാണ്.

നാലാം മാർ തോമാ മെത്രാനായി പട്ടമേൽക്കുന്ന കാലത്ത് അദ്ദേഹം ഒരു അയ്മേനിയോ ശെമ്മാശനോ ആയിരുന്നു എന്ന് പറയപ്പെടുന്നുണ്ട്. പകലോമറ്റം തറവാട്ടിൽനിന്ന് ഒരാളെ മാർ തോമാ മെത്രാനായി വാഴിക്കണമെന്ന ചിലരുടെ നിർബന്ധം കൊണ്ടാണ് അദ്ദേഹത്തെ തിരഞ്ഞുപിടിച്ച് അവരോധിച്ചതെന്ന സൂചനകൾ സഭാ ചരിത്രരേഖകളിൽ കാണുന്നുണ്ട്.

1689 മുതൽ 1728 വരെ ഏതാണ്ട് 40 കൊല്ലം നാലാം മാർ തോമാ മലങ്കര ഭരിച്ചു. 1729 മീനം 13-ന് അദ്ദേഹം കാലം ചെയ്തു. കണ്ടനാട് പള്ളിയിൽ കബറടക്കി. ജീവിതസായാഹ്നത്തിൽ അദ്ദേഹം തന്റെ അനന്തിരവനെ അഞ്ചാം മാർ തോമായായി വാഴിച്ചിരുന്നു.

GM

(ലേഖകൻ സഭാചരിത്രഗവേഷകനും ഗ്രന്ഥകർത്താവും മുൻ അഭിഭാഷകനുമാണ്.)

ഫാ.ഡോ.ജോസഫ് ചീരൻ നൽകുന്ന വിവരങ്ങൾ....

ഇ*ന്ത്യൻ ഓർത്തഡോക്സ് സഭ - ചരിത്രവും സംസ്കാരവും'* എന്ന ഗ്രന്ഥത്തിൽ, ഫാ.ഡോ.ജോസഫ് ചീരൻ നാലാം മാർ തോമായെക്കുറിച്ച് ഇപ്രകാരം പറയുന്നു:

.... മാർ ഈവാനിയോസ് നാലാം മാർ തോമായെ മെത്രാനായിട്ടല്ല വാഴിച്ചത്. 1689-ൽ മണർകാട് വെച്ചു നടന്ന പട്ടംകൊട ഇപ്രകാരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്:

അസരാഹ് റൂഹോ കാദീശോ ല് തോമാ കശീശോ ല് ഈ ദോസോ കുലഹൂൻ ദ് ഹിന്ദു.

അർഥം: *ഇന്ത്യയുടെ മുഴുവൻ പള്ളികൾക്കും വേണ്ടി തോമാ കശ്ശീശായെ പരുശുദ്ധ റൂഹാ പട്ടം കെട്ടി.*

ഒരുപക്ഷെ, ചെറുപ്പക്കാരനായ ഒരു ശെമ്മാശനെ 'ഇന്ത്യയുടെ കശ്ശീശാ' എന്ന നിലയിൽ ആദ്യം അർക്കദിയാക്കോനായി പട്ടം കെട്ടിയതാകും. മതിയായ പക്വത ലഭിച്ചതിനു ശേഷം എപ്പിസ്ക്കോപ്പാ സ്ഥാനം നൽകാമെന്നും അദ്ദേഹം കരുതിയിരിക്കാം. പക്ഷെ, അതിനുമുമ്പ് മാർ ഈവാനിയോസ് അന്തരിച്ചു. നാലാം മാർ തോമാ - കശ്ശീശായുടെ പട്ടംകൊടയ്ക്കു ശേഷം മാർ ഈവാനിയോസ് അതേ വർഷം കോലഞ്ചേരിയിലും റാക്കാട്ടുമായി മൂന്ന് പട്ടംകൊട ശുശ്രൂഷകളേ നടത്തിയിട്ടുള്ളൂ. 1693-ലേ അദ്ദേഹം നിര്യാതനാകുന്നുള്ളൂ. എങ്കിലും 1689-നു ശേഷം ഒരു പട്ടംകൊടയും നടത്തിയിട്ടില്ല. അദ്ദേഹം രോഗബാധിതനായിരിക്കാം എന്നു കരുതുന്നവരുണ്ട്. മാർ ഈവാനിയോസിന്റെ കൈവെപ്പുമൂലം തനിക്കു ലഭിച്ചത് മുൻഗാമിയെപ്പോലെ മെത്രാന്റെ നൽവരമാണെന്ന് അദ്ദേഹം തെറ്റിദ്ധരിച്ചിരിക്കും. ഭാഷാപരമായ അവ്യക്തതകൾ ആശയവിനിമയത്തിൽ തടസ്സമുണ്ടാക്കിയതാവാനും മതി. മെത്രാൻ സ്ഥാനശുശ്രൂഷകൾ അധികമൊന്നും മലങ്കരസഭയിൽ നടക്കാത്തതുമൂലം ഒരു ശുശ്രൂഷയെ വേണ്ടവിധം മനസ്സിലാക്കുന്നതിൽ വിഷമമുണ്ടാകുന്നതും സ്വാഭാവികം. എഴുതപ്പെട്ട ഒരു പട്ടംകൊടക്രമം ഉപയോഗിച്ച് ഏതെങ്കിലും പട്ടംകൊട ശുശ്രൂഷകൾ മാർ ഗ്രിഗോറിയോസിന്റെ വരവിനു മുമ്പ് (1665) മലങ്കരസഭയിൽ നടപ്പുണ്ടായിരുന്നില്ല എന്ന സത്യം ഈ തെറ്റിധാരണയെ ന്യായീകരിക്കുന്നു."

നാലാം മാർ തോമായുടെ കാലത്ത് ബാഗ്ദാദിലെ ഏലിയാസ് കാതോലിക്കാ ബാവായുടെ കല്പനപ്രകാരം 1708-ൽ ഗബ്രിയേൽ എന്ന നെസ്റ്റോറിയൻ മെത്രാൻ മലയാളത്തു വന്നു. അദ്ദേഹത്തിന്റെ വരവ് മലങ്കരയിലെ സമാധാനവും ശാന്തതയും താറുമാറാക്കി. ഗബ്രിയേലിനെക്കുറിച്ച് Z.M.പാറേട്ട് '***മലങ്കര നസ്രാണികൾ***'-വാല്യം മൂന്നിൽ പറഞ്ഞിരിക്കുന്നത് 'ഗബ്രിയേൽ എന്ന മുള്ള്' എന്നാണ്. നാലാം മാർ തോമായുടെ ദേഹത്ത് തറച്ച ഒരു മുള്ളായിരുന്നു ഗബ്രിയേൽ എന്ന് സഭാചരിത്രം പരിശോധിച്ചാൽ ബോധ്യമാകും.

മലങ്കരസഭാ ഭരണത്തിൽ ഗബ്രിയേലിന്റെ ഇടപെടൽ ഹേതുവായി ജനങ്ങൾ രണ്ടു പക്ഷമായി പിരിഞ്ഞു. ഗബ്രിയേലിന്റെ പിന്നിൽ ഒരു സംഘം ആളുകൾ കൂടുകയും നാലാം മാർ തോമായുടെ ഭരണത്തിനു സമാന്തരം എന്നു പറയാവുന്ന രീതിയിൽ ഒരു ഭരണസംവിധാനം രൂപപ്പെടുകയും ചെയ്തു. ഒട്ടധികം പള്ളികളിൽ ഗബ്രിയേൽ പക്ഷക്കാർ ഉണ്ടായിരുന്നു. പാറേട്ട് പറയുന്നു, '*മാർ തോമായ്ക്ക് ഒരു നിത്യശല്യമായിരുന്ന ഗബ്രിയേൽ 1731-ൽ മരിച്ച് കോട്ടയം ചെറിയ പള്ളിയിൽ അടക്കപ്പെട്ടു. പിന്നീട് ചെറിയപള്ളി ഇടവകക്കാർ ഗബ്രിയേലിന്റെ കല്ലറ പൊളിച്ചുകളയുകയും പള്ളിമുറിയുടെ ഒരു ഗോവണി പണിയുന്നതിനായി ആ കല്ലുകൾ ഉപയോഗിക്കുകയും ചെയ്തു.*'

മാർ തോമാ നാലാമൻ, ഗബ്രിയേലിന്റെ ശല്യം തീർക്കുന്നതിനും ഒരു പ്രമുഖ കത്തനാർ ഉൾപ്പെടെ പല പ്രധാനികളും വളരെ അധികം ആളുകളും ഗബ്രിയേലിന്റെ പുറകെ പോയതിനാലും തുടർന്ന് സഭയിലുണ്ടായ കുഴപ്പങ്ങൾക്കു പരിഹാരം ഉണ്ടാക്കുന്നതിനും വേണ്ട സഹായങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട് 1709-ലും 1720-ലും ഓരോ കത്തുകൾ അന്ത്യോഖ്യാ പാത്രിയർക്കീസിന് അയച്ചു. ആദ്യത്തെ കത്ത് ആംസ്റ്റർഡാമിൽ ചെന്നു ചേർന്നു. രണ്ടാമത്തെ കത്തിന്റെ പകർപ്പ് വിഖ്യാത റോമൻ കത്തോലിക്കാ ചരിത്രകാരനായ അസ്സെമാൻ പ്രൊപ്പഗാന്തായുടെ ഗ്രന്ഥശേഖരത്തിൽനിന്നും കണ്ടെടുത്തു എന്ന് മക്കൻസി ***Christianity in Travancore*** എന്ന ഗ്രന്ഥത്തിൽ പറയുന്നു. (പേജ് 35, 87)

മാർ ഗബ്രിയേൽ നെസ്റ്റോറിയൻ വിഭാഗക്കാരനും വിശ്വാസപരമായ നിലപാടുകളിൽ അസ്ഥിരനും വിശ്വസ്തത ഇല്ലാത്തവനും ആയിരുന്നുവെന്ന് പലർക്കും അറിയാമായിരുന്നു എങ്കിലും നാലാം മാർ തോമായുടെ സ്ഥാനസാധുതയിലുള്ള സംശയം നിമിത്തം പലരും ഗബ്രിയേലിനെ സ്വീകരിച്ചു. മാർ തോമാ നാലാമനുമായി ശത്രുതയിലായിരുന്ന ഒരു സുറിയാനിക്കാരൻ ഗബ്രിയേലിന്റെ ആഗമനവൃത്താന്തം കേട്ട് കൊച്ചിയിൽ പോയി അദ്ദേഹത്തെ കണ്ടതിന്റെ ശേഷം തിരികെ വന്നപ്പോൾ, "*അയാൾ അച്ചനുമല്ല, ചിറ്റപ്പനുമല്ല, എങ്കിലും ഇപ്പോഴത്തെ കാര്യത്തിനു കൊള്ളാം*" എന്നു പറഞ്ഞതായി ഒരു കഥ ഇ.എം.ഫിലിപ്പ് അദ്ദേഹത്തിന്റെ സഭാചരിത്ര ഗ്രന്ഥത്തിൽ പറയുന്നുണ്ട് (പേജ് 163).

അന്ന് മലങ്കരയിൽ ഉണ്ടായിരുന്ന 84 പള്ളികളിൽ 20 എണ്ണം കർമലീത്തക്കാരുടെയും 44 എണ്ണം സുറിയാനിക്കാരുടെയും കൈവശമാണെന്ന് മാർ ഗബ്രിയേൽ ഡച്ച് അധികാരികൾക്ക് എഴുതിയ ഒരു കത്തിൽ (1721) പ്രസ്താവിച്ചിട്ടുണ്ട്.

മാർ തോമാ നാലാമനെക്കിറിച്ച് '***ഡച്ച് ഇൻ മലബാർ***' എന്ന പുസ്തകത്തിൽ ചരിത്രകാരനായ വിഷർ എഴുതിയിട്ടുള്ളത് ഇപ്രകാരമാണ്:

'He is a black man, dull and slow of understanding . He lives in great state and when he came to the city to visit the commandant, he was attended by a number of soldiers, in imitiation of the princes of Malabar. According to his own account he has 45 churches under his own authority.'

ഇടവകകളിലെ ഇടർച്ചകൾ

■ പി. വി. മാത്യു

"*എന്റെ ആലയം പ്രാർഥനാലയം എന്നു വിളിക്കപ്പെടും എന്ന് എഴുതിയിരിക്കുന്നു.*" എന്ന് കർത്താവായ യേശുക്രിസ്തുവും " *സൈന്യങ്ങളുടെ യഹോവേ, തിരുനിവാസം എത്ര മനോഹരം*", "*ദുഷ്ടന്മാരുടെ കൂടാരങ്ങളിൽ പാർക്കുന്നതിനേക്കാൾ എന്റെ ദൈവത്തിന്റെ ആലയത്തിൽ വാതിൽക്കാവൽക്കാരനായിരിക്കുന്നതു എനിക്ക് ഏറെ ഇഷ്ടം*" എന്നു സങ്കീർത്തനക്കാരനും ചൊല്ലിയത് നാം പലപ്പോഴും വായിക്കുകയും കേൾക്കുകയും ചെയ്യുന്ന ബൈബിൾ വാക്യങ്ങളാണ്. ഒരു ദേവാലയത്തിന്റെ വിശുദ്ധിയും മഹത്വവും വിളിച്ചോതുന്ന വരികളാണ് അവ. എന്നാൽ, ഇന്ന് പല ക്രിസ്തീയ ദേവാലയങ്ങളും ഈ പരിപാവനാന്തരീക്ഷം നിലനിർത്തുന്നുണ്ടോ എന്ന് ഇടയ്ക്കൊന്ന് പരിശോധിക്കുന്നത് ഉചിതമായിരിക്കും. ഇക്കാര്യത്തിൽ മലങ്കര ഓർത്തഡോക്സ് സഭയിലെ ഇടവക പ്പള്ളികൾ എവിടെ നിൽക്കുന്നു എന്നത് നമ്മെ സംബന്ധിച്ചിടത്തോളം പ്രസക്തവുമാണ്. ഇത് ഒരു ആത്മശോധനമാത്രം, കുറ്റം ചാർത്തലല്ല.

മലയാളിയുടെ ജനിതക ഘടന

The Illustrated Weekly of India ഇന്ത്യയിലെ ഒന്നാം നമ്പർ പ്രസിദ്ധീകരണമായിരുന്ന കാലത്ത്, വിഖ്യാത എഴുത്തുകാരൻ ഖുഷ്വന്ത് സിങ് '***With Malice to None***' എന്ന തന്റെ സ്ഥിരം പംക്തിയിൽ മലയാളികളുടെ ഒരു ജനിതക സ്വഭാവത്തെ വർണിച്ചതിങ്ങനെ:

One Malayalee = A Poet
Two Malayalees = A Malayalee Association
Three Malayalees = Four Malayalee Associations
Four Malayalees = Four Malayalees

സർദാർ ഖുഷ്വന്ത് സിങ് നർമത്തിൽ ചാലിച്ച് രേഖപ്പെടുത്തിയ ഈ വാക്കുകളുടെ പൊരുൾ ഇത്രമാത്രം: മലയാളികളുടെ അനൈക്യം ജന്മസിദ്ധമാണ്. വളരുന്തോറും പിളരുന്ന, കേരളത്തിലെ ചില രാഷ്ട്രീയ പാർട്ടികളും ഈ ജനുസ്സിൽപ്പെട്ടതാണെന്ന് ഇവിടെ ഓർക്കാവുന്നതാണ്. മലയാളികളുടെ ഈ വിഘടനപ്രവണത ജാതി, മത, സമൂഹ, ദേശ ഭേദമന്യേ പ്രകടവുമാണ്. എന്നാൽ, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ പല ഇടവകകളും ഇക്കാര്യത്തിൽ ഏറെ മുന്നിലാണെന്നു പറയേണ്ടിയിരിക്കുന്നു - അപവാദങ്ങൾ ഉണ്ടാകാമെങ്കിലും.

പഞ്ഞമില്ലാതെ കാരണങ്ങൾ

പൊതുവായി പറഞ്ഞാൽ, ഇടവകകളിലെ ആഭ്യന്തര പ്രശ്നങ്ങൾക്കു കാരണം പലതാകാം. മുൻ ഭരണസമിതിയും നിലവിലെ ഭരണസമിതിയും തമ്മിലുള്ള മേനിനടിക്കൽ, നേതൃത്വത്തിനുവേണ്ടിയുള്ള കിടമത്സരം, താൻപ്രമാണിത്തം, 'കുടുംബ മഹിമ' കാട്ടിയുള്ള ഗർവ്, അധികാര പ്രമത്തത, സ്വാധീനം തെളിയിക്കാനുള്ള പ്രകടനങ്ങൾ, മുമ്പന്മാരെന്നും പിമ്പന്മാരെന്നുമുള്ള തരംതിരിക്കൽ, 'സേവന'ങ്ങളെയും 'സംഭാവന'കളെയും സ്വാധീനം ഉറപ്പിക്കാനുള്ള ഉപാധിയായി കാണുക, പ്രാദേശികവാദം ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത കാരണങ്ങളുണ്ടാവാം. ഒരു പ്രത്യേക കാരണവും ഇല്ലെങ്കിൽ പുതിയവ സൃഷ്ടിച്ചെടുക്കാനുള്ള വാസനയും അന്തർലീനമായിത്തന്നെയുണ്ട്. നേരിട്ടറിവുള്ള ചില സംഭവങ്ങൾ മാത്രം ചൂണ്ടിക്കാട്ടട്ടെ.

മുമ്പന്മാരും പിമ്പന്മാരും

സഭയുടെ ദേവാലയങ്ങളൊക്കെ ഒരു കാലത്ത് നമ്മുടെ പൂർവികരായ വിശ്വാസികൾ സ്വന്തം അധ്വാനത്തിലൂടെയും ഇല്ലായ്മയിലൂടെയും പടുത്തുയർത്തിയതാണ്. പിന്നീട് അവയിൽ മിക്കവയും കാലാകാലങ്ങളിൽ പുതുക്കിപ്പണിതിട്ടുമുണ്ട്. പണ്ടുകാലത്ത്, മരപ്പണിക്കാരുടെയും കൊല്ലപ്പണിക്കാരുടെയും കരവിരുതുകൾ ഒഴിച്ചാൽ ബാക്കി അധ്വാനമൊക്കെ ഏറിയപങ്കും വിശ്വാസികൾതന്നെ സ്വന്തം വിയർപ്പൊഴുക്കി നിർവഹിച്ചതാണ്. കാലാകാലങ്ങളിൽ ഇങ്ങനെ അധ്വാനിച്ചവരൊന്നും ഇന്നില്ല. ചിലരുടെ സന്തതിപരമ്പരയിൽപ്പെട്ടവർ കണ്ടേക്കാം. അവരിൽ ചിലർ സ്ഥലം വിട്ടു പോയിരിക്കാം. ചിലർ സഭതന്നെ മാറിയിരിക്കാം. എന്നാൽ, നിലവിൽ അവിടെത്തന്നെയുള്ള പിൻമുറക്കാരിൽപ്പെട്ടവർക്ക് ആ ഇടവകയിലോ മറ്റിടങ്ങളിലോ എന്തെങ്കിലും പ്രത്യേക അവകാശമോ അധികാരമോ സ്ഥാനമോ ഉണ്ടെന്നു ഭാവിക്കുന്നത് നിരർഥകമാണ്. സഭാ ഭരണഘടനയ്ക്കു മുമ്പിൽ എല്ലാവരും തുല്യരാണ്, മുമ്പന്മാരെന്നോ പിമ്പന്മാരെന്നോ വ്യത്യാസമില്ല. മറിച്ച്, അത്തരമൊരു ചിന്താഗതി തലയ്ക്കു പിടിച്ചാൽ ഇടർച്ചകൾ ഉണ്ടാവുക സ്വാഭാവികം.

ഏതാനും വർഷങ്ങൾക്കു മുമ്പ് കേരളത്തിലെ ഒരു നഗരത്തിൽ, സമീപമുള്ള സഭാവിശ്വാസികളെല്ലാം മുൻകയ്യെടുത്ത് ഒരു പള്ളി പണിതു. പുതിയ ഇടവക രൂപംകൊണ്ട് വർഷങ്ങൾക്കുള്ളിൽ അംഗസംഖ്യ വർധിച്ചു. പുതുതായി പലരും അംഗത്വമെടുത്തു. പള്ളിയുടെ പുതിയ സംരംഭങ്ങൾക്കും മറ്റും ധനസമാഹരണം ചർച്ചചെയ്യാൻ പൊതുയോഗം കൂടി. നിലവിലെ ഭരണസമിതിക്കാരിൽ ഏറെയും പള്ളിയുടെ സ്ഥാപനകാലത്ത് ഉണ്ടായിരുന്നവർതന്നെ. അവർ മുന്നോട്ടുവച്ച ഒരു നിർദേശം ഇങ്ങനെ: പള്ളിയിൽ പുതുതായി അംഗത്വമെടുക്കുന്നവർ ഒരു നിശ്ചിത (ചെറുതല്ലാത്ത) തുക 'പ്രവേശന' ഫീസായി നൽകണം. അവർ നൽകേണ്ട മാസവരിയും ആദ്യകാല അംഗങ്ങളുടേതിനേക്കാൾ ഉയർന്നിരിക്കും. ഭരണസമിതിക്കാരുടെ ന്യായീകരണം ഇതായിരുന്നു : ഞങ്ങൾ കഷ്ടപ്പെട്ടും വലിയ ചെലവു വഹിച്ചും ഉണ്ടാക്കിയ പള്ളിയാണിത്. പുതുതായി ചേരുന്നവർക്ക് ഈ ബുദ്ധിമുട്ടുകളും പണച്ചെലവും ഒന്നും നേരിടേണ്ടിവന്നില്ലല്ലോ. അപ്പോൾ അവർ കൂടുതൽ സംഖ്യ പള്ളിക്കു നൽകുന്നതിൽ എന്താണ് തെറ്റ്? വിദ്യാഭ്യാസസ്ഥാപനങ്ങൾ തലവരി (Capitation Fee) വാങ്ങാൻ ഉപയോഗിക്കുന്ന അതേ ന്യായവാദം! ഇടവകാംഗങ്ങൾക്കിടയിൽ ഇതിനെച്ചൊല്ലി തർക്കവും ചേരി തിരിവും ഉണ്ടായപ്പോൾ ഇടവക വികാരി ശക്തമായ നിലപാട് സ്വീകരിച്ചതോടെ തലവരിപ്പണത്തിന്റെ വക്താക്കൾ പിൻവാങ്ങി. പ്രശ്നം പരിഹരിക്കപ്പെട്ടെങ്കിലും ഇടവകയിലെ സൗഹൃദാന്തരീക്ഷം ഏതാണ്ട് നഷ്ടപ്പെട്ടിരുന്നു.

കൂറുമാറ്റം

വരവുചെലവു കണക്കുകളെ ചൊല്ലിയുള്ള

തർക്കമായിരുന്നു മറ്റൊരു ഇടവകയിൽ മൂർച്ഛിച്ചത്. ആരോപണങ്ങളും പ്രത്യാരോപണങ്ങളും ഉയർന്നു. ഒടുവിൽ താൻ 'റീത്തിൽ ചേരു'മെന്ന ഭീഷണിയുമായി ആരോപണവിധേയനായ കൈക്കാരൻ രംഗത്തെത്തി. ഇടവകയിലെ അന്തരീക്ഷം കലുഷിതമാവുമ്പോൾ അതിനു കാരണക്കാരാവുന്ന ചിലർ വാശിതീർക്കാൻ കണ്ടെത്തുന്ന അഭയസ്ഥാനം റീത്തും പെന്തക്കോസ്തുമൊക്കെയാണ്. നാട്ടിലെ പല ഓർത്തഡോക്സ് ദേവാലയങ്ങളുടെയും തൊട്ടടുത്തുതന്നെ, പലപ്പോഴും അതേ വിശുദ്ധന്റെ നാമത്തിൽ, റീത്തുകാർ പള്ളി പണിത് നമുക്കായി വലവിരിച്ച് കാത്തിരിക്കുന്നതിന്റെ പിന്നിലെ രഹസ്യവും മറ്റൊന്നല്ല. ഓർത്തഡോക്സുകാരിൽ അവർക്ക് അത്ര വിശ്വാസമാണ്! ഒരുപക്ഷേ, ന്യൂജെൻ കൂട്ടായ്മകൾ പെരുകുന്നതിന്റെയും ഒരു കാരണം ഈ 'പള്ളിവഴക്കു'തന്നെ.

ദേശ-വിദേശ വ്യത്യാസമില്ല

കേരളത്തിലെ ഒരു നഗരത്തിൽ സ്ഥലംമാറി വന്നപ്പോൾ അവിടുത്തെ ഓർത്തഡോക്സ് പള്ളി എവിടെയാണെന്നു സഹപ്രവർത്തകരോട് ആരാഞ്ഞു. കത്തോലിക്കാ സഭക്കാരനായ സഹപ്രവർത്തകൻ നൽകിയ ഉത്തരം ഇങ്ങനെ: " *കോട്ടയം അച്ചായന്മാരുടെ പള്ളിയുടെ കാര്യമാണോ സാർ ഉദ്ദേശിക്കുന്നത് ? അത് റെയിൽവെ സ്റ്റേഷന്റെ അടുത്താണ്*". ആ പള്ളിയിലെ അംഗങ്ങളെല്ലാം കോട്ടയംകാരായതുകൊണ്ടല്ല അയാൾ അങ്ങനെ പറഞ്ഞത്. മറിച്ച്, ആ പള്ളിയേക്കുറിച്ചുള്ള 'ഖ്യാതി' അപ്രകാരമായിരുന്നു.

ചില വിദേശരാജ്യങ്ങളിലും ഈ പെരുമയ്ക്ക് കോട്ടം തട്ടിയിട്ടില്ല. ന്യൂയോർക്കിൽ ജോലിചെയ്യുന്ന ഒരാൾ നാട്ടിൽ വന്നപ്പോൾ അവിടുത്തെ ഓർത്തഡോക്സ് ദേവാലയത്തെക്കുറിച്ച് തിരക്കി. മറുപടി ഇങ്ങനെ: "*അവിടെ മലയാളികളുടെ പള്ളികൾ പലതുണ്ട്. വഴക്കുള്ള ഒരു പള്ളിയുണ്ട്. ഒരുപക്ഷെ, അതായിരിക്കുമോ ?*" മറുപടി കേട്ട് ചൂളിപ്പോയി.

നമ്മുടെ ആൾക്കാർ എവിടെയായിരുന്നാലും പള്ളികളിൽ നിരന്തരം തർക്കവിതർക്കങ്ങളിലും വാക്പോരിലും ഏർപ്പെട്ട് താൻപോരിമ കാണിക്കുക എന്നത് തങ്ങളുടെ ഒരു 'നിയോഗ'മാണെന്നു കരുതുന്നവരുണ്ട്. പെരുന്നാൾ നടത്തിപ്പു മുതൽ പള്ളിയുടെ അറ്റകുറ്റപ്പണി തീർക്കലോ മോടിപിടിപ്പിക്കലോ വരെ ഏതെങ്കിലും ഒരു വിഷയത്തിൽ പിടിച്ച് കത്തിക്കയറും. 'ഞാൻ പറയുന്നത് മാത്രമാണ് ശരി', 'എനിക്കുശേഷം പ്രളയം' എന്നിങ്ങനെയുള്ള ചിന്താഗതിയും താൻ പ്രമാണിത്തം, ego, സ്ഥാനമോഹം, അംഗീകാരത്തിനുവേണ്ടിയുള്ള ത്വര ഇങ്ങനെ പലതും ഇത്തരം കിടമത്സരങ്ങൾക്കും സ്പർധയ്ക്കും കാരണമാകുന്നു.

ശ്രദ്ധേയമായ ഒരു കാര്യം, വി. ആരാധനയുമായി ഒരു ബന്ധവുമില്ലാത്ത കാര്യങ്ങളെക്കുറിച്ചാണ് ഒട്ടുമിക്ക തർക്കങ്ങളും എന്നതാണ്. ദൈവികചിന്തകളും ഭക്തിയുടെ അന്തരീക്ഷവും ഉണർത്തുന്ന വി. ആരാധനയ്ക്കു ശേഷം അതേ പള്ളിയകം ***(പ്രാകാരം)*** ആരോപണങ്ങളും വെല്ലുവിളികളും ആക്രോശങ്ങളുമൊക്കെ മുഴങ്ങുന്ന പൊതുയോഗങ്ങൾക്കും മറ്റുമുള്ള വേദിയായി മാറുന്ന സന്ദർഭങ്ങൾ വിരളമല്ല. ഇതിൽ ആർക്കും ആത്മരോഷവുമില്ല എന്നതാണ് ദുഃഖസത്യം. ദേവാലയത്തിന്റെ വിശുദ്ധി നഷ്ടപ്പെടുത്തുന്ന ഇത്തരം കാര്യങ്ങൾക്കെതിരെ ഭാഗ്യസ്മരണാർഹനായ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി ഏറെ ഉൽക്കണ്ഠാകുലനായിരുന്നു. അതിനെ ശക്തമായ ഭാഷയിൽ വിമർശിച്ചിട്ടുമുണ്ട്. (*Box കാണുക*)

ആരാധനയുടെ ഒഴുക്കിനും താളത്തിനും സ്വരമാധുരിക്കും ചേരാത്ത രീതിയിൽ വാദ്യോപകരണത്തിന്റെ അതിപ്രസരവും ഗായകസംഘങ്ങളുടെ അപ്രമാദിത്തവും തുടങ്ങി ആരാധനയുമായി ബന്ധപ്പെട്ട ഒട്ടേറെ വിഷയങ്ങളുണ്ടെങ്കിലും അതിലൊന്നും പ്രതികരിക്കാതെ ഭൗതികകാര്യങ്ങളിൽ രോഷംകൊള്ളുന്നതാണ് ഇന്നത്തെ ട്രെൻഡ്. സഭാഭരണത്തിൽ അത്മായരുടെ പങ്കാളിത്തം ഏറെ അനുവദിച്ചുള്ള ഒരു ഭരണഘടനയാണ് മലങ്കരസഭയുടേത്. പക്ഷേ, ആ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്ത്, രാഷ്ട്രീയക്കാരുടെ ശൈലിയും സംസ്കാരവും തന്ത്രങ്ങളും അനുകരിക്കാൻ ശ്രമിക്കുന്നത് ക്രിസ്തീയമല്ല; ഓർത്തഡോക്സിയുമല്ല. അത്തരക്കാരായിരിക്കരുത് നമ്മുടെ റോൾ മോഡൽ.

GM

മറുവാക്ക്: *മാതൃകാപരമായി ഇടവകഭരണം നടക്കുന്ന ധാരാളം പള്ളികൾ സഭയിലുണ്ട്. എന്നാൽ, അങ്ങനെയല്ലാത്തവയും ഉണ്ടെന്നുള്ളത് ഒരു നഗ്നസത്യമാണ്. മൂടിവയ്ക്കലല്ല പരിഹാരം; ആത്മശോധനയാണ്.*

പള്ളിയെന്നാൽ........

പള്ളി സഭയുടെ പ്രതീകവും പ്രതിബിംബവുമാണ്.........

പള്ളി പള്ളിയാകുന്നത് അവിടെ ബലിപീഠം ഉള്ളതുകൊണ്ടും ബലിയുള്ളതുകൊണ്ടുമാണ്. ബലിയിൽ വിശ്വാസമില്ലാത്തവരുടെ പള്ളി വെറും പ്രാർഥനാലയം മാത്രമാണ്.

...........പള്ളിയെന്നും പട്ടക്കാരെന്നും പറയുന്നത് എന്താണെന്ന് അറിയാവുന്നവർ പള്ളിയിൽ വഴക്കുണ്ടാക്കാൻ ശ്രമിക്കുകയില്ല. വഴക്കിന്റെയും പ്രതികാരനടപടിയുടെയും വ്യക്തിവിദ്വേഷത്തിന്റെയും ഫലമായി പള്ളികളുടെ എണ്ണം വർധിപ്പിക്കുന്നവർ ഉണ്ട്.

........പള്ളിക്കകത്തു യോഗ്യമായി പെരുമാറാൻ നമ്മുടെ ആളുകൾ സൂക്ഷ്മത പ്രദർശിപ്പിക്കാത്തത് വലിയ പോരായ്മയാണ്. സംസാരം, ചിരി, കിടപ്പ്, ഭക്ഷിക്കുക, പാനം ചെയ്യുക, അശ്രദ്ധമായ നടപ്പ് മുതലായവയ്ക്ക് പള്ളിയ്ക്കകം ഉപയോഗിച്ചുകൂടാ.

.... ഡാൻസും കൈകൊട്ടും പ്രഹസനവും ഒന്നും പള്ളിയ്ക്കകത്ത് ഒരിക്കലും ചെയ്യാൻ ഇടയാകാതിരിക്കണം; പള്ളി ഒരിക്കലും Parish Hall അല്ല.

.......പള്ളി ഒരു വ്യക്തിയുടെയോ വ്യക്തികളുടെയോ അല്ല; ദൈവത്തിന്റേതാണ്. പള്ളിയിലെ വഴിപാടുകളും നേർച്ചകളും സമർപ്പിക്കപ്പെട്ടുകഴിഞ്ഞാൽ, അതിന്മേൽ പിന്നീട് അവകാശം പറയരുത്. നേർച്ചകളും ദാനങ്ങളും പള്ളിക്കു കൊടുക്കുന്നത് വ്യവസ്ഥയിന്മേലല്ല.... പള്ളി എന്താണെന്ന് അറിയാവുന്നവർ അതിന്മേൽ അവകാശം വാദിക്കയില്ല. നമ്മുടെ പള്ളികളിലെ വഴക്കുകളുടെയും കേസിന്റെയും കാരണം എന്താണ്? വെറും വ്യർഥമായ മോഹങ്ങളല്ലയോ? ഒരു ഇടവകാംഗത്തിനുള്ള അവകാശമെന്നു പറയുന്നത്, പള്ളിയിലെ ശുശ്രൂഷകളിൽ പങ്കുകൊള്ളുവാനും വി.കൂദാശകൾ ലഭിക്കാനുമുള്ള അവകാശമല്ലാതെ വേറൊന്നും അല്ലല്ലോ.

.......രാഷ്ട്രീയക്കാരുടെ മാതൃകകൾ പകർത്തുവാൻ തുനിയരുത്. അവരുടെ പ്രവർത്തനരീതികളും സമരമുറകളും പള്ളിയിലോ സഭാകാര്യങ്ങളിലോ അനുവർത്തിച്ചുകൂടാ. ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും. വഴക്കുണ്ടാക്കുന്നവൻ ആരായാലും, ഏതു ഉന്നതസ്ഥാനിയായാലും അതിന്റെ ശിക്ഷ അനുഭവിക്കുക തന്നെ ചെയ്യും..

-യൂഹാനോൻ മാർ സേവേറിയോസ്

സഞ്ചരിക്കുന്ന ചൂണ്ടുപലക

(Pages 210, 211, 266, 269)

പ്രതികരണങ്ങൾ

യഥാർഥ പുനരൈക്യം

കഴിഞ്ഞ ലക്കം (2020 ജനുവരി-മാർച്ച്) ***ജോർജിയൻ മിററിൽ*** '*കാണാചരടുകൾ*' എന്ന തലക്കെട്ടിൽ 'കൈവയ്പ് എന്ന കപടതന്ത്ര'ത്തെക്കുറിച്ചുള്ള ലേഖനങ്ങൾ ശ്രദ്ധേയമായി. ഈ 'ചരട്' വളരെ ശക്തമായ ഒന്നാണ്.

'*മലങ്കരസഭയോടൊപ്പം കൂടുതൽ ദേവാലയങ്ങൾ*' എന്ന ഫോട്ടോഫീച്ചർ നിജസ്ഥിതി മനസ്സിലാക്കാൻ വളരെ ഉപകാരപ്രദമാണ്. ***ജോർജിയൻ മിറർ*** മാത്രമാണ് ഇങ്ങനെയൊരു വാർത്താ ചിത്ര പംക്തി നൽകുന്നത്. എന്നാൽ അതിന്റെ തലക്കെട്ട് '*പുനരൈക്യത്തിലേക്ക് ഇടവകകൾ*' എന്നാകുന്നതാണ് കൂടുതൽ ഉചിതം എന്നു തോന്നുന്നു. കുറച്ചു നാൾ മാറിനിന്നവർ തെറ്റു മനസ്സിലാക്കി മാതൃസഭയിലേക്കു മടങ്ങിവരികയാണല്ലോ. ഇതാണ് ശരിയായ പുനരൈക്യം- അല്ലാതെ റീത്തുകാർ ഉപയോഗിക്കുന്ന വ്യാജ പുനരൈക്യമല്ല ഇവിടെ.

മലങ്കര മെത്രാനായിരുന്ന പുന്നത്ര മാർ ദീവന്നാസിയോസിനെക്കുറിച്ച് ഒരു ലേഖനം ***ജോർജിയൻ മിററിൽ*** പ്രസിദ്ധീകരിച്ചു കാണാൻ ആഗ്രഹമുണ്ട്. 'നവീകരണ' കാലഘട്ടത്തിൽ സഭയെ നയിച്ച ഈ പിതാവിനെക്കുറിച്ച് സഭാവിശ്വാസികൾ അറിഞ്ഞിരിക്കേണ്ടതാണ്.

-തോമസ് ഏബ്രഹാം, സെ.പീറ്റേഴ്സ് & സെ.പോൾസ് ഓർത്തഡോക്സ് പള്ളി, പാതിക്കാട്, മല്ലപ്പള്ളി

* * * * * *

ജോർജിയൻ മിററിന്റെ പ്രസക്തി

ഒരു വീടായാൽ അതിലെ അംഗങ്ങൾ തമ്മിൽ സംസാരിക്കണം. ഒരു വലിയ കുടുംബമായാൽ അതിന്റെ വിവിധ ശാഖകളിൽ ഉള്ളവർ പരസ്പരം അറിയണം - നടക്കുന്ന കാര്യങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും അറിയിക്കണം. കുടുംബം പുലർത്തുവാൻ അവനവന് കഴിയുന്നപോലെ അധ്വാനിക്കണം. പ്രശ്നങ്ങൾ വരുമ്പോൾ കൂടിയാലോചിക്കണം - അഭിപ്രായങ്ങൾ പറയണം - പരിഹാരങ്ങൾ നിർദേശിക്കണം. എന്നാൽ ഗൗരവമായ കാര്യങ്ങൾക്കൊപ്പംതന്നെ അവിടെ കളിയും ചിരിയും തമാശകളും കഥയും കവിതയും ഒക്കെ വേണം. എങ്കിലല്ലേ അതൊരു വീടാകൂ ?

അതിനൊക്കെ വേണ്ടിയാണ് പ്രിയപ്പെട്ടവരേ ***ജോർജിയൻ മിറർ*** എന്ന ഈ പ്രസിദ്ധീകരണം. നിങ്ങൾ എല്ലാവരും ഇത് വായിക്കണം - ഇതിൽ എഴുതണം - അറിവുകൾ പങ്കുവെയ്ക്കണം. സജീവമാകണം ഓരോ ലക്കവും.

"*ജ്ഞാനത്തിൽ തികവില്ല ഗാനത്തിൽ മികവില്ല - എങ്കിലും ഞാനെന്റെ ചെറുവീണ മീട്ടും*"- എഴുതാൻ മടിച്ചു നിൽക്കുന്ന എല്ലാവർക്കും ഈ വരികൾ പ്രചോദനമാകട്ടെ.

പിന്നണിയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും നന്ദി.

- ഡോ. വർഗീസ് പുന്നൂസ്

* * * * * *

Articles for Youngsters

The format for the articles in ***Georgian Mirror*** meant for the youth of the Church is focusing more on the faithful who are already within the Church and are familiarized with Orthodoxy. There are youngsters of second or even third generation living abroad who do not understand or follow the traditions of Orthodoxy. What about their contributions in the community? Also, a competitive nature in the Church environment is very much alive today, and this is creating class systems among worshippers based on merit ! This should NOT be the focal point, especially in Sunday School awards - THANK YOU

-Baboi George, UK

മലങ്കര ഓർത്തഡോക്സ് സഭയും മാർതോമാ കൂട്ടായ്മയും താഴത്തച്ചന്റെ വിലാപങ്ങളും

ഗ്രന്ഥകർത്താക്കൾ :
ഫാ. ഡോ. ജോസഫ് ചീരൻ
(റിട്ട. പ്രൊഫ. യു. സി. കോളേജ്, ആലുവ)
കെ. വി. മാമ്മൻ കോട്ടയ്ക്കൽ
(റിട്ട. അസി. എഡിറ്റർ, മലയാള മനോരമ, മലങ്കരസഭ, ചർച്ച് വീക്കിലി എന്നിവയുടെ മുൻ പത്രാധിപ സമിതിയംഗം)
അവതാരിക : അഡ്വ. ഡോ. പി.സി. മാത്യു പുലിക്കോട്ടിൽ
അനുബന്ധ പഠനം : ഡോ. എം. കുര്യൻ തോമസ് (പ്രമുഖ സഭാചരിത്രകാരൻ)
വില : 250 രൂപ
പ്രകാശനം : 2020 ജൂലൈ 3

ഒന്നാം നൂറ്റാണ്ടിൽ മാർതോമാ ശ്ലീഹ സ്ഥാപിച്ച മലങ്കരസഭയുടെയും ഏതാണ്ട് 200 വർഷം മുൻപ് സഭയുടെ പവിത്രമായ തക്സാ തിരുത്തിയും അടിസ്ഥാന വിശ്വാസാചാരങ്ങൾ നീക്കം ചെയ്തും മാതൃസഭയിൽ നവീകരണം വരുത്താമെന്ന് ഉറപ്പു നൽകി വിദേശ മിഷനറിമാരോടു പണം വാങ്ങി മാർതോമാ കൂട്ടായ്മ ആരംഭിച്ച് മലങ്കരസഭയിൽ ഒരു പിളർപ്പുണ്ടാക്കി പിരിഞ്ഞുപോയ വിഭാഗത്തിന്റെയും യഥാർഥ ചരിത്രം ഉൾക്കൊള്ളുന്നതാണ് '***മലങ്കരസഭയും മാർതോമാ കൂട്ടായ്മയും താഴത്തച്ചന്റെ വിലാപങ്ങളും***' എന്ന ശ്രദ്ധേയമായ ഈ പുസ്തകം. ഒരു മണിക്കൂർ നീളുന്ന പരിപാവനമായ വി.കുർബാന ആരാധന സംബന്ധിച്ച തക്സാ സാരമായ മാറ്റങ്ങൾ വരുത്തി 29 മിനിറ്റിൽ നിറുത്തി വെട്ടിത്തിരുത്തിയതിൽ മനംനൊന്തും ഹൃദയം പൊട്ടിയും അന്നത്തെ സഭാ വൈദിക ട്രസ്റ്റിയും സുപ്രസിദ്ധനുമായ താഴത്തു പുന്നത്ര ചാണ്ടപ്പിള്ള കത്തനാർ 100 വർഷം മുമ്പ് 81-ാം വയസ്സിൽ കണ്ണീരിൽ ചാലിച്ചെഴുതിയ 'വിലാപങ്ങൾ' എന്ന സഭാചരിത്രം തുടിക്കുന്ന അതിശ്രദ്ധേയമായ ഗ്രന്ഥത്തിന്റെ പൂർണ രൂപവും ഈ പുസ്തകത്തോടൊപ്പം ചേർത്തിട്ടുണ്ട്.

മലങ്കര മെത്രാപ്പോലീത്താ ചേപ്പാട്ട് ദിവന്നാസ്യോസ് IV
(സത്യവിശ്വാസ സംരക്ഷകൻ)
ഗ്രന്ഥകർത്താ :
പി. എ. ഉമ്മൻ (റിട്ട. ജഡ്ജി)
പഠനം: ഫാ. ഡോ. ഒ. തോമസ്
(ഓർത്തഡോക്സ് വൈദിക സെമിനാരി മുൻ പ്രിൻസിപ്പൽ)
വില: 150 രൂപ

രണ്ട് പുസ്തകങ്ങൾക്കും കൂടി 400 രൂപ.

പുസ്തകം ആവശ്യമായ സഭാസ്നേഹികളും സ്ഥാപനങ്ങളും വില പണമായോ ചെക്കായോ
കെ. വി. മാമ്മൻ കോട്ടയ്ക്കൽ,
പി. ബി. 10, മാങ്ങാനം പി. ഒ. കോട്ടയം 686018
എന്ന വിലാസത്തിൽ അയയ്ക്കുക.
ഫോൺ : 0481-2578936.
മൊബൈൽ: **7034266992.** മാങ്ങാനം എസ്. ബി. ഐ. യിലെ എന്റെ എസ്.ബി. അക്കൗണ്ടായ **57002799836**-ലും പണം അടച്ച് മേൽവിലാസവും മറ്റും അറിയിക്കാം.
IFSC-SBIN0070471

വിവാഹ മംഗളാശംസകൾ

11.05.2020 : ആലുവ ചൂണ്ടി ജോസ് വില്ലയിൽ (കുഴലിക്കാട്ടിൽ) Late കെ.പി.ജോസിന്റെയും ശാന്താ ജോസിന്റെയും മകൾ **നോയലിൻ ജോസും** രായമംഗലം കിഴുമുറിപ്പാടത്ത് പാലപ്പിള്ളിൽ സാബു മാത്യുവിന്റെയും ഐഡാ സാബുവിന്റെയും മകൻ **Dn. വിപിൻ സാബുവും** അഭി. ഡോ. മാത്യൂസ് മാർ സേവറിയോസ് തിരുമേനിയുടെ മുഖ്യ കാർമികത്വത്തിൽ കിഴുമുറി സെ. ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിൽ വിവാഹിതരായി.

HOLY ORDINATION

Fr. Thomas Sabu Padath

4.7.2020: മലങ്കര ഓർത്തഡോക്സ് സഭയുടെ കണ്ടനാട് വെസ്റ്റ് ഭദ്രാസനമെത്രാപ്പോലീത്താ അഭി. ഡോ. മാത്യൂസ് മാർ സേവറിയോസ് തിരുമേനിയുടെ തൃക്കരങ്ങളാൽ വിപിൻ സാബു ശെമ്മാശൻ പരിശുദ്ധ റൂഹായാൽ കശ്ശീശ പട്ടം സ്വീകരിച്ചു.

മലങ്കര സഭയോടു ചേർന്ന ദേവാലയങ്ങൾ

സെ.മേരീസ് ഗത്സീമോൻ ഓർത്തഡോക്സ് പള്ളി, മുള്ളരിങ്ങാട്, ഇടുക്കി (അങ്കമാലി ഭദ്രാസനം)

സെ.പീറ്റേഴ്സ് & സെ.പോൾസ് ഓർത്തഡോക്സ് പള്ളി, ചാത്തമറ്റം (കണ്ടനാട് ഈസ്റ്റ് ഭദ്രാസനം)

List of churches which returned to the fold of Malankara Orthodox Syrian Church after the July 2017 Supreme Court verdict:

Angamaly Diocese	- 6	Mavelikkara Diocese	- 1
Kandanad West Diocese	- 8	Kunnamkulam Diocese	- 1
Kandanad East Diocese	- 17	Trissur Diocese	- 2
Kochi Diocese	- 4		
Niranam Diocese	- 1	Total	40

ഫാ.റോബിൻ ഫിലിപ്പ്

ഒരു ജീവൻ നിലനിർത്താൻ തന്റെ ഒരു വൃക്ക ദാനം ചെയ്ത് ത്യാഗത്തിന്റെ ഉദാത്ത മാതൃക കാട്ടിയ യുവവൈദികൻ. ആലുവ യു.സി. കോളേജ് ഹിൽ സെ. തോമസ് ഓർത്തഡോക്സ് പള്ളി വികാരിയായ അച്ചൻ കോട്ടയം കാരാപ്പുഴ സ്വദേശിയാണ്.

സഭയുടെ അഭിമാനമായി സിജോ ചെറിയാൻ

ഒരുപാടു കണ്ടുപിടിത്തങ്ങളുടെ രാജകുമാരനായി മാറിയിരിക്കയാണ് ദുബായ് റാഷീദ് ആശുപത്രിയിൽ സ്റ്റാഫ് നഴ്സായ സിജോ ചെറിയാൻ. തലക്കുളം പാലയ്ക്കത്തകിടി സെ.മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമായ ഈ യുവശാസ്ത്രജ്ഞൻ തന്റെ ജോലിക്കിടയിലെ ഒഴിവുസമയങ്ങളിലാണ് നൂതന കണ്ടുപിടിത്തങ്ങളുമായി മുന്നേറുന്നത്. ഇവയിൽ ചിലത്:

- ദുബായിയുടെ അന്തരീക്ഷത്തിൽ സാധാരണ ഹുമിഡിറ്റി നിലനിർത്താൻ സഹായിക്കുന്ന സംവിധാനം
- രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയ്ക്കാൻ സഹായിക്കുന്ന മരുന്ന്
- ഓട്ടോമാറ്റിക് വയർലസ് അഗ്നിസുരക്ഷാ സംവിധാനം
- ഡാം സുരക്ഷാ സംവിധാനം
- ആളില്ലാ ലെവൽക്രോസ് ഓട്ടോമാറ്റിക് അലാറം

പരീക്ഷണങ്ങളും നൂതന കണ്ടുപിടിത്തങ്ങളുമായി മുന്നേറ്റം തുടരുന്നു.

കെ.ഐ. ഫിലിപ്പ് റമ്പാച്ചന്

ആദരാഞ്ജലികൾ

സഭയുടെ ജീവകാരുണ്യ മേഖലയിൽ സ്വജീവിതം അർപ്പിച്ച് ത്യാഗനിർഭരമായ സേവനം കാഴ്ചവെച്ച ഫിലിപ്പ് റമ്പാൻ (86) ഒട്ടേറെ സഭാപ്രസ്ഥാനങ്ങളുടെ സ്ഥാപകനും ചുമതലക്കാരനുമായിരുന്നു. കോഴിക്കോട് പുതുപ്പാടി സെ.പോൾസ് ആശ്രമം സുപ്പീരിയറായി പ്രവർത്തിക്കുമ്പോഴായിരുന്നു അന്ത്യം. മലങ്കര ഓർത്തഡോക്സ് സഭാ *മിഷനറി ജ്യോതിസ്* സ്ഥാനം നൽകി സഭ ആദരിച്ചിട്ടുണ്ട്.

പത്തംതിട്ട ജില്ലയിലെ വയലത്തല പാറമേൽ കരിമ്പനേത്ത് കുടുംബാംഗമായ ഫിലിപ്പ് റമ്പാൻ ഏറിയ കാലവും കേരളത്തിനു പുറത്ത് സഭയുടെ ജീവകാരുണ്യ മുഖമായി പ്രവർത്തിച്ചു. കുഷ്ഠരോഗികളുടെ മക്കൾക്കായി തെലുങ്കാനയിലെ യാച്ചാരം, മഹാരാഷ്ട്രയിലെ പൂനെ, മധ്യപ്രദേശിലെ ഇറ്റാർസി എന്നിവിടങ്ങളിൽ ബാലമന്ദിരങ്ങൾ സ്ഥാപിച്ചു. ആദിവാസി കുട്ടികൾക്കായി ഒഡീഷയിലെ കലഹണ്ടിയിലും എയ്ഡ്സ് രോഗികളുടെ ക്ഷേമത്തിനായി ബെംഗളൂരുവിലെ കുനിഗലിലും സ്ഥാപനങ്ങൾ തുടങ്ങി. ബെംഗളൂരുവിലെ ജലഹള്ളി നാംസ് സ്നേഹസദൻ, വയോജന മന്ദിരം, പാലിയേറ്റീവ് കെയർ സെന്റർ എന്നിവയുടെ ഡയറക്ടറും ബെംഗളൂരു ട്രിനിറ്റി കോളേജ്, ട്രിനിറ്റി സ്കൂൾ എന്നിവയുടെ സെക്രട്ടറിയുമാണ്. മലബാർ, ബത്തേരി ഭദ്രാസനങ്ങളിലെ വിവിധ ഇടവകകളിൽ വികാരിയായായിരുന്നു.

1977-ൽ ആന്ധ്രയിൽ ചുഴലിക്കാറ്റിൽ നശിച്ച രണ്ടു ഗ്രാമങ്ങൾ, 1999-ൽ ഒഡീഷയിലെ ചുഴലിക്കാറ്റിൽ നശിച്ച 8 ഗ്രാമങ്ങൾ, 2000-ൽ ഗുജറാത്തിലെ ഭൂകമ്പത്തിൽ തകർന്ന ഒരു ഗ്രാമം, സുനാമി തകർത്ത ആലപ്പുഴയിലെയും കായംകുളത്തെയും രണ്ടു ഗ്രാമങ്ങൾ എന്നിവ മലങ്കര ഓർത്തഡോക്സ് സഭ പുനർനിർമിച്ചു നൽകിയത് ഫിലിപ്പ് റമ്പാന്റെ നേതൃത്വത്തിലായിരന്നു.

2020 സെപ്റ്റംബർ 10-ന് പുതുപ്പാടി സെ.പോൾസ് ആശ്രമത്തിൽ സംസ്കാര ശുശ്രൂഷകൾ നടന്നു.

പ്രകാശനം

പരുമല സെ. ഗ്രിഗോറിയോസ് മെഡിക്കൽ മിഷൻ ആശുപത്രി പ്രസിദ്ധീകരിക്കുന്ന *'Golden Pages'* എന്ന വാർത്താ ബുള്ളറ്റിൻ പ. കാതോലിക്കാബാവാ പ്രകാശനം ചെയ്തു.

കാശ്മീരിൽ വീരമൃത്യു വരിച്ച സൈനികൻ അനിഷ് മാത്യു(36)വിന് ആദരാഞ്ജലികൾ. (അഞ്ചൽ മണ്ണൂർ മർത്തശ്മുനി ഓർത്തഡോക്സ് പള്ളി)

സിവിൽ സർവീസസ് പരീക്ഷയിൽ മികച്ച വിജയം നേടിയ മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളായ നിധിനും മാത്യൂസിനും

നിധിൻ
കല്ലൂപ്പാറ സെന്റ് മേരീസ്
പള്ളി ഇടവകാംഗം

മാത്യൂസ്
പ്രക്കാനം സെന്റ് മേരീസ്
പള്ളി ഇടവകാംഗം

ജോർജിയൻ മിററിന്റെ
അഭിനന്ദനങ്ങൾ



Cathedral of the resurrection of Jesus (The Russian Militory Cathedral) and its vast vista on the dedication day

Another view of the Cathedral ←

The Russian Militory Cathedral lit up at night. →



Inside view of the Cathedral

Scene from the Dedication ceremony.

Another inside view of the Cathedral. Patriarch Kiril in the front.

Patriarch Kiril during the Dedication ceremony.